299
OCTOBER-NOVEMBER 2022

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795

a monthly journal of the all kerala private college teachers' association



# ഭൂതകാലമെന്ന ഊർജ്ജം

സാംസ്കാരികപ്പതിപ്പ്

KERALA PRIVATE
# COLLEGE TEACHER

OCT-NOV 2022 **299**

EDITORIAL BOARD

Editor
**Dr. A.S. Sumesh**

Managing Editor
**Prof.(Dr.) K. Bijukumar**

Assistant Editors
**Dr. Vidhu Narayan**
**Dr. Devi K Varma**

Special Editors
**Dr. Santhosh Kumar Vallikkat**
**Dr. Sindhu K.V.**

**Members**
Jogy Alex
Dr. C. Padmanabhan
Shajitha S
Dr.K.Ajayakumar
Pramod Vellachal
Dr. Sony John
Dr.M.R.Rajesh
Harinarayanan S
Dr. Santhosh Kumar Vallikkat
Lijo Sebastian
Dr.Sindhu K.V
Dr Biju A R.
Bindu mol B
Dr.Preethakrishna
Dr.Kishore Ram
Dr.Libus Jacob Abraham
S.R Sanjeev

Design : Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by **Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.org**

- *എഡിറ്റോറിയൽ* **3**
- *സ്പെഷ്യൽ എഡിറ്റോറിയൽ* **4**
- *അദ്ധ്യാപനവും സാംസ്കാരിക പ്രവർത്തനവും*
  **ഡോ. സി. പത്മനാഭൻ** **6**
- *നവോത്ഥാനവും മതഭാവനകളും*
  **പ്രൊഫ. എം.കെ. സാനു** **9**
- *നാടകത്തിന്റെ ബഹുസ്വരത*
  **ഇ.പി. രാജഗോപാലൻ** **11**
- *അസംതൃപ്തയായ സ്ത്രീ, വികാസത്തിന്റെ പാതയിലാണ്*
  **എസ്. ശാരദക്കുട്ടി** **16**
- *കാർഷിക ഫോക്‌ലോറുകളിലെ ഉർവരതാശയങ്ങൾ*
  **ഡോ. കെ.എം. ഭരതൻ** **20**
- *എവറസ്റ്റ് ബേസ് ക്യാമ്പ് യാത്ര - 2*
  **ഡോ. ജോയിസ്കുട്ടി ജോസഫ്** **27**
- *വിഷയി, ലിംഗപദവി, അവതരണം: മോഹിനിയാട്ടത്തിലെ സംഘർഷസ്ഥാനങ്ങൾ*
  **ഡോ. അനില ഒ.** **35**
- *ഗൃഹസ്ഥ*
  **ദിവ്യ എൻ.** **38**
- *ചോരശാസ്ത്രം: ആഗോളീകരണത്തിന്റെ ചൂഷണശാസ്ത്രം*
  **ഡോ. പി. മധു** **39**
- *'വിളി'കളും കേരള സംസ്കാര നിർമ്മിതിയും*
  **ഡോ. കെ.പി. രാജേഷ്** **44**
- *കഥകളിയിലെ രംഗശരീര നിർമ്മിതി*
  **ഡോ. ആതിരാനന്ദൻ** **50**
- *ഭൂതകാലം ഭാവിയിലേക്കുള്ള ഊർജ്ജം*
  **ടി.എം. കൃഷ്ണ** **55**
- *വിശ്വാസവും അന്ധവിശ്വാസവും*
  **വി. അബ്ദുൽ ലത്തീഫ്** **62**



# എഡിറ്റോറിയൽ

ഫാസിസം ഭാഷാ രൂപങ്ങളിൽ നടത്തുന്ന വ്യാജ സ്വത്വ നിർമ്മിതിയിൽ ഒരുപക്ഷേ ഏറ്റവും അധികം ഇരയാക്കപ്പെട്ട പദം സംസ്കാരം എന്നത് ആവും. ഭരണകൂടങ്ങൾ സാംസ്കാരിക ചിഹ്നങ്ങളെ ഏത് നിലയിൽ വ്യാഖ്യാനിക്കുന്നു എന്നത് വിശദമായ പഠനത്തിന് വിഷയമാവേണ്ട ചരിത്ര ഘട്ടത്തിലൂടെയാണ് നാം കടന്നു പോവുന്നത്. ഒരു വശത്ത് ശാസ്ത്രം നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ ബഹുതല സ്പർശിയായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുമ്പോൾ മറുവശത്ത് വ്യാജ സാംസ്കാരിക ബിംബങ്ങൾ ദേശീയതയെ ഉൾപ്പെടെ ദുർവ്യാഖ്യാനം ചെയ്യുന്ന കാഴ്ചയും നാം കാണുന്നുണ്ട്. ഭാഷയും സാഹിത്യവും ഉൾപ്പെടെ സാംസ്കാരിക വൈവിധ്യത്തെ അടയാളപ്പെടുത്തിയവ എല്ലാം വിദ്വേഷ പ്രചരണത്തിനും മാറ്റി നിർത്തലിലും ഉള്ള ഉപകരണങ്ങളായി മാറി തീരുന്നു എന്നതും കാണേണ്ടതുണ്ട്. സാംസ്കാരിക മണ്ഡലത്തെ ആകമാനം ബാധിച്ചിരിക്കുന്ന ഈ പ്രവണതകളെ ചെറുക്കുക എന്നത് ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ആളുകൾ എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്തമാണ്. എഴുതിയും പറഞ്ഞും നാം കണ്ടെത്തിയ പുരോഗമന ആശയങ്ങളുടെ സംവാദ ഭൂമിയിൽ ഇനിയും ഒരുപാട് കാലം നമുക്ക് തുടരേണ്ടതുണ്ട്. ആശങ്ങളെ ഉറക്കെ വിളിച്ച് പറഞ്ഞ് രക്തസാക്ഷികളായവരെ ഓർക്കുന്നു. സാംസ്കാരിക പതിപ്പ് വായനക്കാർക്ക് സമർപ്പിക്കുന്നു.

**എഡിറ്റർ**
collegeteacheredt@gmail.com
9744168522

# സ്പെഷ്യൽ എഡിറ്റോറിയൽ

കോർപ്പറേറ്റുകളും മത വർഗിയ ശക്തികളും ചേർന്ന് നടത്തുന്ന സാംസ്ക്കാരിക അധിനിവേശമാണ് പുതിയ കാലത്തിന്റെ പ്രധാന വെല്ലുവിളികളിൽ ഒന്ന്. ഇലക്ട്രോണിക് മാധ്യമങ്ങളെയും അച്ചടി മാധ്യമങ്ങളെയും ഉപയോഗിച്ച് കോർപ്പറേറ്റുകൾ ഇന്ന് നമ്മുടെ മനസിനെ പരുവപ്പെടുത്തുകയാണ്. സാമൂഹിക മാധ്യമങ്ങൾ സംസ്കാരത്തിന്റെ ജനകീയ സ്വരൂപത്തിന്റെ ഏറ്റവും ആധുനികമായ മൂർത്തതയാണ്. സംസ്കാരത്തിൽ ഊറ്റം കൊള്ളുന്നവരും പാരമ്പര്യത്തിൽ അഭിരമിക്കുന്നവരും ഇന്ന് സൈബർ ഇടങ്ങളിൽ സ്ഥലം കണ്ടെത്താൻ ശ്രമിക്കുന്നു.

നവോത്ഥാനകാലത്തുതന്നെ നമ്മൾ  ഉപേക്ഷിച്ച മനുഷ്യവിരുദ്ധമായ ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, സ്ത്രീവിരുദ്ധ സങ്കല്പങ്ങൾ,വാസ്തുസങ്കല്പങ്ങൾ,ജാതിവ്യവസ്ഥകൾ എന്നിവയെ സംസ്കാരം എന്ന പേരിൽ പ്രത്യാനയിക്കുന്ന പഠനപദ്ധതികൾ വിദ്യാഭ്യാസത്തിലും കലാസാഹിത്യ പഠനങ്ങളിലും ഉൾപ്പെടെ വന്നുകൊണ്ടിരിക്കുന്ന സാംസ്കാരികസാഹചര്യം നിലനിൽക്കുന്നു.

സംസ്കാരം എന്ന വാക്ക് കുലീനമായത്,അഭിജാതമായത് എന്നൊക്കെയുള്ള വരേണ്യസങ്കല്പത്തിലാണ് ഇക്കാലത്തും അർത്ഥകൽപ്പന നടത്തുന്നത്. ഒരു ജനതയുടെ ജീവിതശൈലി എന്ന അർത്ഥത്തിലല്ലെങ്കിൽ പോലും ജനപ്രിയ സംസ്കാരം എല്ലായിടത്തും സാധാരണക്കാരുടെ ജീവിത സംസ്കാരമായി കാണപ്പെടുന്നു. വർഗം, ലിംഗഭേദം, ജാതി എന്നിവയുൾപ്പെടെ സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളെയും മാനങ്ങളെയും ഉൾക്കൊള്ളുന്നതിനാൽ ഇത് സമൂഹത്തിന്റെ സംസ്കാരമാണ്.

സംസ്കാരത്തിന്റെ പരമ്പരാഗത രാഷ്ട്രീയത്തിൽ അത് പലപ്പോഴും വരേണ്യ സംസ്കാരത്തിന്റെ വിപരീതമാണ്. സാംസ്കാരിക പഠ



നങ്ങൾ അതിനെ അഭിസംബോധന ചെയ്യുന്നത് വരേണ്യ സംസ്കാരത്തിന്റെ അല്ലെങ്കിൽ ഉയർന്ന സംസ്കാരത്തിന് തുല്യമായ നിലയിലാണ്. ചില സാംസ്കാരിക സൈദ്ധാന്തികരും വിശകലന വിദഗ്ധരും ജനകീയ സംസ്കാരത്തെ വിമോചനവും എതിർ മേധാവിത്വവും ഉയർത്തിക്കാട്ടുന്നു, കാരണം അത് പലപ്പോഴും ആധിപത്യവും അടിച്ചമർത്തലും ആയ സംസ്കാരത്തിന്റെ വരേണ്യവും കേന്ദ്രീകൃതവുമായ രൂപങ്ങളെ അട്ടിമറിക്കുകയും ചോദ്യം ചെയ്യുകയും ചെയ്യുന്നു. വരേണ്യവും ആധിപത്യപരവുമായ സാംസ്കാരിക വ്യവഹാരങ്ങളാൽ ജനകീയ സംസ്കാരം എത്രമാത്രം ഹൈജാക്ക് ചെയ്യപ്പെടുന്നു.

കേരളത്തിൽ ജനകീയ സംസ്കാരത്തിന് ധാരാളം സ്കീമുകൾ ഉണ്ട്. തെയ്യം പോലെയുള്ള നാടോടി, ആചാരപരമായ പ്രകടന പാരമ്പര്യങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. ഇത്തരം ജനപ്രിയ പ്രൊഫഷണൽ തിയേറ്ററിന് സമകാലിക ലൈവ് പൈതൃകമുണ്ട്. ജനപ്രിയ സിനിമ, നാടകങ്ങൾ, വ്യവസായത്തെ ആശ്രയിക്കുന്ന ജനപ്രിയ സംഗീതം എന്നിവയുടെ വിവിധ പ്രകടനങ്ങളും കേരളത്തിലുണ്ട്. ഗാനമേള, മ്യൂസിക് ബാൻറ് എന്ന പോപ്പ് കച്ചേരികളുടെ സമകാലിക സംസ്കാരവും കേരളത്തിലുണ്ട്. സംഗീത വീഡിയോകൾ കേരളത്തിലെ ജനപ്രിയ വിനോദ വ്യവസായത്തിന്റെ ഭാഗമാണ്.
കേരളത്തിന് അതിന്റേതായ ജനകീയ മാധ്യമ സംസ്കാരവും ദൃശ്യ സംസ്കാരവുമുണ്ട്. ടെലിവിഷൻ സീരിയലുകളോ റിയാലിറ്റി ഷോകളോ ഇന്ന് കേരളത്തിന്റെ ദൃശ്യസംസ്കാരത്തിന്റെ പ്രധാന ഭാഗമാണ്. കേരളത്തിന് ജനപ്രിയ സാഹിത്യത്തിന്റെയും ജനപ്രിയ മാസികകളുടെയും നീണ്ട ചരിത്രമുണ്ട്. അച്ചടിയുടെയും ജനപ്രിയ വീക്കിലികളുടെയും വ്യാപനത്തിലൂടെയാണ് ജനപ്രിയ ഫിക്ഷൻ കേരളത്തിൽ ഉയർന്നുവന്നത്. കേരളത്തിൽ പ്രചാരത്തിലുള്ള കലാരൂപമാണ് മിമിക്രി കഥാപ്രസംഗം. പാരഡിയും പരിഹാസവും ട്രോളും ഇവിടെ ജനകീയ സംസ്കാരത്തിന്റെ ഭാഗമാണ്. കേരളത്തിലെ ജനകീയ സാംസ്കാരിക രൂപങ്ങളുടെ വൈവിധ്യവും ചലനാത്മകതയും അതിന്റെ സാംസ്കാരിക ചടുലതയെ സൂചിപ്പിക്കുന്നു.

മിമിക്രി ആയാലും ജനപ്രിയ സിനിമാറ്റിക് ഡാൻസ് ആയാലും അതുപോലെയുള്ള പ്രകടനങ്ങളായാലും ജനപ്രിയ സംസ്കാരത്തിന്റെ മറ്റേതെങ്കിലും മോഡുകളോ പ്രകടനങ്ങളോ വിശകലനം ചെയ്താൽ നമുക്കറിയാനാകും.

ഭരണവർഗങ്ങളുടെയും ആധിപത്യ സാമൂഹിക ഗ്രൂപ്പുകളുടെയും പ്രബലമായ ജീവിത മൂല്യങ്ങളും സൗന്ദര്യശാസ്ത്ര നിലവാരങ്ങളും അതിന്റെ രൂപങ്ങളെയും ഉള്ളടക്കങ്ങളെയും നിർണായകമായി സ്വാധീനിക്കുകയും നിർണ്ണയിക്കുകയും ഹൈജാക്ക് ചെയ്യുകയും ചെയ്തു. അതിന്റെ സന്ദേശങ്ങൾ പലപ്പോഴും സമൂലമായതിനേക്കാൾ പ്രതിലോമപരമാണ്. എലൈറ്റ് സ്വാംശീകരണവും വിനിയോഗവും കാരണം ജനപ്രിയ രൂപങ്ങൾക്ക് അവരുടെ രാഷ്ട്രീയ പഞ്ചും ഉള്ളടക്കവും നഷ്ടപ്പെട്ടു. വരേണ്യ സാംസ്കാരിക ധാർമ്മികത അടയാളപ്പെടുത്തിയ ഒരു സമൂഹത്തിൽ അവ കേവലം ആധിപത്യത്തിന്റെ ഉപകരണങ്ങൾ മാത്രമായി മാറിയിരിക്കുന്നു. അതിനാൽ സമകാലിക സംസ്കാരത്തിന്റെ സാംസ്കാരിക വിമർശനങ്ങൾ നടത്തേണ്ടത് നമ്മുടെ ധാർമ്മികമായ ചുമതലയാണ് . വിമർശനാത്മക വീക്ഷണങ്ങളും വിശകലന വായനയും വികസിപ്പിക്കുക എന്നതാണ് ഈ സാംസ്കാരിക പതിപ്പിന്റെ ലക്ഷ്യം.

**ഡോ. സന്തോഷ് കുമാർ വള്ളിക്കാട്**
**ഡോ. സിന്ധു കെ.വി**



ഡോ. സി. പത്മനാഭൻ



# അദ്ധ്യാപനവും സാംസ്ക്കാരിക പ്രവർത്തനവും

വിദ്യാഭ്യാസ പ്രക്രിയ എപ്രകാരമാണ് ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്ര ഉപകരണമായി വർത്തിക്കുന്നത് എന്നത് സംബന്ധിച്ച് ഫ്രഞ്ച് ചിന്തകനായ ലൂയി അൽത്തൂസർ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഫ്യൂഡൽ കാലഘട്ടത്തിൽ മതം എപ്രകാരമാണോ അന്നത്തെ ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്ര ഉപകരണമായി പ്രവർത്തിച്ചത് അതേ മട്ടിൽ ആധുനിക മുതലാളിത്ത സമൂഹങ്ങളിൽ വിദ്യാഭ്യാസം, അതിന്റെ ഉള്ളടക്കം, ഘടന, സ്ഥാപനപരമായ ചിട്ടവട്ടങ്ങൾ എന്നിവയെല്ലാം മുതലാളിത്ത ലോകത്തെയും അതിന്റെ അധികാര രൂപങ്ങളെയും സ്വാഭാവികമെന്നോ അല്ലെങ്കിൽ പ്രകൃതിദത്തമെന്നോ ഒക്കെ കരുതി അംഗീകരിക്കാൻ അതിലൂടെ കടന്നുപോകുന്നവരെ പ്രേരിപ്പിക്കുന്നു. ചൂഷണാധിഷ്ഠിതമായ ലോകത്തിന്റെ മൂല്യവ്യവസ്ഥയെ അപ്പാടെ ആന്തരികവൽക്കരിക്കാനും അതുവഴി അത്തരം ചൂഷണത്തിന് വഴങ്ങാനും തയ്യാറാവുന്ന ഒരു തൊഴിലാളിവർഗത്തെ സൃഷ്ടിക്കാൻ ഉതകുന്ന ഏറ്റവും മികച്ച ആശയപ്രചരണ ഉപാധിയാണ് വിദ്യാഭ്യാസം എന്ന് ചുരുക്കം.

സാമാന്യവൽക്കരിച്ച് പറഞ്ഞാൽ ഭരണകൂടത്തിന്റെ ഈ പ്രത്യയശാസ്ത്ര ഉപകരണത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന അദ്ധ്യാപകർ അങ്ങനെ നോക്കുമ്പോൾ ഏറ്റവും പിന്തിരിപ്പനായ ഒരു ദൗത്യം ഏറ്റെടുക്കാൻ വിധിക്കപ്പെട്ടവർ ആണ് എന്ന് കാണാൻ കഴിയും. അതിന്റെ പ്രകടിത ഉദാഹരണങ്ങൾ നിരവധിയാണ്. കൃത്രിമമായ അച്ചടക്കത്തിന്റെയും വളരെ സങ്കുചിതമായ സ്ഥാപനപരതയുടേയും അതുപോലുള്ള ചില പിന്തിരിപ്പൻ മൂല്യവ്യവസ്ഥകളുടെയും നമുക്കിടയിൽ ഉള്ള സ്വാധീനം പലപ്പോഴും വളരെ പ്രകടമാണല്ലോ. പഠനവിഷയവുമായി ബന്ധപെട്ട വളരെ ആചാരപരമായ സമീപനവും വ്യാപകമാണ്. ഭരണകൂടദൗത്യം തിരിച്ചറിഞ്ഞുകൊണ്ട് അത് മുറിച്ചു കടന്ന പുരോഗമനശക്തികളോട്



ഐക്യപ്പെടുന്ന ബോധനശാസ്ത്ര രീതികൾ ആകട്ടെ വ്യക്തമായി നിർവചിക്കപ്പെട്ടിട്ടുമില്ല. ഭാവിയിൽ ഉരുത്തിരിഞ്ഞു വരേണ്ട ഒന്ന് ഇപ്പോഴേ നിർവചിച്ച് അതാണ് മാതൃക എന്ന് ഉറപ്പിക്കുന്നതും അത്ര ഉചിതമായ കാര്യമല്ല. എന്നാൽ ഏൽപ്പിക്കപ്പെട്ട ദൌത്യത്തിന്റെ ചരിത്രപരമായ ചതിക്കുഴികൾ തിരിച്ചറിയാതെ അദ്ധ്യയനപ്രക്രിയയിൽ ഏർപ്പെട്ടാൽ അത് വളരെ യാന്ത്രികമായും അനുഷ്ഠാനപരമായും ചിലപ്പോഴൊക്കെ സത്താവാദപരമായും മാറാൻ ഇടയുണ്ട്.

ഇവിടെയാണ് സാംസ്കാരിക പ്രവർത്തനത്തിന്റെ പ്രസക്തി നിർണായകമാവുന്നത്. നിലവിലുള്ള ആശയധാരകളിൽ നിന്ന് അല്പം മാറി നിൽക്കാനും വിമർശനാത്മകമായ കാഴ്ചപ്പാടോടെ ഈ ആശയധാരകളെ വിലയിരുത്താനും നമ്മെ സഹായിക്കുന്ന ഏതൊരു പ്രവർത്തനത്തെയും സാംസ്കാരിക പ്രവർത്തനമായി കാണാൻ കൂടി നമുക്ക് സാധിക്കേണ്ടതുണ്ട്. പൊതുവിൽ ആശയപരമായ ബലപ്രയോഗം വർദ്ധിതമായ തോതിൽ നടക്കുന്ന ഒരു സാഹചര്യത്തിലേക്ക് ആണ് ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ കടന്നു പോയിക്കൊണ്ടിരിക്കുന്നത്. UGC പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന റഗുലേഷനുകൾ ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സമസ്തമേഖലകളെയും വരിഞ്ഞുമുറുക്കുന്നതും NAAC അക്രഡിറ്റേഷൻ പോലുള്ള വിലയിരുത്തൽ സംവിധാനങ്ങൾ അവയുടെ ആദ്യരീതിയിൽ നിന്ന് മാറി ചില പ്രത്യേക മാനദണ്ഡങ്ങൾ വെച്ച് കൊണ്ട് സ്ഥാപനങ്ങളുടെ നിയന്ത്രണം പരോക്ഷമായി ഏറ്റെടുക്കുന്നതും നമ്മുടെ മുന്നിൽ ഉള്ള അനുഭവമാണ്. അത് പോലെയാണ് ചില മാനേജ്മെന്റുകൾ സ്വീകരിക്കുന്ന നിലപാട്. കാലം മാറുന്നത് അറിയാതെ പഴകിദ്രവിച്ച ഫ്യൂഡൽ രീതികളുമായി കോളജുകളെയും അക്കാദമിക് സമൂഹത്തേയും കാണുന്ന ചില മാനേജ്മെന്റുകൾ ഇപ്പോഴും ഉണ്ട് എന്നത് അത്യന്തം ആശ്ചര്യകരമാണ്. ഒരു സാമൂഹ്യ ഇടമായി പോലും കലാലയങ്ങളെ കാണാതെ അധികാരപ്രയോഗം നടത്തുന്ന ചില മാനേജ്മെന്റുകൾ തങ്ങളുടെ കാൽച്ചോട്ടിലെ മണ്ണ് ഒലിച്ചുപോകുന്നത് അറിയാൻ പോലും കഴിവില്ലാത്തവർ ആയി മാറിയിരിക്കുന്നു,

**പൊതുവിൽ ആശയപരമായ ബലപ്രയോഗം വർദ്ധിതമായ തോതിൽ നടക്കുന്ന ഒരു സാഹചര്യത്തിലേക്ക് ആണ് ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ കടന്നു പോയിക്കൊണ്ടിരിക്കുന്നത്. UGC പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന റഗുലേഷനുകൾ ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സമസ്തമേഖലകളെയും വരിഞ്ഞു മുറുക്കുന്നതും NAAC അക്രഡിറ്റേഷൻ പോലുള്ള വിലയിരുത്തൽ സംവിധാനങ്ങൾ അവയുടെ ആദ്യരീതിയിൽ നിന്ന് മാറി ചില പ്രത്യേക മാനദണ്ഡങ്ങൾ വെച്ച് കൊണ്ട് സ്ഥാപനങ്ങളുടെ നിയന്ത്രണം പരോക്ഷമായി ഏറ്റെടുക്കുന്നതും നമ്മുടെ മുന്നിൽ ഉള്ള അനുഭവമാണ്.**

ദൃശ്യവും അദൃശ്യവുമായ ഇത്തരം ബലപ്രയോഗങ്ങളെ തിരിച്ചറിയാൻ പോലും സാധിക്കാതെ അവയുമായി താദാത്മ്യം പ്രാപിക്കുകയും അവയിൽ ചിലതിന്റെ ഒക്കെ വക്താക്കൾ ആയി മാറുകയും ചെയ്യുന്ന ഗതികേട് അക്കാദമിക് സമൂഹത്തെ വ്യാപകമായി ബാധിച്ചിട്ടുണ്ട്. തന്ത്രപരമായ ബദലുകൾ ചമച്ച് ഇത്തരം അധിനിവേശപരമായ അധികാരരൂപങ്ങളെ ചെറുക്കാൻ ഉള്ള കഴിവും പതിയെ കൈമോശം വന്നുകൊണ്ടിരിക്കുന്നു. ആൾക്കൂട്ട കൊലപാതകങ്ങളും പ്രതികാര കൊലപാതകങ്ങളും ഒക്കെ ആസൂത്രണം ചെയ്യുന്ന ഖാപ് പഞ്ചായത്തുകളെ ഉദാത്തമായ മാതൃകയാക്കി അവയുടെ ജനാധിപത്യ പാരമ്പര്യത്തെക്കുറിച്ച് ക്ലാസുകൾ സംഘടിപ്പിക്കാൻ UGC സർവകലാശാലകളോടും കോളജുകളോടും ആവശ്യപ്പെട്ടത് ഈ അടുത്ത കാലത്താണ്. അത്തരം ക്ലാസുകൾ പലയിടത്തും സംവാദസ്വഭാവം പോലും ഇല്ലാതെ തികച്ചും ഏകപക്ഷീയമായി നടക്കാനുള്ള സാധ്യതയും ഉണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ വിശാല അർത്ഥത്തിൽ ഉള്ള സാംസ്കാരികപ്രവർത്തനത്തിന് മാത്രമേ പ്രതിരോധത്തിന്റെ പതാക ഉയർത്തിപ്പിടിക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് യാഥാർത്ഥ്യം.

# ലൈബ്രേറിക്ക് പുസ്തകങ്ങൾ നൽകി



എ കെ പിസിടിയുടെ നേതൃത്വത്തിൽ ട്രൈബൽ മേഖലയിലെ ലൈബ്രറി സ്ഥാപിക്കുന്നതിന് ശേഖരിച്ച ശേഖരിച്ച് പുസ്തകങ്ങൾ എ കെ പി സി ടി ജില്ലാ സെക്രട്ടറി റെയിസൺ സാം നിന്നും ലൈബ്രറി കൗൺസിൽ സംസ്ഥാന കമ്മിറ്റി അംഗം പ്രഫ. ടി.കെ.ജി നായർക്ക് കൈമാറുന്നു

പത്തനംതിട്ട: സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ട്രൈബൽ മേഖലയിൽ സ്ഥാപിക്കുന്ന ലൈബ്രറിക്കുള്ള ആയിരം പുസ്തകം എ കെ പി സി ടി യെ പത്തനംതിട്ട ജില്ല കമ്മിറ്റിയുടെ നേതൃത്വത്തിൽ ശേഖരിച്ച് കൈമാറി.നാറാണമൂഴി പഞ്ചായത്തിലെ അറയാഞ്ഞിലി മണ്ണിലാണ് ലൈബ്രറി സ്ഥാപിക്കുന്നത്.പത്തനംതിട്ട പി ആർ പി സി ചെയർമാൻ പി.ബി ഹർഷകുമാർ യോഗം ഉദ്ഘാടനം ചെയ്തു.എ. കെ പി .സി.ടി.എ ജില്ലാ പ്രസിഡൻറ് പ്രഫ. ഡോ.പ്രദീപ് പി എസ് അധ്യക്ഷത വഹിച്ചു.എ കെ പി സി ടി എ പത്തനം ജില്ലാ സെക്രട്ടറി റെയിസൺ സാം രാജുവിൽ നിന്ന് സംസ്ഥാന ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് അംഗം പ്രഫ.ടി.കെ.ജി നായർ പുസ്തകം ഏറ്റുവാങ്ങി.കേരള ബാങ്ക് ബോർഡ് ഓഫ് ഡയറക്ടർ അംഗം നിർമ്മല ദേവി ടീച്ചർ മുഖ്യപ്രഭാഷണം നിർവഹിച്ചു.എ കെ പി ടി.എ സംസ്ഥാന കമ്മിറ്റി അംഗങ്ങളായ ഡോ. കെ ജയകുമാർ,വിവേക് ജേക്കബ് എബ്രഹാം എംജി സർവ്വകലാശാല മുൻ സിൻഡിക്കേറ്റ് അംഗം പ്രവീൺ വി എസ് ബാലസംഘം ജില്ലാ കോർഡിനേറ്റർ ജയകൃഷ്ണൻ തണ്ണിത്തോട് എന്നിവർ പ്രസംഗിച്ചു.

# ഞങ്ങളും കൃഷിയിലേക്ക്

പത്തനംതിട്ട: എല്ലാ വ്യക്തികളിലും കാർഷിക സംസ്കാരം ഉണർത്തുക എന്ന സന്ദേശം മുൻ നിർത്തി കേരള സർക്കാർ ആരംഭിച്ച ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിക്ക് പിന്തുണ പ്രഖ്യാപിച്ചു കൊണ്ട് എ.കെ. പി.സി.ടി.എ പത്തനംതിട്ട ജില്ല കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ജൈവ പച്ചക്കറി കൃഷി പദ്ധതി ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി ജില്ലയിൽ ഇരുനൂറ്റി അറുപത് പച്ചക്കറി വിത്ത് പാക്കറ്റുകൾ വിതരണം ചെയ്തു. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം എ. കെ.പി.സി.ടി.എ ജില്ല പ്രസിഡന്റ് ഡോ. പ്രദീപ് പി എസ് വർക്കിംങ് കമ്മറ്റി അംഗം ഡോ.എ.എസ് സുമേഷിന് നൽകി നിർവ്വഹിച്ചു. ബ്രാഞ്ച് തല ഉദ്ഘാടനം ബ്രാഞ്ച് പ്രസിഡന്റുമാർ ബ്രാഞ്ചുകളിൽ നിർവ്വഹിച്ചു. ഓണത്തിനൊരു മുറം ജൈവ പച്ചക്കറി എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ജില്ലയിൽ നടപ്പാക്കുന്നത്. ജില്ല അക്കാദമിക്ക് കമ്മറ്റി കൺവീനർ ഡോ. സുഷ ഡി, ജില്ല കൗൺസിൽ അംഗം ഡോ. റെന്നി പി വറുഗീസ്, സംസ്ഥാന കമ്മറ്റി അംഗങ്ങളായ ഡോ ജയകുമാർ, വിവേക് ജേക്കബ്ബ് എബ്രഹാം, ജില്ല സെക്രട്ടറി റെയിസൺ സാം രാജു എന്നിവർ പ്രസംഗിച്ചു.

പ്രൊഫ. എം.കെ. സാനു

# നവോത്ഥാനവും മതഭാവനകളും

നവോത്ഥാനമെന്ന് പറയപ്പെടുന്ന കാലഘട്ടത്തിൽ മതങ്ങൾക്ക് സമൂഹത്തിൽ സ്ഥാനമുണ്ടായിരുന്നു. പക്ഷേ മതഭ്രാന്തിൽ നിന്ന് വിശ്വാസികൾ പ്രായേണ മുക്തരായിരുന്നു. അതിന് കാരണം മതങ്ങളിൽ സമുന്നതമായ വ്യക്തിത്വം പുലർത്തുന്നവർ മാർഗ്ഗദർശികളായി ഉണ്ടായിരുന്നു എന്നതാണ്.

ക്രിസ്തുമതത്തിൽ ചാവറപ്പിതാവ് ബഹുഭാഷാപണ്ഡിതനും സ്വന്തം മതത്തിൽ അവഗാഢമായ പരിജ്ഞാനം നേടിയ പുരോഹിതനുമായിരുന്നു. അദ്ദേഹം അച്ചടിശാല സ്ഥാപിച്ചതും പത്രം നടത്തിയതും പുസ്തകങ്ങൾ രചിച്ചതും ക്രിസ്തുമതക്കാർക്ക് വേണ്ടി മാത്രമായിരുന്നില്ല. ദളിത് വിഭാഗങ്ങൾക്ക് വേണ്ടിയും സ്ത്രീകൾക്ക് വേണ്ടിയും പ്രത്യേകം പ്രത്യേകം വിദ്യാലയങ്ങൾ സ്ഥാപിച്ച് അവരെ യാഥാസ്ഥിതികത്വത്തിൽ നിന്ന് വിമുക്തരാക്കാൻ അദ്ദേഹം പരിശ്രമിക്കുകയും ചെയ്തു.

വക്കം മൗലവി പേർഷ്യൻ, സംസ്കൃതം,അറബി, മുതലായ ഭാഷകളിൽ മാതൃഭാഷയ്ക്ക് പുറമേ പാണ്ഡിത്യം നേടിയിരുന്നു. അദ്ദേഹത്തിൻ്റെ പുസ്തകങ്ങളും അദ്ദേഹം രചിച്ച ഗ്രന്ഥങ്ങളും മതസൗഹാർദ്ദത്തിന് അനുകൂലമായ കാഴ്ചപ്പാടാണ് സൃഷ്ടിച്ചത്. വ്യത്യസ്ത മതപണ്ഡിതന്മാരെ സ്വന്തം വീട്ടിൽ ക്ഷണിച്ച് വരുത്തി സംവാദത്തിന് അവസരങ്ങൾ ഉണ്ടാക്കുന്നതിന് അദ്ദേഹം മറന്നതുമില്ല.

മലയാളം, സംസ്കൃതം, തമിഴ് എന്ന മൂന്നു ഭാഷകളിൽ ശ്രീനാരായണ ഗുരു നേടിയിരുന്ന അറിവ് അളവില്ലാത്തതാണ്. ദർശനമാല എന്ന സംസ്കൃത കൃതിയും ആത്മോപദേശശതകം എന്ന മലയാള കൃതിയും മതങ്ങൾ തമ്മിലുള്ള ആന്തരികമായ സാദൃശ്യത്തിലാണ് ഊന്നിയിരിക്കുന്നത്. സ്വന്തം ആശ്രമത്തിൽ വച്ച് ആദ്യമായി മിശ്രവിവാഹം നടത്തുന്നതിന് അനുവദിച്ചതും ആശീർവാദം നൽകിയതും അദ്ദേഹത്തിന്റെ മതദവശനമെന്തെന്ന് വെളിപ്പെടുത്തുന്നു. മനുഷ്യത്വമാണ് മനുഷ്യൻ്റെ ജാതിയെന്ന മർമ്മസ്പർശിയായ വാക്യം അദ്ദേഹത്തിൻ്റേതാണ്.

മതങ്ങൾ മതങ്ങളായി നിലനിന്നെങ്കിലും ദൈവത്തിന്റെ സൃഷ്ടികളെ സ്നേഹിക്കാനും കാരുണ്യത്തോടെ വീക്ഷിക്കാനുമാണ് മതനേതാക്കൾ അക്കാലത്ത് ഉദ്ബോധിപ്പിച്ചത്.


അവരുടെ കാലശേഷം അതുപോലുള്ള വ്യക്തിത്വങ്ങൾ സംഘടിതമതങ്ങളിൽ പ്രത്യക്ഷപ്പെട്ടില്ല. എന്തുകൊണ്ട് പ്രത്യക്ഷപ്പെട്ടില്ല എന്ന് ദൈവത്തിന് മാത്രമേ അറിയൂ. ആ സാഹചര്യത്തിൽ സംഘടിതമതങ്ങളെ നയിക്കുന്നവർ ആചാരാനുഷ്ഠാനങ്ങൾക്ക് പരമപ്രാധാന്യം നൽകുന്നതിന് തുനിഞ്ഞു. അയുക്തികമായ അനുഷ്ഠാനങ്ങൾ അനേകമുണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ല. അവയ്ക്ക് തമ്മിൽ സംഘടിതമതങ്ങൾ വൈരുദ്ധ്യങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ആ വൈരുദ്ധ്യങ്ങൾ മതഭ്രാന്തായി മാറുന്നതിന് താമസമുണ്ടായില്ല. നമ്മുടെ കാലഘട്ടത്തിൽ ആ മതഭ്രാന്ത് വർഗ്ഗീയതയുടെ ആസുരരൂപം പ്രാപിക്കുകയും ചെയ്തു. ഇതാണ് ഇന്നത്തെ യാഥാർത്ഥ്യം.

നാം ഒരു ജനാധിപത്യ വ്യവസ്ഥി

തിയിൽ ആണ് ജീവിക്കുന്നത്. അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തിനും തത്വപരമായ അന്വേഷണത്തിനും ജനാധിപത്യ വ്യവസ്ഥിതി സ്വാതന്ത്ര്യം നൽകുന്നു. ആ സ്വാതന്ത്ര്യമാണ് ജനാധിപത്യത്തിന്റെ പ്രാണവായു. പതിനെട്ടാം നൂറ്റാണ്ടിൽ ലെസ്സിംഗ് (Gotthold Ephraim Lessing)എന്ന ജർമ്മൻ സാഹിത്യകാരൻ കുറിച്ച് വച്ച ആശയം ഇവിടെ സ്മരണീയമാണ്. തൻ്റെ മുൻപിൽ ഈശ്വരൻ പ്രത്യക്ഷപ്പെട്ട്, വലതു കയ്യിൽ വച്ചിരിക്കുന്ന പൂർണ്ണസത്യം വേണോ,ഇടതുകയ്യിൽ വച്ചിരിക്കുന്ന അന്വേഷണത്വര വേണോ എന്ന് ചോദിച്ചാൽ അന്വേഷണ ത്വരയായിരിക്കും താൻ തെരഞ്ഞെടുക്കുക. അദ്ദേഹം കുറിച്ച് വെച്ച ഈ അഭിപ്രായം ജനാധിപത്യത്തിൽ പരമപ്രധാനമാണ്.

സംശയിക്കാനോ ചോദ്യങ്ങൾ ഉയർത്താനോ സംഘടിതമതങ്ങൾ അനുവദിക്കുന്നില്ല. എന്നാൽ സംശയിച്ചും ചോദ്യം ചെയ്തുമാണ് ജനാധിപത്യ സംവിധാനം പരിപുഷ്ടമാകുന്നത്.

ഏതുകാലത്തിനും ബാധകമായ ഈ തത്വം ഇന്ന് പ്രായേണ വിസ്മൃതമായിരിക്കുന്നു. അതിൻ്റെ സ്ഥാനത്ത് അന്ധമായി ആചാരങ്ങൾ വളർത്താനും അന്യമായ ആചാരങ്ങളെ വെറുത്ത് നശിപ്പിക്കാനും മുതിരുന്ന വർഗ്ഗീയതയുടെ പൈശാചിക രൂപങ്ങൾ വേതാളങ്ങളെപ്പോലെ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അവയെ ചെറുക്കാനും ജനാധിപത്യ മൂല്യങ്ങളെ പരിരക്ഷിക്കാനും കുറുക്കുവഴികളില്ല. ജനങ്ങളെ അറിവു നേടാനും യുക്ബദ്ധമായും ശാസ്ത്രീയമായും ചിന്തിക്കാനും കഴിവുള്ളവരാക്കിത്തീർക്കുന്ന ക്ലേശകരമായ മാർഗ്ഗം മാത്രമേ നമുക്ക് അവലംബിക്കാനുള്ളൂ. യുക്തിവാദികളും കമ്മ്യൂണിസ്റ്റ് പ്രവർത്തകരും ശാസ്ത്ര സാഹിത്യ സദസ്സുകളും ഒരുകാലത്ത് രചനാത്മകമായി അനുഷ്ഠിച്ച ആ കർത്തവ്യം പുതിയ സാഹചര്യത്തിനനുസൃതമായി നാം ഏറ്റെടുത്തേ തീരൂ.



ഇ.പി. രാജഗോപാലൻ

# നാടകത്തിന്റെ ബഹുസ്വരത

ഒന്നാമൻ : ഞാൻ ഈ വീട്ടിലേക്ക് വന്നിട്ട് മൂന്നു കൊല്ലമായി. വീടിന് എന്നെ മറന്നിട്ടുണ്ടാവും.

രണ്ടാമൻ: വരൂ, ഇരിക്കൂ.

ഒന്നാമൻ: എന്തിനാണ് വന്നത് എന്ന് ചോദിക്കില്ല എന്നറിയാം. അതുകൊണ്ട് ഞാൻ അങ്ങോട്ട് പറയാം. നമ്മുടെ നാടക കൂട്ടത്തിന്റെ വകയായി ഒരു നാടക സമീക്ഷ നടത്തുന്നു. സിമ്പോസിയം. ആലോചിച്ച ഒരു വിഷയം നാടകത്തിന്റെ ബഹുസ്വരത എന്നതാണ്. അത് താൻ ഏറ്റെടുക്കണം.

രണ്ടാമൻ: സാധാരണ നാടകത്തെക്കുറിച്ച് പറയുമ്പോൾ പറയാറില്ലാത്ത വാക്കാണ് ബഹുസ്വരത. എന്റെ ധാരണ അതാണ്.

ഒന്നാമൻ: പോളിഫൊണിയുടെ മലയാളമായല്ലേ ഈ വാക്ക് വന്നത്? ഞാൻ അങ്ങനെയാണ് മനസ്സിലാക്കിയിരിക്കുന്നത്. ഒരു ഇരുപത് കൊല്ലമായിട്ടെങ്കിലും മലയാളത്തിൽ ഈ വാക്ക് ഉണ്ട്.

രണ്ടാമൻ: ഉണ്ട്. പല രീതികളും വഴക്കങ്ങളും ഉള്ള ആളുകൾ ഉണ്ട്. അവർക്കൊക്കെ ആത്മാഭിമാനത്തോടെ ജീവിക്കാൻ അവകാശമുണ്ട്. അത് എല്ലാവരും അംഗീകരിക്കണം. ബഹുസ്വര സമൂഹം എന്ന സങ്കല്പം ഇതാണ്.

ഒന്നാമൻ : ജനാധിപത്യത്തിന്റെ അർത്ഥം തന്നെ ഈ കാര്യമാണല്ലോ.നാനാത്വത്തിന്റെ അർത്ഥം എല്ലാ ജീവിത മണ്ഡലങ്ങളിലും പ്രസക്തമായിത്തീരുക എന്നത്.

രണ്ടാമൻ: പോളിഫൊണി സംഗീത ശാസ്ത്രത്തിൽ നിന്നു വന്ന പ്രയോഗമായാണ് പൊതുവെ കരുതിവരുന്നത്. പല ശൈലികളെ ഏകകാലത്ത് ചേർത്തു നിർത്തുന്ന രീതി. ഓരോന്നിനുമുള്ള വ്യക്തിത്വം നിലനിർത്തിക്കൊണ്ടു തന്നെ തമ്മിൽത്തമ്മിൽ പൊരുത്തം വരുത്തുന്ന സമ്പ്രദായം.

ഒന്നാമൻ : നോവൽ പഠനത്തിലാണ് ബഹുസ്വരത ഒരു ദർശനമായി ത്തീർന്നിരിക്കുന്നത് എന്ന വാദവും ഉണ്ട്.

രണ്ടാമൻ : ഒരു ഉത്സവം പോലെയാണ് നോവൽ. അതാണ് നോവലും ഭാവഗീതവും തമ്മിലുള്ള വ്യത്യാസം എന്ന ആശയം. ഉത്സവസ്ഥലത്ത് ഒരേ സമയത്തു തന്നെ എന്തൊക്കെ കാര്യങ്ങളാണ് നടക്കുക. ഉത്സവീയത എന്ന പ്രയോഗം തന്നെ നടപ്പിലായിട്ടുണ്ട്.

ഒന്നാമൻ : ആലുവാ ശിവരാത്രി മണപ്പുറത്തിന്റെ ഗംഭീരമായൊരു വിവരണം കവി എം.എൻ.പാലൂരിന്റെ ആത്മകഥയിൽ വായിച്ചു.' കഥയില്ലാത്തവന്റെ കഥ'യിൽ. ശ്രദ്ധിച്ചിരുന്നോ?

രണ്ടാമൻ: ഭക്തിയും കച്ചവടവും ഇരുട്ടും രതിയും ആൾത്തിരക്കും ചേർന്നു നിൽക്കുന്ന ഇടമെന്ന നിലയ്ക്ക് ആലുവാ മണപ്പുറത്തെ സാംസ്കാരികമായി സ്ഥാനപ്പെടുത്തുന്ന വിവരണമാണത് എന്ന് തോന്നി. ആ വിവരണത്തിന് ഇപ്പറഞ്ഞ സൈദ്ധാന്തികമൂല്യം ഉണ്ട്. നോവലിൽ ബഹുസ്വരതയാണ് പുലരുന്നത് എന്ന കണ്ടെത്തലിലേക്ക് മിഖായേൽ ബഖ്തിൻ എത്തുന്നത് സ്റ്റാലിനിസത്തിലെ ഏകാധികാരപ്രവണത യോടുള്ള പ്രതികരണമായിട്ടാണ് എന്ന് പറയാറുണ്ട്.


ലൈഫ് ഓഫ് ഗലീലിയോ

പല സ്വരങ്ങൾ ഏകകാലത്ത് ഉയരുകയും പുലരുകയും ചെയ്യുന്ന അ ആഖ്യാനസ്ഥാനമായി , ജനാധിപത്യത്തിന്റെ സൗന്ദര്യപാഠമായി നോവലിനെ കാണുന്നതിൽ അസാധാരണമായ പുതുമയുണ്ട് ; സാമൂഹ്യധാരണയും ഉണ്ട്.

ഒന്നാമൻ : നാടകത്തെക്കുറിച്ച് അങ്ങനെ പറയാറില്ല എന്നല്ലേ?

രണ്ടാമൻ: അതെ. നാടകത്തെക്കുറിച്ച് അങ്ങനെ പറയാറില്ല.

ഒന്നാമൻ : ഇന്ത്യൻ സംസ്കൃത പാരമ്പര്യത്തിൽ നാടകം കാവ്യം പോലെ.

രണ്ടാമൻ: മഹാകവി കാളിദാസൻ എന്നു വിളിക്കാൻ ഇവിടെ ഇന്നും ആൾക്കാർ ഉണ്ട്. അത് യാദൃച്ഛികവും അല്ല.

ഒന്നാമൻ :അല്ല.സ്കൂളിലും കോളെജിലുമൊന്നും നമ്മുടെ നാട്ടിൽ നാടകം നാടകമായിട്ടല്ല പഠിപ്പിക്കാറ്. പൊതുവെ അങ്ങനെയാണ്.

രണ്ടാമൻ: അത് ഷെയ്ക്സ്പിയറും മാർലോയും ഷായും മില്ലറും ബ്രെഹ്റ്റുമെല്ലാം ഇവിടെ അനുഭവിക്കുന്ന കഷ്ടസ്ഥിതിയാണ്.

ഒന്നാമൻ : ക്രിയാംശവുമായി,തിയേറ്ററുമായി നാടകപുസ്തകത്തെ ബന്ധിപ്പിക്കുക എന്നത് പലപ്പോഴും ഇവിടെ ആലോചനയിൽപ്പോലും വരാറില്ല. Act, അങ്കം എന്നീ വാക്കുകളിലെ പ്രവർത്തനത്തിന്റെ സൂചനയോ രംഗം, Scene എന്നീ വാക്കുകളിലെ രംഗസ്ഥല സൂചനയോ കണക്കിലെടുക്കാൻ പല അദ്ധ്യാപകർക്കും മടിയാണ്.

രണ്ടാമൻ : വേറൊന്നു തോന്നുന്നുണ്ട്. പണ്ഡിതന്മാർ സമ്മതിച്ചു തരുമോ എന്നറിയില്ല. ഏത് നല്ല നാടകത്തിലും ബഹുസ്വരതയുടെ ഊർജ്ജം നിലനിൽക്കുന്നു എന്ന് തോന്നാറുണ്ട്. നാടകത്തെ നല്ലതാക്കുന്നതു പോലും അതാണ് എന്ന് ഞാൻ വാദിച്ചേക്കും.

ഒന്നാമൻ: ഏതർത്ഥത്തിൽ?

രണ്ടാമൻ: പല കഥാപാത്രങ്ങൾ ഉണ്ടല്ലോ. അവരുടെ വ്യത്യസ്തതാല്പര്യങ്ങൾ നല്ല നാടകത്തിൽ വ്യക്തിത്വശക്തിയോടെ നിലനിൽക്കുന്നുണ്ട് എന്ന് കാണാൻ പറ്റുമെങ്കിൽ അങ്ങനെ പറയാം.

ഒന്നാമൻ: താല്പര്യങ്ങളുടെ ഏറ്റുമുട്ടൽ.

രണ്ടാമൻ: അത് ആത്മാർത്ഥമായ കലാ ഗുണത്തോടെ കൊണ്ടുവരാൻ കഴിയുന്നത് വലിയ കാര്യമാണ്. നാടകം കലാശിക്കുന്നത് ഒരു കഥാപാത്രത്തിന്റെ വിജയത്തിലാവാം. അതേയവസരം പരാജിതരടക്കമുള്ള മറ്റുള്ളവരുടെ നിലപാടുകൾ മുഴുവനായും അപ്രസക്തമായി പ്പോകുന്നുമില്ല . മാത്രമല്ല വിജയിച്ച നിലപാടിൽത്തന്നെ വൈരുദ്ധ്യങ്ങളുണ്ടാവുകയും ചെയ്യും.

ഒന്നാമൻ: ഇങ്ങനെയൊരു ആശയ പ്രകൃതമുള്ള നാടകങ്ങൾ പോളിഫൊണിക് ആണ് എന്നാണോ?

രണ്ടാമൻ: അങ്ങനെ ആലോചിക്കാവുന്നതാണ് എന്ന് ഇപ്പോൾ തോന്നുന്നു.

ഒന്നാമൻ : ബ്രെഹ്റ്റിന്റെ 'ലൈഫ് ഓഫ് ഗലീലിയോ ' കണ്ടിട്ട് വാൾട്ടർ ബെഞ്ചമിനോ മറ്റോ പറഞ്ഞതായി വായിച്ചിട്ടുണ്ട് ---- ബ്രെഹ്റ്റ് കഥാപാത്രങ്ങളെ വൈരുദ്ധ്യങ്ങളോടെയാണ് അവതരിപ്പിക്കുന്നത് എന്ന്.

രണ്ടാമൻ: സുഘടിത നാടകം എന്ന് പറയാറുണ്ടല്ലോ. വെൽ മെയ്ഡ് പ്ലേ. അത് ഒരു നിഷേധാത്മകമായ വിശേഷണ മായി മാറുന്നത് ഈ വൈരുദ്ധ്യാവതരണത്തിന്റെ സാധ്യതയെ ആ നാടക രീതി ഭയപ്പെടുന്നതുകൊണ്ടാണ്.

ഒന്നാമൻ: ഇത് ഒരു നല്ല അഭിപ്രായമാണ്.

രണ്ടാമൻ: പല നാടോടി നാടകങ്ങളിലും ഈ ഭയം ഇല്ല എന്ന് തോന്നിയിട്ടുണ്ട്. അദ്ധ്വാനിക്കുന്ന നിസ്വരുടെ ധീരത അവയിൽ വരാറുണ്ട് . കൃത്രിമമായ ആദർശവത്ക്കരണത്തെ എത്ര എളുപ്പത്തിലാണ് അത്തരം നാടകങ്ങൾ ചെറുക്കാറുള്ളത്.

ഒന്നാമൻ : നാടകം അവതരിപ്പിക്കുമ്പോൾ പെട്ടെന്നുണ്ടാകുന്ന , നിനച്ചിരിക്കാതെ സ്വതേ ഉണ്ടാവുന്ന സാഹചര്യങ്ങളോട് പോലും വേണമെങ്കിൽ പ്രതികരിക്കാവുന്ന അയവും അഴകും  അവയ്ക്ക് ഉണ്ട്.

രണ്ടാമൻ: പ്രൊഫ.എം.കെ.ഗംഗാധരൻ മാഷെ അറിയാമല്ലോ?

ഒന്നാമൻ: നോവലിസ്റ്റ് ?

രണ്ടാമൻ : അതെ. അദ്ദേഹം കോളെജിൽ ( ഇംഗ്ലീഷ് ) അദ്ധ്യാപകനാവുന്നതിന് മുൻപ് റെയിൽവെയിൽ സ്റ്റേഷൻ മാസ്റ്ററായിരുന്നു.  വടക്കേയിന്ത്യയിൽ ഒരു ഗ്രാമത്തിൽ ജോലി ചെയ്യുമ്പോൾ ഇടവേള കിട്ടിയപ്പോൾ തീവണ്ടിയാപ്പീസിന് അടുത്തുള്ള ഒരു മരത്തണലിൽ നാടകം കളിക്കുന്നത് കണ്ട് അങ്ങോട്ട് നീങ്ങി. രാമായണത്തിലെ ഒരു ഭാഗമായിരുന്നു. നാടോടികളുടെ നാടകം. ഔദ്യോഗിക വേഷത്തിൽ നിൽക്കുന്ന ആളെ കണ്ട് രാമൻ സീതയോട് പറഞ്ഞു:  നീ ഇന്നലെ നടിച്ച പോലെയൊന്നും നടിച്ചാൽ പോര സ്റ്റേഷൻ മാസ്റ്റർ സാബ് വന്നിട്ടുണ്ട്. ഉച്ചത്തിൽ തന്നെ  പറഞ്ഞു. തമാശക്കൊന്നുമല്ല. പല സ്വരങ്ങളിൽ മുന്നേറാനുള്ള ആന്തരികമായ വീറ് നാടോടി തിയേറ്ററിനുണ്ട്. സ്റ്റേഷൻ മാസ്റ്റർ സാബ് തൊട്ടുള്ള ഉപരിവർഗ്ഗക്കാരിൽ നിന്ന് പ്രീതിയും പണവും ചോദിക്കാതെ വാങ്ങാനുള്ള അയവടക്കം അതിന്റെ സ്വരബഹുത്വത്തിൽ ഉണ്ട് എന്നു വന്നേക്കാം. അതിന്റെ പിന്നിൽ നാടകത്തെതൊഴിലാക്കിയതിന്റെ ധനശാസ്ത്രമാവാം ഒരു പ്രേരണ.

ഒന്നാമൻ: വഴിയോരക്കളിയുടെ ഒരു സാദ്ധ്യതയുമാവാം അത്.

രണ്ടാമൻ: തീർച്ചയായും . നാടകത്തിന്റെ ബഹുസ്വരത എന്നത് വെളിവാക്കുന്ന ഒരു കേട്ടറിവ് എന്ന നിലയിലാണ് ഇത് ഇവിടെ പറയുന്നത്.

ഒന്നാമൻ:  ഒന്നായിരിക്കേതന്നെ പലതായിരിക്കാൻ കഴിയുന്നതാണ് നല്ല നാടകം എന്നാണോ ?

രണ്ടാമൻ: :എതാണ്ട് അങ്ങനെ തന്നെ.

ഒന്നാമൻ: ഇത് പ്രക്രിയയാണോ ഫലമാണോ ? ഇതിൽ കാണികളുടെ സ്ഥാനം എന്താണ് ?

രണ്ടാമൻ: നല്ല ചോദ്യം. നാടകകൃത്ത് സങ്കല്പിക്കാത്ത സ്വരപ്പലമ സംവിധായകൻ കണ്ടെന്നു വരും; അഭിനയസംഘം ആവിഷ്ക്കരിച്ചെന്നു വരും. ഈ പണി ചെയ്യുന്നത് ചിലപ്പോൾ കാണികളാവും.

ഒന്നാമൻ: നാടകത്തിലെ ശരിയായ രീതി ഏതാണ് ?  എതുതരം നാടക ശൈലിയാണ് ശരി?

രണ്ടാമൻ: എന്റെ വ്യക്തിപരമായ തെരഞ്ഞെടുപ്പുരീതിയെ-- choice നെ -- തള്ളിക്കളയാൻ അനുവദിക്കുമോ?

ഒന്നാമൻ: granted. അനുവാദം തന്നിരിക്കുന്നു.

രണ്ടാമൻ: എന്നാൽ പറയാം.

ഒന്നാമൻ: പറയുക.

രണ്ടാമൻ  : പലതരം നാടകങ്ങൾ വേണം.

ഒന്നാമൻ: എല്ലാത്തരം നാടകങ്ങളും വേണം എന്നോ ?

രണ്ടാമൻ: വേണം. എല്ലാത്തരവും വേണം.

ഒന്നാമൻ: തിയേറ്റർ ജനാധിപത്യം ?


രണ്ടാമൻ: നാം പ്രകൃതിയിൽ കാണുന്ന കാഴ്ച അതല്ലേ? പലമയുടെ കാഴ്ച. ഏതാണ് ഏറ്റവും ശരിയായ നാടക സമ്പ്രദായം എന്ന് പറയേണ്ടതില്ല.

ഒന്നാമൻ: എന്തുകൊണ്ട്?

രണ്ടാമൻ: അങ്ങനെയൊന്ന് ഇല്ല. അതു കൊണ്ട്. ഷെയ്ക്സ്പിയർ തൊട്ടുള്ള നാടകക്കാരെ നോക്കൂ. പല തരം നാടകങ്ങൾ ഉണ്ടാക്കിയിരിക്കുന്നു.. ട്രാജഡി, കോമഡി, ലിറിക്കൽ, മെഡിറേറ്റീവ്. ഷൈലോക് ദുഷ്ടനാണോ ഇരയാണോ? ഒഥെല്ലോ എന്ന പേര് അബ്ദുല്ല (ള്ള ) എന്നതിന്റെ വകഭേദമാണെന്ന് അറിയുന്നു. കറുപ്പിന്റെ സ്വത്വസംഘർഷം അനിവാര്യമാക്കിയ കഥാപാത്രമല്ലേ ഒഥെല്ലോ? ഇത്തരം സ്വരങ്ങൾ കൂടി ആ നാടകങ്ങളിൽ ഉണ്ട്. ഗ്രീക്ക് നാടകത്തിന്റെ ഗാലറിയിൽ കോമഡിയെഴുതിയ അരിസ്റ്റോഫനിസും നൂറ്റാണ്ടുകളായി ഇരിപ്പുണ്ട്. പല മട്ടിലാണ്  പ്രാചീനമായ ആ നാടകസംസ്കാരം രൂപപ്പെട്ടിട്ടുള്ളത്. 'ഈഡിപ്പസ് രാജാവ്' മാത്രമല്ല, 'തവളകളും' ആ നാടകവേദിയിൽ ഉണ്ടെന്ന് കാണാതിരുന്നു കൂടാ.

ഒന്നാമൻ: സി.ജെ തോമസ് 'ആന്റിഗണി ' ക്കൊപ്പം 'പിശുക്കന്റെ കല്യാണ'വും വിവർത്തനം ചെയ്തു.

രണ്ടാമൻ: അതൊരു സിഗ്നലാണ്.



സഫ്ദർ ഹാഷ്മി

സി.ജെ. ഒരു സൂചനയാണ്.

ഒന്നാമൻ : തിയേറ്റർ എന്ന വാക്ക് തിയറോസ് എന്ന വേരിൽ നിന്നാണ് ഉണ്ടായത്. നോക്കിക്കാണുക എന്നാണ് - to look at -- തിയറോസിന്റെ അർത്ഥം എന്ന് ഓർമ്മിക്കുന്നു.

രണ്ടാമൻ: പല തലത്തിൽ, തരത്തിൽ ലോകത്തെ നോക്കിക്കാണാൻ ലോകർ തന്നെ ഉണ്ടാക്കിയ ഏർപ്പാടാണ് നാടകം എന്നാണ് കാണേണ്ടത്.

ഒന്നാമൻ: പക്ഷെ ചിലർ തങ്ങളുടെ ശൈലിയാണ് കാലികം, സാർത്ഥകം, ആധികാരികം എന്നൊക്കെ പറയുന്നു.

രണ്ടാമൻ: അവരെ അവരുടെ പാട്ടിന്, സ്വാതന്ത്ര്യത്തിന് വിടുക. എല്ലാവർക്കും അവകാശം ഉണ്ട് ---- നാടകാവകാശം. ഈ ബോധം പ്രധാനമാണ്.

ഒന്നാമൻ : സാധാരണക്കാരായ "അവിദഗ്ദ്ധ"നാടകക്കാർ പരിഹാസ പാത്രങ്ങളാക്കപ്പെടാറുണ്ട്.

രണ്ടാമൻ: അതിൽ കാര്യമില്ല. അത് കൂസാതെ നാടകാവകാശ ബോധവുമായി പ്രവർത്തിക്കുക. അതാണ് പ്രധാനം. സർഗ്ഗാത്മകതയും ആവിഷ്ക്കാരവും വിലക്കുകയാണ് -- സ്വയമറിയാതെയാവാം - -- ഇങ്ങനെ പരിഹസിക്കുന്നവർ ചെയ്യുന്നത്.

ഒന്നാമൻ: സാഹിത്യത്തിലും പണ്ട് തമ്പുരാൻവാഴ്ച ഉണ്ടായിരുന്നു.

രണ്ടാമൻ : അതിന്റെ പുതിയ പതിപ്പുകൾ വരുമ്പോഴൊക്കെ തുറന്നു കാട്ടണം. വെറുതെ ബഹളം വെച്ചിട്ടല്ല. സർഗ്ഗാത്മകമായി. ഉൾനാടൻ കലാസമിതിക്കാരെയൊന്നും അപമാനിക്കാൻ ആർക്കും അവകാശമില്ല

ഒന്നാമൻ: അതായത് പലതരം നാടകങ്ങൾ വേണം?

രണ്ടാമൻ: പലതരം നാടകങ്ങൾ വേണം. വിനോദപ്രധാനമായ കമേഴ്സ്യൽ നാടകങ്ങൾ, പ്രൊഫഷനൽ നാടകങ്ങൾ, പ്രചരണനാടകങ്ങൾ, പ്രക്ഷോഭനാടകങ്ങൾ, കഥ പറയുന്ന നാടകങ്ങൾ, തെരുവരങ്ങ്, ഒറ്റയാൾ നാടകങ്ങൾ, ജിബ്രിഷ് തിയേറ്റർ, ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്നവരുടെ നാടകങ്ങൾ, സർഗ്ഗാത്മകപരീക്ഷണങ്ങൾ, ട്രാൻസ്- ജെണ്ടർ തിയേറ്റർ, തൊഴിൽക്കൂട്ടങ്ങളുടെ നാടകങ്ങൾ, അതിഥിത്തൊഴിലാളികളുടെ അവതരണങ്ങൾ, ഇൻറർ - ആക്റ്റീവ് തിയേറ്റർ., പരിസ്ഥിതിനാടകവഴക്കം, നാടോടി നാടകങ്ങൾ ,തിയേറ്റർ റീഡിംഗ്---- ഇങ്ങനെ പല പല രീതികൾ വേണം. അഗസ്റ്റോ ബോൾ സങ്കല്പിച്ച സ്പെക്റ്റ്-ആക്റ്റർ രീതിയും വേണം.

ഒന്നാമൻ: നാടകത്തിന്റെ ഒരു സാദ്ധ്യതയും അടഞ്ഞു പോകരുത് എന്നാണോ?

രണ്ടാമൻ: വിദ്യാഭ്യാസത്തിന്റെ ഉപാധിയായും ഔചിത്യത്തോടെ നാടകം ഉണ്ടാവണം. TIE -തിയേറ്റർ ഇൻ എഡ്യൂക്കേഷൻ. സമരത്തിനുംഉല്ലാസത്തിനും നാടകം ഉപകരണമാവണം. നാടകക്കാർ സർഗ്ഗാത്മകതയിൽ ശ്രദ്ധിച്ച് പ്രവർത്തിക്കണം.

ഒന്നാമൻ: ഹബീബ് തൻവീർ പറഞ്ഞതായി അറിയാം -- ലണ്ടനിലെ RADA യിൽ നിന്ന് പഠിച്ചതൊക്കെ unlearn ചെയ്ത് താൻ നേരെ ഛത്തിസ്ഗഢിലേക്ക് പോയി ആദിവാസി ഗോത്രങ്ങളിൽ നിന്ന്

*അഗസ്റ്റോ ബോൾ*





മാരനായക

നാടകക്കാരെ കണ്ടെത്തി 'നയാ തിയേറ്റർ ' ഉണ്ടാക്കി എന്ന്. ഞാൻ unlearn എന്ന വാക്ക് ആദ്യമായി ശ്രദ്ധിച്ചത് തൻവീർ പറഞ്ഞപ്പോഴാണ്.

രണ്ടാമൻ: unlearn എന്ന വാക്കിൽ വല്ലാത്തൊരു നാടകീയത ഉണ്ട്. ധീരതയും ഉണ്ട്. സർഗ്ഗാത്മകതയിലുള്ള വിശ്വാസത്തിന്റെ ഉറപ്പിലാണ് അദ്ദേഹം ആ വാക്ക് പറഞ്ഞിട്ടുണ്ടാവുക.

ഒന്നാമൻ: തിയേറ്റർ ഫെസ്റ്റിവലുകൾ ഇപ്പറഞ്ഞ ബഹുസ്വരത എന്ന ആശയവുമായി ചേരുന്നതാണോ?

രണ്ടാമൻ: ഫെസ്റ്റിവലുകൾ ചിലപ്പോൾ ഒരേ മട്ടിലുള്ള നാടകങ്ങളുടെ സ്ഥലമായിപ്പോകാറുണ്ട്' . ചിലപ്പോൾ മാത്രം. 1978 ലെ എറണാകുളം അഖിലേന്ത്യാ നാടകോത്സവം ഓർമ്മയിൽ വരുന്നു. അത് ബഹുസ്വരതയുടെ ആഘോഷമായിരുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2001 ൽ കാസർകോട് നടന്ന കേരള സംഗീത നാടക അക്കാദമിയുടെ ഷെയ്ക്സ്പിയർ നാടകോത്സവം ഞാൻ നേരിൽ കണ്ടതാണ്. നിരവധി ഇന്ത്യൻ ഭാഷകളിൽ നിന്നുള്ള ഷെയ്ക്സ്പിയർ നാടകങ്ങളുടെ അവതരണം. വ്യത്യസ്ത രംഗശൈലികൾ, രംഗവ്യാഖ്യാനങ്ങൾ. മിഡ് സമ്മർ നെറ്റ്സ് ഡ്രീം ഹബീബ് തൻവീർ നയിക്കുന്ന ഛത്തിസ്ഗഡിലെ ആദിവാസി നാടകസംഘമാണ് അവതരിപ്പിച്ചത്.

ഒന്നാമൻ: "മാക്ബെത്ത് ' കന്നഡ ഭാഷയിൽ.' മാരനായക ' എന്ന പേരിൽ. അവതരിപ്പിച്ചത് മൈസൂർ സെൻട്രൽ ജയിലിലെ ജീവപര്യന്തം തടവുശിക്ഷയനുഭവിക്കുന്നവർ. ഓർമ്മയുണ്ട്.

രണ്ടാമൻ: ആ അവതരണം ഉച്ചസ്ഥായിയിലുള്ള ശബ്ദങ്ങൾ കൊണ്ടുള്ള മേള പോലെയായിരുന്നു. ജയിലിൽ സാധ്യമല്ലാത്ത ഒച്ചയെടുപ്പ് കലയിൽ ആവിഷ്ക്കരിച്ചു.

ഒന്നാമൻ: കേരളത്തിൽ നിന്നുള്ള അവതരണങ്ങൾ ഉണ്ടായിട്ടില്ലേ?

രണ്ടാമൻ: കാവാലം നാരായണ പണിക്കരുടെ സംഘത്തിന്റെ ടെംപസ്റ്റ് , മാർഗി ഹരികുമാർ ചിട്ടപ്പെടുത്തിയ ജൂലിയസ് സീസർ കഥകളിയുമാണ് മലയാളം പറഞ്ഞ നാടകങ്ങൾ. ഇങ്ങനെ ഒരു നാടകകൃത്തിന്റെ തന്നെ പല നാടകങ്ങൾ പല പല ഭാഷകളിൽ, പല പല രംഗശൈലികളിൽ. നാടകഭാരതി എന്ന പേരിൽ നടന്ന ഈ അവതരണോത്സവം പല പല അനുഭവങ്ങൾ തന്നു. (പല ഭാഷകളുടെ നാടായ കാസർകോട് ഇങ്ങനെയൊരു ഉത്സവത്തിന് പറ്റിയ സ്ഥലവുമാണ്.) അത് തന്ന ഏറ്റവും മുന്തിയ അറിവ് പലതരം നാടകങ്ങൾ വേണം എന്നതു തന്നെ. ഏതാണ് ഏറ്റവും നല്ല , ശരിയായ രീതി എന്നില്ല. ആധികാരികമായ ഒറ്റ രീതി എന്നത് ജനാധിപത്യസംസ്കാരത്തിന് ചേരാത്ത അവകാശവാദമാണ്. കലയിൽ സ്വാതന്ത്ര്യമാണ് മുഖ്യം. നാടകാവകാശം എല്ലാവർക്കും ഉണ്ട്. കല പല തരത്തിൽ പ്രകാശിതമാവുന്ന ഒന്നാണ്. കൂടിയാട്ടം പോലെ സൂക്ഷ്മമായ ശ്രദ്ധ ആവശ്യപ്പെടുന്ന ഇന്റിമേറ്റ് തിയേറ്റർ വേണം. തെരുവുനാടകവും വേണം. ഒറ്റയാൾ നാടകം വേണം. ഇരട്ടയാൾ നാടകവും വേണം. ഇരുന്നൂറാളുകൾ നടിക്കുന്ന നാടകവും വേണം.

ഒന്നാമൻ: ശരി. ഞാൻ ഇറങ്ങുന്നു. വിഷയം ഇനി ഓർമ്മിപ്പിക്കേണ്ടല്ലോ.

രണ്ടാമൻ: ഇനിയുമോ?

എസ്. ശാരദക്കുട്ടി

# അസംതൃപ്തയായ സ്ത്രീ, വികാസത്തിന്റെ പാതയിലാണ്

ഒരു സംവർഗ്ഗമെന്ന നിലയിൽ സ്ത്രീകൾ കുറെയേറെ വേലിക്കെട്ടുകൾ പൊളിച്ചെറിഞ്ഞിട്ടുണ്ട്. നമ്മുടെ സംവാദങ്ങൾ വിപുലപ്പെടുത്തിയിട്ടുണ്ട്. സംഭാഷണങ്ങളുടെയും ഭാഷകളുടെയും ചർച്ചകളുടെയും ശബ്ദങ്ങളുടെയും ഭൂപടങ്ങൾ തന്നെ തിരുത്തിയിട്ടുണ്ട്.

എങ്കിലും  സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ ഇവിടെ വ്യാപകമാവുകയാണ്. സ്ത്രീകൾ അടങ്ങിയിരുന്നില്ലെങ്കിൽ ഇതൊക്കെ ഇങ്ങനെ തന്നെ സംഭവിക്കുമെന്ന മട്ടിൽ വളരെ സ്വാഭാവികമായി ഇതിനെ എല്ലാം സമീപിക്കുന്ന, മറ്റൊരർഥത്തിൽ പറഞ്ഞാൽ പ്രോത്സാഹിപ്പിക്കുന്ന മതബോധ്യങ്ങൾക്കും സംസ്കാര ശീലങ്ങൾക്കും അടിയന്തിര ചികിത്സ ആവശ്യമാണ്. ഇന്നും പെണ്ണുങ്ങൾ അവരുടെ സ്വാതന്ത്ര്യ ബോധത്തെ ഒരു മഹാപരാധമെന്നതു പോലെ പരിഹാസത്തിലൂടെ നേരിടേണ്ടി വരുന്നുണ്ട്. സ്വതന്ത്രബുദ്ധിയോടെ സംസാരിച്ചു കൊണ്ട് സോഷ്യൽ മീഡിയയിൽ ഇടപെടുന്ന സ്ത്രീകൾക്ക് ഓരോ ഇടപെടലും ഒരേ സമയം യുദ്ധവും നൃത്തവും സ്വയം വെളിപ്പെടലും ഒക്കെയായി മാറുന്നുണ്ട്. തങ്ങൾക്കു നേരെ നിരന്തരം നീളുന്ന ചൂണ്ടുവിരലുകളുടെ മുന ഒടിച്ചു കളയുവാനായി കൂടി അവർക്ക് തങ്ങളുടെ സമയം ഉപയോഗിക്കേണ്ടി വരുകയാണ്. 'നിങ്ങൾ ഇന്നലെ വരെ കണ്ടതൊന്നുമല്ല ഞാൻ' എന്നവൾക്ക് നിരന്തരം പ്രഖ്യാപിക്കേണ്ടി വരുന്നു.

നാനാവിധ തൊഴിൽ മേഖലകളിൽ രാപകൽ വ്യത്യാസമില്ലാതെ സജീവമായി ഇടപെട്ടുകൊണ്ട് നമ്മുടെ പെൺകുട്ടികൾ അവരുടെ വംശത്തിന്റെ ചരിത്രം തിരുത്തി എഴുതിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന ഒരു വിഭാഗമാണ് സ്ത്രീകൾ . ജനസംഖ്യയുടെ കണക്കനുസരിച്ചാണെങ്കിൽ ഭൂരിപക്ഷം. എന്നാൽ  അധികാരം ആർക്കാണോ അവരാണ് ഭൂരിപക്ഷമനുഭവിക്കേണ്ട അവകാശങ്ങൾ ഇവിടെ കാലങ്ങളായി  അനുഭവിക്കുന്നത്. അധികാരത്തിന്റെ കാര്യത്തിൽ വരുമ്പോഴാണ്, അപ്പോൾ മാത്രമാണ്, സ്ത്രീകൾ ന്യൂനപക്ഷമാകുന്നത്.

സമൂഹത്തിന്റെ അച്ചുതണ്ട് കുടുംബവും കുടുംബത്തിന്റെ അച്ചുതണ്ട് സ്ത്രീയും  ആയിരിക്കണം എന്ന് സമൂഹത്തിന് എന്ന് നിഷ്കർഷയുണ്ടായോ അന്ന് മുതൽ സാമ്പത്തികകാര്യങ്ങളുടെ നിർവഹണം സ്ത്രീയാണ് നടത്തിപ്പോരുന്നത്. കിട്ടുന്ന ചുരുങ്ങിയ വരുമാനത്തിൽ നിന്നു കൊണ്ട് രണ്ടറ്റം കൂട്ടിമുട്ടിക്കുന്ന ആ പ്രക്രിയ ഏതൊരു സാമ്പത്തിക ശാസ്ത്രജ്ഞനും ചെയ്യുന്ന പ്രവൃത്തിയെക്കാൾ ദുഷ്കരമാണ്. വൈക്കം മുഹമ്മദ്ബഷീർ പാത്തുമ്മയുടെ ആടിൽ ഈ സാമ്പത്തികക്രമവും അതിന്റെ കൈകാര്യം ചെയ്യലും ഭംഗിയായി അവതരിപ്പിക്കുന്നുണ്ട്. ലോകം മുഴുവൻചുറ്റിക്കണ്ട് ഒടുവിൽ വീടിന്റെ തിണ്ണയിൽ വന്നിരിക്കുന്ന കഥാനായകനോട് ‘ 'ഒറ്റാന്തടി, മുച്ചാൺ വയറ് നിനക്കെന്തറിയാ’മെന്നുള്ള ഉമ്മയുടെ ചോദ്യത്തിലുണ്ട് സാമ്പത്തികം കൈകാര്യം ചെയ്യലിന്റെ സ്ത്രീസാമർത്ഥ്യങ്ങൾ . പുരുഷവർഗ്ഗത്തിന്റെ മുഴുവൻ കണ്ണു തുറപ്പിക്കാനുള്ള ബുദ്ധി ബഷീർ പെണ്ണുങ്ങളിൽ



കണ്ടു. "ഇതാണോ വല്യ പുത്തി !! ഇത് ഞങ്ങൾക്കറിയാൻ പാടില്ലാത്തതാണോ" എന്ന് ബഷീറിന്റെ പെണ്ണുങ്ങൾ പരിഹസിച്ചു.

സാമ്പത്തികമേധാവിത്വത്തെ എതിർത്തു തോല്പിച്ചുകൊണ്ടല്ലാതെ  ഏതു തരം മർദ്ദിതരുടെയും ചൂഷിതരുടെയും അടിമകളുടേയും വിമോചനം സാധ്യമല്ല. അധികാരം എല്ലാ അർഥത്തിലും സാമ്പത്തികം കൂടിയാണ്. സ്വത്തുടമ സർവാധികാരിയായിരിക്കുക, അയാൾ അതുകൊണ്ട് തന്നെ മർദ്ദകനും ചൂഷകനും ബലവാനും ആയിരിക്കുക, അയാൾ തന്നെ വ്യവസ്ഥിതിയുടെ സംരക്ഷകനും ആയിരിക്കുക, ഇതാണ് ആധിപത്യത്തിന്റെ നടവഴികൾ . അയാളെ ആശ്രയിച്ചു കഴിയുന്ന ആരും അയാളുടെ അടിമയാവുകയാണ്. സ്ത്രീയുടെ മോചനത്തിനായുള്ള സമരം അടിസ്ഥാനവർഗത്തിന്റെ സാമ്പത്തികമോചനത്തിനായുള്ള സമരം കൂടിയാണ്.

സ്ത്രീകളുടെ അടിസ്ഥാന സ്വാതന്ത്ര്യത്തിനായുള്ള ചെറിയ മുറവിളികൾ പോലും പുരുഷനെതിരെയുള്ള സമരമായി തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നു . നിലനില്ക്കുന്ന മൂല്യവ്യവസ്ഥയിലുള്ള ആധിപത്യസ്വഭാവത്തിലെ സ്ത്രീവിരുദ്ധത




സംരക്ഷിക്കപ്പെടുന്നത് ഇങ്ങനെ
യൊക്കെ കൂടിയാണ്. നിലവിലുള്ള
മൂല്യബോധത്തെ പരിക്കേല്പിച്ചു
കൊണ്ടല്ലാതെ ഇതിൽ നിന്ന്
ഒരു വിമോചനം സാധ്യമല്ല. പു
രുഷനെതിരെയല്ല, തന്റെ നില
ഭദ്രമാക്കാനും തന്റെ സാന്നിധ്യം
ഉറപ്പാക്കാനും കൂടുതൽ കൂടുതൽ
വെളിച്ചപ്പെടാനും അധികാരത്തി
ലെ ജനാധിപത്യസ്വഭാവം ഉറപ്പാ
ക്കാനും വേണ്ടിയുള്ള നിരന്തരമായ
പോരട്ടമാണത്. വ്യവസ്ഥാനുരൂ
പമായ സ്ത്രീസങ്കല്പങ്ങളിൽനിന്ന്
എന്ന് മാറിനടക്കുന്നുവോ, അന്ന്
മാത്രമേ സ്ത്രീക്ക് താനൊരു മനുഷ്യ
നായതിന്റെ ആനന്ദങ്ങൾ അനുഭ
വിക്കാൻ കഴിയൂ എന്ന് ഇന്നവർ
ക്കറിയാം. തന്റെ കലാപങ്ങളിലൂടെ
ഓരോ പെൺകുട്ടിയും ഈ പുതിയ
കാലത്ത് സംബോധന ചെയ്യുന്നത്
സമൂഹത്തെയല്ല, അടിസ്ഥാന
പരമായി അവൾ സംബോധന
ചെയ്യുന്നത് സ്വന്തം വ്യക്തിത്വത്തി
ന്റെ നിഗൂഢതയെത്തന്നെയാണ്.
ലോകത്ത് എല്ലാ ജനവിഭാഗങ്ങൾ
ക്കിടയിൽ നിന്നും അധസ്ഥിതരാ
യിരുന്നവർതങ്ങളുടെ അവകാശ
പ്രഖ്യാപനങ്ങളുമായി കരുത്ത്
തെളിയിച്ചു കൊണ്ട് മുന്നോട്ടു വരു
ന്ന സാഹചര്യത്തിലും നിങ്ങൾക്ക്
ആരിൽ നിന്നാണ് , എന്തിൽ നി
ന്നാണ് സ്വാതന്ത്ര്യം വേണ്ടതെന്ന
പരിഹാസച്ചുവയുള്ള ചോദ്യത്തെ
ഇന്നും സ്ത്രീകൾ നേരിടുന്നുണ്ട്.

അത്യാവശ്യത്തിനു അടങ്ങിയൊ
തുങ്ങി കഴിയാനുള്ള സ്വാതന്ത്ര്യ
മൊക്കെ ഇവിടെയില്ലേ എന്നാണു
ചോദ്യം. എല്ലാം മനസ്സിലായാലും
ഒന്നും മനസ്സിലാകുന്നില്ല എന്ന്
നടിച്ചു തോൽപ്പിക്കുന്നത് അങ്ങ
നെയാണ്. ഒരേ സമയം ജാതിക്കും
സ്വത്തധികാരത്തിനും സദാചാ
രവ്യവസ്ഥയ്ക്കും ഒക്കെ എതിരായ
സമരമാണത്. സമൂഹത്തിന്റെ
യും സമൂഹബോധങ്ങളുടെയും
സമൂലപരിവർത്തനമാണതിന്റെ
ലക്ഷ്യം. സാമൂഹികവികാസം
അനിവാര്യമെങ്കിൽ പരിവർത്ത
നത്തിന്റേതായ എല്ലാ സൈദ്ധാ
ന്തികാശയങ്ങളെയും അംഗീകരി
ക്കുക തന്നെ വേണം. അതിന്റെ
പ്രായോഗികമായ വഴികൾ ക്കും
അംഗീകാരമുണ്ടാകുക തന്നെ
വേണം.. സാധാരണ ജീവിതം
ജീവിക്കുന്ന സ്ത്രീകളിൽ പോലും
ഇത്തരം സ്വത്വബോധങ്ങൾ
ഉണ്ടായിക്കഴിഞ്ഞിട്ടും ഇവിടെ ഒരു
വിഭാഗം ചോദിച്ചുകൊണ്ടിരിക്കുന്നു
എന്തിനാണ് സ്ത്രീക്ക് ഇനിയും
സ്വാതന്ത്ര്യം എന്ന്. ഓരോ സ്ത്രീയു
ടെയുള്ളിലുമുണ്ട് വ്യക്തിയെന്ന നി
ലയിൽ താന്എന്തായിരിക്കണം,
ആരായിരിക്കണം , എങ്ങനെ ജീ
വിക്കണം എന്ന തിരിച്ചറിവുകൾ .
അതിനെ പാടെ നിഷേധിച്ചുകൊ
ണ്ടുള്ള ഒരു ജീവിതം ജീവിക്കേണ്ടി
വരുമ്പോൾ മനനശേഷിയുള്ള
ആരിലും ഉണ്ടാകുന്ന ചില പൊട്ടി
ത്തെറിക്കലുകൾ അവളിലും ഉണ്ടാ
കും. അതിനെ ഉൾക്കൊള്ളാനും
ആദരിക്കാനും അംഗീകരിക്കാനും
സമൂഹത്തിന് കഴിയണം.

സൈദ്ധാന്തികമായോ പ്രായോഗി
കമായോ ഫെമിനിസത്തിന്റെ വഴി
യിൽ സഞ്ചരിക്കാത്ത എത്രയോ
സ്ത്രീകളിൽ ഈ സ്വയംബോധവും
സ്വാധികാരബോധവും ഉണ്ടാകു
ന്നുണ്ട്. അതിനെയൊന്നും ഇനി
ആർക്കും തടയാനോ പിടിച്ചുനിർ
ത്താനോ ആവില്ല. അത്രത്തോളം
സ്ത്രീചിന്തകൾ ക്ക് ഇവിടെ വേരൂ
ന്നാന്കഴിഞ്ഞിട്ടുണ്ട്. എന്നിരു
ന്നാലും കുടുംബത്തിലെ അധികാര
സമവാക്യങ്ങളിൽ വലുതായ ഒരു
മാറ്റം വന്നിട്ടില്ല. സ്ത്രീകൾ കൂടുതൽ
പൊതുരംഗത്തേക്കും അധികാ
രരംഗത്തെക്കും ഇറങ്ങിയാൽ
ഇവിടെ കുടുംബങ്ങളെല്ലാം തകരാ
റിലാവില്ലേ എന്നതാണ് ചോദ്യം.
പത്തു മണി മുതൽ അഞ്ചു മണി
വരെ മാത്രമാണ് സ്ത്രീകൾ ക്കായി
സമൂഹം അനുവദിച്ചു തന്നിരുന്ന
സമയം. അധ്യാപനമാണ് ഏറ്റവും
പറ്റിയ പണി എന്ന് പറയുന്ന
തിൽ കുടുംബത്തിനായി നീക്കി
വയ്ക്കാന്ആവശ്യത്തിന് സമയം

കിട്ടുമെന്ന ആശ്വാസമാണുള്ളത്. ശമ്പളം കിട്ടുന്ന ജോലികൾ ക്ക് അഞ്ചു മണി കഴിഞ്ഞാലും അനുവാദമുണ്ട്. ശമ്പളം കുടുംബത്തിന് വേണ്ടിയാണ് എന്നുള്ളത് കൊണ്ട് നേഴ്സിന്റെ ജോലിയും ഒരു പരിധി വരെ അംഗീകരിക്കുവാന്തയ്യാറാണ്. എങ്കിലും ചില 'കുലീന' സമുദായങ്ങൾ ഇപ്പോഴും പറയാറുണ്ട് 'നമ്മുടെ കൂട്ടർക്ക് പറ്റിയ പണിയല്ല നെഴ്സിന്റേത്'' എന്ന്. ഇത് കുടുംബത്തിന്റെ സ്വകാര്യസമയമാണ് സ്ത്രീയുടെത് എന്നും അവളുടെ സദാചാരം അഞ്ചു മണിക്ക് ശേഷം കുടുംബത്തിൽ പുലരേണ്ടതാണെന്നുമുള്ള വ്യവസ്ഥാപിത ബോധത്തിൽ നിന്നുണ്ടാകുന്നതാണ്. കുടുംബിനി എന്ന നിലയിൽ സ്ത്രീ ഇത്ര കാലം ചെയ്തു കൊണ്ടിരുന്ന ജോലിയെ പൊതുപ്രവർത്തനമായി അംഗീകരിച്ചിട്ടില്ലാത്തത് കൊണ്ടാണത്. ഭക്ഷ്യോല്പാദനവും ഭക്ഷ്യവിതരണവും പൊതുപ്രവർത്തനമാണെങ്കിൽ ഭക്ഷ്യസംസ്കരണവും പൊതുപ്രവർത്തനം തന്നെ. കോഴിവളർത്തലും ആടിനെവളർത്തലും ഗൃഹസംരക്ഷണവും തുന്നലും ശിശു സംരക്ഷണവും പൊതുപ്രവർത്തനം തന്നെ. അതിനൊക്കെ സദാചാരപരമായ അംഗീകാരം കിട്ടിയത് അവളുടെ ശരീരം വീടിനുള്ളിൽ തന്നെ ഉണ്ടായിരിക്കും എന്നത് കൊണ്ടാണ്. സിനിമാനടികൾ വിവാഹശേഷം കുടുംബത്തിലേക്ക് മടങ്ങുന്നത് വ്യക്തിതാത്പര്യത്തെക്കാൾ പൊതുതാത്പര്യത്തിന്റെ പ്രതിഫലനം കൂടിയായി വേണം കാണാന്. വിവാഹിതയായ സ്ത്രീയെ ഒരു പൊതുവസ്തുവായി കാണാന്വിമുഖതയുള്ള മലയാളി മനസ്സ് അവളെ പഴയമട്ടിൽ സ്വീകരിച്ചില്ല എന്നിരിക്കും.

കുടുംബത്തിലെ ജോലി ഏതു രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീക്കും അധിക ജോലിയായി തന്നെ തുടരുകയാണ്. പറിച്ചെറിയാന്കഴിയാത്ത വിധത്തിൽ കുടുംബം അവളുടെ ശരീരത്തോട് അത്രമാത്രം പറ്റിചേർന്നിരിക്കുകയാണ്. അങ്ങനെ ഘടിപ്പിക്കപ്പെട്ടിരിക്കുകയാണ്. കുടുംബത്തെക്കുറിച്ച് നിങ്ങൾ ചോദിക്കുന്ന ഈ ചോദ്യം അതിനേക്കാൾ എത്ര ശക്തിയിൽ അവൾ സ്വയം ചോദിക്കുന്നുണ്ടെന്നറിയാമോ? തന്റെ കുടുംബബാഹ്യമായ ഒരു ജോലിക്ക് വേണ്ടിപ്പോലും, ഇനി അതെത്ര മുന്തിയ പണിയും ആയിക്കൊള്ളട്ടെ, വീട്ടുത്തരവാദിത്തങ്ങൾ വേണ്ട എന്ന് വയ്ക്കാന്അവൾ തയ്യാറാകുന്നില്ല. ഇത് കുടുംബസ്നേഹം കൊണ്ട് മാത്രമല്ല , അത്രമാത്രം മാംസത്തിൽ പൂണ്ടു പോയതാണ് അവളിലെ സ്ത്രൈണബോധ്യങ്ങൾ . ഇനി മുതൽ താന്ഇരട്ടി അദ്ധ്വാനിക്കേണ്ടി വരും, എങ്ങനെ ഇതിനെല്ലാം കൂടി സമയം കണ്ടെത്താന്കഴിയും എന്നാണു അവളുടെ തല പുകയുന്നതെന്ന് പുറംലോകം ചിലപ്പോൾ അറിയുന്ന കൂടിയുണ്ടാവില്ല. കൂടെ ഒരുമിച്ചിറങ്ങുന്ന പുരുഷനില്ലാത്ത വേവലാതികൾ അവൾ ഇന്നും അനുഭവിക്കുന്നുണ്ട്. വീട്ടുജോലികളിൽ 'സഹായിക്കുന്ന'ത് പുരുഷന്റെ 'മഹാമാനസ്കത'യാണ്. 'ഞാന്അവളെ അടുക്കളയിൽ സഹായിക്കാറുണ്ട്'' എന്ന് പറയുന്നതിന്റെ അർത്ഥം ജോലി അവളുടെതാണ് എന്നും സഹായിക്കുന്നത് തന്റെ ഹൃദയവിശാലതയാണ്, മഹാമനസ്കതയാണ് എന്നുമാണ്. ഈ മനോഭാവമൊക്കെ മാറാനാണ് പ്രയാസം. ലോകസഭയില്പോലും ഇതിലും എളുപ്പമാണ് കാര്യങ്ങളെന്നു ബൃന്ദ കാരാട്ടിനും സോണിയഗാന്ധിക്കും വരെ അറിയാമായിരിക്കും.

നിയമത്തെ കുറിച്ചുള്ള അവബോധം പെൺകുട്ടികൾക്ക് നല്കുന്ന കരുത്ത് ചെറുതല്ല. ഇരുകൂട്ടർക്കും തുല്യമായ പൌരാവകാശങ്ങളുണ്ട് എന്ന് കടലാസിൽ എഴുതി വയ്ക്കുന്നതോടെ ഇവിടുത്തെ പ്രശ്നങ്ങളെല്ലാം കഴിയുമോ എന്ന് ഏംഗൽസ് ചോദിച്ചിട്ടുണ്ട്. പ്രശ്നങ്ങൾ പരിഹാരത്താൽ എപ്പോഴും ഹനിക്കപ്പെടുന്നില്ല എന്ന് ആനന്ദും എഴുതിയിട്ടുണ്ട്. Aggrieved person (പരാതിക്കാരി), respondent (പരാതിക്ക്വിധേയനാകുന്നയാൾ) ഇവർക്ക് രണ്ടാൾക്കും തുല്യനീതി ഉറപ്പാക്കാന്കഴിയുന്ന തരത്തിലല്ല നിയമവ്യാഖ്യാനങ്ങളെങ്കിൽ മറ്റു ചില സാമൂഹിക വിപത്തുകൾക്കും സാധ്യതകളുണ്ട്. ഏതെല്ലാം തരത്തിൽ പഴുതുകൾ അടച്ചാലും പുതിയ പഴുതുകൾ ഉണ്ടാക്കി കൊണ്ടല്ലേ ഇവിടെ ക്രിമിനൽ സമൂഹം എല്ലാ നിയമത്തിനെയും മറികടക്കുന്നതും തങ്ങൾ ക്കനുകൂലമായി അവയെ മാറ്റിയെടുക്കുന്നതും?

ബുദ്ധിമാൻ തന്റെ പരിഹാസോക്തിയും, വ്യവസ്ഥാനുരൂപൻ തന്റെ പാരമ്പര്യ ഭാരവും , ദോഷദർശി തന്റെ വെറുപ്പും, പാപി തന്റെ ന്യായീകരണവും തൂക്കിയിടുന്ന ഒരു ആണിയായി സ്ത്രീയെ കാണുന്നുണ്ട്.


ഇതേക്കുറിച്ചുള്ള തിരിച്ചറിവുകൾ ഏറുമ്പോൾ സ്വാഭാവികമായും സ്ത്രീയുടെ അതൃപ്തി ഏറുന്നു. അസംതൃപ്തി ഏറുന്നതിനനുപാതമായി അവളുടെ വികാസവും ഏറിക്കൊണ്ടേയിരിക്കും. അസംതൃപ്തയായ സ്ത്രീ വികാസത്തിന്റെ പാതയിലായിരിക്കുമെന്നർഥം. സ്ത്രീയെ സംതൃപ്തയാക്കി നിലനിർത്താനുള്ള കുടുംബങ്ങളുടെ കാലങ്ങളായുള്ള ശ്രമം, അവളുടെ തിരിച്ചറിവുകളെ തടയാനും അനുഗൃഹീതമായ ഒരജ്ഞതയിൽ അവളെ തളച്ചിടാനും വേണ്ടി ഉള്ളതാണ് എന്ന തിരിച്ചറിവ് ശക്തമാകുന്നതോടെ പാട്രിയാർക്കൽ ഘടന തകരും. അതിലുറപ്പിക്കപ്പെട്ടിരുന്ന പ്രണയങ്ങൾ തകരും. കുടുംബബന്ധങ്ങളും ശിഥിലമാകും. വിവാഹ ഉടമ്പടി വായിച്ച്, വിവാഹത്തിലേക്ക് പ്രവേശിക്കുന്ന ഒരു ബുദ്ധിമതിയായ സ്ത്രീ അതിന്റെ പരിണതഫലങ്ങൾ തീർച്ചയായും അർഹിക്കുന്നുണ്ട്എന്ന ഇസഡോറ ഡങ്കന്റെ വാചകം ഓർക്കുക. കാരുണ്യം, സഹനം ക്ഷമ, പ്രണയം, വിശപ്പ്, പാചകം തുടങ്ങി പ്രചോദനങ്ങളുടെയും പ്രലോഭനങ്ങളുടെയും മുദ്രകൾ മാത്രമായിരുന്ന സ്ത്രീ ഇന്ന് പ്രകോപനപരമായ വാക്യങ്ങളിലേക്ക് കടന്നിരിക്കുന്നു. മുദ്രകളേയും വാക്യങ്ങളേയും ചേരുംപടി ചേർക്കുകയാണവർ. text കളിൽ മാത്രമല്ല, ജീവിതത്തിലും അവരുടെ മുദ്രാവാക്യങ്ങൾ പാട്രിയാർക്കിക്ക് മാർഗ്ഗ തടസ്സം സൃഷ്ടിക്കുകയും പരിഭ്രമം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

**ഡോ. കെ. എം. ഭരതൻ**
പ്രൊഫസർ, സംസ്കാരപൈതൃകപഠനം, മലയാള സർവ്വകലാശാല, തിരൂർ

# കാർഷിക ഫോക്‌ലോറുകളിലെ ഉർവരതാശയങ്ങൾ

ഫോക് ലോറുകളുടെ സമാഹരണ-പഠന ഘട്ടത്തിൽ അതിനെ പലതരത്തിൽ വർഗീകരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അത്തരത്തിൽ രൂപപ്പെട്ടവയാണ് ഫോക് ലോറിലെ വിവിധ ജനുസ്സുകൾ. യക്ഷിക്കഥ, വീരകഥാഗാനം, കടങ്കഥ, പഴഞ്ചൊല്ല് തുടങ്ങി യവ ഇത്തരം ജനുസ്സുകൾക്കുദാഹരണമാണ്. എന്നാൽ വിശകലനാത്മകപഠനങ്ങൾ വ്യാപകമായതോടെ ഫോക് ലോറിലെ ഇത്തരം ജാനുഷിക വർഗീകരണങ്ങൾ അപര്യാപ്തമായി മാറി. അത്തരമൊരു സന്ദർഭത്തിലാണ് പുതിയ വിശകലനാത്മക വിഭാഗങ്ങൾ (analytical category) ഈ വിഷയത്തിൽ രൂപപ്പെട്ടു തുടങ്ങിയത്. പ്രധാനമായും ഉള്ളടക്കപരമായ സമാനതകളെ മുൻനിർത്തിയാണ് ഇത്തരം വിഭാഗങ്ങളെ ക്ലിപ്തപ്പെടുത്തി യിട്ടുള്ളത്. അങ്ങനെ രൂപപ്പെട്ട പുതിയ വിഭാഗങ്ങൾക്കുദാഹരണങ്ങളാണ് കാർഷിക ഫോക് ലോർ, സസ്യചരതം (Plantlore)ജന്തുചരതം (animalore), വംശീയ ഫോക്ലോർ (Tribal Folklore)നാഗരിക ഫോക് ലോർ (Urban Folklore) തുടങ്ങിയവ. അപഗ്രഥനാത്മ കപഠനങ്ങൾ വിപുലമായതിനോടൊപ്പംതന്ന അപഗ്രഥനോപകരണങ്ങളെന്ന നിലയിൽ പുതിയ സങ്കല്പനങ്ങളും സിദ്ധാന്തങ്ങളും രീതിശാസ്ത്രങ്ങളും ഈ പഠനവിഷയത്തിൽ ധാരാളമായി മുന്നോട്ടുവെക്കപ്പെട്ടു. അതിൽ ചിലതാണ് അലൻഡന്റസിന്റെ ഫോക് ഐഡിയ (Folk idea)യും ലോകവീക്ഷണവും (world view). ഒരു ഫോക് ഐഡിയയെന്ന നിലയിൽ ഉർവരത കേരളത്തിലെ കാർഷിക ഫോക് ലോറുകളിൽ എങ്ങനെയെല്ലാം നിലനിൽക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവെന്നും ഏതുതരം ലോകവീക്ഷണവുമായാണ് അവ ബന്ധപ്പെട്ടിരിക്കുന്നതെന്നും ഉള്ള അന്വേഷണമാണ് ഈ പ്രബന്ധം. അതോടൊപ്പം ഉർവരതയുടെ ഫോക് ആശയങ്ങൾക്കും അതിനെ ആവിഷ്കരിക്കുന്ന ഫോക് ലോറുകൾക്കും അവയ്ക്കനുബന്ധമായി നില്ക്കുന്ന ലോകവീക്ഷണത്തിനും ഉണ്ടാകുന്ന മാറ്റങ്ങളെയും നിരീക്ഷിക്കാൻ ശ്രമിക്കുന്നുണ്ട്. കാർഷിക ഫോക് ലോർ, ഫോക് ആശയം, ലോകവീക്ഷണം, ഉർവരത തുടങ്ങിയവയാണ് ഈ പ്രബന്ധത്തിലെ താക്കോൽവാക്കുകൾ.

ഫോക് ആശയം (Folk Idea) എന്ന സങ്കല്പനത്തെ ആദ്യമായി പരിചയപ്പെടുത്തുന്നത് അലൻ ഡന്റസാണ്. ലോകവീക്ഷണത്തിന്റെ അടിസ്ഥാന യൂനിറ്റുകൾ എന്ന നിലയ്ക്കാണ് അദ്ദേഹം ഫോക് ആശയങ്ങളെ അവതരിപ്പിക്കുന്നത്. മനുഷ്യരുടെ പ്രകൃതം, ലോകത്തിന്റെ സ്വഭാവം, ഈ ലോകത്തിലെ മനുഷ്യജീവിതത്തിന്റെ പ്രകൃതം എന്നിവ സംബന്ധിച്ച് ഒരു ജനത വെച്ചു പുലർത്തുന്ന പരമ്പരാഗത ധാരണയാണ് ഫോക് ആശയം (അലൻ ഡന്റസ് 1978: 109). ഫോക് ആശയം ഒരു ജനുസ്സായല്ല വിനിമയം ചെയ്യപ്പെടുന്നത്. ഒരു ജനുസ്സിൽത്തന്നെ ഒന്നിലധികം ഫോക് ആശയങ്ങളുണ്ടാകാം. അവ സമാനങ്ങളോ പരസ്പരബന്ധമുള്ളവയോ ചിലപ്പോൾ പരസ്പരവിരുദ്ധങ്ങളോ ആകാം. ഉദാഹരണമായി പഴഞ്ചൊല്ല്



എന്ന ജനുസ്സ് നോക്കുക. ഈ ജനുസ്സിലെ എല്ലാ ലോറുകളും ഒരേ ആശയമല്ല ആവിഷ്കരിക്കുന്നത്. ആകാശത്തിലെ പറവകൾ 'വിതയ്ക്കുന്നുമില്ല, കൊയ്യുന്നുമില്ല', 'വാകീറിയ തമ്പുരാൻ അന്നവും തരും', 'എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം', 'സമ്പ ത്തുകാലത്ത് തൈ പത്തുവെച്ചാൽ ആപത്തുകാലത്ത് കാ പത്തും തിന്നാം' തുടങ്ങിയ ചൊല്ലുകളിലെ ആശയം പരസ്പര ബന്ധിതവും ചിലത് വിരുദ്ധവും ആണ്. ഒരേ അനുഷ്ഠാനകലയിൽ തന്നെ ജാതിവ്യവസ്ഥയെ ചോദ്യം ചെയ്യുകയും സാധൂകരിക്കുകയും ചെയ്യുന്ന ഫോക് ആശയങ്ങൾ എത്രയോ കേരളീയ അനുഷ്ഠാന കലകളിലുണ്ട്. ഓരോ ജനുസ്സുകളിലും വ്യത്യസ്തങ്ങളായ ഫോക് ആശയങ്ങളുണ്ട് എന്ന് ഇവയെല്ലാം വ്യക്തമാക്കുന്നു.

എന്നാൽ ചില ഫോക് ആശയങ്ങൾ വ്യത്യസ്ത ജനുസ്സുകളിലൂടെ പലരൂപത്തിൽ ആവർത്തിക്കപ്പെടുന്നതുകാണാം. ജനനം മുതൽ മരണം വരെ ആവർത്തിക്കുന്ന ജീ വിതചാക്രികാനുഷ്ഠാനങ്ങൾ, ഋതുക്കളുടെ ആവർത്തനം സംബന്ധിച്ച വിശ്വാസങ്ങൾ/ പുരാവൃത്തങ്ങൾ, പാതാളത്തിൽനിന്ന് ഭൂമിയിലെത്തി വീണ്ടും ഭൂമിയിലേക്ക് തിരിച്ചുപോ കുന്ന മഹാബലി സങ്കല്പം, പല സന്ദർഭങ്ങളിലായി ആവിഷ്കരിക്കപ്പെടുന്ന വർത്തുള നൃത്തങ്ങൾ, ആചാരാനുഷ്ഠാനങ്ങളിൽ ആവർത്തിക്കപ്പെടുന്ന വിവിധതരം പ്രദക്ഷിണ ങ്ങൾ, ഭൂമി-സ്വർഗം-നരകം-പുനർജന്മം, പാപം-പുണ്യം, കയറ്റം-ഇറക്കം തുടങ്ങിയവ സംബന്ധിച്ച വിശ്വാസങ്ങൾ എന്നിവയിലെല്ലാം ചാക്രികത എന്ന ആശയം ആവർത്തി ക്കുന്നതായി കാണാം. പ്രപഞ്ചത്തിന്റെ സഞ്ചാരഗതിയും ഭൂമിയിലെ ജീവിതഗതിയും ചാക്രികമാണെന്ന, ഒരു ജനതയുടെ ലോകവീക്ഷണത്തിന്റെ വ്യത്യസ്ത ചരിത്ര സാംസ്കാരിക സന്ദർഭങ്ങളിലെ പ്രത്യക്ഷീകരണങ്ങളാണ് ഈ ഫോക് ആശയങ്ങൾ.

പ്രപഞ്ചത്തിനുനേർക്ക് ഒരു ജനത വെച്ചു പുലർത്തുന്ന സവിശേഷമായ മനോഭാവമാ യാണ് ലോകവീക്ഷണത്തെ പലരും പൊതുവെ വിലയിരുത്തിയിട്ടുള്ളത്. ആദ്യകാലത്ത് ലോകവീക്ഷണം എന്നതുകൊണ്ട് ഉദ്ദേശിച്ചിരുന്നത് പ്രപഞ്ചകാര്യങ്ങളുമായി ബന്ധപ്പെട്ടതാണ്. എന്നാൽ പിൽക്കാലത്ത് ഈ ആശയത്തിന് വൈപുല്യം സംഭവിക്കുകയും ലോ കവീക്ഷണം എന്നത് ഒരു സമൂഹം എങ്ങനെ ലോകത്തെ നോക്കിക്കാണുന്നു എന്നും അതിൽ അവർക്കുള്ള സ്ഥാനം എന്ത് എന്നും ഉള്ള അന്വേഷണമായിത്തീരുന്നതായി അലൻഡൻറസിനെ ഉദ്ധരിച്ചുകൊണ്ട് ഡോ.രാഘവൻ പയ്യനാട് വിശദമാക്കുന്നുണ്ട് (1999-70).

ഭാഷാബോധം പോലെ അമൂർത്തമാണ് ലോകവീക്ഷണം. ലോകവീക്ഷണത്തിന്റെ പ്രത്യക്ഷീകരണമായ ഫോക് ആശയങ്ങളാണ് യഥാർത്ഥ്യത്തിൽ സമൂഹത്തിൽ നിലനി ൽക്കുന്നത്. ഭാഷണത്തിൽനിന്ന് ഭാഷാബോധത്തിലേക്ക് എത്തിച്ചേരാൻ കഴിയുന്നതു പോലെ ഫോക് ആശയത്തിലൂടെ ഒരു ജനതയുടെ ലോകവീക്ഷണത്തിലേക്ക് എത്തിച്ചേ രാൻ സാധിക്കും. (രാഘവൻ പയ്യനാട് 199973-74). ജനതയുടെ അനുഭവങ്ങൾ, അറിവ്/ അവബോധതലം, സാമൂഹ്യഘടന, അധികാരം തുടങ്ങിയവയുമായി ബന്ധപ്പെട്ടാണ് ലോകവീക്ഷണം രൂപപ്പെടുന്നത്. ഇവയോരോന്നും മാറുന്നതിനനുസരിച്ച് ലോകവീക്ഷ ണത്തിലും അതിന്റെ പ്രത്യക്ഷീകരണമായ ഫോക് ആശയത്തിലും മാറ്റങ്ങളു

ണ്ടാകാം. ഫോക് ആശയവും ലോകവീക്ഷണവും പരസ്പരാപേക്ഷികമാകയാൽ ഒന്നിലുണ്ടാകുന്ന മാറ്റം മറ്റേതിലും പ്രതിഫലിക്കും.

ഒരു ജനതയുടെ പാരമ്പര്യത്തിൽ ഒരു പ്രത്യേക ഫോക് ആശയം പല ജനസ്സുകളിലു ടെ ആവർത്തിച്ചാവിഷ്കരിക്കപ്പെടുന്നുവെന്നത് ഈ ആശയം എത്രമേൽ അഗാധമായി അവരുടെ പാരമ്പര്യത്തിൽ ഉറച്ചു പോയിരിക്കുന്നു എന്നതിന്റെ സൂചനയാണ്. ഇങ്ങനെ പലരൂപത്തിൽ പല ലോറുകളിൽ നിരന്തരം ആവർത്തിച്ചാവിഷ്കരിക്കുന്നതിലൂടെയാണ് അതിന് പ്രസ്തുത സമൂഹത്തിൽ പ്രചാരവും പ്രാബല്യവും സാധൂകരണവുണ്ടായിത്തീരുന്ന ത്. അങ്ങനെയാണ് ഇത്തരം ആശയങ്ങളുടെ അമൂർത്തസാകല്യമെന്ന നിലയിൽ ഇത് ലോകവീക്ഷണമായി മാറുന്നത്. ജാനുഷികമായ അതിരുകളെ അപ്രസക്തമാക്കിക്കൊ ണ്ട് എല്ലാ ജനസ്സുകളിലേയ്ക്കും വിതറപ്പെട്ടവയാണ് ഫോക് ആശയങ്ങൾ. അതുകൊണ്ടുതന്നെ ജാനുഷികമായ വർഗീകരണത്തിനകത്തുനിന്നുകൊണ്ട് ഫോക് ആശയങ്ങളെയും ലോകവീക്ഷണത്തെയും പഠിക്കാനാവില്ല. അതുകൊണ്ട് വിശകലനാത്മകവർഗീകരണത്തിലെ പുതിയ കാറ്റഗറികൾക്കൂടി വെച്ചുവേണം ഇതിനെ മനസ്സിലാക്കാൻ.

അതുകൊണ്ടാണ് കൃഷിയുമായി ബന്ധപ്പെട്ട ഫോക്‌ലോറുകളെയെല്ലാം ഒരുമിച്ചെടുത്ത് കാർഷിക ഫോക് ലോറുകൾ എന്ന നിലയിൽ പരിശോധിക്കുന്നത്. ഉർവരത എന്ന ഫോക് ആശയം ഏറ്റവുമധികം ആവിഷ്കരിക്കപ്പെട്ടുന്നത് കാർഷികഫോക് ലോറുകളിലാവാം എന്ന പരികല്പനയാണ് ഇത്തരമൊരു വിശകലനവിഭാഗത്തെ തെരഞ്ഞെടുക്കാ ൻ കാരണം. പ്രകൃതിയുടെയും (മണ്ണിന്റെ) ജീവജാലങ്ങളുടേയും സൃഷ്ടിക്കാനുള്ള കഴിവിനെ അഥവാ പ്രത്യുല്പാദനക്ഷമതയെയാണ് ഉർവരത എന്നതുകൊണ്ടർഥമാക്കുന്നത്. നിഘ ണ്ടുക്കൾ പൊതുവെ അതിനു കല്പിച്ചിരിക്കുന്ന അർഥം ഫലഭൂയിഷ്ഠത അഥവാ സമൃദ്ധമായ പ്രത്യുല്പാദനക്ഷമത എന്നാണ്. ഫലഭൂയിഷ്ഠതയോടൊപ്പംതന്നെ സമൃദ്ധി, ഐശ്വര്യം തു ടങ്ങിയ ആശയങ്ങളും ഈ പദവുമായി ബന്ധപ്പെട്ടിരിക്കുന്നു. (കെ.എം.ഭരതൻ, 2015:14).

ഉർവരതയെ സംബന്ധിച്ച ഫോക് ലോറുകൾ പല ജനസ്സുകളിലായി ചിതറിക്കിടക്കു ന്നുണ്ട്. കൃഷിയും വിശ്വാസവുമായി ബന്ധപ്പെട്ട ഫോക് ലോറുകളിൽ പ്രത്യക്ഷപ്പെടുന്ന ഉർവരതാശയങ്ങളെയാണ് ഇനിയങ്ങോട്ട് പരിശോധിക്കുന്നത്. വിശ്വാസം, ആചാരം, അനുഷ്ഠാനം, കൃഷിയറിവുകൾ, കൃഷിച്ചൊല്ലുകൾ തുടങ്ങിയവയിൽനിന്നുള്ള ഫോക് ആശ യങ്ങളെയാണ് പ്രധാനമായും പരിശോധിക്കുന്നത്. ഇവയെല്ലാം കാർഷികവൃത്തിയുമായോ, കാർഷികസംസ്കാരവുമായോ നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് സൂക്ഷ്മതലത്തിലും വിശദാംശങ്ങളിലും വ്യത്യാസമുണ്ടെങ്കിലും ഇവയെ എല്ലാം ചേർത്ത് കാർഷികഫോക് ലോർ എന്ന ഒരൊറ്റ കാറ്റഗറിയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്യുന്നത്. മിക്ക കാർഷികഫോക് ലോറുകളിലും ഉർവരതാശയങ്ങൾ കാണാമെന്നതിനാൽ തെര ഞ്ഞെടുത്ത ചില ലോറുകളെ മാത്രമേ ഇവിടെ പരിശോധിക്കുന്നുള്ളൂ.


ഫോക് ആശയങ്ങൾ പ്രത്യക്ഷത്തിൽ, നേരിട്ട്, സംക്ഷിപ്തമായി ആവിഷ്കരിക്കുന്ന ജനസ്സാണ് പഴഞ്ചൊല്ല്. കൃഷിയുമായി ബന്ധപ്പെട്ട എത്രയോ പഴഞ്ചൊല്ലുകളിൽ ഉർവര താശയം ആവർത്തിക്കപ്പെടുന്നതുകാണാം.

'ഇല്ലാം നിറ വല്ലം നിറ

പെട്ടി നിറ പത്തായം നിറ' 'മണ്ണറിഞ്ഞു വിത്തറിയണം' 'മുൻവിള പൊൻവിള' 'വിത്താഴം ചെന്നാൽ പത്തായം നിറയും' 'അത്തത്തിൽ വിതച്ചാൽ പത്തായം പത്തുവേണം' 'കള പറിച്ചാൽ കളംനിറയും' 'ഓർപ്പാണ്ടി കുത്തി ഓർക്ക

ചീരകുത്തി ചിരിക്കുക' – തുടങ്ങിയ ചൊല്ലുകൾ ഉദാഹരണങ്ങളാണ്. ഫലഭൂയിഷ്ഠത, സമൃദ്ധമായ ഉല്പാദനം, ഐശ്വര്യം തുടങ്ങിയ ആശയങ്ങൾക്കൂടി ഇതിനോടു ബന്ധപ്പെട്ടിരിക്കുന്നു. -- ചൊല്ലുകളിൽ മാത്രമല്ല നിരവധി വിശ്വാസങ്ങളിലും അതിന്റെ ആവിഷ്കാരമായ ആചാരാനുഷ്ഠാനങ്ങളിലും ഉർവരതയെ സംബന്ധിച്ച ഫോക് ആശയങ്ങൾ കാണാവു ന്നതാണ്. നിറ, പുത്തരി, പൊങ്കൽ, കലംകരിക്കൽ, കരിയടിക്കൽ, പൊലിച്ചുപാട്ട്, പൂരം, സംക്രാന്തി, തെയ്യം, തിറ, പൊലിച്ചുപാട്ട് തുടങ്ങിയവ ചില ഉദാഹരണങ്ങളാണ്. നിറയും പുത്തരിയും വിളവെടുപ്പുമായി ബന്ധപ്പെട്ട ആചാരങ്ങളാണ്. നേരത്തെ കൊയ്ത്തിന് മുഹൂർത്തം നിശ്ചയിച്ച് ആദ്യത്തെ നെൽക്കതിർ ഭക്ത്യാദരപൂർവ്വം കൊയെടുക്കുന്നത് ഇന്റെ ഭാഗമാണ്. നെൽക്കതിർ ശ്രീ ഭഗവതിയാണെന്ന വിശ്വാസവും ചിലേടങ്ങളിലുണ്ട്. ഇങ്ങനെ കൊയെടുക്കുന്ന കറ്റകൾ നേരിട്ടോ നിറവല്ലത്തിലോ വെച്ച് പൂജിച്ച് വീടിനുള്ളി ൽ നെല്ലറ, പത്തായം, പെട്ടി,അംകണം, തൊഴുത്ത്, ഫലവൃക്ഷങ്ങൾ തുടങ്ങിയ ഇടങ്ങളിൽ സൂക്ഷിച്ചുവെക്കുന്നതും ഈ ചടങ്ങിന്റെ ഭാഗമാണ്. സമൃദ്ധമായ വിളയും സ്ഥിരമായ ഐശ്വര്യവും ഇതിലൂടെ കൈവരിക്കാൻ സാധിക്കുമെന്ന വിശ്വാസമാണതിനുപിറകിൽ. ഫലം നിറഞ്ഞു പൊലിഞ്ഞു വരികയെന്ന പ്രാർത്ഥനയാണിതിലുള്ളത്. പട്ടപ്പലം, മുള, നെല്ലി, പൊലുവള്ളി, ആൽ, അരയാൽ, മാവില, കാഞ്ഞിരം, പ്ലാവ്, വെള്ളില എന്നീ ചെടികളുടെ ഇലകൾ ചേർത്തു പൊതിഞ്ഞ കറ്റകൾ വാദ്യഘോഷങ്ങളുടെഅകമ്പടിയോടെയോ അല്ലാതെയോ വീട്, കാവ്, ക്ഷേത്രം എന്നിവിടങ്ങളിലേക്ക് കൊണ്ടുപോകുന്ന പതിവും ഇതിന്റെ ഭാഗമാണ്. നടീലും കൊയ്ത്തും നിർവഹിക്കുന്ന തൊഴിൽ/ജാതി സമൂ ഹങ്ങളിലെ മുതിർന്ന അംഗങ്ങളുടെ നേതൃത്വത്തിലാണ് ഈ ചടങ്ങ് നടത്തുക.

ഇങ്ങനെ കൊയ്തുകൊണ്ടുവരുന്ന ധാന്യം ആദ്യമായി ഭക്ഷണമായി ഉപയോഗി ക്കുന്ന ചടങ്ങാണ് പുത്തരി. പുത്തൻകലത്തിൽ പുത്ത



രിയൂണ്ടാക്കുന്നതിനെക്കുറിച്ചുള്ള
പരാമർശം ഇടശ്ശേരിയുടെ പുത്തൻ
കലവും അരിവാളും എന്ന കവിത
യിലുണ്ട് പുത്തൻക ലത്തിൽ പുത്ത
രിപ്പായസമുണ്ടാക്കി മനുഷ്യർക്കുമാ
ത്രമല്ല മറ്റ് ജീവജാലങ്ങൾക്കുവരെ
പങ്കുവെക്കുന്നതിനെക്കുറിച്ചുള്ള
പരാമർശം ഒ.എൻ.വി.യുടെ ആവ
ണിപ്പാടം എന്ന കവി തയിലുമുണ്ട്.
ഉർവ്വരതാശയങ്ങളോടൊപ്പം കട
ന്നുവരുന്ന മറ്റൊരാശയം ഉർവരത
യിലൂ ടെ കൈവരിക്കുന്ന സമൃദ്ധി
പങ്കുവെക്കാനുള്ളതാണ് എന്ന
താണ്. ഇതു മനുഷ്യർക്കി ടയിൽ
മാത്രമല്ല, ഇതരജീവജാലങ്ങൾക്കി
ടയിലും പങ്കുവെക്കാനുള്ളതാണെ
ന്ന ഫോക് ആശയവും ഇത്തരം
ആചാരങ്ങളിലും ആഘോഷങ്ങളി
ലും തെളിയുന്നു.

ഇതിന് സമാനമായ മറ്റൊരാഘോ
ഷവും അനുഷ്ഠാനവുമാണ് പൊ
ങ്കൽ. പ്രാചീന തമിഴകത്തിന്റെ
ഈ ആഘോഷത്തിന് ചിലർ സം
ഘകാലം വരെ പ്രാചീനത കല്പി
ച്ചിട്ടുണ്ട്. തമിഴ് നാടിന്റെയും കേര
ളത്തിന്റെയും പല പ്രദേശങ്ങളിലും
ഇന്നും ഇത് സജീവമായി ആചരി
ക്കപ്പെടുന്നു. മകരപൊങ്കൽ, തൈ
പ്പൊങ്കൽ എന്നീ പേരുകളിലും
ഇത് അറിയപ്പെ ടുന്നു. തമിഴ്നാട്ടിൽ
നാലുദിവസം നീണ്ടുനിൽക്കുന്ന
ആഘോഷമാണിത്. ബോഗിപ്പൊ
ങ്കൽ, സൂര്യപ്പൊങ്കൽ, മാട്ടുപ്പൊങ്കൽ,
കാണുപൊങ്കൽ എന്നിങ്ങനെ
ഓരോ ദിവസത്തി നും വെവ്വേറെ
ചടങ്ങുകളും വിശ്വാസങ്ങളുമുണ്ട്.
ഇവയിൽ പലതിലും ഉർവതാശയ
ങ്ങൾ കാണാൻ കഴിയും. ഇന്ദ്രനോ
ടും സൂര്യനോടുമുള്ള പ്രാർഥനകൾ
സമൃദ്ധമായ വിളവിനുള്ള നന്ദി
പറയലാണ്. ഒപ്പം വരുംകാല
സമൃദ്ധിക്കുവേണ്ടിയുള്ള കരുതലും.
പൊങ്കൽ എന്ന വാക്കിന് വേവിച്ച
അരി, തിളച്ചു മറിയൽ/പുറത്തേക്കു
ളുവൽ എന്നെല്ലാമുള്ള അർഥമുണ്ട്.
കൊയെടുക്കുന്ന ധാന്യം പാൽ, ശർ
ക്കര എന്നിവ സഹിതം പാചകം
ചെയ്ത് സൂര്യന് അഥവാ പ്രകൃതിക്കു
തന്നെ സമർപ്പിക്കുന്ന ചടങ്ങാണ്
സൂര്യപ്പൊങ്കലിൽ പ്രധാനമായി
ട്ടുള്ളത്. മൂന്നാം ദിവസം നടക്കുന്ന
മാട്ടുപ്പൊങ്കൽ കന്നുകാലികളുടെ
ആരോഗ്യത്തിനും സമൃദ്ധിക്കും വേ
ണ്ടിയുള്ള ആരാധന കൂടിയാണ്. കൃ
ഷിയുടെ ഉർവരത അതിനോടനുബ
ന്ധമായി നിൽക്കുന്ന കന്നുകാലിക
ളുടെ ഉർവരത കൂടിയാണ്. നാലാം
ദിവസത്തെ പൊ ങ്കലിൽ പ്രധാ
നമായിട്ടുള്ളത് ബന്ധു-സുഹൃദ്ജന
സന്ദർശനമാണ്. ഇത് വെറും
സന്ദർശ നം മാത്രമല്ല. പരസ്പര
മുള്ള വിനിമയങ്ങൾ കൂടിയാണ്.
സമൃദ്ധിയുടെ കൈമാറ്റമാണ്. കാർ
ഷികമായ ഉർവരതയും സമൃദ്ധിയും
വ്യക്തികളിൽനിന്നു തുടങ്ങി പ്രകൃ
തിയുമായും സമൂഹവുമായും പങ്കു
വെക്കപ്പെടുന്നതിനെ സംബന്ധിച്ച
ഫോക് ആശയങ്ങൾ ഇതിൽ
കാണാം. ഉത്തരകേരളത്തിലെ
കലംകനിപ്പ്, കരിയടിക്കൽ, കലം
കരിക്കൽ തുടങ്ങിയ അനുഷ്ഠാനങ്ങ
ളും ഇതിനു സമാനമാണ്. ഉർവരത
സംബന്ധിച്ച ഫോക് ആശയങ്ങ
ളെ ത്തന്നെയാണ് ഇവയും ആവി
ഷ്കരിക്കുന്നത്. -- കേരളത്തിലെ പ്ര
ധാനാഘോഷമായ ഓണം, വിഷു
എന്നിവയിലും കാണാം സമാ
നമായ ഫോക് ആശയങ്ങൾ. കേര
ളത്തിന്റെ അതി പ്രാചീനമായ ഈ
ആഘോഷങ്ങ ളിലും നിരവധി
ചരിത്രഘട്ടങ്ങളുടേയും സാമൂഹ്യ
ഘടകങ്ങളുടേയും സാംസ്കാരിക
മുദ്രകൾ പതിഞ്ഞു കിടക്കുന്നുണ്ട്.
ഓണം ഋതുക്കളുടേയും വിളവെടുപ്പി
ന്റെയും ആഘോഷമാണ്. ഓണ
ത്തിനു പിറകിലെ മുഖ്യസങ്കല്പമായ
മഹാബലിയിൽ പാതാളത്തിൽനി
ന്നുവന്ന് പാതാളത്തിലേക്കുതന്നെ
തിരിച്ചുപോകുന്ന വസന്തത്തിന്റെ
ഉർവരതയുടെ ഛായ പതിഞ്ഞു
കിടക്കുന്നുണ്ട്. പൂക്കൾക്കു പ്രാധാ
ന്യമുള്ള, അതിന്റെ സമൃദ്ധിയെയും
ഭംഗിയെയും ആഘോഷിക്കുന്ന
ഒരുത്സവം കൂടിയാണത്. ഓണ
ത്തിന്റെ ആഘോഷങ്ങളിലെല്ലാം
സമ ദ്ധിയും അതിന്റെ പങ്കുവെ
ക്കലുമുണ്ട്. കാർഷികവർഷത്തി
ന്റെ ആരംഭമായ വിഷു ആഘോ
ഷത്തിലുമുണ്ട് സമൃദ്ധിയും അതി
ന്റെ പങ്കുവെക്കലും. വിഷുക്കണി
പോലുള്ള ആചാരങ്ങളിൽ ഇത്തരം



ഉർവരതാശയങ്ങൾ വ്യക്തമാണ്. ഈ രണ്ട് ആഘോഷങ്ങളും ഉർവരതയെയും സമൃദ്ധിയെയും അതിന്റെ പങ്കുവെക്കലിനെയും കൊണ്ടാടുന്നവയാണ്.

കർക്കിടസംക്രാന്തി, അതിനുപിറകിലെ കലിയൻ എന്ന ദേവതാവിശ്വാസം, ഉത്ത രകേരളത്തിലെ പൂരാഘോഷം, തിരുവാതിര, തെയ്യം, പൊലിച്ചുപാട്ട് തുടങ്ങിയവയിലെല്ലാം ഉർവരതസംബന്ധിച്ച ഫോക് ആശയങ്ങളുണ്ട്. ഇതിൽത്തന്നെ പല ആചാരാനു ഷ്ഠാനങ്ങളും പ്രകൃതിയുടെ ഉർവരതയെയും മനുഷ്യരുടെ ഉർവരതയെയും പ്രധാനമായി കരുതുന്നവയും പരസ്പരം ബന്ധപ്പെടുത്തി ആവിഷ്കരിക്കുന്നവയുമാണ്. തിരുവാതിര, പൂരം തുടങ്ങിയവ പ്രത്യക്ഷോദാഹരണങ്ങളാണ്. മേൽ സൂചിപ്പിച്ച പല ഫോക് ലോറുകളിലും നിരവധി ഭൗതികവസ്തുക്കൾ ഉർവതാശയങ്ങളുടെ ചിഹ്നങ്ങളും പ്രതീകങ്ങളുമായി നിലനിൽക്കുന്നുണ്ട്. വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെടുന്ന നിറനാഴി, പൂക്കുല, മാ രിയമ്മൻകുടം, ബൊക്കെ തുടങ്ങിയവ ഇതിനു തെളിവാണ്. ഇവയെല്ലാം അതത് സന്ദ ർഭങ്ങളിൽ ഉർവരതയെയും അതിന്റെ സമൃദ്ധിയുടെ കരകവിഞ്ഞൊഴുകലിനെയും ആവി ഷ്കരിക്കുന്നവയാണ്. തളിരിലയുടെ നിറം ഉർവരതയുടെ പ്രതിനിധാനമായി എത്രയോ സന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇവയെല്ലാം സൂചിപ്പിക്കുന്നത് ഫോക് സംസ്കാര ത്തിൽ ഉർവരതയെന്ന ഫോക് ആശയം എത്രത്തോളം ആവർത്തിക്കപ്പെടുന്നുവെന്നതി നെയാണ്. ഇതുമായി ബന്ധപ്പെട്ട ഫോക് ആശയങ്ങളെ ചേർത്തുവെച്ചാൽ ഉർവരതയും അതിന്റെ സമൃദ്ധിയും പ്രകൃതിയെയും അലൗകിക ശക്തികളെയും ആശ്രയിച്ചാണിരിക്കു ന്നതെന്നും അവയെ പ്രീതിപ്പെടുത്തിയാൽ അത് കൈവരിക്കാൻ സാധിക്കുമെന്നും പ്ര കൃതിയും സമൂഹവുമായി പങ്കുവെക്കുന്നതിലൂടെ ഈ സമൃദ്ധിയെ ഐശ്വര്യത്തെ സുസ്ഥിര പ്പെടുത്താൻ സാധിക്കുമെന്നുമുള്ള ലോകവീക്ഷത്തിലേക്കാണെത്തിച്ചേരുക.

ഓരോ ജനതയുടെയും അനുഭവം, ചരിത്രം, സാമൂഹ്യഘടന, സംസ്കാരം തുടങ്ങിയവയു മായി ബന്ധപ്പെട്ടാണ് അവരുടെ ലോകവീക്ഷണം രൂപപ്പെടുന്നത്. ഇത്തരം ഘടകങ്ങൾ മാറി വരുന്നതിനനുസരിച്ച് ലോകവീക്ഷണത്തിലോ അതിന്റെ അടിസ്ഥാന യൂനിറ്റായ ഫോക് ആശയങ്ങളിലോ മാറ്റമുണ്ടാകാം. ഗോത്രവ്യവസ്ഥയിൽനിന്ന് ജന്മിത്തത്തിലേ ക്കും വ്യാവസായിക ആഗോള വ്യവസ്ഥയിലേക്കും സമൂഹം മാറുമ്പോൾ അവരുടെ സാമൂഹ്യഘടനയിലും അധികാരബന്ധങ്ങളിലുമെല്ലാം മാറ്റങ്ങൾ വരുന്നുണ്ട്. ഇത് അവരുടെ ലോകവീക്ഷണത്തിലും അതിന്റെ ഘടകങ്ങളിലും ആവിഷ്കരണരീതികളിലും മാറ്റങ്ങൾ വരുത്തുന്നുണ്ട്.

ഈ പ്രബന്ധത്തിൽ ഇതുവരെ വിവരിച്ച കാർഷിക ഫോക്ലോറുകളിൽ വിവിധ സാമൂഹ്യവ്യവസ്ഥകളുടെ സാംസ്കാരിക മുദ്രകൾ ഉണ്ടെങ്കിലും അതിന്റെ മുഖ്യ സ്വഭാവങ്ങൾ ഗോത്രസംസ്കൃതിയുടെ തുടർച്ചയിലുള്ളവയാണെന്നു കാണാം. ഇവ പ്രത്യക്ഷത്തി ൽ നേരിട്ടാണ് ഫോക് ആശയങ്ങളെയു ംലോകവീക്ഷണത്തെയും അനുബന്ധമായ അർത്ഥലോകങ്ങളെയും നിർമ്മിക്കുന്നത്. അതിൽ പ്രതിനിധാനപരമോ പ്രതീകാത്മക മോ ആയ ഘടകങ്ങൾ ഇല്ലെന്നുതന്നെ പറയാം. എന്നാൽ ഇതേ ഫോക് ആശയങ്ങൾ ജന്മിത്തവ്യവസ്ഥയുടെയും മുതലാളിത്തവ്യവസ്ഥയുടെയും ഭാഗമാകുമ്പോൾ അതിന്റെ വിനിമയത്തിൽ പ്രതിനിധാപരവും പ്രതീകാത്മകവുമായ ഘടകങ്ങൾ

പ്രാധാന്യം കൈവരി ക്കുന്നതു കാണാം.

ജന്മിത്ത വ്യവസ്ഥയിൽനിന്ന് കഥകളിയെന്ന ക്ലാസിക്കൽ കലാരൂപത്തെയും മു തലാളിത്ത വ്യവസ്ഥയിൽനിന്ന് ഏതാനും പര സ്യങ്ങളെയും മുൻനിർത്തിയാണ് ഈ ആലോചനകളെ തുടർന്നു കൊണ്ടുപോകുന്നത്. പിൽക്കാല ജന്മിത്തവ്യവസ്ഥയിൽ വി കസിച്ചു വന്നതാണ് കഥകളി. ഇത് ഉർവ രതയുടെ വിജയത്തെ, പച്ചയുടെ വിജയത്തെ ഉദ്ഘോഷിക്കുന്ന കലാരൂപമാണെന്ന് ഡോ.ആർ. വിശ്വനാഥൻ നിരീക്ഷിച്ചിട്ടുണ്ട് (220 38-40). കാർഷിക സമ്പദ് വ്യവസ്ഥയുടെ കേന്ദ്രീകരണ ത്തിലാണ് ജന്മിത്ത വ്യവസ്ഥ നിലനിൽക്കുന്നതെന്നതിനാൽ അതിന്റെ സുസ്ഥിരതയ്ക്ക് കാർഷി കോല്പാദനം കൂടുതൽ മെച്ചപ്പെട്ട നി ലയിൽ നടന്നേ പറ്റൂ. അതിനാൽ ഈ വ്യവസ്ഥയുടെ കലാരൂപം പച്ചയുടെ, കൃഷിയുടെ വിജയത്തെ ഉദ്ഘോഷിക്കുന്നത് സ്വാഭാവിക മാണ്. കഥകളിയിൽ പച്ച, ചുവപ്പ്, കറുപ്പ് എന്നിങ്ങനെ മൂന്നുതരം വേഷങ്ങളുണ്ട്. പച്ച സാത്വികവേ ഷവും ചുവപ്പ് രാജസവേഷ വും കറുപ്പ് നീചവേഷവുമാണ്. സ്വാതി കവേഷമാണ് കഥകളിയിൽ ഓരോ കഥാവസാന ത്തിലും ജയിക്കുന്ന കഥാപാത്രങ്ങൾ. ബ്രാഹ്മണിക മൂല്യങ്ങളെ പിൻപറ്റുന്ന ദേവതമാ രും രാജാക്കന്മാരും മറ്റുമാണ് ഈ കഥാപാത്രങ്ങൾ.സവിശേഷമായ ആധ്യാത്മികമൂല്യങ്ങ ളെ സ്വയം വരിക്കുന്നവരും പ്രേക്ഷകരെ മോക്ഷത്തിലേക്കോ മോക്ഷസ മാനമായ അനു ഭവത്തിലേക്കോ നയിക്കുന്നവരുമാണിവർ. അതി നാൽ പച്ച ഒരേസമയം കാർഷിക സമ്പൽസമൃദ്ധിയുടെയും ബ്രാഹ്മ ണിക ആധ്യാത്മികതയുടെയും വൈയക്തികമായ മോക്ഷാനുഭവ ത്തിൻറെയും പ്രതിനിധാനമാണ്. പ്രത്യക്ഷവും നേരിട്ടുള്ളതുമല്ല ഇതി ന്റെ വിനിമയം. മറിച്ച് അമൂർത്ത വും പ്രതിനിധാനാത്മകവുമാണ്. ഇവിടെ ഉർവരതയുടെ സമൃദ്ധി അഥവാ കാർഷികമായ സമ്പത് സമൃദ്ധി പങ്കുവെക്കപ്പെടുകയല്ല, മറി ച്ച് ജന്മിയി ൽ കേന്ദ്രീകരിക്കപ്പെ ടുകയാണ്. ഗോത്രസംസ്കൃതിയിൽ അത് സാമൂഹികമായ പങ്കുവെ ക്കൽ സ്വഭാവമുള്ള ഒന്നായിരു ന്നെങ്കിൽ ജന്മിത്ത വ്യവസ്ഥയിൽ അത് സാമൂഹികമായ കേന്ദ്രീകര ണസ്വഭാവമുള്ള ഒന്നായി മാറുന്നു. പ്രകൃതി-മനുഷ്യൻ സമൂഹം എന്ന സംഘ യനത്തിൽനിന്ന് അത് മനുഷ്യൻ/വ്യക്തി എന്ന കേന്ദ്രീ കരണത്തിലേക്കും പ്രതിനിധാന ത്തിലേക്കും മാറുന്നു. കാർഷിക വ്യവസ്ഥയിൽനിന്നും ഉപഭോഗ വ്യവസ്ഥയിലേക്കെത്തുമ്പോൾ കാർഷിക ഫോക്‌ലോറുകൾക്കും അവ ഉല്പാദിപ്പിക്കുന്ന ഫോക് ആശയങ്ങൾക്കും അതിലൂടെ പുലരു ന്ന ലോകവീക്ഷണങ്ങൾ ക്കും കാര്യമായ ചില മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. ലോറുകൾക്ക് സംഭവിച്ച ഏറ്റവും വലിയ മാറ്റം പലതും ഇല്ലാതായതും അവശേഷി ച്ചവ ക്ഷേത്രകേന്ദ്രിതമാ യിത്തീർ ന്നതും ആണ്. ഇതിന് മികച്ച ഉദാ ഹരണമാണ് പൊങ്കലിൽനിന്ന് ആറ്റുകാൽ പൊങ്കാലയിലേക്കുള്ള മാറ്റം. ഉപഭോഗം-അനുബന്ധ വ്യ വസ്ഥകൾ യഥാർഥ ജീവിതത്തി നുമേൽ നിർമ്മിച്ചെടുത്ത രണ്ടാം ജീവിതം-മെറ്റാ ജീവിതം (meta life) ആണ് ഉപഭോഗവ്യ വസ്ഥ യിലെ മറ്റൊരു പ്രധാന സവി ശേഷത. കാർഷികലോറുകളിൽ ഉർവരതാശയത്ത പ്രതിനിധീക രിക്കുന്ന പല ബിംബാവലികളും ചിഹ്നങ്ങളും ഈ രണ്ടാം ജീവിത ത്തിലേക്കു പ്രവേശനം നേടുന്നുവെ ന്നതാണ് മറ്റൊരു ശ്രദ്ധേയമായ മാറ്റം. ജനപ്രിയമായ പരസ്യ ങ്ങൾ-വിശേഷിച്ചും ബാങ്കുകൾ, കെ .എസ്.എഫ്.ഇ,. പോലുള്ള ഇതര ധനകാര്യസ്ഥാ പനങ്ങൾ, വിപണ നമേളകൾ എന്നിവയുടെ പരസ്യ ങ്ങൾ ആണ് ഇതിലേക്കുള്ള മികച്ച ഉദാഹരണങ്ങൾ. ഈ രണ്ടുതരം പരിണാമത്തിലും ഉർവരതയെക്കു റിക്കുന്ന ഫോക് ആശയങ്ങൾക്കും ലോകവീക്ഷണത്തിനും കാര്യ മായ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. ഉർവ രത, സമൃദ്ധിയെന്ന സങ്കല്പം സാമ്പത്തിക സമൃദ്ധിയും ഉപഭോ ഗസമൃദ്ധിയുമായി മാറു ന്നതാണ് ഇതിലൊന്ന്. ഉപഭോഗസമൃദ്ധിയെ ന്നാൽ ലഭ്യതയുടെ സമൃദ്ധിയാണ്. പങ്കു വെക്കൽ എന്ന ആശയെ വ്യക്ത്യാഹ്ലാദമെന്ന ആശയമായി ത്തീരുന്നതാണ് മറ്റൊരു മാറ്റം. ഇവയാകട്ടെ ഉപഭോഗവ്യവസ്ഥ യുടെ അടിസ്ഥാനാശയങ്ങളാണ്. ഉപഭോഗവ്യവ സ്ഥയുടെ സാം സ്കാരികരൂപം ആ വ്യവസ്ഥയുടെ ആശയങ്ങളെയും പ്രത്യയശാസ്ത്രങ്ങ ളെ യും പുനരുല്പാദിപ്പിക്കുക സ്വാ ഭാവികമാണ്. അപ്പോൾ അതിനനു സരിച്ച ഫോക് ആശയ ങ്ങളെയും ലോക വീക്ഷണത്തെയുമായിരിക്കും അത് പ്രക്ഷേപിക്കുന്നത്. - ഇവിടെ കാർഷിക ലോറുകളുടെ പാരമ്പര്യത്തിൽ നിന്ന് രൂപപരമോ ധർമ്മപര മോ ഉള്ളടക്കപരമോ ആയ ഏതെങ്കിലും വിദൂരസാമ്യ തകളെ മാത്രം എടുക്കുകയും മറ്റെ ല്ലാ വിശദാംശങ്ങളെയും ഉപഭോ ഗവ്യവസ്ഥയുടെ താല്പര്യങ്ങളാൽ ആദേശം ചെയ്യുകയു മാണുണ്ടാ യിട്ടുള്ളത്. കാർഷിക ലോറുകളും അതിന്റെ പാരമ്പര്യവും സജീവമാ യിരുന്ന കാലത്തുതന്നെ ഇത്തരം ജനപ്രിയലോറുകളുടെ നിർമ്മിതി നടന്നിരുന്നു. അതുകൊ ണ്ടുതന്നെ വിദൂരഭൂതകാലവും സന്നിഹിതവർ ത്തമാനവും തമ്മിലുള്ള വ്യവഹാ രങ്ങളിലൂ ടെ, പാരമ്പര്യത്തിന്റെ തുടർച്ചയെന്ന നിലയ്ക്കുള്ള അർത്ഥ നിർമ്മിതികളാണവയ്ക്കുണ്ടായി വന്നത്. ഇത്തരം പരസ്യങ്ങൾ പോലുള്ള ജനപ്രിയലോറുകളിലെ പ്രതീകങ്ങളുടെ അർത്ഥ രീപീക രണത്തിനും വിനിമയത്തിനും നിദാനമായിരുന്നത് കാർഷിക ലോറുകളും പാര മ്പര്യസംസ്കാരവു മായിരുന്നു. ഇത്തരം അർഥങ്ങൾ നാണയപ്പെട്ടതിനുശേഷമാണ് പല കാർഷികലോറുകളും അതി ന്റെ പാരമ്പര്യങ്ങളും റദ്ദാവുകയോ പിൻവലിക്കപ്പെടുകയോ ചെയ്തത്. അതോടെ നാണയപ്പെട്ട അർ ത്ഥങ്ങൾക്ക് തുടരാനും അതിലെ വൈരുദ്ധ്യങ്ങ ൾ തിരിച്ചറിയാതി രിക്കാനും അവ പാരമ്പര്യത്തിന്റെ തുടർച്ചയാണെന്ന വ്യാജപ്രതീതി നി ലനിർത്താനും എളുപ്പമായി. വിപണനമേളകളുടെയും വായ്പാ മേളകളുടേയും-വിശേഷിച്ചും ഉത്സ വസീസണുകളിലെ പരസ്യങ്ങൾ സമൃദ്ധിയെക്കുറിച്ചും കടംവാങ്ങിയും

ഉപഭോഗസ മൃദ്ധി കൈവരിക്കാമെന്നതിനെക്കുറിച്ചുമാണ്. കടവും സമൃദ്ധി(ഐശ്വര്യം)യും തമ്മിലുള്ള വൈരുദ്ധ്യം, സമൃദ്ധിയെക്കുറിച്ച് നിർമ്മിക്കപ്പെട്ട മിഥ്യാവിശ്വാസങ്ങളിൽ നിലീനമായി പ്പോവുകയാണ് ചെയ്യുന്നത്. കടമെടുത്ത് ഉപഭോഗസമൃദ്ധി കൈവരിക്കാമെന്ന ഫോക് ആശയത്തിന്റെ വികസിതരൂപമാണ് പുതിയ കാലത്ത് കടം വാങ്ങിയുള്ള വികസനവും. അത്തരമൊരു വികസനം വ്യക്തികൾക്കും കുടുംബത്തിനും സമൂഹത്തിനും രാഷ്ട്രത്തിനും ഭരണകൂടത്തിനും കോർപ്പറേറ്റ് മുതലാളിത്തത്തിനും ഒരുപോലെ സ്വീകാര്യമായിത്തീരുന്നത് രാഷ്ട്രീയ യുക്തിയോടൊപ്പം ഇത്തരം സാംസ്കാരിക യുക്തികൾ കൂടി പ്രവർത്തിക്കു ന്നതുകൊണ്ടാണ്.

ഇവയിൽ പല പരസ്യത്തിലും നിറനാഴിയിൽ നിറഞ്ഞൊഴുകുന്ന മട്ടിലും ഇലയിൽ സമൃദ്ധമായി വിളമ്പിയ സദ്യയുടെ മട്ടിലും പണം/സ്വർണം എന്നിവ പ്രത്യക്ഷപ്പെടാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ നേരത്തെയുണ്ടായിരുന്ന ഫലം, ധാന്യം തുടങ്ങിയ ഉള്ളടക്കങ്ങ ളെ ആദേശം ചെയ്തുകൊണ്ടാണ് സ്വർണം, പണം എന്നിവ പ്രധാനമായിത്തീരുന്നത് .

കുറിപ്പുകൾ

1. Folk ideas as Units of World view എന്ന പ്രബന്ധം കാണുക.

2. By folk Idea I mean traditional notions that a group of people have about the nature of man, of the world and of man's life in the world.

3. The way a people characteristically look out-ward up on universe' (Robert Radfield; 1953:83)

4. 'പുത്തൻ കലത്തില് വെച്ചോരു പായസ വറ്റുമൊരാളു മെറിഞ്ഞീലാ

5. കുംഭം, മീന മാസങ്ങളിലെ ഭരണി, പൂരം നാളുകളിൽ വ്രതാനുഷ്ഠാനങ്ങളോടെ സ്ത്രീകൾ ഉണക്കലരിപ്പൊടി നിറച്ച പുത്തൻ മൺപാത്രത്തിനുമുകളിൽ വെറ്റില, പഴുക്ക, നാളികേരം, ശർക്കര എന്നിവ പൊതിഞ്ഞ് ക്ഷേത്രത്തിൽ നൽകുകയും കഞ്ഞികുടി കഴിച്ച് തിരിച്ചുപോവുകയും ചെയ്യും. പിറ്റേന്നാൾ ക്ഷേത്രത്തിലെത്തി അരിപ്പൊടി കൊണ്ടു ണ്ടാക്കിയ ദണ്ഡൻ അട പ്രസാദമായി വാങ്ങുകയും ചെയ്യും. ഇതാണ് കലം കനിപ്പിന്റെ പ്രധാന ഉള്ളടക്കം. (എം.വി. വിഷ്ണുനമ്പൂതിരി 1989:78). കലം കരിയ്ക്കലും കരിയടിക്കലും ഇതിന്റെ പ്രാദേശിക വകഭേദമാണെന്നു പറയാം.

6. ഈതിബാധകളെ അകറ്റുന്ന ഒരു ഗ്രാമീണദേവതയായി ഉത്തരകേരളത്തിൽ കലിയൻ ആരാധിക്കപ്പെടുന്നു. കർക്കിടപ്പിറവി ദിവസം കലിയനെ പ്രീതിപ്പെടുത്താനായി കലിയനുകൊടുക്കൽ എന്ന ചടങ്ങ് നടത്താറുണ്ട്. സന്ധ്യാസമയത്ത് കത്തിച്ച ചൂട്ടുമായി 'കലിയാ കലിയാ... ചക്കേം മാങ്ങേം പൊന്നും വെളക്കും കൊണ്ടേട്ടൂടേ...' എന്ന് ആർപ്പു വിളിച്ച് വീടിനുചുറ്റും ഓടുന്ന പതിവും ചിലേടങ്ങളിൽ ഉണ്ട്.

7. ഉത്തരകേരളത്തിലെ ഒരു ഉർവരതാഘോഷമാണ് പൂരം. പുരുഷന്മാരുടെ പൂരക്ക ളി, സ്ത്രീകളുടെ പൂരവ്രതം, പൂരം തെളി, പൂരം പൂവിടൽ, കാമദേവനെ പൂജിക്കൽ തുടങ്ങിയ നിരവധി അനുഷ്ഠാനങ്ങളും ചടങ്ങുകളും പൂരത്തിന്റെ ഭാഗമായുണ്ട്. വീടുകൾ കേന്ദ്രീകരിച്ചും ഭഗവതിക്കാവുകൾ കേന്ദ്രീകരിച്ചുമാണ് ഇവയിൽ പലതും നടത്തുക. 'നേരത്തേ കാലത്തേ വരണേ കാമാ....' എന്ന പ്രാർത്ഥനയോടെയാണ് കാമദേവനെ യാത്രയാക്കുക (എം.വി. വിഷ്ണു നമ്പൂതിരി, 1989: 273-76)

8. തിരുവാതിര നോൽക്കുന്നത് ഭർതൃലബ്ധി, സന്താനലബ്ധി, ഐശ്വര്യലബ്ധി എന്നിവയക്ക് സഹായകമാണെന്ന വിശ്വാസം പരക്കെയുണ്ട്. തിരുവാതിരകളിക്കും പാടുന്ന പലപാട്ടുകളിലും ഉർവരതാശയങ്ങളുണ്ട്. 'ഒന്നാനാം കുന്നിന്മേൽ ഓരടിക്കുന്നി ന്മേൽ ഒന്നല്ലോ കന്യമാർ പാലനട്ടു. പാലയ്ക്കില വന്നു, പാലയ്ക്കു പൂവന്നു പാലയ്ക്കു നീർ കൊടുപാർവതിയേ...' തുടങ്ങിയ പാട്ടുകൾ ഉദാഹരണമാണ്.

9. തെയ്യങ്ങളിൽ പലതും കൃഷിയുടേയും വിളയുടേയും സംരക്ഷകരാണ്. ഭക്തർക്ക് അനുഗ്രഹം കൊടുക്കുന്ന തെയ്യങ്ങൾ പൊതുവെ പറയാറുള്ള ഒരു വാക്യം കന്നുകുട്ടിപെ തങ്ങൾക്ക് ഗുണം വരുത്തുമെന്നാണ്.

10. തെയ്യത്തിന്റെയും കളമെഴുത്തിന്റെയുമെല്ലാം ഭാഗമായി പൊലിച്ചുപാട്ട് പാടാറുണ്ട്. വീടും നാടും നഗരവും ഐശ്വര്യസമൃദ്ധിയാൽ പൊലിയാനാണ് ഈ പാട്ടുകൾ പാടാറുള്ളത്.

11.ഓണക്കാലത്തും മറ്റും പുറത്തിറങ്ങുന്ന അച്ചടി, ദൃശ്യമാധ്യമങ്ങളിൽ ധനകാര്യ സ്ഥാപനങ്ങൾ, ലോൺ നല്കുന്ന സ്ഥാപനങ്ങൾ എന്നിവ മഹാബലിയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്.

സഹായകഗ്രന്ഥസൂചി -


1. ആർ.വിശ്വനാഥൻ, 2002 : അവസ്ഥയും ആഖ്യാനവും, പി.കെ. ബ്രദേഴ്സ്: കോഴി ക്കോട് -

2. എം.വി.വിഷ്ണുനമ്പൂതിരി, 1987 : ഫോക് ലോർ നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് : തിരുവനന്തപുരം -

3. എം.വി.വിഷ്ണുനമ്പൂതിരി, 1997 : നാടോടി വിജ്ഞാനീയം, ഡി.സി. ബുക്സ് : കോട്ടയം

4. കെ.എം.ഭരതൻ, 2015 : നാട്ടു സംസ്കൃതിയുടെ നടവഴികൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് : തിരുവനന്തപുരം

5. രാഘവൻ പയ്യനാട്, : ഫോക് ലോർ സങ്കേതങ്ങളും സങ്കല്പങ്ങളും, എഫ്. എഫ്.എം.പബ്ലിക്കേഷൻസ് : തിരുവനന്തപുരം

7. Alan Dundes, 1978: Essays in folkloristics, folklore Institute: Meerut

യാത്ര

ഡോ. ജോയിസ്കുട്ടി ജോസഫ്
കെഇ കോളേജ് മാന്നാനം

# എവറസ്റ്റ് ബേസ്ക്യാമ്പ് യാത്ര - 2

ഏപ്രിൽ 18 തിങ്കൾ : നടപ്പിന്റെ രണ്ടാം ദിവസമായ ഇന്ന് പാക്ഡിംഗ് വരെ നീണ്ട ദൂരം നടക്കേണ്ടതിനാൽ രാവിലെ 8 മണിക്ക് തന്നെ തുടങ്ങി. വഴി കുറെക്കൂടി മനോഹരമാവുന്നുണ്ട്. ദാരിദ്ര്യത്തിന്റെ ദൃശ്യങ്ങൾ കുറവുള്ള ഗ്രാമങ്ങൾ. ചെറുതെങ്കിലും മനോഹരമായ വീടുകൾ, വലിയ അലച്ചിലില്ലാത്ത മനുഷ്യർ. നന്നായി പരിപാലിക്കുന്ന, വേലി കെട്ടി തിരിച്ച കൃഷിയിടങ്ങൾ. മഞ്ഞയിൽ കുളിച്ചു നിൽക്കുന്ന കടുകുപാടങ്ങൾ, പുഷ്പിക്കൽ തുടങ്ങിയ ആപ്പിൾ മരങ്ങൾ. വലിയ ഒരു കയറ്റവും തുടർന്ന് ഇറക്കവും. ഏതോ ഒരു ചുരമാണിത്. ചിലയിടങ്ങളിൽ മനോഹരമായ കാട്ടിലൂടെയാണ് വഴി.ഷെല്ലിയും ഞാനും വർത്തമാനം പറഞ്ഞ് നടക്കുമ്പോൾ മലയാളികളാണല്ലേ എന്ന ചോദ്യം. അമ്പരന്ന് നോക്കുമ്പോൾ കാഴ്ചയിൽ കൊച്ചെന്നു തോന്നുന്ന ഒരു പെൺകുട്ടി. മലപ്പുറത്തുകാരി വിനീത. തനിച്ച് എവറസ്റ്റ് ബേസ് ക്യാമ്പിലെത്തി തിരിച്ച് പോവുന്ന വഴിയാണ്. പത്തു പതിനഞ്ച് ദിവസങ്ങൾക്കു ശേഷം മലയാളം കേട്ടതിന്റെ ത്രില്ലിലാണ് വിനീത. ഞാൻ യാത്ര തുടങ്ങുന്നതിന്റെ തലേ ദിവസം വിനീത ബേസ് ക്യാമ്പിലെത്തിയതിന്റെ ചിത്രങ്ങൾ എഫ്.ബിയിൽ പോസ്റ്റ് ചെയ്തിരുന്നത് കാട്ടിയപ്പോൾ വല്ലാത്ത സന്തോഷം. ഒരുമിച്ച് ചില ചിത്രങ്ങളെടുത്തു. വഴിയെക്കുറിച്ചും യാത്രയെ കുറിച്ചുമുള്ള ചില അറിവുകൾ കൈമാറി. ഉണ്ടാവാനിടയുള്ള ചില അപകടങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകി. മലയാളി പെൺകുട്ടികളുടെ സാഹസികതയെ ഒരിക്കൽ കൂടി നമിച്ച നിമിഷം.

ലൂക്ലയിൽ നിന്നുള്ള പരമ്പരാഗത എവറസ്റ്റ് വഴിയിലേക്ക് ഞങ്ങളുടെ വഴി ചെന്ന് കയറുന്നുണ്ട്. പിന്നെ അതിമനോഹരമായ, വൃത്തിയുള്ള, കല്ലുപാകിയ വഴികളാണ്. സഞ്ചാരികളുടെ എണ്ണവും കൂടിയിരിക്കുന്നു. ബുദ്ധ പ്രാർത്ഥനകൾ കൊത്തിയ കല്ലുകളും സ്തൂപങ്ങളും ഇടയ്ക്കിടെയുണ്ട്. ചെറിയ ഗോമ്പകളോടനുബന്ധിച്ച് പ്രാർത്ഥനാചക്രങ്ങളും. ചക്രങ്ങൾ തിരിച്ചാണ് സഞ്ചാരികൾ പലരും നീങ്ങുന്നത്. ഇത്തരം സ്തൂപങ്ങളുടേയും മറ്റും ഇടതു വശത്തുടെയാണ് നമ്മൾ നടക്കേണ്ടത്. സഞ്ചാരികളാരും അത് തെറ്റിക്കാറില്ല.പ്രാർത്ഥനാതോരണങ്ങൾ കെട്ടിയ ഒന്നു രണ്ട് തൂക്കുപാലങ്ങൾ കടക്കുന്നുണ്ട്. തൂക്കുപാലം കടക്കൽ രസകരമാണ്. നടുവിലെത്തുമ്പോഴുള്ള പാലത്തിന്റെ ആട്ടം ചിലപ്പോൾ ഒരു ആന്തലുണ്ടാക്കിയേക്കാം.

ഭാരം ചുമക്കുന്നതായി ഇതുവരെ നമ്മൾ കുതിരകളേയും മ്യൂളുകളേയുമാണ് കണ്ടതെങ്കിൽ ഇപ്പോൾ യാക്കുകളെയും കണ്ടു തുടങ്ങുന്നു. കുറച്ചു കൂടി ഉയരത്തിലേക്ക് ചെന്നാൽ യാക്കുകളെ മാത്രമേ കാണൂ എന്ന് കേട്ടിട്ടുണ്ട്. സഞ്ചാരികളുടെ ഭാരം ചുമക്കുന്ന പോർട്ടർമാരെയും ധാരാളം ഇവിടെ കാണാം.എല്ലാവരും ഷേർപ്പ വിഭാഗത്തിലുള്ളവരല്ല. എന്നാൽ പോർട്ടർമാർ എല്ലാവരേയും നമ്മൾ ഷേർപ്പകളെന്നാണ് വിളിക്കുന്നത്. അവർക്ക് ആ വിളി ഇഷ്ടവുമാണ്. അഞ്ചാറ് പേരുടെ ബാഗുകൾ കയറുകൊണ്ട് ഒറ്റക്കെട്ടാക്കി പുറവും നെറ്റിയുടെ മുകൾ ഭാഗവും ചേർത്താണ് അവരുടെ



ഭാരമെടുപ്പ്. പത്തൻപത് കിലോ ഭാരവും ഇങ്ങനെ നെറ്റിയിൽ തൂക്കികൂളായി അവർ മലകയറി പോകുന്നത് ഒരു വിശിഷ്ട കാഴ്ചയാണ്. സ്വന്തം ശരീരഭാരത്തേക്കാൾ ഭാരം വഹിച്ചാണ് പലരും നീങ്ങുന്നത്. ഹെലികോപ്റ്റർ ചെന്നെത്താത്ത ഇടങ്ങളിൽ സഞ്ചാരികൾക്ക് എന്തെങ്കിലും വയ്യാഴിക ഉണ്ടായാൽ ഇവർ അവരെ ചുമന്ന് താഴെ എത്തിക്കുമത്രേ. പോർട്ടർമാർക്ക് ഭാരം താഴ്ത്തിവെച്ച് വിശ്രമിക്കാനുള്ള കൽക്കെട്ടുകൾ വഴിയിറമ്പിൽ ഇടയ്ക്കിടെയുണ്ട്.

ഉച്ചയ്ക്ക് ആഹാരം കഴിക്കാൻ ചെന്നു കയറിയ റെസ്റ്റോറൻ്റ് അഥവാ ലോഡ്ജിൽ  പ്രായമായ സ്ത്രീ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾ അഞ്ചാറു പേർ കയറി ചെന്നപ്പോൾ, അപ്രതീക്ഷിതമായി നാട്ടുമ്പുറ വീട്ടിലേക്ക് നട്ടുച്ച നേരത്ത് കയറി ചെല്ലുന്ന വേണ്ടപ്പെട്ട വിരുന്നുകാരെ കാണുന്ന വേവലാതിയായി അവർക്ക്. ഞങ്ങൾക്ക് ഭക്ഷണമൊരുക്കാനുള്ള അവരുടെ വെപ്രാളം കണ്ട് ഞങ്ങളും പാചകത്തിന് കൂടി. നമ്മൾ പറഞ്ഞതിന് ശേഷമാണ് അരി കഴുകി അടുപ്പത്തിടുന്നത് പോലും. മിക്കവരും ദാൽബട്ടും ഞങ്ങൾ രണ്ടു പേർ എഗ്ഫ്രൈഡ്റൈസുമാണ് പറഞ്ഞത്. എന്തായാലും അരമുക്കാൽ മണിക്കൂറുകൊണ്ട് സാമാന്യം മോശമല്ലാത്ത ആഹാരം അവർ തയ്യാറാക്കി.ഞങ്ങളെയെല്ലാം നിർബന്ധിച്ച്കഴിപ്പിച്ചു.ഇംഗ്ലീഷോ ഹിന്ദിയോ ഒരു വാക്കു പോലും അറിയാത്ത ആ വൃദ്ധയ്ക്ക് കേൾവിയും നന്നെ കുറവാണ്. കണക്കുമറിയില്ല. മെനുകാർഡിൽ നോക്കി ഞങ്ങൾ കൊടുത്ത പണത്തിന്റെ ബാക്കി തരാൻ കൂടി അവർക്ക് അറിയത്തില്ല. ബാക്കി എടുത്തോ എന്ന് പറഞ്ഞ് പണപ്പെട്ടി ഞങ്ങളുടെ കയ്യിൽ തന്നപ്പോൾ ശരിക്കും കണ്ണു നിറഞ്ഞു പോയി. കെ.ആർ ടോണിയുടെ കവിതയിലെ പ്ലമേനമ്മായി എന്ന പേരാണ് എനിക്കവരെ വിളിക്കാൻ തോന്നിയത്.ആ പേര് അവർക്ക് ഇഷ്ടപ്പെട്ടെന്ന് തോന്നി. നിഷ്കളങ്കമായ ഒരു പുഞ്ചിരി. തിരിച്ച് ഞങ്ങളെ പടിവരെ അനുഗമിച്ച് സന്തോഷപൂർവ്വം യാത്രയാക്കി നിൽക്കുന്ന ആ വൃദ്ധയുടെ രൂപം എത്രയായിട്ടും മനസ്സിൽ നിന്ന് മറയുന്നില്ല. യാത്രയ്ക്കിടയിൽ കണ്ടുമുട്ടുന്ന ഇത്തരം ചില മനുഷ്യർ, 'മനുഷ്യൻ! എത്ര മഹത്തായ പദം!' എന്നു പറയാൻ നമ്മളെ പ്രേരിപ്പിക്കും.

ഉച്ചകഴിഞ്ഞത്തെ നടപ്പും മനോഹരങ്ങളായ വഴികളിലൂടെ തന്നെയാണ്. തുണ്ടു കൃഷിയിടങ്ങൾ, കൊച്ചുഗ്രാമങ്ങൾ, തുണ്ടു തുണ്ട് കാടുകൾ. നടപ്പ് ആയാസകരമായി തോന്നുകയേ ഇല്ല. ഉദ്ദേശിച്ച പോലെ പാക്ഡിംഗ് വരെ എത്താൻ കഴിയുമെന്ന് തോന്നുന്നില്ല. അതിനടുത്തുള്ള ഗാട്ട് എന്ന ഗ്രാമത്തിൽ തങ്ങിയാലോ എന്നായി ആലോചന.ഗൈഡ് പസാങ്ങ് അവിടെ ഞങ്ങളെ കാത്തുനിൽപ്പുണ്ടായിരുന്നു. പസാങ്ങിനെപ്പറ്റി ഇതുവരെ പറഞ്ഞില്ലല്ലോ. ഞങ്ങളുടെ ടീമിലെ രണ്ടു പേർക്ക് സല്ലേരി വഴി വരാൻ പറ്റിയില്ല. അവർ ലുക്ലയ്ക്ക് വിമാനത്തിലെത്തുകയാണ് ഉണ്ടായത്. അവരെ കൂടി കൊണ്ട് വരേണ്ടതുള്ളതുകൊണ്ടാണ് പസാങ്ങ് ഇതുവരെ ഞങ്ങളോടൊപ്പം ചേരാതിരുന്നത്. ലുക്ലയിൽ നിന്നുള്ള അയാൾ ഷേർപ്പയാണ്.അംഗീകൃത ഗൈഡാണ്. ഇടയ്ക്ക് പറയട്ടെ, ഷേർപ്പഗോത്ര വിഭാഗക്കാരുടെ പല പ്രത്യേകതകളിലൊന്ന് പേരിടുന്ന കാര്യത്തി

ലാണ്. ദിവസങ്ങളുടെ പേരുകൾ അവർക്ക് ഇഷ്ടമാണ്.പസാങ്ങ് (വെള്ളിയാഴ്ച), പെംപ (ശനിയാഴ്ച ) ഈ പേരുകൾ അവർക്ക് കൂടുതൽ ഇഷ്ടമാണത്രേ. ഇപ്പോൾ ഞങ്ങൾ 10 പേരും പസാങ്ങും രണ്ട് പോർട്ടർമാരും ചേർന്ന് ആകെ ടീമിൽ 13 പേരായി.13 ഷേർപ്പകൾക്ക് വിശേഷപ്പെട്ട നമ്പരാണത്രേ.

ഭംഗിയുള്ള ഒരു ചെറു കെട്ടിടമാണ് ഗാട്ടിൽ ഞങ്ങൾ താമസിച്ച യതി ലോഡ്ജ്. പയ്യയിലെ ലോഡ്ജ് പോലെ തന്നെ ഇതും. മിക്കവാറും ലോഡ്ജുകൾ ഇങ്ങനെ തന്നെയെന്നാണ് കേട്ടിട്ടുള്ളത്. ഇതൊരു ഷേർപ്പ കുടുംബത്തിന്റെ വീട് കൂടിയാവും. അതുകൊണ്ട് ലോഡ്ജ് എന്നതിനേക്കാൾ ഹോംസ്റ്റേ എന്ന പേരാവും കൂടുതൽ ചേരുക. താഴത്തെ നിലയിൽ റെസ്റ്റോറൻറിനോട് ചേർന്ന് ഒന്നോ രണ്ടോ മുറികൾ വീട്ടുകാർക്കുള്ളതാവും. വീട്ടിലുള്ള എല്ലാവരും ചേർന്നാവും പാചകം. വീടിനോട് ചേർന്ന് ചെറിയ കൃഷിയിടങ്ങൾ ഉണ്ടാവും. ചിലപ്പോഴൊക്കെ വെളുത്തുള്ളിയും ഇഞ്ചിയും ചീരയും മറ്റും പറമ്പിൽ നിന്ന് പറിച്ച് നേരെ കറികളിലേക്ക് ചേർക്കുകയാവും. കണ്ടിടത്തോളം പൊതുവെ സന്തോഷം നിറഞ്ഞ ജീവിതമാണ് ഇവരുടേത്. ഇത്തരം ഹോംസ്റ്റേകളിൽ മദ്യം വിദേശിയോ നാടനോ തരം പോലെ കിട്ടും. എല്ലായിടത്തും ആകർഷകമായി അവർ അത് പ്രദർശിപ്പിച്ചിരിക്കും. മദ്യം വേണോ എന്ന് അന്വേഷിക്കുകയും പരസ്യമായി ഇരുന്ന് മദ്യപിക്കാനുള്ള ഇരിപ്പിടം സജ്ജീകരിച്ച് തരികയും മദ്യപിക്കുന്നവരോട് വളരെ മാന്യമായി ഇടപെടുകയും ചെയ്യും. വെള്ളക്കാരായ സഞ്ചാരികളിൽ ചിലരെല്ലാം മദ്യപിക്കുന്നതായി കാണാറുണ്ട്. എന്നാൽ പൊതുവെ ഇന്ത്യക്കാർ മാംസാഹാരത്തോട് എന്ന പോലെ മദ്യത്തോടും അകലം പാലിച്ച് നിൽക്കയാണ് പതിവ്.

ഇന്ന് 7 മണിക്കൂറിലേറെ സമയമെടുത്ത് 16 കിലോമീറ്റർ നടന്നിരിക്കുന്നു. വലിയ ഉയരങ്ങളിലെ ത്താത്തതുകൊണ്ടാവാം ശാരീരിക



ക്ഷീണം കാര്യമായി തോന്നുന്നില്ല. ഇന്ന് ബാക്കി വെച്ചത് ഉൾപ്പെടെ നാളെ ദൂരമേറെ നടക്കണം. എന്ന് മാത്രമല്ല നാംചേ എത്താൻ ഒരു മല കുത്തനെ കയറണം. അതിനാൽ ഇന്നത്തെ ഉറക്കവും നേരത്തെ ആവാം എന്ന് വെച്ചു. അല്ലെങ്കിലും പൊതുവെ സഞ്ചാരികൾ നേരത്തെ കിടക്കും. അതിരാവിലെ ഉണരും.റെസ്റ്റോറൻറുകൾ പൊതുവെ 9 മണിക്ക് അപ്പുറം പോവില്ല.

ഏപ്രിൽ19 ചൊവ്വ.

.......................

രാവിലെ 7 മണിക്ക് ഇന്നത്തെ നടപ്പ് തുടങ്ങി. ഇന്നലത്തെ വഴിയുടെ തുടർച്ച തന്നെ. നടപ്പിന്റെ ബുദ്ധിമുട്ടുകൾ അറിയിപ്പിക്കാത്ത, ഹിമാലയൻ കാടുകൾക്കിടയിലൂടെയുള്ള കല്ലുപാകിയ വഴി.മ്യൂളുകളും യാക്കുകളും സംഘമായാണ് നടക്കുന്നത്. അവയെ കാണുമ്പോൾ ഒതുങ്ങി വഴി മാറി കൊടുക്കണം. ആ സമയത്ത് വിശ്രമിക്കാം. ട്രെക്കിംഗിനിടയിൽ ഞാൻ സാധാരണ ഇരുന്ന് വിശ്രമിക്കാറില്ല. നിന്ന് വിശ്രമിക്കലാണ് എന്റെ രീതി. ഒരു ശരാശരി സ്പീഡിലാണ് എന്റെ നടപ്പ്. എത്ര നല്ല വഴിയാണെങ്കിലും വേഗത കാര്യമായി കൂട്ടാറില്ല. അതു കൊണ്ട് സാധാരണ ഗ്രൂപ്പുകളിൽ എപ്പോഴും ഞാൻ മധ്യത്തിലാവും.ഹൈഡ്രേഷൻ ബാഗ്



ഉള്ളതിനാൽ വെള്ളം കുടിക്കാൻ നിൽക്കേണ്ടതില്ല. ഹൈ ഓൾറ്റിറ്റ്യൂഡ്  ട്രക്കിംഗിന് വളരെ നല്ലതാണ് ഹൈഡ്രേഷൻ ബാഗ്. കാഠ്മണ്ടുവിൽ നിന്ന് ഞാൻ 3 ലിറ്ററിന്റെ ഒരു ബാഗ് വാങ്ങി.ദിവസവും രാവിലെ അത് നിറച്ചെടുക്കും. ഉച്ചയോടെ മിക്കവാറും തീരും. ഉച്ചയ്ക്ക് ആഹാരം കഴിക്കുന്നിടത്തു നിന്ന് വീണ്ടും വെള്ളമെടുക്കും. പലരും വെള്ളം ശുദ്ധീകരിക്കാനുള്ള ടാബ്ലറ്റുകൾ ഇടും. ചിലർ കുപ്പിവെള്ളം തന്നെ വാങ്ങും. അത് നമുക്ക് പ്രായോഗികമല്ല. ഒരു ദിവസം 5 ലിറ്റർ വെള്ളമെങ്കിലും കുടിച്ചേ മതിയാവൂ. ഒരുലിറ്ററിന് ഇവിടെ പോലും 200 രൂപ കൊടുക്കണം. നാംചേ കഴിഞ്ഞാൽ അതിന്റെ വില 500 രൂപയെങ്കിലും ആവും എന്നാണ് കേട്ടിട്ടുള്ളത്. എന്തായാലും ഇതുവരെ ഇവിടങ്ങളിലെ വെള്ളം കുടിച്ചിട്ട് പ്രശ്നമൊന്നുമില്ല.

സാഗർമാത നാഷണൽ പാർക്കിലേക്ക് നമ്മളിന്ന് കയറുകയാണ്. (എവറസ്റ്റിനെ മുമ്പ് ഷെർപ്പകൾ സാഗർമാത എന്നാണ് വിളിച്ചിരുന്നത്.) ഫീസടച്ച് പെർമിറ്റ് എടുക്കണം.ഇന്ത്യ ഉൾപ്പെടെയുള്ള സാർക്ക് രാജ്യങ്ങൾക്ക് ഫീസിൽ ഇളവുണ്ട്.ഒരു പടിപ്പുരഗേറ്റ് കടക്കുന്നു എന്നതിനപ്പുറം വഴികൾക്ക് കാര്യമായ വ്യത്യാസം ഒന്നുമില്ല. ഉച്ചയ്ക്ക് മോഞ്ചോ എന്ന ഗ്രാമത്തിൽ നിന്ന് ആഹാരം കഴിച്ചു.ദാൽ ബട്ടും ചിക്കൻ കറിയും. നന്നായിരുന്നു.

ഇവിടെ നിന്ന് നാംചേയിലേക്ക് വലിയ കയറ്റങ്ങളാണ്.മൂന്നാല് മണിക്കൂറെങ്കിലും എടുക്കും. കൂട്ടത്തിലുള്ള ചിലരെല്ലാം ക്ഷീണിച്ചതിനാൽ ഇവിടെ തങ്ങിയാലോ എന്ന ആലോചന ഉണ്ടായി. അങ്ങനെ ചെയ്താൽ നാംചേയിലെ അക്ലമറ്റൈസേഷൻ ദിനം നഷ്ടപ്പെടും.ചെറിയതായി മഴ പൊടിയാനും തുടങ്ങിയിട്ടുണ്ട്. പോഞ്ചോയും ഹെഡ്ലൈറ്റും കരുതി നടപ്പ് തുടരാൻ അവസാനം തീരുമാനിച്ചു.

നാംചേയിലേക്കുള്ള കയറ്റം പ്രതീക്ഷിച്ചതിലും കഠിനമാണ്. മുമ്പ് ഗംഗാരിയയിൽ നിന്ന് ഹേമകുണ്ഡ് സാഹിബിലേക്ക് കയറിയ വഴികളാണ് ഓർമിപ്പിക്കുന്നത്. ഇടയ്ക്ക് കടകളോ ഗ്രാമങ്ങളോ ഒന്നുമില്ല. കാട് മാത്രം.നല്ല സൂപ്പർ കാട്. റോഡോഡെൻഡ്രോൺ മരങ്ങൾ അതിന്റെ സകലപ്രൗഢിയിലും ഇവിടെ പൂത്ത് നിൽക്കുന്നു. മരങ്ങളുടെ ഉയരം കുറഞ്ഞു വരുന്നുണ്ടെന്ന് തോന്നുന്നു. ഇടയ്ക്ക് ചില തൂക്കുപാലങ്ങൾ കയറണം. ഇന്നത്തെ വഴിയിലെ അവസാന തൂക്കുപാലമാണ് ഹിലാരി ബ്രിഡ്ജ്. എവറസ്റ്റ് വഴിയിലെ തൂക്കുപാലങ്ങളുടെ കൂട്ടത്തിലെ സൂപ്പർ സ്റ്റാറാണ് ഈ പാലം. പാലത്തിൽ നിന്ന് താഴേക്ക് നോക്കിയാൽ ശരിക്കും പേടിയാവും. അഗാധതയിൽ ആർത്തലച്ച് ഒഴുകുന്ന ധൂത്കോശിനദി. കോസിയെ കോശിയെന്നാണ് നമ്മൾ വിളിക്കുന്നത്.കോശി നദി എന്നല്ല കോശി നദികൾ എന്നു വേണം ശരിക്കും പറയാൻ. നേപ്പാളിലെ ഏഴു നദികൾ ചേർന്നുണ്ടാവുന്ന കോശി നദിയുടെ പോഷകനദിയാണ് ധൂത് കോശി. (ഏഴ് നദികൾ ചേർന്നുണ്ടാവുന്നതുകൊണ്ടാവാം സപ്ത കോശി എന്നും ഈ നദി അറിയപ്പെടുന്നു) മലയിടുക്കുകളിലൂടെ കുതിച്ചൊഴുകുമ്പോൾ പാൽ നിറം തോന്നിപ്പിക്കുന്നതിനാലാവാം ഈ പേരിൽ അറിയപ്പെടുന്നത്. ലോകത്തിൽ ഏറ്റവും ഉയരത്തിൽ നിന്ന് ഉത്ഭവിക്കുന്ന നദിയാണിത്. നമ്മൾ പോകാൻ ഉദ്ദേശിക്കുന്ന ഗോക്യോ പ്രദേശത്തു നിന്നാണ് ഈ നദി തുടങ്ങുന്നത്.

പാലത്തിൽ വെച്ച് മൃഗങ്ങളോ യാക്കുകളോ എതിരെ വന്നാൽ ശരിക്കും ബുദ്ധിമുട്ടും. യാത്രക്കാർ പാലത്തിലുണ്ടെങ്കിൽ അവ മാറി നിൽക്കും.ഈ മൃഗങ്ങളുടെ മണിയൊച്ച കേട്ടാൽ ജീവനിൽ കൊതിയുള്ള വരാരും പാലത്തിൽ കയറാറില്ല. അങ്ങനെ പരസ്പര സഹകരണം (പേടി?) ഉള്ളതിനാൽ പ്രശ്നങ്ങൾ സാധാരണ ഉണ്ടാവാറില്ല.

കല്ലുപാകിയ വഴിയിലെ ടിബറ്റൻ രീതിയിലുള്ള പടിപ്പുര കയറി ചെന്നാൽ നാംചേ. എവറസ്റ്റ് വഴിയിലെ ഏറ്റവും വലിയ ഷെർപ്പ ഗ്രാമമാണിത്.3440 മീറ്റർ ( 11290 അടി) ഉയരത്തിലുള്ള നാംചെയെ ഗ്രാമം എന്നതിനേക്കാൾ പട്ടണം എന്ന് വിളിക്കുകയാവും ശരി. ഹിമാലയൻ പ്രദേശത്തെ ഏറ്റവും വലിയ മാർക്കറ്റ് ഇവിടായതിനാൽ നാംചേ ബസാർ എന്നും ഇവിടം അറിയപ്പെടുന്നു. സാധനങ്ങൾ എത്തിക്കാൻ മാത്രമായി ഇവിടൊരു എയർ സ്ട്രിപ്പ് ഉണ്ടെങ്കിലും ഹെലികോപ്റ്റർ വഴിയായോ മനുഷ്യനോ മൃഗങ്ങളോ ചുമന്നോ ആണ് മിക്കവാറും ഇവിടെ സാധനങ്ങൾ എത്തിക്കുന്നത്. പേരിനു പോലും ഇവിടൊരു റോഡില്ല.അതിനാൽ വാഹനങ്ങളായി ഒരു സൈക്കിൾ പോലുമില്ലിവിടെ. എന്നാൽ നിരവധി ബാങ്കുകളും എടിഎമ്മുകളും വ്യാപാരശാലകളും കോഫീ ഷോപ്പുകളും ബേക്കറികളും സ്കൂളുകളും ഒക്കെ ഇവിടുണ്ട്. ലോകത്തിൽ ഏറ്റവും ഉയരത്തിലുള്ള സ്റ്റാർ ഹോട്ടൽ 'എവറസ്റ്റ് വ്യൂ'വും ഏറ്റവും ഉയരത്തിലുള്ള ഐറിഷ് പബ്ബും ഇവിടാണുള്ളത്.

ഒരു ചെറിയ തെരുവിന്റെ രണ്ട് വശങ്ങളിലായി നിൽക്കുന്ന സാമാന്യം വലിയൊരു ലോഡ്ജിലാണ് ഞങ്ങൾ തങ്ങുന്നത്. ഇതും ഒരു ഹോം സ്റ്റേ തന്നെ. ഇവിടെ രണ്ടു ദിവസം താമസിക്കുന്നുണ്ട്. ഇത്രയും ഉയരത്തിലെ കാലാവസ്ഥയുമായി പൊരുത്തപ്പെടാനാണ് ഒരു ദിവസം കൂടുതലായി ഇവിടെ തങ്ങുന്നത്. എല്ലാവരും അക്ലമറ്റൈസേഷനായി തങ്ങുന്നത് നാംചേയിലാണ്.ഇ.ബി.സി കഴിഞ്ഞ് തിരിച്ചു വരുന്നവരും പലപ്പോഴും ഒന്നിലേറെ ദിവസങ്ങൾ ഇവിടെ തങ്ങാറുണ്ട്. എവറസ്റ്റ് സമ്മിറ്റേഴ്സ് പല ദിവസങ്ങൾ ഇവിടെ താമസിക്കും. ആയതു കൊണ്ടാവാം നാംചേയിൽ എപ്പോഴും സഞ്ചാരികളുടെ തിരക്കാണ്.

സാധനങ്ങളുടെ വില വീണ്ടും കൂടിയിരിക്കുന്നു. കുപ്പിവെള്ളത്തിന് 300 രൂപ. ഒരു ഗ്ലാസ് ചൂടുവെള്ളത്തിന് 100 രൂപ. കുളിക്കാൻ ഒരു ചെറിയ ബക്കറ്റ് ചൂടുവെള്ളം വേണമെങ്കിൽ 500 രൂപ. (ഞാൻ സാധാരണ ഇത്തരം ഹൈഓൾറ്റിറ്റ്യൂഡ് ട്രക്കുകൾക്കിടയിൽ കുളിക്കാറില്ല. അതു കൊണ്ട് ആ കാശ് ലാഭം) ഒരു മണിക്കൂർ ഫോൺ ചാർജ് ചെയ്യുന്നത് 200 രൂപ കൊടുത്തിട്ടാണ്. 500 രൂപ കൊടുത്ത് ഒരു ദിവസത്തെ വൈഫൈയും എടുത്തു.

വ്യത്യസ്ത ഭക്ഷണം കഴിക്കാൻ കിട്ടുന്ന അവസരങ്ങൾ ഞാനൊരിക്കലും വേണ്ടെന്ന് വയ്ക്കില്ല. ഇവിടുത്തെ യാക്ക് സ്റ്റീക്ക് വളരെ വിശിഷ്ടമെന്ന് കേട്ടിരുന്നു. രാത്രി അതൊന്ന് പരീക്ഷിക്കാമെന്ന് വെച്ചു. മസാല പുരട്ടി വേവിച്ച് വറുത്തെടുത്ത പരന്ന ഒരു ഇറച്ചിക്കഷണം. മുമ്പ് ടിബറ്റിൽ നിന്ന് ഒന്നു രണ്ടു പ്രാവശ്യം യാക്ക് മാംസം കഴിച്ചിട്ടുണ്ടെങ്കിലും ഇവിടുത്തേത് അതീവ രുചികരമായി തോന്നി. സ്റ്റീക്കിന്റെ കൂടെക്കഴിക്കാൻ ഉരുളക്കിഴങ്ങ് വറുത്തതും ഒരു കഷണം റൊട്ടിയും ലഭിക്കും.750 രൂപയാണ്






വില.എന്ത് ആഹാരമായാലും നമ്മൾ പറഞ്ഞു കഴിഞ്ഞ് തയ്യാറാക്കി നല്ല വൃത്തിയായി ചൂടോടെ വിളമ്പുന്ന രീതിയാണിവിടെ. നമ്മൾ കഴിച്ച് തീരുന്നില്ലെങ്കിൽ അടുത്ത നേരത്തേക്കായി അവർ ഭദ്രമായി മാറ്റി വയ്ക്കും.പിന്നെ ചൂടാക്കി തരികയും ചെയ്യും. രൂപ കൊടുത്താൽ മെച്ചപ്പെട്ട ആഹാരം ഇവിടെ ഉറപ്പായും ലഭിക്കും.

ഏപ്രിൽ 20 ബുധനാഴ്ച

.........................................

ഇന്ന് ഒന്നാമത്തെ അക്ലമറ്റൈസേഷൻ ദിനം. ഇങ്ങനെയുള്ള ദിവസങ്ങളിൽ അധിക സമയം നീണ്ടു നിൽക്കാത്ത ഒരു മലകയറ്റമാണ് പതിവ്. അക്ലമറ്റൈസേഷൻ ഹൈക്കിംഗ് എന്നാണ് ഈ കുന്നു കയറ്റത്തെ പറയാറ്. അതിന് നാം ചെയിൽ പൊതുവെ എല്ലാവരും തിരഞ്ഞെടുക്കാറുള്ളത് എവറസ്റ്റ് വ്യൂ പോയിൻ്റാണ്. അവിടെ നിന്നാൽ എവറസ്റ്റ് ഉൾപ്പെടെയുള്ള ഹിമാലയൻ മുടികളുടെ മനോഹരമായ കാഴ്ച ലഭിക്കുമത്രേ. ലൂക്ലവഴി വരുന്നവർക്ക് ആദ്യമായി എവറസ്റ്റ് കാഴ്ച ലഭിക്കുന്നത് ഇവിടെ വെച്ചാണ്.

പത്തു മണിയോടെ ഇന്നത്തെ മലകയറ്റം തുടങ്ങി.നാംചേ ബസാറിന്റെ മനോഹര കാഴ്ചകൾ കണ്ടാണ് മലകയറ്റം. താഴത്തെ സ്കൂളിലെ കുട്ടികളുടെ ബാൻ്റ് മേളം പശ്ചാത്തല സംഗീതമായുണ്ട്. പൈൻ, ഫിർ, റോഡോഡെൻഡ്രോൺ മരങ്ങൾ പൊക്കം കുറഞ്ഞു കുറഞ്ഞു വരുന്നത് നമ്മുടെ കൺമുന്നിലാണ്. മുകളിലെത്താറാവുമ്പോൾ മരങ്ങളെല്ലാം ഉദ്യാന ചെടികൾ പോലെ.റോഡോഡെൻഡ്രോൺ പൂക്കളുമായി ബോൺസായ് പരുവത്തിൽ നിൽക്കുന്നത് കാണാൻ കൗതുകമുണ്ട്. വെളുത്തതും കറുത്തതുമായ യാക്കുകൾ മലഞ്ചെരിവുകളിൽ മേഞ്ഞു നടക്കുന്നു. കോടമഞ്ഞ് ഒന്നു രണ്ടു പ്രാവശ്യം ഞങ്ങളെ ആശ്ലേഷിച്ച് കടന്നു പോയി. ഓക്സിജൻ കുറവുകൊണ്ടാവാം നന്നായി കിതയ്ക്കുന്നുണ്ട്. മലമണ്ടയിലേക്ക് അടുത്തപ്പോൾ ആകാശം ഇരുണ്ടു. മഴ ചാറാൻ തുടങ്ങി.

മലമുടിയിൽ ഒരു റെസ്റ്റോറൻ്റുണ്ട്. അതിന്റെ സമീപത്താണ് എവറസ്റ്റ് വ്യൂ പോയിൻ്റ്. എവറസ്റ്റ് പോയിട്ട് അടുത്തു നിൽക്കുന്ന ആളെ കാണാനാവാത്തതുപോലെ മൂടൽമഞ്ഞാണിവിടെ. അല്പനേരം കാത്തിരിക്കാം. അന്തരീക്ഷം പെട്ടെന്ന് തന്നെ മാറാം. അതിശക്തമായ കാറ്റാണിവിടെ. നമ്മളെ തന്നെ പറപ്പിച്ച് കൊണ്ടുപോകാൻ ശേഷിയുള്ള കാറ്റ്.

മലമണ്ടയിലൂടെ ഒരു കിലോമീറ്റർ നടന്നാൽ എവറസ്റ്റ് വ്യൂ ഹോട്ടലായി; ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള സ്റ്റാർ ഹോട്ടൽ. 13000 അടി ഉയരത്തിൽ. യുനെസ്കോ ലോക പൈതൃകമായി പ്രഖ്യാപിച്ചിട്ടുണ്ട് ഈ ഹോട്ടലിനെ. കല്ലിലും തടിയിലും തീർത്ത മനോഹര സൃഷ്ടിയാണിത്. ഹോട്ടലിലെ എല്ലാ കിടപ്പുമുറികളിൽ നിന്നും റെസ്റ്റോറൻ്റുകളിൽ നിന്നും എവറസ്റ്റ് കാണാൻ പറ്റുമത്രേ. മൂടൽമഞ്ഞ് മാറിയെങ്കിലും മേഘങ്ങൾ പൂർണ്ണമായി മാറാത്തതിനാൽ ഞങ്ങൾക്ക് എവറസ്റ്റ് ദൃശ്യമായില്ല.ഓപ്പൺ റെസ്റ്റോറൻ്റിൽ നിന്ന് ഒരു ചിക്കൻ സൂപ്പ് കഴിച്ചു. വില 510 രൂപ. അത്ര കൂടുതലായി തോന്നിയില്ല. ഇങ്ങനെയുള്ള മലമണ്ടകളിൽ പള്ളികളും അമ്പലങ്ങളുമാണ് സാധാരണ മനുഷ്യർ ഉണ്ടാക്കാറ്. ഇതൊരു വ്യത്യസ്തതയാണ്.

തിരിച്ചിറക്കത്തിന് ഇടയിൽ മഴയെത്തി. ശക്തമായ കാറ്റും. പോഞ്ചോ ധരിച്ചു. നനഞ്ഞ വഴികളിൽ വഴുതി വീഴാതെ വടികുത്തി സൂക്ഷിച്ച് ഇറങ്ങി. ട്രെക്കിംഗിന് വളരെ ഉപകാരിയാണ് ട്രെക്കിംഗ് പോൾ. നമ്മൾ മലയാളികൾക്ക് പൊതുവെ വടികുത്തി നടക്കൽ ഇഷ്ടമല്ല. ഒരു പക്ഷേ, വടി കുത്തി നടക്കലിനെ വാർദ്ധക്യവുമായി നമ്മൾ കണക്ക്ട്ചെയ്യുന്നതു കൊണ്ടാവാം. പ്രായം മറച്ചു പിടിക്കാനുള്ള നമ്മുടെ വ്യഗ്രത കാണുമ്പോൾ, വാർദ്ധക്യ ഭീതി കണ്ടമാനമുള്ള ഒരു സമൂഹമാണ് നമ്മുടേതെന്ന് തോന്നിയിട്ടുണ്ട്. വെള്ളക്കാരിൽ ചെറുപ്പക്കാർ പോലും രണ്ട് വടിയും കുത്തിയാണ് നടക്കുന്നത്. ഞാൻ നാട്ടിലെ ചെറിയ ട്രെക്കിംഗുകൾക്കു പോലും വടി ഉപയോഗിക്കാറുണ്ട്.

നനഞ്ഞൊലിച്ചാണ് സാഗർമാതാ മ്യൂസിയത്തിലെത്തിയത്. സാഗർമാതാ നാഷണൽ പാർക്കിനെ പരിചയപ്പെടുത്തുന്ന മ്യൂസിയമാണിത്. കുറെ അറിവുകൾ നമുക്ക് ഇവിടെ നിന്ന് കിട്ടും. മഴയും തണുപ്പും കാരണം അധികനേരം അവിടെ നിൽക്കാൻ തോന്നിയില്ല. ലോഡ്ജിൽ എത്തി. മഴ തോരുന്നില്ല. ഇതു പോലെ മഴ പെയ്താൽ നാളത്തെ ട്രെക്കിംഗ് മുടങ്ങുമോ? നാംചേ വിശദമായി കാണാനുള്ള പദ്ധതി വേണ്ടെന്നു വെച്ച് മുറിയിൽ തന്നെ കൂടി.

ഏപ്രിൽ21 വ്യാഴം

................................


നല്ല തെളിഞ്ഞ പ്രഭാതത്തിലേക്കാണ് ഉണർന്നത്. രാത്രിയിലെപ്പോഴോ മഴ നിന്നിരുന്നെങ്കിലും നനവ് വിട്ടുമാറിയിരുന്നില്ല. നനഞ്ഞ ചെടികളും കൽവഴികളും സൂര്യപ്രകാശത്തിൽ തിളങ്ങുകയാണ്. ഇന്ന് ഡോളേയിൽ എത്തണം.7 മണിക്കൂർ സമയമാണ് പറയുന്നത്. ട്രെക്കിംഗിന് സാധാരണയായി ദൂരമല്ല സമയമാണ് പറയാറുള്ളത്. സാധാരണ കയറ്റിറക്കങ്ങളുള്ള വഴിയാണെങ്കിൽ 2 കിലോമീറ്റർ ഒരു മണിക്കൂറിൽ നടക്കാം. കയറ്റം മാത്രമാണെങ്കിൽ അത് ഒരു കിലോമീറ്ററായി കുറയും. ഇറക്കം മാത്രമാണെങ്കിൽ അത് നാലു കിലോമീറ്റർ വരെ ആവാം. സമയവും ഉയര വ്യത്യാസവും അറിയാമെങ്കിൽ പരിചിതരായ മലകയറ്റക്കാർക്ക് വഴിയെ കുറിച്ച് നല്ല ധാരണ കിട്ടും. 8 മണിക്ക് തുടങ്ങി മൂന്നാലു മണിക്ക് അവസാനിപ്പിക്കാൻ പറ്റുന്ന തരത്തിലാവണം ഹിമാലയ ട്രക്കുകൾ പ്ലാൻ ചെയ്യേണ്ടത്. 8 മണിക്ക് മുമ്പ് മിക്കവാറും കടുത്ത തണുപ്പായിരിക്കും. അതു പോലെ വൈകുന്നേരം തണുപ്പും കാറ്റും ഹൈഓൾറ്റിറ്റ്യൂഡ് പ്രദേശങ്ങളിൽ അധികമുണ്ടാവും. തണുപ്പിനേക്കാൾ കാറ്റാണ് ഇവിടെ കൂടുതൽ പ്രശ്നകാരി. പുല്ലിന്റെ ആവരണമില്ലാത്ത മണ്ണിനെ പറപ്പിച്ചു കൊണ്ടാവും പലപ്പോഴും കാറ്റ്.

നാംചേയിൽ നിന്ന് കുറെ ദൂരം ചെല്ലുമ്പോൾ ഗോക്യോയ്ക്ക് ഇടതു വശത്തേക്ക് വഴി പിരിയുന്നു. പരമ്പരാഗത വഴി താരതമ്യേന എളുപ്പമാണ്. ഒരു ദിവസം കൊണ്ട് തെങ്ബോച്ചേ എന്ന ഗ്രാമത്തിലെത്തും. അവിടെ നിന്ന് അടുത്ത ദിവസം ദിങ്ബോച്ചേ. മൂന്നാം ദിവസം ലുബോച്ചേ. ലബോച്ചേയിൽ ഒരുദിവസം കലാവസ്ഥാനുകൂലന താമസം. അഞ്ചാം ദിവസം ഇ ബി സി യിലെത്താം. സഞ്ചാരികളിൽ ബഹുഭൂരിപക്ഷവും ഈ വഴിയാണ് തിരഞ്ഞെടുക്കാറുള്ളത്. താരതമ്യേന നല്ല വഴിയുമാണത്. അതു മാത്രമല്ല എന്തെങ്കിലും വയ്യാഴിക ഉണ്ടായാൽ ഹെലികോപ്റ്റർ റെസ്ക്യൂ കുറെക്കൂടി എളുപ്പമാണ്. എന്നാൽ ഞങ്ങൾ ഗോക്യോ വഴിയാണ് തിരഞ്ഞെടുത്തത്. ഇ.ബി.സി കഴിഞ്ഞാൽ സാഗർ മാത നാഷണൽ പാർക്കിൽ ഏറ്റവും കൂടുതൽ സഞ്ചാരികളെത്തുന്ന സ്ഥലമാണിത്. ഗോക്യോ തടാകങ്ങളുടെ കാഴ്ചയും ഗോക്യോമുടി കയറ്റവും അപാര അനുഭവങ്ങളാകുമെന്നാണ് കേട്ടിട്ടുള്ളത്. അതിനു ശേഷമുള്ള വഴിയിലാണ് സാഹസികത ഇഷ്ടപ്പെടുന്നവരുടെ ഇഷ്ട സ്ഥലങ്ങളായ ഗോസുംപാ ഗ്ലേഷിയറും ചോലാപാസുമുള്ളത്. അതു കടന്ന് ലുബോച്ചേ എത്താൻ 8 ദിവസമെങ്കിലും എടുക്കും. എന്നു പറഞ്ഞാൽ പരമ്പരാഗത വഴിയേക്കാൾ 5 ദിവസമെങ്കിലും കൂടുതലെടുക്കും. ഗോക്യോ കൊടുമുടി ബേസ് ക്യാമ്പിന് ഒപ്പവും ചോലാപാസ് ബേസ് ക്യാമ്പിനേക്കാൾ ഉയരത്തിലുമാണ്. സാഹസികത മാത്രം പോര ഈ വഴിയേ സഞ്ചരിച്ചാൽ കുറഞ്ഞത് 20000 രൂപയെങ്കിലും അധിക ചിലവുമുണ്ടാകും. അതു കൊണ്ട് ഇന്ത്യൻ സഞ്ചാരികൾ സാധാരണ ഈ വഴി തിരഞ്ഞെടുക്കാറില്ല. ഞങ്ങൾക്കുമുമ്പ് അധികം മലയാളി സഞ്ചാരികൾ ഈ വഴി സഞ്ചരിച്ചിട്ടുണ്ടാവില്ല. എന്തായാലും ഗോക്യോ വഴി പോകാൻ ഞങ്ങളങ്ങ് തീരുമാനിച്ചു.

ഗോക്യോ വഴിയിൽ മല കയറ്റക്കാരുടെ തിരക്ക് തീരെ ഇല്ല എന്നു തന്നെ പറയാം. ഉള്ളതിൽ കൂടുതലും വെള്ളക്കാരുടെ ഗ്രൂപ്പുകളാണ്. പരമ്പരാഗത വഴിയിൽ കണ്ടതുപോലെ പ്രായം കൂടിയവരെ ഈ വഴിയിൽ കാണാനേയില്ല. പരമ്പരാഗത വഴിയിലേതുപോലെ യാക്കുകളുടെ തിരക്കുമില്ല. ഇടയ്ക്ക് പറയട്ടെ, നാംചേ കഴിഞ്ഞാൽ യാക്കുകൾ മാത്രമാണ് ഭാരം വഹിക്കുന്നത്. തലക്കു മുകളിലൂടെ സദാ സമയവും ശബ്ദിച്ചു പറക്കുന്ന ഹെലികോപ്റ്ററുകളും തീരെ കുറവ്.

രണ്ടു മൂന്ന് ഇടത്തരം ചുരങ്ങൾ കയറിയിറങ്ങിയാണ് നടപ്പ്. പൊക്കം കുറഞ്ഞ മരങ്ങളെങ്കിലും കാട് അതീവ മനോഹരം തന്നെ. ഇലകളേക്കാൾ പൂക്കളുമായി നിൽക്കുന്ന കുള്ളൻ റോഡോഡെൻഡ്രോൺ മരങ്ങൾ ഒരുക്കുന്നത് അപാര കാഴ്ചാനുഭവമാണ്. ഇപ്പോൾ വസന്തകാലമാണല്ലോ. വസന്തത്തിലാണ് ഹിമാലയൻ കാടുകൾക്ക് ഏറ്റവും ഭംഗിയുള്ളത്. ഇടയ്ക്ക് ഭൂർജ്ജ മരങ്ങൾ കണ്ടു തുടങ്ങുന്നു. ചിലയിടത്ത് ഭൂർജ്ജക്കാടുകൾ. ട്രീ ലൈൻ തീരുന്നതിന്റെ ലക്ഷണമാണിത്. ഹിമാലയത്തിൽ ഏറ്റവും ഉയരങ്ങളിൽ വളരുന്ന മരമാണിത്. നാട്ടിൽ കൊണ്ടു പോകാനായി മാനസ്വി ഭൂർജ്ജമരത്തൊലികൾ അടർത്തിയെടുത്തു.

ചിലർക്കൊക്കെ ഹൈആൾട്ടി



റ്റ്യൂഡ് പ്രശ്നങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. 12000 അടിക്ക് മുകളിലാണ് ഞങ്ങളിപ്പോൾ. ഉയരങ്ങളിൽ ശീലമില്ലാത്തവർക്ക് സ്വാഭാവികമായും പ്രശ്നങ്ങൾ ഉണ്ടാവും. പ്രത്യേകിച്ച് കേരളത്തിൽ നിന്ന് ചെല്ലുന്നവർക്ക്. ഓക്സിജൻ ലെവൽ അന്തരിക്ഷവായുവിൽ കേരളത്തിലേതിനേക്കാൾ വളരെ കുറവായിരിക്കും ഇവിടെ. അതുപോലെ അന്തരിക്ഷ മർദ്ദവും. അതു കൂടാതെ തണുപ്പും കൂടി വരുമ്പോൾ കാലാവസ്ഥയുമായി പൊരുത്തപ്പെടാൻ ബുദ്ധിമുട്ട് ഉണ്ടാവും. മൂവായിരം മീറ്ററിന് മുകളിൽ ഓരോ ആയിരം മീറ്ററിനും രണ്ടു ദിവസം വെച്ച് അക്ലമറ്റൈസേഷനായി തങ്ങുന്നതാണ് ഏറ്റവും ഉചിതം. നമ്മൾ ചിലവ് കുറക്കാനായി ഇത്തരം ദിവസങ്ങളുടെ എണ്ണം കുറയ്ക്കും. കാലാവസ്ഥാനുകൂലനം ശരിക്ക് നടന്നില്ലെങ്കിൽ പലപല പ്രശ്നങ്ങൾ ഉണ്ടായേക്കാം. തലവേദന, തലകറക്കം, ശ്വാസംമുട്ടൽ, തളർച്ച ഇങ്ങനെ പലതും. ഇതിന്റെ ഏറ്റവും കടുത്ത അവസ്ഥയാണ് എ.എം.എസ് എന്ന അക്യൂട്ട് മൗണ്ടൻസിക്ക്നെസ്. എ.എം.എസ് ബാധിച്ചാൽ അടിയന്തിരമായി താഴെയെത്തിക്കുക മാത്രമാണ് പ്രതിവിധി. ഹെലികോപ്റ്റർ ലഭ്യമായതുകൊണ്ട് ഈ ട്രക്കിനിടെ സാധാരണ വലിയ പ്രശ്നങ്ങൾ ഉണ്ടാവാറില്ല. കഴിഞ്ഞ വർഷം ഞങ്ങൾ കാശ്മീർ ഗ്രേറ്റ് ലേക്ക്സ് ട്രെക്ക് ചെയ്തപ്പോൾ ഞങ്ങളുടെ ഒപ്പം സഞ്ചരിച്ച വേറൊരു ഗ്രൂപ്പിലെ പെൺകുട്ടി എ.എം.എസ് ബാധിച്ച് മരിച്ചതിനെക്കുറിച്ച് ഞാൻ മുമ്പ് എഴുതിയിരുന്നു. കഴിഞ്ഞ വർഷം ഇ.ബി.സി ട്രെക്കിനിടയിൽ പരമ്പരാഗത വഴിയിൽ വെച്ച് ഒരു മലയാളി യുവാവും മരിച്ചതായി കേട്ടിരുന്നു. എ.എം.എസ് ഉണ്ടാവാതിരിക്കാനുള്ള ഏറ്റവും നല്ല മരുന്ന് ഡയമോക്സ് ഗുളികയാണ്. അത് ഹൈഓൾറ്റിറ്റ്യൂഡ് എത്തുന്നതിന് മുമ്പ് മൂന്നു ദിവസമെങ്കിലും തുടർച്ചയായി കഴിക്കുന്നത് നല്ലതാണ്. പിന്നെ നന്നായി വെള്ളം കുടിക്കുക. കാർബോഹൈഡ്രേറ്റ് കൂടുതലുള്ള ആഹാരം കഴിക്കണം. ചോറും ഉരുളക്കിഴങ്ങും ഒക്കെ നല്ലതാണ്. വെളുത്തുള്ളി സൂപ്പും ഇഞ്ചി ഇട്ട ചായയും നല്ലതാണെന്ന് ഷെർപ്പകൾ പൊതുവെ കരുതുന്നു.

വീണ്ടും മലകയറ്റം, ഇറക്കം. ഇടയ്ക്ക് ചില ഹിമമുടികൾ തെളിഞ്ഞുവരും. ചിലപ്പോൾ നോക്കി നിൽക്കുന്നതിനിടയിൽ മേഘങ്ങൾ അവരെ മറച്ചുകളയും. ചെറിയ നീരൊഴുക്കുകൾ, അവയ്ക്കു കുറുകെ ചില ഉരുളൻതടിപ്പാലങ്ങൾ, ചെറിയ ഗ്രാമങ്ങൾ. ഉരുളൻ കല്ലുകൾ അടുക്കി അതിരു തിരിച്ച് കൃഷിയിടങ്ങൾക്ക് വിസ്തൃതി തീരെ കുറഞ്ഞുവരുന്നു. വെളുത്തുള്ളിയും ഉരുളക്കിഴങ്ങുമാണ് കൂടുതലും ഇവിടെ കൃഷിയിറക്കിയിരിക്കുന്നത്. ദൂരെ താഴെ ഞങ്ങൾക്കിന്ന് താമസിക്കേണ്ട ഡോളേ ഗ്രാമം കാണാം. കോശിനദി വളഞ്ഞ് പിരിഞ്ഞ് ഒഴുകുന്നതിനിടയിലെ ചില ഉയർന്ന തുരുത്തുകളിലാണ് അവിടുത്തെ വീടുകൾ കാണപ്പെടുന്നത്.

വൈകുന്നേരം 5 മണിക്കാണ് ഞങ്ങൾ ലോഡ്ജിലെത്തുന്നത്. അത്ര സൗകര്യങ്ങളില്ലാത്ത ഒരു ചെറിയ ലോഡ്ജ്. ഇന്ന് നടന്ന ദൂരം 15 കിലോമീറ്ററെന്ന് ആനന്ദിന്റെ വാച്ചിൽ കാണിക്കുന്നു. ചെന്നപാടെ എല്ലാവരും റെസ്റ്റോറന്റിലെ ചിമ്മിണിക്ക് ചുറ്റും കൂടി. ഞങ്ങൾ മാത്രമാണ് ഇന്ന് ഈ ലോഡ്ജിലുള്ളത്. ഇതുവരെ അനുഭവിച്ചതിൽ ഏറ്റവും കഠിനമായ തണുപ്പാണിന്ന്. വാച്ചിൽ മൈനസ് ഒന്ന് എന്ന് കാണിക്കുന്നു. ഈ യാത്രയിൽ ആദ്യമായി ഇന്ന് 4000 മീറ്ററിന് മുകളിൽ താമസിക്കുകയാണ്. തണുപ്പിന്റെ പ്രശ്നങ്ങളല്ലാതെ ഇതു വരെ കാര്യമായ യാതൊരു പ്രശ്നവും എനിക്കില്ല.

(തുടരും)

**ഡോ.അനില. ഒ**
പയ്യന്നൂർ കോളേജ്, പയ്യന്നൂർ

# വിഷയി, ലിംഗപദവി, അവതരണം: മോഹിനിയാട്ടത്തിലെ സംഘർഷസ്ഥാനങ്ങൾ

കൊട്ടാരത്തിലുംഅമ്പലങ്ങളിലും വീട്ടകങ്ങളിലും അനുഷ്ഠാനത്തിന്റെ ഭാഗമായും അല്ലാതെയും അവതരിപ്പിച്ചിരുന്ന നൃത്തങ്ങൾ   വ്യവസ്ഥാപിതവും ശാസ്ത്രീയവുമായി പരിണമിക്കാൻ തുടങ്ങുന്നത് ദേശീയതാ സങ്കല്പം കലാരൂപങ്ങളെ സ്വാധീനിക്കാൻ തുടങ്ങിയതോടെയാണ്. പലതിന്റെ അംശങ്ങൾ ചേർന്ന്,  ഒരു തരത്തിൽ ഏകമാനത ആർജിച്ച നൃത്തരൂപമായി പരിണമിച്ചവയും സ്ഥാപനവൽക്കരണത്തോടെ ഏറെക്കുറെ ജനകീയമായിത്തീർന്നവയുമാണ്    അവ. പ്രേക്ഷകരുടെ ആസ്വാദന താല്പര്യംരംഗകലകളുടെ വളർച്ചയെനിർണയിക്കുന്ന ഒരു ഘടകമാണ്. നർത്തകിയുടെ  തെരഞ്ഞെടുപ്പുകളെ സ്വാധീനിക്കാൻ ഈ സംവർഗങ്ങൾക്ക്കഴിയും. അരങ്ങുകൾക്കനുസരിച്ച് (അവതരിപ്പിക്കേണ്ട ഇനങ്ങളുടെ) തെരഞ്ഞെടുപ്പുകൾ ആവശ്യമാകുന്നതും അതു കൊണ്ടാണ്. പേര് കൊണ്ട് ഏറെക്കാലം  തളയ്ക്കപ്പെട്ട നൃത്തമാണോ മോഹിനിയാട്ടം. പെൺചലനങ്ങളും പെണ്ണവതരണവും ആരോപിക്കപ്പെട്ട ഈ ഉദാത്തവൽക്കരണം നൃത്തത്തിന്റെ വളർച്ചയ്ക്ക് തടയിട്ടു. ഒരു വിഭാഗം ആസ്വാദകരാൽ നിർമ്മിതമായ വിശ്വാസങ്ങളിൽ നിന്നും സമകാലിക മോഹിനിയാട്ടാവതരണം മോചനം നേടി. എങ്കിലും നൃത്തത്തിന്റെ വിശേഷണങ്ങൾ, നേരായ വ്യാഖ്യാനങ്ങൾ സാമാന്യ വിഭാഗത്തിന്  അന്യമാണ്. ആൺ പെൺ ലിംഗ ഭേദത്തിനപ്പുറമുള്ള, ഒരു നടന പ്രക്രിയയായിമാറുമ്പോൾ മാത്രമേ നൃത്തം എന്ന മാധ്യമം ബൃഹത്തായ ആശയാനുഭൂതിയെ സംവഹിക്കുന്ന ഒരു ഊർജ്ജ കേന്ദ്രമായി മാറുകയുള്ളൂ. കേവല ശരീര രൂപചലനങ്ങൾ പ്രേക്ഷകനെ ഭ്രമിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. നടന വേളകളിൽ രൂപത്തിന്റെ പ്രസക്തി ആശയ മുൾക്കൊള്ളുന്ന ചലന മാത്രമാവുകയും, ചലനം ഊർജ്ജമായി പ്രേക്ഷകനിലേക്ക്  കൈമാറ്റം ചെയ്യപ്പെടുകയും വേണം. അവിടെയാണ് കലയുടെ ധർമ്മം, നിർവ്വഹണം നടക്കുകയുള്ളൂ. നവീകരണത്തിന്റെ ആദ്യ ഘട്ടത്തിൽ സ്വാതിതിരുനാൾ കൃതികളിലെ നായികാ സങ്കല്പങ്ങ



ളെയാണ് നർത്തകി അഭിനയിച്ചിരുന്നത്. തുടർന്ന് ദീർഘകാലം പെൺമനസുകൾക്ക് സമൂഹം കല്പിച്ച വൈകാരിക തലങ്ങളാണ് മോഹിനിയാട്ടത്തിന്റെ കേന്ദ്രപ്രമേയം. അഭിനയത്തിൽ ദുഖം, രതി, ഭാവം മാത്രമേ പാടുള്ളൂയെന്ന് നിഷ്കർഷയിൽ നിന്നും ഭയവും വാത്സല്യവും ഔദര്യം പോലെ അനുവദിക്കപ്പെട്ടു. കാലക്രമേണ മറ്റു ഭാവങ്ങളെ ആവിഷ്ക്കരിക്കാൻ തക്കമുള്ള പ്രമേയങ്ങൾ രചിക്കുകയും അവതരിപ്പിക്കുകയും ചെയ്തു. ശൃംഗാരവും, അതിന്റെ പരിണാമിയായകരുണവും മോഹിനിയാട്ടത്തിന്റെ ബാധ്യതയായിമാറി.

പെണ്ണിന്റെ രൂപത്തെ പെണ്ണത്തത്തിനെ മഹത്വവല്ക്കരിക്കുന്ന വികാരങ്ങളെ  കണ്ട് സംതൃപ്തിയടയുന്ന ആസ്വാദകമനസ്സ് തന്ത്രപൂർവ്വം മെനഞ്ഞെടുത്ത   വിശേഷണമാണ്മോഹിനിയാട്ടത്തിന്റേത്. . ഭരതമുനിയുടെ താണ്ഡവലാസ്യസങ്കല്പങ്ങൾ സമൂഹത്തിന്റെ ആണത്ത പെണ്ണത്ത കാഴചപ്പാടുകളോടെ പരമ്പരയായി കൈമാറ്റം ചെയ്യപ്പെട്ടു. ആധുനികതയോടുകൂടി യുക്തിയെക്കുറിച്ച് സ്വത്വത്തെക്കുറിച്ചു. മനുഷ്യൻ ചിന്തിക്കാൻ തുടങ്ങി .താല്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന സ്ത്രീകളെ സാഹിത്യത്തിലും കലയിലും ചിത്രീകരിച്ചു. സ്ത്രീകളുടെ സാമൂഹിക ഇടപെടലുകൾക്കും പുരോഗതിയുണ്ടായി. ഇത്തരം ഇടപെടലുകൾ സാധ്യമാകുമ്പോഴും സ്ത്രീയുടെ ലാവണ്യത്തെ ഇരിപ്പിനെ, നടപ്പിനെ, സമൂഹം നിർമ്മിച്ചെടുക്കുന്നത്. കരീര കേന്ദ്രീകൃതമായ ഒരു കെട്ടുകാഴ്ചയോടുള്ള ആഭിമുഖ്യമാണ്. കളരിയഭ്യസനത്തിലൂടെ ലഭ്യമാകുന്ന ശരീരഭാഷയും, ചിന്തയിലൂടെ ഉരുത്തിരിയുന്ന  പ്രമേയത്തെ സമകാലികമാക്കി, ആസ്വാദക സമൂഹത്തിനോടു സംവദിക്കുന്ന രീതിയിൽ രംഗാവരണത്തിനനു യോജ്യമാക്കിയുമാണ്  നൃത്തത്തിൽ നവീകരണം സാധ്യമാകുന്നത്. സ്ത്രീ പുംലിംശഹഹമഗഭേദത്തിനപ്പുറമുള്ള .ആത്മംകലർന്ന ഒരു ആശയത്തെ പകരുന്ന മാധ്യമം തന്നെയാണ്. മോഹിനിയാട്ടം. നാട്യശാസ്ത്രത്തിൽ നാലാമധ്യായത്തിൽ താണ്ഡവലക്ഷണം വിശദീകരിക്കുമ്പോൾ നൃത്തത്തിന്റെ ക്രമികമായ ഒരു വികാസം ഉരുത്തിരിയുന്നതായി കാണാം.

ദശരൂപകങ്ങളിൽപ്പെടുന്ന അമൃതമഥനം, സമവാകാരം, ത്രിപുരദഹനം, ഡിമം എന്നിവയുടെ അവതരണവും അംഗഹാരങ്ങളുടെ പ്രയോഗവുമാണ് ശ്ലോകരൂപേണ വിവരിക്കുന്നത്. പ്രകൃതനൃത്തം, നാടൻനൃത്തം, പരിഷ്കൃതനൃത്തം,

അതിന്റെ അനുക്രമമായ വികാസം ഐതിഹ്യരൂപത്തിൽ ഭരതമുനി വിവരിക്കുന്നു. നൃത്തവികാസം കാര്യ കാരണ സഹിതം തിര ക്കഥാരൂപത്തിൽ കാലത്തോടു സംവദിക്കുന്നതരത്തിൽ ഭരതമുനി അവതരിപ്പിക്കുന്നു. ആദിമനൃ ത്തത്തിന്റെ ഉദ്ഭവം മനുഷ്യന്റെ വികാര വിക്ഷോഭങ്ങളിൽ നിന്നാ ണ്. അതിന്റെ ലക്ഷ്യം വികാരങ്ങ ളുടെ ബഹിർസ്ഫുരണമാണ്. അർത്ഥ രഹിത ശബ്ദങ്ങളിലൂടെയും ശരീര ത്തിന്റെ അനിയന്ത്രിത ചലനങ്ങ ളിലൂടെയുമാണ് മനുഷ്യൻ അത്സാ ധ്യമാക്കിയത്. ദശരൂപകങ്ങളിൽ ഒന്നാണ് സമവാകാരം. അതിന്റെ ലക്ഷ്യം ഉത്സാഹമാണ്. വീരരസ പ്രധാനവും .. പന്ത്രണ്ട് കഥാപാ ത്രങ്ങൾ ചേർന്നവതരിപ്പിക്കുന്ന പാലാഴിമഥനമാണ് ഇതിന്റെ പ്രമേയം. പിന്നീടവതരിപ്പിക്കുന്ന ഡിമംത്രിപുരദഹനം കഥയാണ്. പതിനാറ് കഥാപാത്രങ്ങൾ ചേർ ന്ന ഡിമംരൗദ്രരസപ്രധാനമാണ്. നാടൻ നൃത്തങ്ങൾ മുഖ്യമായും വീര സൗദ്രരസങ്ങളെയാണ് അനുഭവ വേദ്യമാക്കുന്നത്. വിശ്രമവേളക ളിൽ ആഘോഷങ്ങളിൽ ചടങ്ങുക ളിൽ അവതരിപ്പിക്കുന്നവയാണ്.

അമൃതമഥനം, ത്രിപുര ദഹനം കണ്ടതിനുശേഷം ശിവൻ സന്ധ്യവന്ദനസമയത്ത് ചെയ്യുന്ന നൃത്തത്തിൽ അംഗഹാരമെന്ന പ്രയോഗത്തെക്കുറിച്ചുവരിക്കുന്നു. അത് പഠിപ്പിക്കുവാൻ തണ്ഡുവിനെ നിയോഗിക്കുന്നു. കരണങ്ങളോട് കൂടിയതാണ് ഈ അംഗഹാര ങ്ങൾ. നൃത്തവും ഗീതവും ചേർന്ന അംഗഹാരത്തിന്റെ അവതര ണത്തിൽ അഭിനയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് സൂചി പ്പിക്കുന്നത്. ക്ലാസിക്കൽ എന്നറി യപ്പെട്ട ശൈലീകരിച്ച പരിഷ്കൃത നൃത്തങ്ങളിൽ ഏകാഹാര്യപാത്ര ങ്ങൾക്ക് പ്രാധാന്യം ഏറെയുണ്ട്. രംഗവേദിപ്രേക്ഷകനിൽ നിന്ന് അകലം പാലിച്ചപ്പോഴാണ് സാ ത്വികാഭിനയം അമൂർത്താനുഭവത ലത്തിലെത്തുന്നത്. ശുദ്ധ നൃത്ത ചലനങ്ങളിൽ അടവുകളിൽ കാല ക്രമേണകൃത്യത വരുത്തുകയും ജ്യ മിതീയരൂപത്തിനനുസരിച്ച് അം ഗോപാംഗങ്ങൾക്ക് സ്ഥാനം നല്കി സൗന്ദര്യവല്ക്കരിക്കുകയും ചെയ്തു. ഏകാഗ്രതയോടെയും പ്രമാണത്തെ പിൻതുടർന്നും ശ്രദ്ധയോടെ പരി ശീലിക്കേണ്ടതായി പരിണമിച്ച പരിഷ്കൃത നൃത്തങ്ങൾ.

തണ്ഡുനൂറ്റിയെട്ട് കരണങ്ങളാണ് അംഗഹാരത്തിൽ പ്രയോഗിച്ചത്. നൃത്തം, യുദ്ധം, ഗതി എന്നിവയുടെ അവതരണത്തിലാണ് കരണങ്ങൾ പ്രയോഗിക്കുന്നത്. അരക്കെട്ടരി കൾ തുടകൾ, മാറ്, പുറം, വയറ് എന്നീ ശരീര ഭാഗങ്ങളെ ചിതമായ സ്ഥാനങ്ങളിലൂടെ ചലിപ്പിക്കണമെ ന്ന് കരണപ്രയോഗത്തിൽ നിർദ്ദേ ശിക്കുന്നു. ഗീതവാദ്യങ്ങളോട്ടുകൂടി യനൃത്താവതരണത്തിൽ കരണം പ്രയോഗിക്കുമ്പോൾ സൂക്ഷ്മത യോടെയുള്ള പരിശീലനം ആവ ശ്യമാണ്.


കരീരം അനന്തസാധ്യതകളുള്ളതാ ണ്. നാട്യശരീരം. അനുഭൂതിയുടെ തലത്തിൽ സംവാദാത്മകമായ ശരീരത്തെയാണ് മുന്നോട്ടുവെക്കു ന്നത്. ആദിമനൃത്തം മനുഷ്യന്റെ വികാരവിക്ഷോഭങ്ങളുടെ ബഹിർ സ്ഫുരണമാണ്. ശരീരത്തിന്റെ അനി യന്ത്രിത ചലനങ്ങളിൽ നിന്നും ശരീരവിന്യാസം ചിട്ടപ്പെടുത്തുന്ന തനുസരിച്ച് ദൃശ്യമാകേണ്ട വികാര വിക്ഷോഭങ്ങൾക്ക് ഭാവവുംരസവും കൈവന്നുകൊണ്ടിരുന്നു. ദേശസം സ്കൃതികൾക്കനുസൃതമായി ഭാവ താളങ്ങൾരൂപപ്പെടുന്ന നൃത്തരൂപ മായി. മോഹിനിയാട്ടവും പരിണമി ച്ചുക്കൊണ്ടിരിക്കുന്ന നൃത്തംതന്നെ യാണ്. അതിന്റെ സാങ്കേതികത ഏതുപ്രമേയത്തെയും സംവേദനം ചെയ്യുന്നതരത്തിൽ വികാസം പ്രാപിച്ചു. ലാസ്യ നൃത്തമെന്ന വിശേഷണത്തിലൊതുക്കിയും മോ ഹിനിയെന്ന നാമകരണത്തിലും ഭൂതകാലകാഴ്ചശീലങ്ങളിലേക്ക് പിൻവലിക്കാനുള്ള ശ്രമങ്ങൾ ഒരു വിഭാഗം ആസ്വാദകരിൽ അദൃശ്യ മായുണ്ട്. മോഹിനിയാട്ടത്തിൽ പുരുഷനർത്തകരുടെ പങ്ക് അവ ഗണിക്കാൻ പാടില്ലാത്തതാണ്. സ്വാതിതിരുനാളിന്റെ കാലത്ത് വേലുനട്ടുവനർനൃത്തം അഭ്യസിപ്പി ച്ചിരുന്നു. റീജന്റ്മഹാറാണിപാർവ്വ തിഭായിയുടെ കാലത്ത് മോഹിനി യാട്ട വിദഗ്ധനായ ഒരു അയ്യപ്പപ ണിക്കർക്ക് ചെലവ് നല്കിയതായി രേഖപ്പെടുത്തീയിട്ടുണ്ട്. കളമൊഴി കൃഷ്ണമേനോൻ, കൈകൊട്ടിക്ക ളി അധ്യാപകൻ അടേക്കാട്ട് കൃഷ്ണപ്പണിക്കരാശാൻ എന്നിവർ നല്ല നൃത്തധ്യാപകരായിരുന്നു. കലാമണ്ഡലം കല്ല്യാണിക്കുട്ടിയ മ്മയുടെ ശിഷ്യനായകലാനിലയം മോഹൻദാസ്, കുമാർ, ജോണിമാ ത്യു, പ്രഗല്ഭരായ മോഹിനിയാട്ട നർത്തകരാണ് ധർമ്മരാജ്, ഗിരി, അബു, ആർ എൽ വി രാമകൃഷ്ണൻ, ഇരിങ്ങാലക്കുട കൃഷ്ണകുമാർ എന്നി വർ.

പുരുഷനർത്തകന്മാർ മോഹി നിയാട്ടം സജീവമായി രംഗത്ത് അവതരിപ്പിക്കുന്നുണ്ട് എന്നത് വാസ്തവമാണ്. ആദ്യകാലത്ത് പുരുഷ വീക്ഷണത്തിലെ സ്ത്രീയുടെ മനോവികാരത്തെ അനുകരിക്കുക മാത്രമാണ്മോഹിനിയാട്ടവതരണ ത്തിലുണ്ടായിരുന്നത്. സ്ത്രീയായാ ലും പുരുഷനായാലും സങ്കേതങ്ങൾ പ്രയോഗിക്കുന്നതിലും അനുകരിക്കു ന്നതിലുമാണ് മികവ് പുലർത്തേ ണ്ടത്. ലാസ്യം സംവേദനക്ഷമ മാക്കുന്നതിൽ പുരുഷനർത്തകർ വെല്ലുവിളികൾ നേരിട്ടേക്കാം ഇങ്ങ നെ വ്യത്യസ്ത ലിംഗപദവികൾ മോഹിനിയാട്ടത്തിന്റെ വ്യത്യസ്ത സാംസ്കാരി പാഠങ്ങൾനല്കുന്നു.

അർജ്ജുനന്റെ ബൃഹന്നളയെപ്പോ ലെ, വിഷ്ണുവിന്റെ മോഹിനിയെ പ്പോലെ എതിർലിംഗമാകാൻ ശേഷിയുള്ള ശരീരബോധം തന്നെ യാണ് നാട്യത്തിലും നൃത്തത്തിലും പ്രധാനം.

സഹായകഗ്രന്ഥങ്ങൾ

1. നാരായണ പിഷാരടി കെ പി (വിവ:) നാട്യശാസ്ത്രം, കേരള സാഹിത്യഅക്കാദമി, 1987
2. കലാമണ്ഡലം ലീലാമ്മ, മോ ഹിനിയാട്ടം സിദ്ധാന്തവും പ്ര യോഗവും, എൻബിഎസ്. 2016
3. കലാമണ്ഡലംസത്യഭാമ, മോഹിനിയാട്ടം ചരിത്രം സി ദ്ധാന്തം പ്രയോഗം, മാതൃഭൂമി ബുക്സ് 2014



**ദിവ്യ എൻ**
കേരളവർമ്മ കോളേജ്, തൃശ്ശൂർ

# ഗൃഹസ്ഥ

ചില നീണ്ട വൈകുന്നേരങ്ങളിൽ
അവൾ ഓർമ്മകളെ പഴയ
അടുക്കളയിൽ നിന്ന്
ചികഞ്ഞെടുക്കാറുണ്ട്.

ഉപ്പിട്ട കഞ്ഞിയിൽ വീണ
ഉരുണ്ട കണ്ണീരിന്റെ നനവിൽ
ജീവിതം തുടിക്കുമ്പോൾ
കൊഴിഞ്ഞു വീണ പഴയ കാലം
അവളെ നോക്കി പിന്നെയും
നിശ്ശബ്ദം ചിരിക്കാറുണ്ട്.

അടുക്കളയിൽ നിന്ന് ഓടി
അലമാരിക്കരികെയെത്തും നേരം
അലക്കി വച്ചിരുന്ന പഴയ സാരിയുടെ
മുഷിഞ്ഞ മണമേറ്റവളുടെ
വിഷാദമേറിയ പകലുകൾ അസ്തമിക്കുന്നത്
അവൾ അറിയാറുണ്ട്.

അന്നേരവും പഴയ
സ്വപ്നങ്ങളെ അവൾ നെഞ്ചോട്
ചേർത്തു പിടിക്കാറുണ്ട്.
അപ്പോഴാരോ പാതിയിൽ എഴുതി നിർത്തിയ
കവിത പോലെയൊരു
പഴയ പ്രണയകാലം
അവളുടെയുള്ളിൽ പിന്നെയും പൂക്കാറുണ്ട്.

**ഡോ. പി. മധു**
KSMDB കോളേജ് ശാസ്താംകോട്ട


# ചോരശാസ്ത്രം : ആഗോളീകരണത്തിന്റെ ചൂഷണശാസ്ത്രം

സാമൂഹിക അനുഭവമണ്ഡലങ്ങളെ സമഗ്രമായി അടയാളപ്പെടുത്തുന്ന സാംസ്കാരിക രൂപമാണ് നോവൽ. ഓരോ കാലഘട്ടത്തിലേയും മനുഷ്യജീവിതം നേരിടുന്ന പ്രതിസന്ധികളെയും സംഘർഷങ്ങളേയും ആന്തരിക വൈരുദ്ധ്യങ്ങളെയും അത് പാഠവൽക്കരിക്കാനാണ് ശ്രമിക്കുന്നത്. 1990കളോടെ കേരളീയ സമൂഹവും അനുഭവമണ്ഡലവും സമൂലമായ മാറ്റങ്ങൾക്ക് വിധേയമായി തുടങ്ങിയിരുന്നു. ആഗോളീകരണമാണ് ഇതിന് വഴിതെളിച്ചതെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. കേരളത്തിൽ പുതിയൊരു സാമൂഹ്യരൂപീകരണം ഇത് സാധ്യമാക്കി. ഒരു നവലോകത്തെയും കാലത്തെയും കുറിച്ചുള്ള സ്വപ്നം പങ്കുവച്ചുകൊണ്ടാണ് ആഗോളീകരണം ആദ്യ രംഗപ്രവേശം ചെയ്തത്. വളരെ താമസിക്കാതെ തന്നെ അത് സമൂഹത്തിൽ സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥയെക്കുറിച്ചുള്ള ഭയവും ഉത്കണ്ഠയും വിമർശനങ്ങളായി ഉയർന്നു വന്നു. ഇന്നത് ഒരു യാഥാർത്ഥ്യമായി നമ്മുടെ ഇടയിൽ അനുഭവപ്പെട്ടു തുടങ്ങിയിരിക്കുന്നു. ഇതിന്റെ പശ്ചാത്തലത്തിലാണ് ഉത്തരാധുനിക സാഹിത്യത്തിന്റെ പിറവി. ദൃശ്യ-വിവരസാങ്കേതിക വിദ്യകളുടെ കടന്നുവരവും പുതിയ ഭാവുകത്വ വ്യതിയാനത്തിന് പ്രേരകമായ ഘടകമാണ്. ആദ്യം സാമൂഹികാനുഭവമായും പിന്നീട് സാംസ്കാരികാനുഭവവുമായാണ് ഉത്തരാധുനികത മലയാളസാഹിത്യത്തിൽ രംഗപ്രവേശം ചെയ്തത്.

ഉത്തരാധുനിക മലയാളനോവൽ സാഹിത്യരംഗത്തെ ശ്രദ്ധേയമായ സാന്നിധ്യമാണ് വി.ജെ. ജയിംസ്. പുതിയ എഴുത്തിന്റെ വ്യാകരണത്തെ രൂപപ്പെടുത്തുന്നതിൽ അദ്ദേഹത്തിന്റെ രചനകൾക്കും മുഖ്യ പങ്കുണ്ട്. നേരത്തെ സൂചിപ്പിച്ച ആഗോളീകരണ പ്രക്രിയ മനുഷ്യജീവിതത്തെയും ചരിത്രത്തെയും കൊണ്ടെത്തിക്കുന്ന പ്രതിസന്ധികളെയും വൈരുദ്ധ്യങ്ങളെയും തുറന്നെഴുതാനാണ് ഉത്തരാധുനികർ ശ്രമിച്ചത്. ആഗോളീകരണത്തിന്റെ സാമ്പത്തിക രാഷ്ട്രീയത്തെയും അതിനു സംഭവിക്കുന്ന തകർച്ചയെയും ദീർഘ വീക്ഷണത്തോടെ

ചർച്ച ചെയ്യുന്ന നോവലാണ് 'ചോരശാസ്ത്രം'. നോട്ടം കൊണ്ട് പൂട്ടു തുറക്കുന്ന വിദ്യയും ഒളിഞ്ഞു കിടക്കുന്ന ധനത്തെ മനസ്സിലാക്കാനുള്ള നിധിജ്ഞാനവും സ്വായത്തമാക്കിയ കള്ളന്റെ കഥയാണിതിൽ അവതരിപ്പിക്കുന്നത്. ചോരവിദ്യയുടെ പ്രായോഗിക സാധ്യതകൾ പരീക്ഷിച്ച് വിജയിച്ച കള്ളൻ വലിയ സമ്പത്തിന്റെ ഉടമസ്ഥനായി വളർന്നു. എന്നാൽ ചോരവിദ്യയുടെ മര്യാദയും വ്യവസ്ഥയും ലംഘിച്ച് പ്രവർത്തിക്കുന്നതിനാൽ അയാൾക്ക് സംഭവിക്കുന്ന അനിവാര്യമായ പതനത്തെ കൂടി അവതരിപ്പിച്ചാണ് നോവൽ അവസാനിപ്പിക്കുന്നത്. നിശ്ചയമായും ഒരു കള്ളന്റെ ഉയർച്ച താഴ്ച്ചകളുടെ കഥയുടെ ആഖ്യാനമായി ഇതിനെ ചുരുക്കി കണ്ടുകൂടാ. വാസ്തവത്തിൽ ബഹുരാഷ്ട്ര കോപ്പറേറ്റുകളുടെ ചൂഷണ രാഷ്ട്രീയത്തെയും നവകൊളോണിയൽ പ്രത്യയശാസ്ത്രത്തെയും സംബന്ധിച്ച സംവാദ സാധ്യത തുറന്നിടാനാണ് നോവലിസ്റ്റ് ശ്രമിക്കുന്നത്.

വാസനാഗുണം അത്രയൊന്നും അവകാശപ്പെടാനില്ലാത്ത ഒരു കള്ളന്റെ കുടുംബത്തിൽ പിറന്നവനാണ് ഇതിലെ നായകൻ. നിത്യ ചെലവിനുവേണ്ടി ഒരു കടയിൽ, മുതലാളിയുടെ പരിഹാസത്തിനും അവഗണനയ്ക്കും പാത്രമായി എടുത്തു കൊടുപ്പുകാരനായി പാർടൈം ജോലി നോക്കി വരികയായിരുന്നു, അയാൾ. ശാസ്ത്രീയമായ കളവുരീതികൾ വശമില്ലാതെ അയാൾ പിന്നീട് കടയിലെ ജോലി ഉപേക്ഷിച്ച് മുഴുവൻ സമയ കള്ളനായി രംഗത്തിറങ്ങി. ഈ സന്ദർഭത്തിലാണ് ചരിത്രാധ്യാപകനായ പ്രൊഫസറുടെ കെണിയിൽ കള്ളൻ അകപ്പെടുന്നത്. ചരിത്രവും പുരാവൃത്തവും ശാസ്ത്രവും പഠിച്ച പ്രൊഫസർ, തന്റെ അന്വേഷണത്തിനിടയിൽ യാദൃശ്ചികമായി ലഭിച്ച ചോരശാസ്ത്രത്തിലെ അറിവുകൾ പരീക്ഷിക്കാനായി ഒരാളെ കാത്തിരിക്കുമ്പോഴാണ് കള്ളന്റെ പ്രവേശം. കളവിനെ മാനസിക സന്തോഷമായി കൂടി കാണുന്നവനാണ് കള്ളനെന്ന്





ബോദ്ധ്യപ്പെടുന്നതോടെ പുതിയ ശാസ്ത്രപഠനത്തിനായി അയാളെ തെരഞ്ഞെടുക്കാൻ പ്രൊഫസർ തീരുമാനിച്ചു. നോട്ടം കൊണ്ട് പൂട്ടുതുറക്കാനും കാണാമറയത്തുള്ള നിധി അറിയാനുള്ള ജ്ഞാനവും ചോര വിദ്യയിലൂടെ അയാൾ ആർജിക്കുന്നു. അതിന്റെ പ്രയോഗ സാധ്യതകളുടെ പരീക്ഷണങ്ങളാണ് പിന്നീട് നടന്നത്. എല്ലായിടത്തും വിജയിക്കുന്ന കള്ളൻ ഏറെ താമസിയാതെ തന്നെ സമ്പന്നനായി മാറുന്നു. എന്നാൽ ധനാർത്തിയാൽ പല ഇടങ്ങളിൽ നിന്നും സ്വന്തം അറയിൽ എത്തിച്ച സമ്പത്ത് മുഴുവനും മറ്റൊരാളാൽ ചോരണം ചെയ്യപ്പെട്ടതായി തിരിച്ചറിയുന്ന കള്ളൻ ആകെ തളർന്ന് വിദ്യ പഠിപ്പിച്ച പ്രൊഫസറെ അന്വേഷിച്ച് എത്തുന്നു. നോട്ടം കൊണ്ട് പൂട്ടുതുറക്കുന്ന വിദ്യ മറ്റാർക്കോ കൂടി പകർന്നു നൽകിയിരിക്കാമെന്ന സംശയവും വിദ്വേഷവുമാണ് അയാളെ ഭ്രാന്തു പിടിപ്പിക്കുന്നത്. "നിന്റെ മോഷണത്തിനരയായ ഓരോരുത്തനും ഇതിലേറെ നഷ്ടദുഃഖവും ഞെരുക്കവും അനുഭവിച്ചിട്ടില്ലേ. അപ്പോൾ നീയനുഭവിച്ചതും പ്രകൃതി നിയമം തന്നെ" (2004:98) എന്ന പ്രൊഫസറുടെ തത്വചിന്ത അവന് തിരിച്ചറിയാനായില്ല. 'തൻ കളവിനു താൻ തന്നെ സാക്ഷിയാവുന്ന കാലത്ത് കളവും നിർത്തണമെന്ന്

ചോരശാസ്ത്രത്തെ ബോധ്യപ്പെടുത്തിയാണ് പ്രൊഫസർ മരിച്ചത്. എന്നാൽ യാദൃശ്ചികമായി അവിടെ വച്ചു തന്നെ മറ്റൊരു നിധി അയാൾക്ക് മുന്നിൽ പ്രത്യക്ഷമാവുകയും അതിനു മുന്നിൽ അധീരനാകുന്ന കള്ളൻ അഗ്നിക്ക് ഇരയാവുകയും ചെയ്യുന്നു. ആധുനിക മുതലാളിത്ത ചൂഷണ രീതികളിൽ നിന്നും മാറി പുതിയ കാലത്തെ സാമ്പത്തിക ചൂഷണ ശാസ്ത്രത്തെ രൂപപ്പെടുത്തുകയും അതനുസരിച്ച് ധനാർജനാർത്തി പൂണ്ട നവമുതലാളിത്തം എത്തപ്പെടാനിടയുള്ള പരീക്ഷണ ഘട്ടങ്ങളെ വിശകലനം ചെയ്യുകയാണ് നോവൽ. ബഹുരാഷ്ട്ര കുത്തകകൾ മുന്നോട്ട് വയ്ക്കുന്ന വിപണി സംസ്കാരവും സാമ്പത്തിക വ്യവസ്ഥയും നേരിടുന്ന ദുരന്തമായി ഇതിനെ വായിക്കാവുന്നതാണ്.

ലോകത്തിന്റെ സമ്പത്ത് അപഹരിക്കുന്നതിനും രാജ്യങ്ങളെ കീഴടക്കുന്നതിനും വേണ്ടിയുള്ള നിരന്തര പ്രയത്നങ്ങൾ എല്ലാ ചരിത്ര സന്ദർഭങ്ങളിലും കണ്ടെത്താം. സ്വത്തിൻ മേലുള്ള അവകാശവും വിനിയോഗവും വ്യക്തിയിലോ രാജ്യത്തിലോ കേന്ദ്രീകരിക്കുവാനും അതിലൂടെ സർവ്വതലങ്ങളിലുമുള്ള അധീശത്വം സ്ഥാപിച്ചെടുക്കാനുമുള്ള മനോഭാവങ്ങൾക്ക് പുരാതനകാലം മുതൽ തന്നെ പ്രബലത കൈവന്നിരുന്നു. അധിനിവേശത്തിനോ ആധിപത്യത്തിനോ വേണ്ട മൂലധനം സമ്പത്തിന്റെ മേലുള്ള അവകാശവു നിയന്ത്രണവുമാണെന്ന് പണ്ടുമുതലെ തിരിച്ചറിയപ്പെട്ടിരുന്നു. പ്രാചീന കലങ്ങളിൽ നടന്നിട്ടുള്ള പടയോട്ടങ്ങളും യുദ്ധങ്ങളും, ആധുനിക കാലത്ത് സംഭവിക്കുന്ന കോളനിവൽക്കരണവുമെല്ലാം നൽകുന്ന പാഠം ഇതിന്റേതാണ്. ആഗോളീകരണം ഇതിന്റെ മറ്റൊരു തലമാണ്. അമേരിക്കയുടെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള നവകോളനീകരണത്തിന്റെ പുത്തൻ പ്രത്യയശാസ്ത്രമായാണ് അത് അവതരിപ്പിക്കപ്പെട്ടത്. ബഹുരാഷ്ട്രകുത്തകകളുടെ താൽപര്യാർത്ഥം ലോകബാങ്കിന്റെയും ഐ.എം.എഫിന്റെയും ഏകാധിപത്യത്തിൻ കീഴിൽ

അതിരുകളില്ലാതെ ഒരു ലോകത്തെ സൃഷ്ടിച്ചെടുക്കാനുള്ള ശ്രമമാണത്. "അതിർത്തി കടന്നുള്ള വ്യാപാരവും സേവനവും വർദ്ധിക്കുന്നതിലൂടെ ലോകവ്യാപകമായി രാജ്യങ്ങൾക്കിടയിലെ സാമ്പത്തിക പരസ്പരാശ്രയത്വം കൂടുന്ന സ്ഥിതിയാണ് അന്താരാഷ്ട്ര നാണ്യനിധിയുടെ നിർവചനത്തിൽ ആഗോളീകരണം. എന്നാൽ ദേശീയ സർക്കാരുകൾക്കോ ജനാധിപത്യ സംവിധാനങ്ങൾക്കോ നിയന്ത്രണമില്ലാത്ത ബഹുരാഷ്ട്ര കോർപ്പറേറ്റ് സ്ഥാപനങ്ങളും ബാങ്കിങ് സ്ഥാപനങ്ങളും നിയന്ത്രിക്കുന്ന ഒരു സാമ്പത്തിക പ്രക്രിയ കൂടിയാണിത്". (പി.കെ. രാജശേഖരൻ, 2006:10) ബൗദ്ധിക സ്വത്തവകാശവും പേറ്റന്റ് പോലുള്ള നിയമവും അതിനായി ഉപയോഗിച്ചു. പ്രൊഫസർ കണ്ടെത്തുന്ന ചോരശാസ്ത്രജ്ഞാനം കള്ളനിലേക്ക് പകരുകയും അതിലൂടെ കള്ളൻ സ്വന്തം നിലവറ നിറയ്ക്കുകയുമാണ് ചെയ്യുന്നത്. ഇവിടെ താളിയോലയിൽ നിന്നും വീണ്ടെടുത്ത ചോരശാസ്ത്രത്തെ സ്വന്തം താൽപ്പര്യത്തിനനുസരിച്ച് പ്രയോഗിക്കാൻ പ്രൊഫസർ ശ്രമിച്ചു. ശാസ്ത്രത്തിന്റെ ജനാധിപത്യ സംസ്കാരത്തെ അപ്രസക്തമാക്കുകയും ശാസ്ത്രജ്ഞാനത്തെ കുത്തകവൽക്കരിക്കുകയും ആണദ്ദേഹം. ബഹുരാഷ്ട്ര കോർപ്പറേഷനുകളുടെ സമീപനവും ഇതിൽ നിന്നും വ്യത്യസ്തമല്ല.

ആഗോളീകരണത്തിന്റെ സാമ്പത്തിക രാഷ്ട്രീയം തികച്ചും ചൂഷണാധിഷ്ഠിതമാണ് എന്ന തിരിച്ചറിവ് ഇതിന്റെ വക്താക്കൾക്ക് തന്നെ ഉണ്ടായിരുന്നു. കളവ് പാപമല്ലേ എന്നും കളവിന് ദൈവം കൂട്ട് നിൽക്കുമോ എന്നുമുള്ള കള്ളന്റെ സംശയങ്ങൾ ഇത്തരത്തിൽ രൂപപ്പെടുന്നതാണ്. എന്നാൽ ഇത്തരം പാപബോധം അനാവശ്യമാണെന്ന നിലപാടാണ് പ്രൊഫസറുടേത്. "പാപം മനസ്സിലാണ്. കളവ് നിനക്ക് പാപമായി തോന്നിയാൽ പാപമായി. മറിച്ച് നിന്റെ കർമ്മമായി കരുതിയാൽ പാപമാകുന്നില്ല" (2004:18). പുതിയ ചൂഷണ സിദ്ധാന്തം കണ്ടെത്തുകയും അതു




പ്രയോഗിക്കാൻ പ്രേരിപ്പിക്കുകയും അതിന്റെ പാപബോധത്തെ നിസാരവൽക്കരിക്കുകയാണ് പ്രൊഫസർ. 'കർമ്മം തന്നെ സാധന. ഓരോരുവനുമുണ്ട് അവന്റേതായ കർമ്മം. എത്ര കണ്ട് അതിൽ മനസ്സർപ്പിക്കുന്നുവോ അത്ര കണ്ട് അതിലവൻ സമർത്ഥനായിത്തീരും. കർമ്മദേവതയെ ഉപാസിച്ച് കർമ്മത്തിൽ തന്നെ ലയിക്കുന്നതു കൊണ്ടാണിത്'" (2004:19) എന്ന് ഗുരു ഉപദേശിക്കുന്നു. ചോരശാസ്ത്രം ഒരു ഗൂഢ വിദ്യയാണെന്ന സൂചന നോവൽ നൽകുന്നുണ്ട്. നിശ്ചിതമായ വ്യവസ്ഥയും മര്യാദയും, ദേവനെയും സങ്കൽപ്പിച്ചു കൊണ്ട് ശാസ്ത്രത്തിന്റെ നിലയിലേക്ക് അതിനെ ഉയർത്തുന്നു. ലോകനന്മയും അതിർത്തികളുടെ മാഞ്ഞു പോകലും ലക്ഷ്യമാക്കി, ലോകത്തെ ഏകരൂപത്തിലേയ്ക്ക് പരിവർത്തിപ്പിക്കാൻ ശ്രമിക്കുന്ന ശക്തികളുടെ രീതിയെയാണിത് ഓർമ്മിപ്പിക്കുന്നത്. മുതലാളിത്തത്തിന്റെ ഉയർന്നഘട്ടം (Late Capitalims) ഉല്പാദിപ്പിക്കുന്ന സംസ്കാരമാണത്. മൂലധനത്തിന്റെ ആഗോളീകരണത്തിലൂടെ ബഹുരാഷ്ട്ര കുത്തകകൾ ലോകത്തെ മുഴുവൻ അവരുടെ അധീശപ്രദേശമാക്കിത്തീർക്കാൻ ശ്രമിക്കുമ്പോൾ മുന്നോട്ടു വയ്ക്കുന്ന യുക്തികളായി അതിനെ വായിക്കാവുന്നതാണ്.

ശാസ്ത്രത്തിന്റെ മഹത്വം കല്പിച്ചു കൊണ്ട് പ്രൊഫസർ അവതരിപ്പിക്കുന്ന വിദ്യ തികച്ചും ജനാധിപത്യവിരുദ്ധവും സാമൂഹിക അസമത്വവും സൃഷ്ടിക്കാൻ ഉപകരിക്കുന്ന ഗൂഢപദ്ധതിയാകുന്നു. സാമ്പത്തിക മേഖലയിൽ പുത്തൻ കൊളോണിയലിസം നടപ്പാക്കുന്നതിൽ സാമ്രാജിത്വ ലോബിയുടെ ഏറ്റവും വലിയ ഉപകരണമായി പ്രവർത്തിച്ച സ്ഥാപനങ്ങളാണ് ലോക ബാങ്കും ഐ.എം.എഫും അത് മുന്നോട്ടു വയ്ക്കുന്ന സാമ്പത്തിക ശാസ്ത്രം തികച്ചും ചൂഷണത്തിന്റെ നിഗൂഢ ശാസ്ത്രമാണെന്ന യാഥാർത്ഥ്യത്തെ അടയാളപ്പെടുത്താനാണ് നോവൽ ശ്രമിക്കുന്നത്.

ചോരശാസ്ത്രം ലംഘിക്കാൻ പാടില്ലാത്ത നിയമങ്ങളും വ്യവസ്ഥകളും മുന്നോട്ടു വയ്ക്കുന്നുണ്ട്. കളവിന്റെ നീതി ശാസ്ത്രത്തോട് കാണിക്കുന്ന സത്യസന്ധത വളരെ പ്രധാനമാണ്. ദേവാലയങ്ങളിലോ ദൈവസാന്നിധ്യമുള്ള ഇടങ്ങളിലോ മോഷണം പാടില്ല. കുട്ടികളുടെ കളി സാധനങ്ങളോ ഉടയാടകളോ മോഷ്ടിക്കരുത്. നാൽക്കാലികളെ മോഷണത്തിൽ നിന്ന് ഒഴിവാക്കുക. പാകം ചെയ്ത അന്നം മോഷ്ടിച്ച് അന്ന നിന്ദ വരുത്തുന്നത് വലിയ ആപത്ത് ക്ഷണിച്ചു വരുത്തുമെന്നും മോഷണശാസ്ത്രം ഓർമ്മിപ്പിക്കുന്നു. മോഷണവിദ്യ നേടുന്നതിലുള്ള പ്രയാസവും അതിന് അനുഷ്ഠിക്കേണ്ട ത്യാഗവും പാലിക്കേണ്ട വ്യവസ്ഥകളും ഗുരുവിൽ നിന്നാണ് കള്ളൻ മനസ്സിലാക്കിയത്. അതോടെ കളവ് തരംതാണ ഇടപാടാണെന്ന അപകർഷതാബോധത്തിൽ നിന്ന് സമൂലം അവൻ വിടുതൽ നേടി. ചോരശാസ്ത്രത്തിന്റെ പിൻ വഴികളിൽ ഒരു പാട് യോഗ്യന്മാരുടെ വിയർപ്പും മസ്തിഷ്ക്കവും വ്യയം ചെയ്യപ്പെട്ടിട്ടുണ്ടെന്ന് അവന് തീർച്ചയായി. ഒന്നുറങ്ങി ഉണരുമ്പോൾ വെറുതെ കള്ളനായിത്തീരുവാൻ ആർക്കും കഴിയുന്നതല്ല എന്നും തിരിച്ചറിഞ്ഞു. നിരന്തരമായ ആലോചനയും പരിശ്രമവും വഴിയാണ് പുത്തൻ സമ്പദ്‌വ്യവസ്ഥ സ്വതന്ത്ര വിപണിയെ പ്രോത്സാഹിപ്പിച്ചു കൊണ്ട്

സമ്പത്തിൻ മേലുള്ള സർവ്വാധിപത്യം ലക്ഷ്യം വയ്ക്കുന്നത്.

ആഗോളീകരണം ഒരു കെണിയാണെന്ന വിചാരം പങ്കുവയ്ക്കാൻ നോവലിസ്റ്റ് ശ്രമിക്കുന്നതായി പറയാം. ചോരശാസ്ത്രജ്ഞാനിയായ പ്രൊഫസറുടെ കെണിയിലാണ് കള്ളൻ ആദ്യം അകപ്പെടുന്നത്. എന്നാൽ ശാസ്ത്രജ്ഞാനം ശരിയായി മനസ്സിലാക്കാനോ അതിന്റെ നിഗൂഢതകളെയും അപകടങ്ങളെയും തിരിച്ചറിയാനോ അയാൾ ശ്രമിക്കുന്നില്ല. ചോരവിദ്യ പകർന്നു കൊണ്ട് പ്രൊഫസർ നൽകുന്ന വാഗ്ദാനങ്ങളും പ്രതീക്ഷകളുമാണ് അയാളെ ആകർഷിച്ചത്. സാമ്പത്തികാർത്തി കള്ളനെ ഇതിന്റെ നിയമങ്ങളെ പാലിക്കാനല്ല ലംഘിക്കാനാണ് പ്രേരണ നൽകിയത്. സോഫിയ മരിയയുടെ കെണിയിൽ വീഴാൻ കാരണം, താൽക്കാലികമായി ഷണ്ഡത്വത്തെ പ്രാപിക്കുന്ന രസവിദ്യ ശീലിക്കാൻ കൂട്ടാക്കാത്തതാണ്. മോഷണത്തെ പ്രതികാരത്തിനായി പ്രയോഗിക്കാൻ പാടില്ലെന്ന നിയമ ലംഘനമാണ് പട്ടരുടെ നിധിതേടി പോകാൻ കള്ളനെ പ്രേരിപ്പിക്കുന്നത്. സ്നേഹം, ബന്ധം എന്നിങ്ങനെയുള്ള മൂല്യങ്ങൾക്ക് വില കല്പിക്കാതെയുള്ള ചൂഷണ മോഹം അയാളെ നിരന്തരം വേട്ടയാടുന്നു.


“ഉള്ളവനിൽ നിന്നല്ലാതെ ഇല്ലാത്തവനിൽ നിന്നും കവരുവാൻ ചോരശാസ്ത്രം അനുവദിക്കുന്നില്ല. അതുകൊണ്ടുതന്നെ കലിയുഗത്തിലെ വേഷം മാറിയ കള്ളന്മാർ ശാസ്ത്രപ്രമാണം തെറ്റിക്കുന്നവരും കഠിന ശിക്ഷയ്ക്ക് അർഹരുമാണ്. അത്തരം ദുഷ്ടന്മാർ പനപോലെ വളർന്നു പൊന്തുമ്പോൾ ഓർത്തു കൊള്ളുക, അവരുടെ കടയ്ക്കൽ കൊത്താനുള്ള മഴുവിനു മൂർച്ചകൂട്ടപ്പെട്ട് കൊണ്ടിരിക്കുകയാണെന്ന്” (2004:34). ഗുരുവിന്റെ നിഗമനം ശരിയായി തീരുന്നു. ഏതൊരു ചൂഷണ ശാസ്ത്രത്തിനും ഏറെ നാൾ നിലനിൽക്കാൻ കഴിയില്ലെന്ന യാഥാർത്ഥ്യത്തെയാണ് നോവൽ അടിവരയിടുന്നത്. ശാസ്ത്രത്തിന്റെ സംഭാവനകൾ വലുതാണെങ്കിലും




ശാസ്ത്രം തന്നെ പല നിലകളിൽ ചോദ്യം ചെയ്യപ്പെടുകയോ സംശയത്തിന്റെ നിഴലിൽ അകപ്പെടുകയോ ചെയ്യും. ചോരശാസ്ത്രം പകർന്നു തരുന്ന അറിവുകളിൽ പ്രധാനം “തൻ കളവിന് താൻതന്നെ സാക്ഷിയാകുന്ന കാലത്ത് കളവ് നിർത്തണം” (2004:97) എന്നതാണ്. എല്ലാം ഒരറയിലേക്ക് മാറ്റുന്ന മോഷണ രീതിക്ക് ഇത്തരം സന്ദർഭങ്ങളിൽ പ്രസക്തിയില്ല. ധനം എവിടെയിരുന്നാലും ഫലം ഒന്നു തന്നെ എന്ന തിരിച്ചറിവിൽ കോർപ്പറേറ്റുകൾ എത്തിയിരിക്കുന്നു. എവിടെയുമുള്ള സ്വത്തിൻമേൽ അവകാശവും അധികാരവും നേടിയെടുക്കാൻ കഴിയുന്നതോടെ അവയെല്ലാം തങ്ങളുടെ ഇടത്തേക്ക് ശേഖരിക്കാൻ കഴിയും എന്നതാണ് പുതിയ സാമ്പത്തിക ശാസ്ത്രത്തിന്റെ യുക്തി. ഇത് പക്ഷേ കള്ളനു തിരിച്ചറിയാൻ കഴിയുന്നില്ല. അതോടെ മോഷണശാസ്ത്രത്തിന്റെ പ്രസക്തിയെ തന്നെ കള്ളൻ സംശയിക്കുന്നു. കള്ളനുണ്ടായ സംശയത്തിന്, എല്ലാ ശാസ്ത്രങ്ങളെക്കുറിച്ചും ഒടുവിൽ ഇങ്ങനെ ചോദിക്കേണ്ടി വരുമെന്ന് പ്രൊഫസർ ഉത്തരം നൽകുന്നുണ്ട്. എല്ലാം നിന്റേതാണെന്ന് തിരിച്ചറിഞ്ഞാൽ ഒരു നിസ്സംഗത കൈവരുന്നു. “ഒരു നിലയ്ക്ക് ഈ ലോകത്തിന്റെ ഏകപ്രശ്നം ഒരു ശിശു മനസ്സിന്റെ അഭാവമാണ്. ദൈവരാജ്യം ശിശുമനസ്സിന് മാത്രം പ്രാപ്തമാണ്. നോക്കൂ, ശാസ്ത്രങ്ങൾക്കും യുക്തികൾക്കും സകല ദാർശനികതകൾക്കുമപ്പുറമാണ് ശിശുമനസ്സ്. എനിക്കിനി ശിശുവായാൽ മതി” (2004:166) എന്ന ഗുരുവിന്റെ തത്വജ്ഞാനത്തെ മനസ്സിലാക്കാൻ കള്ളനാവില്ല. നോട്ടവും അതിലൂടെ കൈവരുന്ന അനുഭവവുമാണ് യഥാർത്ഥ ജ്ഞാനമെന്ന തിരിച്ചറിവിലെത്താൻ കഴിയാത്തതാണ് കള്ളന്റെ വലിയ പരിമിതി. പ്രൊഫസറുടെ അറയിലേക്ക് കള്ളനെ നയിക്കുന്നതും മറ്റൊന്നല്ല. ആഗോളീകരണത്തിന്റേയും കുരുക്കും ശാപവും ഇതുതന്നെ. അതിന് ഏറെ നിലനില്പ് ഉണ്ടാകില്ലെന്ന മുന്നറിയിപ്പ്, കള്ളന് നേരിട്ട അനുഭവത്തിലൂടെ നോവലിസ്റ്റ് ഓർമ്മിപ്പിക്കുന്നു. 2007ൽ ആരംഭിച്ച ആഗോള സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും പൂർണ്ണമായും കരകയറാനോ പരിഹാരം കണ്ടെത്താനോ സാമ്രാജ്യത്വ രാജ്യങ്ങൾക്ക് ഇനിയും കഴിഞ്ഞിട്ടില്ലെന്ന യാഥാർത്ഥ്യത്തെ ഇതോടൊപ്പം മനസ്സിലാക്കാവുന്നതാണ്.

കള്ളന് ശാസ്ത്രപഠനത്തിനുശേഷം പ്രൊഫസർ സമ്മാനിക്കുന്ന നാണയത്തിനും അതിലെ ദ്രാവിഡ രാജാവിനും നോവലിൽ നിർണ്ണായക സ്ഥാനമാണുള്ളത്. കള്ളന്റെ ഓരോ പ്രവർത്തി വിജയത്തിലും നാണയത്തിന്റെ സാന്നിധ്യമുണ്ട്. കള്ളൻ അറിയേണ്ടതും മറക്കുന്നതുമായ ചരിത്ര ബോധമായി നാണയത്തെയും രാജാവിനെയും കാണാം. ധനാന്ധതയിൽ കള്ളൻ മറക്കുന്നത് ചരിത്രത്തെയാണ്. ഈ ചരിത്രബോധനഷ്ടമാണ് കള്ളന്റെ മഹാപതനത്തിന് കാരണം. പിന്നിട്ട പോയ കാലം മനുഷ്യന് നൽകുന്ന മുന്നറിയിപ്പും പാഠവുമാണ് ചരിത്രം. എല്ലാ ചരിത്രവും ഉയർച്ചയും താഴ്ച്ചയും പിന്നീട് പതനവും കാട്ടിത്തരുന്നു. “ഏതൊരു രാജ്യത്തിന്റേയും ചരിത്രത്തിൽ മൂന്നു ദശകങ്ങൾ ഉണ്ടെന്ന് ഒരു രാജാവായ അങ്ങറിയുന്നില്ലേ. ജയം, ജയത്തിൽ നിന്നുരുവാകുന്ന അധികാര ദർപ്പം, തുടർന്നെത്തുന്ന അധപതനം. ഇവൻ ഈ കള്ളൻ ഒരു രാജ്യത്തിന്റെ സുവർണ്ണ കാലഘട്ടം ഭരി

ച്ചകൊണ്ടിരിക്കുകയാണ്. അവനെ അവന്റെ വഴിക്ക് വിട്ടേക്കുക. അവൻ ഉന്മാദത്തോടെ ഭരിക്കട്ടെ" (2004:89) എന്ന് ഹെറോഡോട്ടസ്സ് സ്വപ്നത്തിൽ വന്ന് രാജാവിനോട് ഓർമ്മിപ്പിക്കുന്നതും ഈ ചരിത്രപാഠമാണ്. പതിനാലാം നൂറ്റാണ്ടിൽ നാട്ടുവാണിരുന്ന ദ്രാവിഡ രാജാവിന്റെ ചരിത്രവും ഇതിനു സമാനമായിരുന്നു. ഒരുനാൾ സുഖലോലുപനും കപ്പം കിട്ടുന്ന സാമന്തരാജ്യങ്ങളും പൂർവ്വാധിക ധനം നിറഞ്ഞ ഖജനാവുകളും ഉണ്ടായിരുന്ന ഛത്രപതിയായിരുന്നു അദ്ദേഹം. ഐശ്വര്യത്തിന്റെ ഉച്ചിയിൽ നിൽക്കുമ്പോഴായിരുന്നു പതനം. അങ്ങനെയാണ് ഒരു തസ്ക്കരന്റെ ആജ്ഞാനുവർത്തിയായി മാറിയത്. കള്ളന്റെ ഉയർച്ച താഴ്ചകളെ നിസ്ചയിക്കുന്നതിൽ നാണയം നിർണ്ണായക പങ്കുവഹിച്ചു. കള്ളനും അതിനെ ആശ്രയിച്ചാണ് മുന്നോട്ട് സഞ്ചരിച്ചത്. അറിഞ്ഞോ അറിയാതെയോ ചരിത്രത്തെ ഉൾക്കൊണ്ട് മുന്നേറാൻ അയാൾ ശ്രമിച്ചിരുന്നു, എന്നർത്ഥം. എന്നാൽ പലസന്ദർഭങ്ങളിലും നാണയത്തെ മറക്കുകയോ അത് അയാളിൽ അസഹ്യത ഉണ്ടാക്കുകയോ ചെയ്തിരുന്നതായി മനസ്സിലാക്കാം. ഈ ചരിത്ര നിഷേധമാണ് ഒടുക്കം തസ്ക്കരനെ ദുരന്തത്തിലേക്ക് വലിച്ചെറിയുന്നത്. അറയ്ക്കുള്ളിൽ അകപ്പെട്ട് പ്രതിസന്ധി നേരിട്ടപ്പോൾ ഭാഗ്യപരീക്ഷണത്തിനായി മുകളിലേക്ക് എറിഞ്ഞ നാണയം കാണാൻ കഴിയാത്ത ഇടത്തേക്ക് തെറിച്ചു പോകുകയും അറയിലെ അഗ്നിക്കുള്ളിൽ കിടന്ന് ഉരുകി നാണയം ലോഹം മാത്രമായി മാറുകയും ചെയ്യുന്നു. കള്ളൻ വെന്ത് മറ്റൊരു ചരിത്രപാഠമായി മാറുന്നു. അവന്റെ വഴികളെ തെളിച്ച, മാർഗ്ഗദർശിയായി ഒപ്പം നിന്ന, ഉന്നതിയിൽ എളിയിൽ പാർത്ത നാണയ -ചരിത്ര-നഷ്ടമാണ് അവനെ പതനത്തിലേക്ക് നയിച്ചത്. വാസ്തവത്തിൽ ചരിത്രപാഠങ്ങളെ അവഗണിച്ചുകൊണ്ട് ധനാശയും ചൂഷണവും പ്രത്യയശാസ്ത്രമായി സ്വീകരിച്ച് മുന്നേറുന്ന ആഗോളീകരണ സാമ്പത്തിക ശാസ്ത്രങ്ങൾക്ക് വരാനിടയുള്ള ദുരന്തത്തെ എടുത്ത്



കാട്ടുകയാണ് നോവലിസ്റ്റ്.

"ഒടുവിൽ ഞാനൊരു കടുത്ത വേനലിനെ അറിയുന്നു. ജലാശയങ്ങൾ വറ്റി വരണ്ടപ്പോഴും തന്റെ മാളത്തോടുള്ള മമതയിൽ അതിൽ തന്നെ കഴിഞ്ഞു കൂടാമെന്നു കരുതിയ ഒരു ഞണ്ടിനേയും കാണുന്നു. മാളത്തോട് മമത അധികമായാൽ പിന്നെയെന്ത്, വെയിലിന്റെ രൗദ്രതയിൽ അതിനുള്ളിൽക്കിടന്ന് വെന്ത് നീറി നീറി" (2004:99) അവസാനിക്കുമെന്നതാണ് ചോരശാസ്ത്രത്തിലെ അന്തിമ പൊരുൾ എന്ന് അടിവരയിട്ടുറപ്പിക്കുകയാണ് വി.ജെ. ജയിംസ്.

ഗ്രന്ഥസൂചി


പി.കെ. രാജശേഖരൻ 2006 : ഏകാന്ത നഗരങ്ങൾ

ഡി.സി. ബുക്സ്, കോട്ടയം : വി.ജെ. ജയിംസ്, 2004 : ചോരശാസ്ത്രം, ഡി.സി. ബുക്സ്, കോട്ടയം

**ഡോ. കെ.പി. രാജേഷ്**
എൻ.എസ്.എസ്. കോളേജ് മഞ്ചേരി

# 'വിളി'കളും കേരള സംസ്കാര നിർമ്മിതിയും

*നേരം പുലരും മുമ്പേ കൊറുമ്പി മുത്താച്ചി തെക്കേതണ്ടോറച്ചാലിലൂടെ നിരങ്ങി നിരങ്ങി കുന്നിറങ്ങും. തണ്ടോറപ്പാറേലേക്കുള്ള പോക്കാണ്. പിന്നെ വൈകീട്ടേ തിരിച്ച് കുന്ന് കയറിയിരുന്നുള്ളൂ. തിരിച്ചുവരുമ്പോൾ ചിലപ്പോഴൊക്കെ മടിക്കുത്തിൽ കുറുബാനിയുണ്ടാകും. അത് ഞങ്ങൾക്കാണ്. തണ്ടോറമീത്തലെ എടയിലെത്തിയാൽ അമ്മാമ്പിരാ... അമ്മാമ്പിരാ.. എന്ന് വിളിക്കും. വല്ല്യമ്മയെ കോറുമ്പി മുത്താച്ചി വിളിക്കുന്നത് അങ്ങിനെയായിരുന്നു. വല്ല്യച്ഛനെ അമ്മാമ്പിരാൻ എന്നും. തിരുവ്വേനിച്ചം എന്നും ചിലപ്പോഴൊക്കെ വിളിച്ച് കേട്ടിരുന്നു. വല്ല്യമ്മേടെ പേര് കല്ല്യാണിയമ്മ എന്നായിരുന്നെങ്കിലും കൊറുമ്പി മുത്താച്ചിയും, അവരുടെ മകൻ കണ്ണാളനും മരുമകൾ കന്യായിയും വല്ല്യമ്മയെ അമ്മാമ്പിരാന്നും, തിരുവ്വേനിച്ചം എന്നുമാണ് വിളിച്ചിരുന്നത്. 1980-കളിലെ എന്റെ ഓർമ്മയിൽ നിന്നുള്ള കാര്യങ്ങളാണേ ഇവ. എന്നാൽ കണ്ണാളൻ, കന്യായി എന്നിവരുടെ മക്കളോ, അവരുടെ അടുത്ത തലമുറകളോ വല്ല്യമ്മയെ അമ്മാമ്പിരാന്നോ, തിരുവേനിച്ചമെന്നോ വിളിച്ചിരുന്നില്ല. ഇത്തരം വിളികൾക്ക് അഥവാ അഭിസംബോധനകൾക്ക് ജാതീയമായി സമൂഹത്തെ പല തട്ടുകളിലായി നിലനിർത്തിയതിലും, ജനാധിപത്യ സമൂഹത്തിൽ പോലും മധ്യകാല ജന്മി-കുടിയാൻ സാംസ്കാരിക ചിഹ്നങ്ങൾ അവശേഷിപ്പിക്കുന്നതിലും വലിയൊരു പങ്കുണ്ട്. കേരളത്തിന്റെ സമൂഹചരിത്രത്തിൽ ഇത്തരം വിളികളുടെ സാംസ്കാരിക പരിസരത്തെ അടയാളപ്പെടുത്തിയിട്ടില്ല. ഇത്തരം വിളികളുടെ ചരിത്ര പ്രാധാന്യത്തിലേക്ക് ഒന്ന് വിരല്ചൂണ്ടുകമാത്രമാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. വിശദമായ ഗവേഷണ-പഠനങ്ങൾ ഇതിൽ തല്പരരാകുന്ന ഗവേഷക വിദ്യാർത്ഥികൾക്കായി വിടുന്നു.*

മനുഷ്യർ പരസ്പരമാശ്രയിച്ച് ജീവിച്ചുപ്പൊരുന്ന സാമൂഹത്തിൽ ഓരോരുത്തരുടേയും സ്ഥാനമാനങ്ങൾ ക്രമപ്പെടുത്തുന്നതിലും നിലനിർത്തിപോരുന്നതിലും അഭിസംബോധനകൾക്ക് അഥവാ വിളികൾക്ക് വലിയ പങ്കുണ്ട്. മലയാളികളുടെ വിളികൾക്ക് ജനാധിപത്യ സമൂഹത്തിലും അതിനു മുമ്പുള്ള കൊളോണിയൽ ഫ്യൂഡൽ വ്യവസ്ഥ നിലനിന്ന കാലത്തും സാമ്യതങ്ങളും വ്യത്യാസങ്ങളും തുടർച്ചകളും ഇടർച്ചകളും ഉണ്ടായിട്ടുണ്ട്. കേരളത്തിന്റെ സമൂഹചരിത്രം പരിശോധിക്കുമ്പോൾ ശ്രേണീബദ്ധിതമായി മേൽ-കീഴ് തട്ടുകളായി സമൂഹം വളർന്നുവന്ന കാലം മുതല്ക്ക് വിളികൾ അഥവാ സഹജീവിയെ വിശേഷണം ചേർത്ത് അഭിസംബോധന ചെയ്യുന്ന രീതി ആരംഭിച്ചിട്ടുണ്ട്. രക്തബന്ധ ങ്ങൾക്കനുസരിച്ചും, സാമൂഹ്യ രാഷ്ട്രീയ സ്ഥാനമാനങ്ങൾക്കനുസരിച്ചും, പ്രായവ്യത്യാസങ്ങൾ ക്കനുസരിച്ചും, സ്ത്രീപുരുഷ ലിംഗവ്യത്യാസങ്ങൾക്കനുസരിച്ചും, ജാതികൾ, തൊഴിൽ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, കലാ-കായിക പ്രകടനങ്ങൾ എന്നിങ്ങനെ പലതര സാമൂഹ്യ യാഥാർത്ഥ്യങ്ങൾ രൂപംകൊണ്ടതിനൊക്കൊപ്പമാണ് വിളികൾ രൂപപ്പെട്ടത്. എല്ലാ ചരിത്രകാലഘട്ടങ്ങളിലും മനുഷ്യരുടെ പരസ്പരമുള്ള

അഭിസംബോധനകൾക്ക് അതത് കാലത്തെ സമൂഹ്യ സാംസ്കാരിക നിർമ്മിതിയിൽ ഏറിയ പങ്കുണ്ടെന്നും സമൂഹത്തിന്റെ സംതുലം നിലനിർത്തുന്നതിലും പാരസ്പര്യം പുലർന്നുപോന്ന തിലും ഗണ്യമായ സ്ഥാനം മനുഷ്യർക്കിടയിലെ വിളികൾക്കുണ്ടായിരുന്നെന്നും, ഇന്നും ഉണ്ടെന്നും സൂചിപ്പിക്കാനാണ് ഈ ലേഖനത്തിലൂടെ ശ്രമിക്കുന്നത്.

ഉപജീവനത്തിനായുള്ള വിഭവങ്ങൾ സ്ഥിരമായി ഒരിടത്ത് ഉല്പാദിപ്പിക്കുന്ന വ്യവസ്ഥയിലേക്ക് മനുഷ്യസമൂഹം പുരോഗമിച്ച കാലത്താകും സ്ഥിരമായുള്ള അധിവാസ കൂട്ടങ്ങളും അവർക്കിടയിൽ പാരസ്പര്യങ്ങളും വളർന്നുവന്നത്. ഇന്നേക്ക് ഏതാണ്ട് പതിനായിരം വർഷങ്ങൾക്കാപ്പുറം ജീവിച്ചിരുന്ന നവീനശിലായുഗമനുഷ്യരാണ് കന്നുകാലി വളർത്തലും കൃഷിയും ആരംഭിച്ചത്. ഇത് മനുഷ്യരാശിയുടെ ഇന്നലകളിലെ വിപ്ലവകരമായ മുന്നോറ്റമാണെ ന്നാണ് ആസ്ത്രേലിയൻ ചരിത്രകാരനായ വി. ഗോർഡൻ ചൈൽഡ് (ചരിത്രത്തിൽ എന്ത് സംഭവിച്ചു, മനുഷ്യൻ സ്വയം നിർമ്മിക്കുന്നു) നിരീക്ഷിച്ചത്. സ്ഥിരാധിവാസ കൂട്ടായ്മകൾക്കിടയിലാണ് രക്തബന്ധങ്ങൾക്കനുസൃതമായ കുടുംബ വ്യവസ്ഥകൾ രൂപംകൊള്ളുന്നത്. രക്തബന്ധങ്ങൾക്കകത്തുള്ളവരെ മൂപ്പിളമ നോക്കിയും രക്തബന്ധങ്ങൾക്ക് പുറത്തുമുള്ള സമൂഹത്തെ സ്വന്തക്കാരിൽ നിന്ന് വേർതിരിച്ച് കാണാനും തുടങ്ങിയതുമുതലാകും പരസ്പരമുള്ള അഭിസംബോധോനകൾ രൂപപ്പെടുന്നത്. ചരിത്രപരമായി വിളികൾക്ക് തുടർച്ചകളും ഇടർച്ചകളും കാണാം. രക്തബന്ധങ്ങൾ തീരുമാനിക്കുന്ന വിളികളിൽ പലതും തുടരുന്നുണ്ട്. തായെ അഥവാ അമ്മ, തന്തൈ അഥവാ അച്ഛൻ ഈ രണ്ട് വിളികളും തുടർച്ചയുള്ളതാണെങ്കിൽ, ഏട്ടൻ, ചേച്ചി, മാമൻ, മാമി, അമ്മൂമ, അപ്പൂപ്പൻ തുടങ്ങിയ വിളികൾ കാലത്തിനനുസരിച്ച് മാറ്റങ്ങൾക്ക് വിധേയമാക്കപ്പെട്ട് രക്തബന്ധങ്ങൾക്കപ്പുറത്ത് ഇന്ന് പ്രതിഷ്ഠിക്കപ്പെട്ട വിളികളാണ്. ചരിത്രപരമായി ഇത്തരം വിളികളെ പരിശോധിക്കുമ്പോൾ കാലത്തിനനുസരിച്ചുള്ള അവയുടെ രൂപംകൊള്ളലുകൾക്കും രൂപമാറ്റങ്ങൾക്കും തുടർച്ചകൾക്കും, തുടർച്ചയില്ലായ്മകൾക്കും വിധേയമാകുന്നത് നിരീക്ഷിക്കാൻ കഴിയും.

### ഒന്ന്

കേരളത്തെ കുറിക്കുന്ന എഴുതപ്പെട്ട ചരിത്ര തെളിവുകൾ ലഭിക്കുന്നത് ഏതാണ്ട് ബി.സി.ഇ 300-നും സി.ഇ 300-നും ഇടയിലുള്ള കാലത്താണ്. ഇക്കാലത്ത് കേരളം മലയാള ഭാഷാ ഭൂവിഭാഗമായിരുന്നില്ല, തമിഴകമെന്ന് വിളിച്ചിരുന്ന തമിഴ് ഭാഷാ സാംസ്കാരിക ഭൂമിയുടെ ഭാഗമായിരുന്നു. സംഘസാഹിത്യ കൃതികളെന്ന് പുകഴ്പെറ്റ ആദിമ സാഹിത്യ കൃതികളായ എട്ടുതൊകൈ, പത്തുപാട്ട്, പതിനെൺകീഴ്ക്കണക്ക് എന്നിവയും, തൊല്കാപ്പിയമെന്ന വ്യാകരണ കൃതിയും, മണിമേഖല, ചിലപ്പതികാരം എന്നീ ഇതിഹാസകാവ്യങ്ങളുമാണ് ആദിമ കേരള സമൂഹത്തെപറ്റി പരാമർശിക്കുന്നത്. എട്ടുതൊകൈയിൽ പെട്ട (എട്ടുകൃതികൾ) പതിറ്റുപ്പത്ത് എന്ന കൃതി പത്ത് ചേര രാജാക്കന്മാരെ (ലഭ്യമായ തെളിവിന്റെ അടിസ്ഥാനത്തിൽ പറഞ്ഞാൽ കേരളത്തിലെ ആദിമ ഭരണ വംശമാണ് ചേരന്മാർ) പ്രകീർത്തിച്ച് പാടിയവയും പ്രാചീന കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ വ്യവസ്ഥയെ കുറിക്കുന്നതുമാണ്. കൂടാതെ അകനാനൂറ്, പുറനാനൂറ് കൃതികളും ആദിമ കേരള സമൂഹത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. തമിഴകത്തെ ഭരണവ്യവസ്ഥ രാജഭരണമായിരുന്നെന്നും അതല്ല ഗോത്രമൂപ്പന്മാരുടെ വാഴ്ച യായിരുന്നെന്നും ചരിത്രകാർക്കിടയിൽ രണ്ട് വ്യത്യസ്ഥാഭിപ്രായമുണ്ട്. അതെന്തുതന്നെ യെങ്കിലും ആദി ചേരരുടെ ഔപചാരികമായ അഭിസംബോധനകൾ ഭരിക്കുന്നവനെ ഭരിക്കപ്പെടുന്നവർ വിളിച്ചുപോന്ന ഏറ്റവും പൗരാണികമായ ഭയഭക്തി ബഹുമാന സൂചകമായ വിളികളാണ്. കോ, കോആതൻ കടുങ്കോ, പെരുംകടുങ്കോ, ഇളംകടുങ്കോ, തുടങ്ങിയ വിളികൾ ചേരന്മാരെ കേരളത്തിലെ ആദിമ ഭരണാധികാരികളായി രേഖപ്പെടുത്തുന്നു. മേല്പറഞ്ഞ സാഹിത്യ കൃതികൾക്ക് പുറമെ തമിഴ്നാട്ടിലെ പുകലൂരിൻ നിന്നും, കേരളത്തിൽ വയനാട്ടിലെ എടക്കലിൽ നിന്നും കിട്ടിയ ആദ്യകാല തമിഴ് ബ്രാഹ്മി ലിഖിതങ്ങളിലും ആദിമ ചേരന്മാരുടെ ഔദ്യോഗിക വിളിപ്പേരുകൾ ലഭിച്ചിട്ടുണ്ട് (സി.ഇ. രണ്ട്-നാല് നൂറ്റാണ്ടുകളിലേതാണിവ). കടൽ പിറകോട്ടിയ ചെങ്കുട്ടുവൻ, കളങ്കായ്കണ്ണി നാർമുടിച്ചേരലാതൻ, പൽയാനൈ ചെലൈഴകുട്ടുവൻ എന്നിങ്ങനെയുള്ള അഭിഷേക നാമങ്ങളും ഔദ്യോഗിക വിളിപ്പേരുകളായി ഇക്കാലത്തെ ഭരണകർത്താക്കൾക്കുണ്ടായിരുന്നു. ഗോത്രവംശപരമായി വേന്ദർ, വേളിർ, കീഴാർ എന്നിങ്ങനെ യുള്ള വംശാവലി നാമങ്ങളും വിളിപ്പേരുകളായി ചേരന്മാരുടെ മെയ്കീർത്തി പരത്തി അവരുടെ രാഷ്ട്രീയാധിപത്യം അക്കാലത്തെ സമൂഹത്തിനുമേൽ സ്ഥിരപ്പെടുത്തിയിരുന്നു. രാഷ്ട്രീയമായും, സാമ്പത്തികമായും, സാമൂഹ്യ- സാംസ്കാരികപരമായും ചേരന്മാരുടെ ആധിപത്യം തമിഴകത്തിന്റെ തെക്കുപടിഞ്ഞാറെ അറ്റത്ത് പശ്ചിഘട്ടമലനിരകൾക്കും അറബിക്കടലിനു മിടയിൽ നിലനിർത്താൻ ഇത്തരം അഭിസംബോധനകൾ വലിയ പങ്ക് വഹിച്ചിരുന്നു. സമൂഹത്തിന്റെ മേല്തട്ടും കീഴ്ത്തട്ടും തീരുമാനിക്കപ്പെട്ട വിളികളും അക്കാലത്ത് രൂപപ്പെട്ടിരുന്നു. ഏതാണ്ട് സി.ഇ നാലം നൂറ്റാണ്ടുവരെയുള്ള കാലങ്ങളിലാകാം ബ്രാഹ്മണ കുടിയേറ്റം ദക്ഷിണേന്ത്യയിലേക്ക് ഉണ്ടായിട്ടുണ്ടാകുക. ഇവരുടെ മേൽനോട്ടത്തിൽ നടന്ന വേൾവി എന്നൊക്കെ വിളിച്ചിരുന്ന ബ്രാഹ്മണാചാരങ്ങളിലൂടെ പഴയ ഗോത്രങ്ങളെ രാജകുല ങ്ങളാക്കി ഗോത്രമൂപ്പന്മാരെ ക്ഷത്രിയ വർണ്ണത്തിലേതാക്കി. ഇങ്ങനെ ഗോത്രമൂപ്പന്മാരെ സമൂഹത്തിൽ രണ്ടാം സ്ഥാനത്തേക്ക് അവരോതിച്ച് ഒന്നാം സ്ഥാനം എക്കാലത്തേക്കുമായി ബാഹ്മണർ ഊട്ടിയുറപ്പിച്ചു. സംഘകാലമെന്നും, ചരിത്രാരംഭകാലമെന്നൊക്കെ ചരിത്ര പാഠങ്ങളിൽ പറയുന്ന കാലഘട്ടത്തിലാണ് (ബി.സി.ഇ 500-നും സി.ഇ. 500

-നം ഇടയിലുള്ള കാലം) ഇത്തരത്തിലുള്ള മാറ്റങ്ങൾ കേരളസമൂഹത്തിൽ നടന്നത്. അന്തണർ, പാർപ്പോൻ, നേടിയോൻ, മുനിവർ എന്നിങ്ങനെ പലതരം വിളികളാണ് ബ്രാഹ്മണരെ തമിഴകത്ത് സമൂഹത്തിന്റെ മേൽതട്ടിൽ പ്രതിഷ്ഠിച്ചത്. അതേ സമയം എഴിചിനർ, പുലയർ, അടിയാർ എന്നിങ്ങനെയുള്ള വിളികൾ അടിത്തട്ടിനെയും സൃഷ്ടിച്ചു. കച്ചവടക്കാരെ ചാത്തൻ, വട്ടകൻ, വണികൻ എന്നിങ്ങനെയും വിളിച്ചിരുന്നു. തൊഴിലിനെ സാമൂഹ്യമായി സ്ഥിരപ്പെടുത്തിയത് ഇത്തരം വിളികളായിരുന്നു. പുറത്തുനിന്ന് കച്ചവടത്തിനായി എത്തിയവരെ യവനർ എന്നും വിളിച്ചിരുന്നു. മദ്ധ്യധരണ്യാഴിയിലെ അയോണിയ നദീതീരത്തുനിന്ന് വന്നവർ എന്ന ധ്വനിയാണത്രെ യവനർ എന്നവിളിക്ക് പിന്നിലുള്ളത്. അയോണിയർ എന്നതിന്റെ തമിഴ് വഴക്കമാകും യവനർ. പെരിയാറിന്റെ തീരത്തുണ്ടായിരുന്ന പഴയ മുചിരി പട്ടണത്തേക്ക് (മുസിരിസ്) പൊന്നുമായി വന്ന് കുരുമുളകുമായി തിരിച്ചുപോയിരുന്ന യവനരെക്കുറിച്ച് അകനാനൂറ് 149-ാമത്തെ പാട്ടിൽ പറയുന്നു. യവനർ ലോപിച്ചാണത്തെ പില്ക്കാലത്തെ ജോനകർ ഉണ്ടായത്. സംഘകാല സമൂഹം തൊഴിലിനെ അടിസ്ഥാനപ്പെടുത്തിയുള്ള വിവിധ തൊഴിൽ കൂട്ടങ്ങളുടെ സഞ്ചയമായിരുന്നു. ബ്രാഹ്മണാധിനിവേശത്തിനുശേഷം വർണ്ണസങ്കല്പമനുസരിച്ചുള്ള ജാതി ഘടനയിലേക്ക് ഈ തൊഴില്കൂട്ടങ്ങൾ കാലക്രമത്തിൽ മാറിയതാണ്. ഈ മാറ്റത്തിന്റെ ചരിത്രത്തിന് ഇന്നേക്ക് രണ്ടായിരം കൊല്ലത്തിന്റെ പഴക്കമെങ്കിലും ആരോപിക്കാൻ കഴിയും. എന്നാൽ സമൂഹത്തെ ജാതികളായി വ്യത്യസ്ഥ ശ്രേണികളിലായി പ്രതിഷ്ഠിച്ചത് പലകാലങ്ങളിലായി വന്ന ഉല്പാദന വിതരണ സമ്പ്രദായങ്ങളിലെ മാറ്റങ്ങളാണ്. ജാതികളുടെ മേൽ-കീഴ് സ്ഥാനങ്ങൾ സ്ഥിരപ്പെടുന്നത് അവ ധ്വനിപ്പിക്കുന്ന വിളികൾ സ്ഥിരപ്പെടുന്നതോടെ യാണ്. കാലത്തെ അടയാളപ്പെടുത്തുന്ന വിളികൾ രൂപം കൊള്ളുന്നതും രൂപാന്തരം പ്രാപിക്കുന്നതും അവ നിലനിന്നുപോരുന്ന ഇടങ്ങളെ സാംസ്കാരികമായി ചിട്ടപ്പെടുത്തുന്നുണ്ട്.

**രണ്ട്**

"തന്നൈ കൊൻറു തായയെ കളത്തിരം ചെയ്താരാവതു." അച്ഛനെ കൊന്ന് അമ്മയെ വിവാഹം ചെയ്ത പാപം ചെയ്തവരായി കണക്കാക്കുമെന്ന ശാപവാക്യം ഒൻപതു മുതൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെയുള്ള വാഴപ്പള്ളി പോലുള്ള ചില വട്ടെഴുത്ത് ലിഖിതങ്ങളിൽ കാണാം. അച്ഛനും അമ്മയും രക്തബന്ധങ്ങൾക്ക് പ്രധാന്യം കല്പിക്കുന്ന സമൂഹത്തിനകത്ത് കാലങ്ങളായി നിലനില്ക്കുന്ന രണ്ട് സാമൂഹ്യ സ്വത്വങ്ങളാണ്. അച്ഛനെയും അമ്മയേയും ഉപദ്രവിക്കുന്നവരെ നികൃഷ്ടരായി സമൂഹം എക്കാലവും കാണുന്നു. മധ്യകാല ക്ഷേത്രങ്ങളിലേക്ക് വരുമാനം മുടക്കം കൂടാതെ ഏർപ്പാട് ചെയ്യുന്നതിനും, മണിഗ്രാമം പോലുള്ള കച്ചവടസംഘങ്ങളുടെ സ്വയം ഭരണം നിലനിർത്തുന്നതിനും (താഴെക്കാവ് ലിഖിതം) മേല്പറഞ്ഞ ശാപവക്കുകൾ അധികാരപ്പെട്ടവർ ഉപയോഗിക്കുന്നത് കാണാം. വരുമാനം മുടക്കിയാലോ, അതിക്രമം കാണിച്ചാലോ അവർ മേല്പറഞ്ഞ പാപം ചെയ്തവരായി കണക്കാക്കപ്പെടും. ഈ പ്രയോഗം തന്നെ ഒരു നിയമവ്യവസ്ഥയായി സമൂഹം ഉൾക്കൊള്ളുകയാണ്. അച്ഛൻ, അമ്മ ഈ രണ്ട് വിളികളെ രക്തബന്ധങ്ങൾക്കപ്പുറമുള്ള കാര്യങ്ങൾ നിവൃത്തിക്കുന്നതിനായി മധ്യകാല സമൂഹം ഒരു ഔദ്യോഗിക വ്യവസ്ഥയായി എഴുതിവെച്ചിരുന്നു എന്ന് സൂചിപ്പിക്കാനാണ് ഈ കാര്യങ്ങൾ ഇവിടെ പരാമർശിച്ചത്.

ചരിത്രാരംഭകാലത്തെ പല വിളികളും പില്ക്കാലത്ത് തുടരുന്നുണ്ട്. തുടരാത്തവയും ഉണ്ട്. പുതുതായി രൂപം കൊള്ളുന്നവ അനവധിയായും ഉണ്ട്. ജാതീയമായി മേല്കീഴ് സ്ഥാനം കല്പിച്ച് പലതട്ടുകളിലായി പരസ്പാരാശ്രിത ശ്രേണികളായി കേരള സമൂഹം രൂപംകൊള്ളുന്നത് ഒൻപതാം നൂറ്റാണ്ടുമുതല്ക്കാണ്. ബ്രാഹ്മണർ ശാന്തിക്കാരായും, തന്ത്രികളായും, ഊരാളരായും ക്ഷേത്രകേന്ദ്രീകൃത സമൂഹത്തിനകത്ത് ഒന്നാമതായി സ്ഥിരപ്പെടുത്തപ്പെടുന്നു. നാടും ദേശവും വാഴുന്നവർ ബ്രാഹ്മണരെ ഭൂമിയും മറ്റും ദാനം ചെയ്ത് കുടിയിരുത്തി തങ്ങളുടെ രാഷ്ട്രീയ മേല്ക്കോയ്മ വർണ്ണാശ്രമ സങ്കല്പമനുസരിച്ച് സ്ഥാപിക്കുന്നു. നാട്-ദേശവാഴികളെ ക്ഷത്രിയരാക്കി വാഴിച്ച് വർമ്മൻമാരാക്കി വർണ്ണസങ്കല്പമനുസരിച്ച് രണ്ടാമതായും, രാഷ്ട്രീയമായി ഒന്നാമതായും ബ്രാഹ്മണർ സൃഷ്ടിച്ചെടുക്കുകയാണ്. അരപ്പൻകുഞ്ഞി (കിനാലൂർ ലിഖിതം) എന്ന കുറുമ്പ്രനാട് രാജാവ് കുഞ്ഞിക്കുട്ട വർമ്മനാകുന്നത് (തിരുനെല്ലി, കുളത്തൂർ ലിഖിതങ്ങൾ) ഇപ്രകാരമാണ്. രാജാവ് തന്റെ ഉടമസ്ഥതയിലുള്ള കീഴ്ക്കാട്ടിൽപോഴ ചേരിക്കൽ ഭൂമി തിരുനെല്ലി ക്ഷേത്രത്തിലേക്ക് (വൈഷ്ണവികളായ ബ്രാഹ്മണർക്ക്) ദാനം ചെയ്തതിന്റെ പ്രതിഫലമായാണ് അരപ്പൻകുഞ്ഞിയെന്നവർ കുഞ്ഞിക്കുട്ടവർമ്മനാക്കപ്പെട്ടത് എന്ന് സാരം. രാഷ്ട്രീയപരമായും സാംസ്കാരികപരമായും ബ്രാഹ്മണരും, ക്ഷത്രിയരും കേരളത്തിൽ ആധിപത്യം ഉറപ്പിക്കുന്നത് മധ്യകാലത്തെ പ്രത്യേകതയാണ്. രണ്ടാം ചേര രാജാക്കന്മാരായിരുന്ന രാജശേഖരൻ, ഭാസ്കര രവി, ആദിത്യൻ കോത തുടങ്ങിയവരും വർമ്മൻ എന്ന വിളിപ്പേര് ഔദ്യോഗിക അഭിസംബോധനകളായി ഉപയോഗിച്ചിരുന്നു.

ക്ഷേത്രങ്ങൾക്കകത്തും പുറത്തുമുള്ള തൊഴിലുകൾ ചെയ്തിരുന്നവർ പല പേരുകളി ലായാണ് വിളിക്കപ്പെട്ടത്. വിളികൾ തലമുറ കൈമാറി തുടർച്ചയായി വിളിക്കപ്പെടുന്നതോടെ അവയൊക്കെ ജാതികളായി സമൂഹത്തിൽ സ്ഥിരപ്പെടുത്തപ്പെടുന്നു. തൊഴില്കൂട്ടങ്ങളെ അഭിസംബോധന ചെയ്യുന്ന വിളികൾ സ്ഥിരപ്പെടുമ്പോഴാണ് അവ ജാതികളായി പ്രതിഷ്ഠിക്ക പ്പെടുന്നത്. ശാന്തിക്കാർ, തന്ത്രികൾ, നമ്പൂതിരി/ നമ്പൂരി, പൊതുവാൾ, വാര്യർ, മാരാർ തുടങ്ങിയ വിളികൾ ജാതികളായി പരിണമിക്കുകയാണ്. മേല്ജാതികൾക്ക് ജാതിപ്പേര് വിളികൾ സമൂഹ്യമായ പുകഴ്ച്ച



ളാണെങ്കിൽ, കീഴ്ജാതികൾക്ക് അത് ഇക്കൂകളാണ്. ജാതിപ്പേർ വിളികൾ സമൂഹത്തെ മേൽ-കീഴ് തട്ടുകളിൽ മാനസികമായി സ്ഥിര പ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്കാണ് പറ്റിയിരുന്നത്.

ക്ഷേത്ര-ബ്രഹ്മസ്വം ഭൂമികളിലും, നാടുവാഴുന്നവരുടെ ഭൂമികളിലും കൃഷി നടത്തിയ ഇടനിലക്കാരായ കർഷകപ്രമാണിമാരുണ്ടായിരുന്നു. ഇവരെ കാരാളർ എന്നും കൃഷി ചെയ്യാനായി ഇവർക്കുള്ള അവകാ ശത്തെ കാരാണ്മെ എന്നും വിളി ച്ചിരുന്നു. കാരാളർ സ്ഥാനികളാ യിരുന്നു. കാരാണ്മെ അവകാശം ലഭ്യമായ കാലത്തോളം മാത്രമെ കാരളർക്ക് നിലനില്പ്പുണ്ടയിരുന്നു ള്ളു. അതുകൊണ്ടുതന്നെ കാരളർ എന്ന വിളിപ്പേർ ജാതിയായി പരിണമിച്ചിട്ടില്ല. ഒൻപതുമുതൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെയുള്ള രണ്ടാം ചേരന്മാരുടെ കീഴിലെ നാടുവഴികളുടെ പടയാളികളായ നൂറ്റവർക്കൂട്ടങ്ങൾ (മുന്നൂറ്റവർ, അഞ്ഞൂറ്റവർ എന്നിങ്ങനെ) പന്ത്രണ്ടാം നൂറ്റാണ്ടിനുശേഷമുള്ള ചരിത്ര തെളിവുകളിൽ കാണുന്നി ല്ല. പടയാളികളായ സ്ഥാനികൾ പിന്നീട് വിളിക്കപ്പെട്ടത് നായർ എന്നായിരുന്നു. പതിനൊന്നാം നൂറ്റാണ്ടിലെ നെടുമ്പുറം തളി ലി ഖിതത്തിലാണ് നായർ പ്രത്യക്ഷ പ്പെടുന്നത്. സ്ഥാനപ്പേര് വിളികൾ തലമുറകൈമാറി തുടരുന്നതോടെ അവ സാമൂഹ്യമായി ഒരു ജാതിഗ ണത്തിലായി പരിഗണിക്ക പ്പെട്ടു ന്നു. ജാതികൾ രൂപംകൊള്ളുന്നത് ജാതിവിളികൾ തുടർന്നതുകൊണ്ട് മാത്രമാണ് എന്ന് വാദിക്കാനല്ല ഇവിടെ ശ്രമിക്കുന്നത്. മറിച്ച് വിളികൾ ജാതികളെ സമൂഹമനസു കളിൽ മേൽ-കീഴ്ക്രമത്തിൽ അടയ ളപ്പെടുത്തി നിലനിർത്തി എന്നത് പ്രാധാന്യത്തോടെ ഉൾക്കൊള്ളേ ണ്ടതുണ്ട് എന്ന് പറയുകയാണ്.

പന്ത്രണ്ടാം നൂറ്റാണ്ടിന് ശേഷമുള്ള കേരളം ജാതീയമായി കൂടുതൽ കാർക്കശ്യം വെച്ചുപുലർത്തിയ സമൂഹമായിരുന്നു. ശുദ്ധാശുദ്ധ സങ്കല്പങ്ങൾ ജാതികളെ മേല്കീഴ് സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുന്ന തിൽ വലിയസ്വാധീനം ചെ ലുത്തിയ കാലം. പരസ്പരമുള്ള അഭിസംബോധാനകൾക്ക് പ്രദേ ശികമായിതന്നെ വഴക്കങ്ങളും, കീഴ് വഴക്കങ്ങളും രൂപംകൊണ്ടത് ഇക്കാലത്തായിരുന്നു. തമ്പുരാൻ/ തമ്പ്രാൻ, തമ്പായി, വാഴുന്നോർ എന്നിങ്ങനെ രാഷ്ട്രീയമേല്ക്കോ യ്മയെ അഭിസംബോധനചെയ്യാൻ പലവിളികളും രൂപംകൊണ്ടു. നാട്-ദേശവാഴികളുമായി ബന്ധ പ്പെട്ട് അധികാരസ്ഥാനത്ത് പലസ്ഥാനപ്പേരുകളും വാഴിക്ക പ്പെട്ടു. സൈനിക ചുമതലയിൽ പെട്ടവർ നായന്മാരും, കളരി മുതലായ ആയോധനകലകൾ കൈവശമാക്കിയവർ കുറുപ്പന്മാ രും, പണിക്കന്മാരുമൊക്കെയാ യി. കണക്കെഴുത്തുകാർ പിള്ള, മേനോൻ, മേനോക്കി എന്നീ വിളിപ്പേരുകളിൽ സമൂഹത്തിൽ സ്ഥാനികളായി സ്ഥിരപ്പെടുത്തപ്പെ ട്ടു. സ്ഥാനികൾ ഭരിക്കുന്നവരോട് ചേർന്ന് നില്ക്കയാൽ അവരൊക്കെ സവർണ്ണ വിളികൾക്കും സാമൂഹ്യ സ്ഥാനങ്ങൾക്കും അർഹരായി. സ്ഥാനം കല്പിക്കുന്ന ഉയരം സാമൂ ഹ്യമായി അവർക്ക് കരഗതമായത് വിളികൾ/അഭിസംബോധനകൾ തലമുറകൈമാറി സമൂഹം ഏറ്റെ ടുത്തതുകൊണ്ടാണ്. ജാതിയുടെ അടിസ്ഥാനത്തിലാണ് വ്യക്തികൾ ക്ക് പേര് നല്കപ്പെട്ടിരുന്നത്. കീ



ഴ്ജാതികാർക്ക് സവർണ്ണസ്വഭാവമു
ള്ള പേരുകൾ വിളിക്കാൻ സമൂഹം
അനുവദിച്ചിരുന്നില്ല. ശൈവ-
വഷ്ണവ ദൈവിക പാരമ്പര്യത്തി
ലുള്ള പേരുകൾ സവർണ്ണ ജാതി
സമൂഹത്തിനുമാത്രം കല്പിക്കപ്പെട്ടവ
യായിരുന്നു. നവഗ്രഹങ്ങളും അവ
യുടെ പര്യായങ്ങളുമൊക്കെ വ്യക്തി
നാമങ്ങളായി ഉപയോഗിക്കാനുള്ള
കുത്തക സവർണ്ണസമൂഹത്തിന്
മാത്ര മായിരുന്നു. ഉദാഹരണത്തി
ന് ഭാസ്കരൻ, രവി, ആദിത്യൻ,
രാജശേഖരൻ, അച്യുതൻ, കൃഷ്ണൻ,
ഗോപാലൻ, രാമൻ, ലക്ഷ്മി, പാർവ്വ
തി, ഉമ, മഹേശ്വരി, സരസ്വതി തു
ടങ്ങിയ പേരുകൾ സ്വീകരിക്കാൻ
സവർണ്ണ വിഭാഗങ്ങൾക്ക് മാത്രമെ
ജനാധിപത്യ പൂർവ്വ സമൂഹത്തിൽ
കഴിഞ്ഞിരുന്നുള്ളൂ. അതേ സമയം
അവർണ്ണരായി കണ്ട ജനസമൂഹ
ത്തിന്റെ പേരുകൾ കുപ്പ, ബേരൻ,
വെള്ളൻ, തെയ്യോൻ, കണ്ണാളൻ,
കണ്ടൻ, കോരൻ, പൊലിയായി,
കനിയായി, കുപ്പച്ചി, അര്യായി
തുടങ്ങിയവയായിരുന്നു. പേരിടലി
ലുള്ള ഈ വേർതിരിവ് അവസാ
നിച്ചത് ജനാധിപത്യവ്യവസ്ഥ
പുലർന്നതിന് ശേഷം മാത്രമാണ്.

കേരളത്തിൽ 1950-കൾ വരെയൊ
ക്കെ ഒരാളുടെ പേര് തന്നെ അയാ
ളുടെ അഥവാ അവരുടെ ജാതിയെ
കുറിക്കുന്ന തരത്തിലായിരുന്നു
ഉണ്ടായിരുന്നത്. പ്രാദേശികമാ
യി തന്നെ ഇക്കാര്യം കൂടുതൽ
പഠനവിധേയമാക്കേണ്ടതുണ്ട്
എന്നുകൂടെ ചേർക്കട്ടെ. മധ്യകാല
സമൂഹ്യ-രാഷ്ട്രീയ സ്ഥാനങ്ങളെ
സമൂഹം മാനസികമായും ശാരീരി
കമായും (മേൽ-കീഴ് സ്ഥാനങ്ങളെ
വണങ്ങാനായി ഓരോ സമൂഹവും
കല്പിച്ച ശരീര വഴക്കങ്ങൾ) ഉൾ
ക്കോള്ളുന്നതിൽ അഭിസംബോധ
നകൾക്കും, ജാതിയുടെ അടിസ്ഥാ
നത്തിൽ വിളിക്കപ്പെട്ട വ്യക്തിനാമ
ങ്ങൾക്കും ഗണ്യമായ പങ്കുണ്ട്.

പുലം എന്നാൽ പഴയ സംഘകാല
പാരമ്പര്യത്തിൽ കൃഷിഭൂമി എന്നാ
ണർത്ഥം. മെൻപുലം, വൻപുലം,
വിയൻപുലം എന്നിങ്ങനെ ഭൂമിയു
ടെ കാർഷിക രീതിയനുസരിച്ച്
നിലങ്ങളെ തിരിച്ചിരുന്നു. മെൻപു
ലമെന്നാൽ നീർനില വയൽ കൃ
ഷിഭൂമി, വൻപുലം പറമ്പ്-താഴ്‌വര
കാർഷിക ഭൂമി, വിയൻപുലം
വരണ്ടുപോകുന്ന കാർഷിക ഭൂവിഭാ
ഗങ്ങൾ എന്നിങ്ങനെ. പുലത്തിൽ
പണിയെടുക്കുന്നവർ അക്കാലത്ത്
പുലയൻ/പുലയർ എന്നാണ് അറി
യപ്പെട്ടത്. പിൽക്കാല കേരള സമൂഹ
ത്തിൽ പുലയർ വലിയ കാർഷിക
തൊഴിൽ കൂട്ടമായി. ഒൻപതാം
നൂറ്റാണ്ടിനുശേഷമുള്ള ലിഖിതങ്ങ
ളിൽ പുലയരും, ആൾ, അടിയാർ
എന്നിങ്ങനെ പലപേരുകൾ അടി
സ്ഥാന കാർഷിക തൊഴിൽ കൂട്ട
ങ്ങളെ കുറിക്കുന്നതിനായി പ്രത്യ
ക്ഷപ്പെടുന്നുണ്ട്. ഇവരെ ഭൂമിയോ
ടൊപ്പം കൈമാറ്റം ചെയ്യുന്നതായാ
ണ് തൃക്കാക്കര ക്ഷേത്രലിഖിതവും
മറ്റും രേഖപ്പെടുത്തിയിട്ടുള്ളത്. ഭൂമി
യുടെ മേൽ അവകാശം സ്ഥാപിച്ച്
രാഷ്ട്രീയ-സമൂഹ്യ മേല്ക്കോയ്മ
നേടിയവർ പുലയരെ ആൾ, ആള
ടിയാർ എന്നിങ്ങനെയുള്ള വിളിക
ളാൽ തങ്ങൾക്കടിമപ്പെട്ടവരായി
മാറ്റി. സാമ്പത്തികവും-രാഷ്ട്രീയ
പരവുമായ മേല്ക്കോയ്മ കളാണ്
സാമുഹ്യസ്ഥാനങ്ങളുടെ ശ്രേണി
കൾ തീർക്കുന്നത്. ജാതികളും
അവയ്ക്കൊത്ത ശുദ്ധാശുദ്ധ
സങ്കല്പനങ്ങളും രൂപപ്പെടുത്തിയ
തോടെ അടിസ്ഥാന തൊഴിൽ
വിഭാഗങ്ങളെ ജാതിപ്പേർ വിളിച്ച്
കീഴ്സ്ഥാനം സാമൂഹ്യമായി ഉറ
പ്പിക്കുകയാണ്. നമ്മുടെ നാടിന്റെ
അടിസ്ഥാന കാർഷിക തൊഴിൽ
കൂട്ടമായിരുന്ന പുലയനെ ചെറുമ
നായും/ ചെറുമിയായും മധ്യകാല
കേരള സമൂഹം വിളിക്കുന്നതോടെ
അവരുടെ സ്ഥാനം സമൂഹത്തിന്റെ
അടിത്തട്ടിലേക്ക് അക്കാലത്തെ
സമൂഹം സ്ഥിരപ്പെടുത്തുകയാ
ണ്. അവരെ മേൽശ്രേണിയുടെ
ആശ്രിതരായി സാമ്പത്തികമായും
-സാമൂഹ്യമായും അടിമപ്പെടുത്തി.
മേല്സ്ഥാനങ്ങളെ അഭിസംബോ
ധന ചെയ്യാനുള്ള കീഴ്‌വഴക്കങ്ങളും
വിളികളും ചിട്ടപ്പെടുത്തപ്പെട്ടു.
അതിന്റെ തുടർച്ചയാണ് കൊറുമ്പി
മുത്താച്ചിയുടെ തിരുവേനിച്ചവും
അമ്മാമ്പിരാനും വിളികൾ. തൊഴി
ലപരമായി കൊറുമ്പി മുത്താച്ചിയും,
വല്ല്യമ്മയും വയലിൽ പണിയെ
ടുക്കുന്ന പണിയാളുകളായിരുന്നു.
പക്ഷെ ജനാധിപത്യ സമൂഹത്തി
ലും അവരെ സ്ഥിരപ്പെടുത്തിയത്
ജാതീയമായ ശ്രേണിയിൽ
തന്നെയായിരുന്നു. വല്ല്യമ്മ കൊ
റുമ്പ്യേ എന്നും അവരുടെ മക്കളേ

ചെറുമൻ, ചെറുമി എന്നൊക്കെയാണ് വിളിച്ചിരുന്നത്. ജനാധിപത്യത്തിൽ മൂന്ന് പതിറ്റാണ്ടുകളും, ഫ്യൂഡലിസം എന്ന വ്യസ്ഥ നിയമം മൂലം നിരോധിച്ചിട്ട് ഒന്നര- രണ്ടു പതിറ്റാണ്ടുകളും പിന്നിട്ട കേരള സമൂഹം 1980-കളിലും നമ്മുടെ സമൂഹത്തെ ജാതീയമായി തന്നെ തളച്ചിട്ടതിന്റെ ഒരുദാഹരണം മാത്രമാണിത്. ജാതീയമായുള്ള മേല്കീഴ് സ്വഭാവ വൈകൃതം ഇന്നും കൈമുതലാക്കിയവരെ കണ്ടേക്കാം എന്നിരിക്കിലും സാമൂഹ്യമായി ജാതിപ്പേർവിളികൾ മാറ്റി ജനാധിപത്യരീതി വിളികൾക്ക് കൈവന്നതാണ് വലിയൊരു സാമൂഹ്യ മാറ്റത്തിന് നിദാനമായത്.

## മൂന്ന്

കൊറുമ്പി മുത്താച്ചിയെന്ന എന്റെ വിളി എഴുത്തിൽ മാത്രമാണ്. അങ്ങനെ ഞങ്ങൾ അവരെ വിളിച്ചിരുന്നതായി ഓർമ്മയിലില്ല. 1980-കളിൽ കൊറുമ്പിയെന്ന് വിളിക്കാൻ മാത്രമെ സമൂഹം ഞങ്ങൾ കുട്ടികളോടു പോലും പറഞ്ഞിരുന്നുള്ളൂ. പ്രായം കൊണ്ട് ഞങ്ങളുടെ മുത്താച്ചിയേക്കാളും പ്രായമുണ്ടായിരുന്ന അവരെ ഇന്ന് മുത്താച്ചിയെന്നേ വിളിക്കാൻ കഴിയുകയുള്ളൂ. ഇവ രണ്ടും രണ്ട് കാലഘട്ടങ്ങളുടെ സാമൂഹ്യാവബോധമാണ്. കൊറുമ്പി മുത്താച്ചിയുടെ മക്കളെയും ഞങ്ങൾ പേരാണ് വിളിച്ചിരുന്നത്. എന്നാൽ കൊറുമ്പി മുത്താച്ചിയുടെ മക്കളുടെ മക്കളെ ഞങ്ങൾ ഏട്ടൻ (ജേഷ്ഠൻ), ഏച്ചി (ചേച്ചി/ജേഷ്ഠത്തി) എന്നാണ് വിളിച്ചത്. 1980-90 കളിലാണ് ഞങ്ങൾ ജീവിച്ചിരുന്ന പേരാമ്പ്രയെന്ന കോഴിക്കോട് ജില്ലയിലെ പ്രദേശത്ത് രക്തബന്ധത്തിന് പുറത്തുള്ള വയസിൽ മൂത്തവരെ ജാതി നോക്കാതെ ഏട്ടൻ, ഏച്ചി എന്നിങ്ങനെ വിളിച്ചുതുടങ്ങിയിട്ടുണ്ടാകുക. മുസ്ലിം സമുദായത്തിലുള്ളവരെ ഇക്കാ, താത്ത/ഇത്ത എന്നിങ്ങന്നേയും, ക്രിസ്ത്യൻ സമുദായക്കാരെ ചേട്ടൻ, ചേട്ടത്തി എന്നിങ്ങനേയും വിളിച്ചു തുടങ്ങിയത്. 1990-കൾക്ക് ശേഷമുള്ള തലമുറ ഒരു പടികൂടെ വളർന്ന് അമ്മയ്ക്കൊപ്പം വയസുള്ളവരെ അമ്മായെന്നും, (അച്ഛൻ അത്ര പൊതുവായതല്ല) മാമിയെന്നും, മാമനെന്നും (അമ്മാവൻ, അമ്മായി എന്നിവയുടെ പുതിയ രൂപങ്ങൾ), അപ്പൂപ്പൻ, അമ്മൂമ, മുത്തശ്ചൻ, മുത്തശ്ശി എന്നിങ്ങനെ വിളിക്കുന്ന രീതി സമൂഹം കൈക്കൊണ്ടു. അത്യാധുനികമായി ബ്രോ (ബ്രദർ) എന്നും മറ്റും സമപ്രായക്കാർ പരസ്പരം അഭിസംബോധന ചെയ്യുന്നതും സർവ്വസാധാരണമായി. ഇന്ന് മേൽ-കീഴ് സ്ഥാനങ്ങൾ കല്പിക്കുന്ന വിളികൾ ഔദ്യോഗികകമായി ഓഫീസുകളിലും മറ്റ് മേൽ-കീഴ് സ്ഥാനങ്ങൾ തൊഴിലിൽ നിലനില്ക്കുന്ന ഔദ്യോഗിക ഇടങ്ങളിലും നിലനില്ക്കുന്നവ മാത്രമാണ്. സർ, മാഡം തുടങ്ങിയ വിളികൾ ഇത്തരത്തിൽ പെട്ടതാണ്. അത് ഉദ്യോഗസ്ഥതലത്തിൽ മാത്രം സ്ഥാപിക്കപ്പെട്ടവയാണ്. ഓഫീസിന് പുറത്ത് അത് തുടരുന്നുണ്ടെങ്കിലും, നിർബന്ധമായും സമൂഹം കല്പിക്കുന്ന നിലയില്ല. അദ്ധ്യാപകരെ മാഷ് എന്നും, അധ്യാപികമാരെ ടീച്ചർ എന്നും വിളിച്ചിരുന്ന രീതി മാറിത്തുടങ്ങി. ഇന്ന് സർ/മാഡം/മിസ്സ് എന്നിങ്ങനെയുള്ള വിളികൾ സ്ഥിരപ്പെട്ട് തുടങ്ങിയിട്ടുണ്ട്. ചുരുക്കത്തിൽ ജാതിശ്രേണിയിൽ തളച്ചിട്ടിരുന്ന മധ്യകാല സമൂഹത്തിന്റെ ഭൂതത്തെ തുരത്തി ജനാധിപത്യ ബോധമുള്ള സമൂഹത്തെ പുലർത്തുന്നതിൽ ഏട്ടൻ, ചേച്ചി, മാമൻ/മാമി, അമ്മ, അപ്പൂപ്പൻ, അമ്മൂമ, മുത്തശ്ചൻ, മുത്തശ്ശി വിളിക്കൾക്ക് കഴിയുന്നുണ്ട്. ജാതി ബോധത്തിന്റെ ചങ്ങലയിൽ തളച്ചിട്ടിരുന്ന ജനാധിപത്യ പൂർവ്വസമൂഹത്തിന്റെ സാമൂഹ്യാവബോധത്തെ മാറ്റിയെടുത്തതിലും മാറ്റിയെടുക്കുന്നതിലും ഇത്തരം വിളികൾക്ക് വലിയ പങ്കാണ് പറ്റാനുള്ളത്.

## ചുരുക്കം

കോളോണിയൽ വ്യവസ്ഥ രാഷ്ട്രീയമായും- സാമ്പത്തികമായും വലിയമാറ്റങ്ങൾക്ക് വിധേയപ്പെട്ടപ്പോഴും സാമൂഹ്യമായി മധ്യകാല ജാതി സമവാഖ്യങ്ങൾ അങ്ങനെ തന്നെ തുടരുകയാണു ചെയ്തത്. മിഷണറിമാരുടെ പ്രവർത്തനങ്ങളും ഇംഗ്ലീഷ് വിദ്യാഭ്യാസ സമ്പ്രദായങ്ങളും പിന്നീടുണ്ടായ നവോത്ഥാന പ്രസ്ഥാനങ്ങളുമൊക്കെ ജാതീയമായുണ്ടായിരുന്ന സമൂഹ്യ വ്യവസ്ഥകൾക്ക് ഇളക്കം സൃഷ്ടിച്ചിരുന്നെങ്കിലും ഉന്മൂലനം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ജന്മി-കുടിയാൻ സാമൂഹ്യവ്യവസ്ഥയെ നിലനിർത്തിയത് മേൽ-കീഴ് സ്ഥാനങ്ങൾ കല്പിച്ചിരുന്ന ശുദ്ധാശുദ്ധ സങ്കല്പനങ്ങളാൽ കെട്ടിപ്പെടുത്ത ജാതി വ്യവസ്ഥയായിരുന്നു. കേരളത്തിൽ ജനാധിപത്യരീതിയിൽ ഭരണത്തിൽ വന്ന ഇ.എം.എസ് മന്ത്രിസഭ 1960-70-കളിലായി ഫ്യൂഡലിസത്തിന്റെ സാമൂഹ്യ-സാമ്പത്തിക വേരുകൾ നിയമം മൂലം അവസാനിപ്പിച്ചെങ്കിലും സാംസ്കാരികമായി കേരളം ജാതിസ്വഭാവത്തിൽ നിന്നും എളുപ്പത്തിൽ മുക്തമായിരുന്നില്ല. സാംസ്കാരികമായി കേരളത്തെ ജനാധിപത്യ അവബോധത്തിലേക്ക് കൈപിടിച്ചുയർത്തു ന്നതിലും ജനാധിപത്യവ്യസ്ഥ പുലർത്തുന്നതിലും മലയാളിയുടെ മേൽ-കീഴ് ശ്രേണീ ബോധമില്ലാത്ത പാരസ്പര്യം അനിവാര്യമാണ്. കൊളോണിയൽ കാലത്തിനു ശേഷവും ജാതിയും മതവും കേരള സമൂഹത്തിൽ ഔദ്യോഗികമായി നിലനിർത്തപ്പെട്ടു. അതിന്റെ കറുത്ത നിഴലുകൾ പരക്കാതെ നിർത്തുന്നതിൽ ജനാധിപത്യാവബോധം പ്രസരിപ്പിക്കുന്ന ചേട്ടൻ,ചേച്ചി തുടങ്ങിയ വിളികൾക്ക് സാധിക്കുന്നുണ്ട്. വിളികൾ അഥവാ അഭിസംബോധനകൾ കാലത്തിനനുസരിച്ച് രൂപം കൊള്ളുന്നവയാണ്. സമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ മാനങ്ങൾക്കനുസരിച്ചാണ് അവ രൂപംകൊള്ളുന്നത്. കേരളത്തിന്റെ സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ ഇത്തരം വിളികൾക്ക് എല്ലാ ചരിത്രഘട്ടങ്ങളിലും ഗണ്യമായ സ്ഥാനങ്ങളുണ്ട്. നമ്മൾ പരസ്പരം അഭിസംബോധന ചെയ്യുന്ന വിളികൾക്ക് പിന്നിൽ അതിസങ്കീർണ്ണമായ സമൂഹ രൂപീകരണത്തിന്റെ ചരിത്രം മറഞ്ഞു കിടപ്പുണ്ടെന്ന് ചുരുക്കം. ഇവ പ്രാദേശികമായി അന്വേഷിച്ച് വിശകലനം ചെയ്യപ്പെടേണ്ടതാണെന്ന ഗവേഷണപ്രശ്നം ഉന്നയിച്ചുകൊണ്ട് ചുരുക്കുന്നു.

**ഡോ. ആതിരാ നന്ദൻ**
എൻ എസ് എസ് കോളേജ് മഞ്ചേരി


# കഥകളിയിലെ രംഗശരീര നിർമ്മിതി

സാമൂഹിക മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കേരളീയ സമൂഹത്തിനൊപ്പം വളർന്നു വന്ന ഒരു കലാരൂപമാണ് കഥകളി. പ്രത്യക്ഷത്തിൽ പൊതുജനത്തിനപ്രാപ്യമായ കലയാണെന്ന് തോന്നുമെങ്കിലും ക്ഷേത്രമതിലുകൾക്ക് പുറത്ത് അരങ്ങുകളിൽ കളിക്കുന്നതിനാലും മണിപ്രവാള ഭാഷ ഉപയോഗിക്കുന്നതിനാലും, ലോകധർമ്മിയുടെയും നാട്യധർമ്മിയുടെയും സങ്കലനത്തിനാലും വലിയ ഗ്രഹിതക്കാരുടെ മാത്രമല്ല, സാധാരണ ജനങ്ങളുടെ മനസ്സിലും കഥകളിക്ക് സ്ഥാനം നേടാൻ കഴിഞ്ഞു എന്നത് നിസ്തർക്കമാണ്. മെയ്യ് കണ്ണാക്കിയുള്ള കളരിപ്പയറ്റിന്റെ അഭ്യാസരീതികളും നാട്യശാസ്ത്രാധിഷ്ഠിതമായ നടന രീതികളും ചേർന്ന് കഥകളിക്കാരുടെ രംഗശരീരം നിർമ്മിക്കുന്ന പ്രക്രിയ ഏറെ സൂക്ഷ്മവും അത്യന്തം കഠിനവുമാണ്.

ഒരു വ്യക്തിയുടെ ശരീരഭാഷ അയാളുടെ/അവളുടെ വ്യക്തിത്വത്തിന്റെ ഭാഗമായിട്ടാണ് കാണപ്പെടുന്നത്. ഒരു വ്യക്തിയുടെ പ്രവർത്തനങ്ങളോടനുബന്ധിച്ച് ഉണ്ടാവുന്ന സ്വഭാവികമായ ശരീരചലനങ്ങൾ കുടുംബവും, വിദ്യാഭ്യാസ സ്ഥാപനങ്ങളും, മതങ്ങളും, സമൂഹവും ചേർന്ന് വിലയിരുത്തുകയും അവയെ സാമൂഹിക പരികൽപനകൾക്ക് ചേരുന്ന വിധത്തിൽ ആക്കിത്തീർക്കുകയും ചെയ്യാറുണ്ട്. ഈ തീരുമാനങ്ങൾക്കനുസൃതമായ സാമൂഹിക ക്രമങ്ങളാണ്  നിലനിന്നു വരുന്നത്. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന വാർപ്പുമാതൃകകൾ ഓരോ വ്യക്തിയുടെയും ബോധത്തിൽ അലിഞ്ഞു ചേരുകയും, ശാരീരിക ചലനങ്ങൾ ക്രമപ്പെടുത്തപ്പെടുകയും ചെയ്യുന്നു.

ഒരു വിദ്യാർത്ഥി കഥകളി അഭ്യാസം തുടങ്ങുന്നതോടെ ആ വിദ്യാർത്ഥിയുടെ ശരീരം അന്നുവരെ അനുവർത്തിച്ചു പോന്നിരുന്ന ശരീരഭാഷ അൽപാൽപമായി പുനർരചിക്കപ്പെടുന്നു. ഈ രചന ബോധപൂർവ്വമായും അബോധപൂർവ്വമായും നടക്കുന്നു. ഈ രംഗശരീര നിർമ്മിതി ഒരാളുടെ ദൈനംദിന ജീവിത ചലനങ്ങളെ വരെ ഒരു പരിധി വരെ സ്വാധീനിക്കുന്നതും കാണാം. ഇരിപ്പിലും, നടപ്പിലും, സംസാരിക്കുമ്പോഴും ഉള്ള അവനവന്റെ ശരീര നിലകൾ ഓരോരുത്തരും ബോധപൂർവ്വം ക്രമീകരിക്കുകയും ആശാന്മാരുടെ ഇടപെടലിനാൽ മാറ്റിത്തീർക്കുകയും ചെയ്യുന്നു. രംഗശരീരം ഒരാളുടെ സൂക്ഷ്മചലനങ്ങളിൽ വരെ ദൃശ്യമാവുന്നു. പലപ്പോഴും കഥകളി കലാക്കാരന്മാരെ ആൾക്കൂട്ടത്തിൽ നിന്ന് തിരിച്ചറിയുന്നതായി ആളുകൾ പറഞ്ഞു കേട്ടിട്ടുള്ളത് ഈ രംഗശരീര രചന കൊണ്ടു കൂടിയാവാം. കഥകളിയിലെ രംഗശരീര നിർമ്മിതി രണ്ടു ഘട്ടങ്ങളായിട്ടാണ് നടക്കുന്നത്. ആദ്യഘട്ടം ശരീരഘടനാ നിർമ്മിതിയും, രണ്ടാം ഘട്ടം പ്രയോഗ നിർമ്മിതിയുമാണ്.

ശരീര ഘടനാ നിർമ്മിതി: ഓരോ വിദ്യാർത്ഥിയുടെയും ശാരീരിക ഘടനക്കനുരൂപമായുള്ള ശരീര ഘടനാ നിർമ്മിതിയാണ് കളരിയിൽ നടക്കുന്നത്. ഉഴിച്ചിലും അതിനോടനുബന്ധിച്ചുള്ള മറ്റ് അഭ്യാസമുറകളും ഈ പ്രക്രിയയെ സഹായിക്കുന്നു. താൻ ഉഴിയുന്ന വിദ്യാർത്ഥിയുടെ ശരീരത്തിന്റെ ബലവും ബലഹീനതകളും മനസ്സി



ലാക്കുന്ന ആശാൻ അതിനനുസരിച്ചുള്ള അഭ്യാസമുറകൾ ആ വിദ്യാർത്ഥിയെ പരിശീലിപ്പിക്കുന്നു. നട്ടെല്ലിന്റെ അടിഭാഗത്തിന് കൂടുതൽ വായു കൊടുത്തുകൊണ്ടാണ് എല്ലാ അഭ്യാസമുറകളും പരിശീലിപ്പിക്കുന്നത്. ഒരു കഥകളി കലാകാരന്റെ/കലാകാരിയുടെ ശരീരം കഥാപാത്രങ്ങൾക്കനുസരിച്ചുള്ള ശരീരഭാഷ ഉൾക്കൊള്ളാൻ പാകത്തിൽ പരുവപ്പെടുത്തിയെടുക്കൽ ഏറെ ശ്രമകരമായ ഒന്നാണ്. ഒരു ശരീരത്തിൽ നിലനിന്നിരുന്ന ശരീരഭാഷ പൂർണ്ണമായും മായ്ച്ചുകളഞ്ഞ് എന്നാൽ ആ ശരീരത്തിന്റെ പ്രത്യേകതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയൊരു ഭാഷ അതിൽ എഴുതപ്പെടണം. മെയ്യുറപ്പടവുകൾ, കാൽ സാധകം, കണ്ണുസാധകം, ചുഴിപ്പുകൾ എല്ലാം ഈ ശരീരഭാഷയെ ഒരു വിദ്യാർത്ഥിയുടെ ശരീരത്തിൽ എഴുതിച്ചേർക്കുന്നു, ഉറപ്പിക്കുന്നു.

പ്രയോഗ നിർമ്മിതി: കഥകളിയിലെ അരങ്ങു വഴക്കങ്ങൾ കൂടുതൽ സങ്കീർണ്ണമാണ്. ചൊല്ലിയാട്ടത്തിലൂടെ, കഥാപരിചയത്തിലൂടെ, നൃത്ത നൃത്യനാട്യ സങ്കേതങ്ങളിലൂടെ അവ കഥകളിക്കാരുടെ ശരീരത്തിന് സ്വാധീനമാവുന്നു. അവയവങ്ങൾ പ്രയോഗസമയത്ത് ഊർജ്ജം കേന്ദ്രീകരിക്കുകയും പതുക്കെ വിട്ടയക്കുകയും ചെയ്യുന്നു. ശരീരത്തിന്റെ ഒരു ഭാഗവും പ്രയോഗസമയത്ത് അയച്ചിടുന്ന രീതി രംഗ ശരീരത്തിനില്ല. ഊർജ്ജം കൃത്യമായ അളവിൽ പിടിച്ചു വച്ച് വിട്ടയക്കണം. താളത്തിന്റെ ഓരോ മാത്രയും ഇവിടെ പ്രധാനമാണ്. താളാത്മകമായി ഭാവാനുരൂപമായി രംഗശരീര പ്രയോഗങ്ങൾ നടത്താൻ ചുരുങ്ങിയ അഭ്യാസകാലയളവ് പോര, കളരിയോടൊപ്പം അരങ്ങുകളും ഇതിനു പരിശീലനം നൽകുന്നു. ശരീരം ഉപയോഗിക്കുന്ന ഊർജ്ജം– അത് ഒരു മുദ്ര കാണിക്കുന്നതിനോ കലാശമെടുക്കുന്നതിനോ ആയിക്കൊള്ളട്ടെ – മിതമായ അളവിൽ ആയില്ലെങ്കിൽ ദൈർഘ്യമുള്ള രംഗങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അനുഭവം ഉണ്ടാകയില്ല. രംഗത്ത് വെറുതെ നിൽക്കാൻ വരെ ഈ ഊർജ്ജപദ്ധതി അറിഞ്ഞിരിക്കണം. രംഗശരീരം പ്രയോഗസമയത്ത് ആഹാര്യത്തെക്കൂടി ആശ്രയിക്കുന്നതായ



തുകൊണ്ട് കഥകളിക്കോപ്പിന്റെ സ്വഭാവം, കെട്ടുകളുടെ സ്ഥാനം മുറുക്കം എന്നിവയും പ്രധാനമാണ്. അരങ്ങത്തുപയോഗിക്കുന്ന മിതമായ സാധനങ്ങൾ - ആയുധങ്ങൾ, ഇരിപ്പിടം - എന്നിവ കൈകാര്യം ചെയ്യുന്നതിലും രംഗശരീരം കൃത്യമായി ശീലങ്ങളുണ്ടാക്കണം. കഥകളിയിലെ വാചികാഭിനയത്തിനും, ആംഗികാഭിനയത്തിനും, സാത്വികാഭിനയത്തിനും, സഹായിക്കുന്ന കൊട്ടും പാട്ടും (പാട്ടുകൾ, ചെണ്ട, മദ്ദളം, ഇടയ്ക്ക, ചേങ്ങില, ഇലത്താളം) രംഗശരീരത്തിന്റെ പ്രയോഗത്തിന് ദൃശ്യശ്രാവ്യാനുഭവം പകരുന്നതാണ്. തൗര്യത്രികത്തിന്റെ സത്ത രംഗശരീരത്തിൽ അലിഞ്ഞുചേരുമ്പോൾ അരങ്ങനുഭവം തികയുന്നു. ഒരാളുടെ ശരീരഘടന കാഴ്ചഭംഗി നിശ്ചയിക്കുമ്പോൾ പ്രയോഗരീതി ആ കാഴ്ച്ചക്ക് കൂടുതൽ അനുഭവം നൽകുന്നു. രംഗശരീരത്തിന്റെ പൂർണ്ണതയിലേക്കുള്ള യാത്രയാണ് ഓരോ അരങ്ങും. സാത്വികാഭിനയത്തിന്റെ സമയത്ത് ഒരു കലാകാരന്റെ/കലാകാരിയുടെ മനസ്സിലുള്ള ശരീരബോധം ഈ രംഗശരീരത്തിന്റെയാണ്. പ്രയോക്താവിൽ നിന്ന് കഥാപാത്രത്തിലേക്കും തിരിച്ചുമുള്ള യാത്രാമദ്ധ്യേ ലഭിക്കുന്ന ഒരു മാത്രയിലാണ് അവതരണം പൂർണ്ണമാകുന്നത്. ഈ യാത്ര ലളിതമാവുന്നത് രംഗശരീര നിർമ്മിതിയോടെയും കൃത്യമായ ഉപയോഗത്തിലൂടെയുമാണ്.

കഥകളിയിലെ രംഗശരീര നിർമ്മിതി കാലക്രമത്തിൽ രൂപപ്പെട്ടു വന്നതാണ്. ഈ കലാരൂപത്തിന്റെ ആദ്യകാല പ്രയോഗങ്ങളിൽ ഇപ്പോൾ കാണുന്ന രീതിയിലുള്ള പരിഷ്കൃതവും സങ്കീർണ്ണവുമായ ഒരു പദ്ധതി ഉണ്ടായിരുന്നില്ലെന്നു തന്നെ പറയാം. അനവധി പഠനങ്ങളും അനുഭവസാക്ഷ്യങ്ങളും ഇതിനെ ശരി വക്കുന്നു. രൂപം കൊണ്ടതു മുതൽ അതാതു കാലങ്ങളിൽ കഥകളിയുടെ പ്രയോക്താക്കളും പ്രോത്സാഹകരും കഥകളിയെ, കഥകളിയിലെ രംഗശരീരഭാഷയെയും പ്രയോഗങ്ങളെയും പരിഷ്കരിച്ചു വന്നു. ഇന്നും ഈ പ്രക്രിയ തുടരുന്നു. പഴയ രീതിയിലുള്ള കളരികളുടെയും പാഠ്യക്രമങ്ങളുടെയും അഭാവത്തിൽ രംഗശരീര ഭാഷയിൽ പുതിയ പ്രയോഗങ്ങളും ശൈലികളും ചേർക്കപ്പെടുന്നത് സ്വാഭാവികം.

അരങ്ങുവഴക്കങ്ങൾ ചെറുതായി മാറുന്നതിനനുസരിച്ച് കാഴ്ചയുടെ വഴക്കങ്ങളും മാറുന്നു. തിരിച്ചുമാവാം.രംഗശരീര നിർമ്മിതിയിൽ കാണികളുടെ പങ്കും ചെറുതല്ല. ഒരു പ്രയോക്താവിന്റെ പ്രയോഗമികവ് നിശ്ചയിക്കുന്നത് കാണികളാണല്ലോ. ഈ ബോധത്തോടെ അരങ്ങിൽ പ്രവർത്തിക്കുന്ന ഒരു രംഗ ശരീരത്തിന് ആ ശരീര ഭാഷ കൈവിട്ട് പ്രവർത്തിക്കാനാവില്ല. അനവധി ആവർത്തനങ്ങളിലൂടെ ശരീരത്തിൽ എഴുതപ്പെട്ട ഭാഷ പലപ്പോഴും ബോധമണ്ഡലത്തിൽ നിന്നായിരിക്കയില്ല പുറത്തു വരുന്നത്. ഒരു മികച്ച കലാകാരൻ സ്വയം അഭിനേതാവും കാണിയുമാകുന്നു.

രംഗശരീര ഭാഷയ്ക്ക് പ്രധാനമായും മൂന്നു ഘടകങ്ങളാണുള്ളത്. മുഖ്യചലനങ്ങൾ (കളരിയിൽ അഭ്യസിക്കുന്നവ) ലഘുചലനങ്ങൾ (ശരീരം രംഗാനുഭവങ്ങളിലൂടെയും മറ്റു കലാകാരന്മാരിൽ നിന്നും

മനസ്സിലാക്കുന്നവ) നില (കഥാപാത്രത്തിന്റെ പ്രകൃതത്തിനും സ്ഥാനത്തിനും അനുസരിച്ചുള്ള പ്രയോഗ രീതി). മുഖ്യചലനങ്ങളിലൂടെയും ലഘു ചലനങ്ങളിലൂടെയും ആർജ്ജിക്കുന്നതാണ് നില. നേരെ തിരിച്ചും പറയാം ഇവയെ നിയന്ത്രിക്കുന്നത്, നിർണ്ണയിക്കുന്നത് നിലയാണ്. മുദ്രകൾ, കലാശങ്ങൾ, മറ്റു നൃത്ത പദ്ധതികൾ എല്ലാം മുഖ്യ ചലനങ്ങളിൽ പെടുന്നു. ഇവ കളരിയിൽ ചിട്ടയായി അഭ്യസിക്കുന്നു. രംഗശരീരത്തിന്റെ ഭാഗമാവുന്നു. എന്നാൽ ലഘു ചലനങ്ങൾ ഇവയ്ക്ക് ഇടയിൽ സംഭവിക്കുന്നവയാണ്. അരങ്ങിൽ അങ്ങോട്ടുമിങ്ങോട്ടും നീങ്ങുന്ന രീതികൾ, അല്ലെങ്കിൽ ഒരു കഥാപാത്രത്തിനോട് സംസാരിക്കുന്നതിനിടക്കുള്ള കൊടുക്കൽ വാങ്ങലുകൾ. യാന്ത്രികമായി തോന്നാത്ത വിധം ഇവ മുഖ്യചലനങ്ങളോട് ചേർന്നിരിക്കണം. പാഠ്യപദ്ധതിയിൽപെടാത്തവയാണിവ. അരങ്ങുശീലങ്ങൾ കൊണ്ട് സ്വാഭാവികമായി രംഗശരീരത്തിൽ എഴുതപ്പെടേണ്ടവ. പഠിച്ച് ചെയ്യേണ്ടതല്ലെന്നർത്ഥം. കൃത്രിമത്വം അനുഭവപ്പെടാതെ കഥാപാത്രത്തിന്റെ നിലക്കനുയോജ്യമായ രീതിയിൽ മുഖ്യചലനങ്ങളും ലഘുചലനങ്ങളും കോർത്തിണക്കി രംഗശരീരം അരങ്ങിൽ പ്രവർത്തിക്കുമ്പോൾ പ്രയോഗത്തിൽ പൂർണ്ണത കൈവരിക്കുന്നു. ഒരു തരത്തിൽ പറഞ്ഞാൽ കഥകളിയിലെ രംഗശരീര നിർമ്മിതി തുടർന്നു കൊണ്ടേയിരിക്കുന്ന ഒരു പ്രക്രിയയാണ്. ഒരു കലാകാരനിലോ ഒരു കാലഘട്ടത്തിലോ അത് പൂർത്തിയാവുന്നില്ല.

സാമൂഹികക്രമബോധം മുദ്രകളുടെ വിന്യാസത്തിലും, ശാരീരിക സൂക്ഷ്മചലനങ്ങളിലും, നടനക്രമങ്ങളിലും പ്രതിഫലിക്കുന്നതിനാൽ കഥകളിയിലെ രംഗശരീരത്തെ മറ്റൊരു തരത്തിലുള്ള വാർപ്പുമാതൃക നിർമ്മിതിയായി തന്നെ ഒരു കാണിക്ക് വായിച്ചെടുക്കാം. ഇതിനെ അപനിർമ്മിക്കുന്ന ചുരുക്കം ചില കഥാപാത്രങ്ങൾ രംഗക്രമങ്ങളുടെ ചിട്ടവട്ടങ്ങളെ ചോദ്യം ചെയ്യുന്നതായിക്കാണാം. രംഗശരീര പ്രയോഗങ്ങൾ ജാതി, ലിംഗ ഭേദങ്ങൾക്കനുസരിച്ചാണ്. സ്ത്രീ വേഷങ്ങൾ അവതരിപ്പിക്കുമ്പോൾ രംഗശരീരഭാഷ അല്പം കൂടി അയഞ്ഞതും സങ്കീർണ്ണതകൾ കുറഞ്ഞതുമായിരിക്കും. ചടുല ചലനങ്ങളും കൂടുതൽ ശക്തി എടുത്തുള്ള ചലനങ്ങളും തീർത്തും കുറവായിരിക്കും. കീഴ്പ്പെട്ട, നിർണ്ണയസ്വാതന്ത്ര്യങ്ങളില്ലാത്ത ഒരാളുടെ ശരീരചലനങ്ങളാണ് സ്ത്രീ കഥാപാത്രങ്ങളിൽ നിന്ന് പ്രതീക്ഷിക്കപ്പെടുന്നത്. ആവശ്യങ്ങൾ നിറവേറ്റാൻ ഏതെങ്കിലും ഒരു പുരുഷനെ എപ്പോഴും ആശ്രയിക്കേണ്ടി വരുന്നതിനാൽ ഉറച്ച ചുവടുകളും, നടനരീതികളും ഒരു സ്ത്രീവേഷം ചെയ്യുമ്പോൾ അത് അപാകതയായിക്കാണുന്നു. മുദ്രകളുടെ വിന്യാസത്തിലും കലാശങ്ങളുടെ പ്രയോഗത്തിലും രീതിയിലും പുരുഷ - സ്ത്രീ കഥാപാത്രങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ പ്രകടമായിക്കാണാം. സാമൂഹിക ക്രമങ്ങളുടെ പ്രതിഫലനം താഴ്ന്ന ജാതിയിൽ പെട്ടവരെന്ന് സമൂഹം കണക്കാക്കുന്ന കഥാപാത്രങ്ങളുടെ രംഗശരീര പ്രയോഗങ്ങളിലും കാണാം. മണ്ണാൻ, മലയൻ, കാട്ടാളൻ, ആനക്കാരൻ, ആശാരി എന്നീ കഥാപാത്രങ്ങളുടെ ശരീര ഭാഷ



യിൽ കീഴാളസ്വത്വം ആലേഖനം ചെയ്യുന്നത് ലോകധർമ്മിയുടെ അതിപ്രസരത്താലാണ്. ഇവരുടെ ശരീരഭാഷ "സാധാരണക്കാരെ" രസിപ്പിക്കുന്ന, കഥകളി സങ്കേതങ്ങൾ അറിയാത്തവർക്കും മനസ്സിലാവുന്ന തരത്തിലുള്ളതാണ്.

സ്ത്രീ കഥാപാത്രങ്ങളിൽ വ്യത്യസ്തമായ ഒരു കഥാപാത്ര വിഭാഗം കരിയാണ്. കീഴാളസ്വത്വം രംഗശരീര ഭാഷകൊണ്ട് എഴുതുന്നുണ്ടെങ്കിലും കരി തന്റെ ചില പ്രയോഗങ്ങളിലൂടെ ഉപരിവർഗ്ഗ ആൺബോധത്തിന്റെ ശീലങ്ങളെ ചോദ്യം ചെയ്യുകയോ, കളിയാക്കുകയോ ചെയ്യുന്നതായിക്കാണാം. ശൂർപ്പണഖ, നക്രതുണ്ഡി, സിംഹിക എന്നിങ്ങനെയുള്ള കഥാപാത്രങ്ങളുടെ മുദ്രാവിന്യാസങ്ങളും, ശാരീരിക ചലനങ്ങളും കലാശങ്ങളും എല്ലാം പുരുഷവേഷങ്ങളുടേതാണ്. അതേസമയം ആ കഥാപാത്രങ്ങൾ വർജ്ജ്യങ്ങളുമാണ്. സാമൂഹിക ക്രമങ്ങളും അതിർത്തികളും ലംഘിക്കുന്നവരാണ്. ശിക്ഷിക്കപ്പെടേണ്ടവരാണ്. അവരുടെ ശരീരം വികൃതമാക്കപ്പെടുന്നു, മുറിപ്പെടുന്നു. കരിയുടെ "സുന്ദരി"യാവാനുള്ള ശ്രമങ്ങൾ പുരുഷകേന്ദ്രീകൃതമായ സമൂഹത്തിന്റെ സൗന്ദര്യ സങ്കൽപ്പങ്ങളെ പരിഹസിക്കുന്ന തരത്തിലുള്ളവയാണ്. സ്വന്തം ഇഷ്ടം മറ്റൊരാളിൽ അടിച്ചേൽപ്പിക്കുന്ന രീതിയിലുള്ള രംഗശരീരഭാഷ അധികവും പുരുഷകഥാപാത്രങ്ങൾക്ക് പറഞ്ഞിട്ടുള്ളതാണ്. എന്നാൽ കരി അത് തന്റേടത്തോടെ പ്രയോഗിക്കുന്നു. രണ്ടുതവണ അരികുവർക്കരിക്കപ്പെട്ടവരെന്ന് കരിയെക്കുറിച്ച് പറയാവുന്നതാണ് ജാതീയമായും ലിംഗപരമായും. എന്നാൽ കഥകളിയുടെ സവിശേഷ രംഗശരീരഭാഷ കരി എന്ന വിഭാഗത്തിൽപ്പെടുന്ന കഥാപാത്രങ്ങൾക്ക് സ്ഥിരം വാർപ്പുമാതൃകകളെ അപേക്ഷിച്ച് സ്വത്വ പ്രകാശത്തിനും, ഇഷ്ട പ്രകടനങ്ങൾക്കും, സാമൂഹിക വിമർശനത്തിനും വരെ സാധ്യതകൾ നൽകുന്നതായിക്കാണാം. സമൂഹത്തിൽ സ്ത്രീകൾ അംഗീകരിക്കപ്പെടണമെങ്കിൽ അവർ ശാലീന സുന്ദരികളും, അനുസരണ ശീലകളും ആയിരിക്കണം. സ്ത്രീ കഥാപാത്രങ്ങളിലെ മിനുക്ക് എന്ന വിഭാഗം അത്തരം സ്ത്രീകളെ പ്രതിനിധീകരിക്കുന്നു. അങ്ങനെയല്ലാത്തവരെല്ലാം കരി എന്ന വിഭാഗത്തിൽ ഉൾക്കൊള്ളിക്കാവുന്നവരാ



ണ്. അംഗീകരിക്കപ്പെടാൻ വേണ്ടി മിനുക്കുവേഷം സ്വീകരിക്കുന്ന കരി അംഗീകരിക്കപ്പെടാത്തിടത്ത് അത് ഉപേക്ഷിക്കാനും തയ്യാറാണ്. കരി എന്ന വിഭാഗത്തിന് ഉപയോഗിക്കാനുള്ള ഒരു വസ്തുമാത്രമാണ്. 'സുന്ദര' മായ ശരീരം കരിക്കു മുറിവേൽക്കുമ്പോൾ സ്വത്വബോധമുള്ള, സ്വന്തം തീരുമാനങ്ങളുള്ള സ്ത്രീ ശരീരത്തിനു കൂടിയാണ് മുറിവേൽക്കുന്നത്. കേരളീയ സമൂഹത്തിന്റെ പൊതുബോധത്തിലും ഈ രംഗശരീരം ഉൾച്ചേർന്നിട്ടുണ്ട്. സിനിമപോലുള്ള മാധ്യമങ്ങളിൽ - ശൃംഗാരരംഗങ്ങളിലും സംഘർഷ രംഗങ്ങളിലും - കഥകളിയുടെ രംഗ ശരീരം ഉപയോഗിക്കുന്നു. കല്ല്യാണത്തിനുള്ള ക്ഷണക്കത്തുകളിൽ ഈ രംഗശരീരം അർത്ഥ സൂചകമാവുന്നു. വിനോദസഞ്ചാരമേഖലയിലും സാംസ്കാരിക വേദികളിലും കേരളീയരുടെ ഇരിപ്പുമുറികളിലും, അച്ചാർ, പപ്പടം തുടങ്ങിയ ഉൽപ്പന്നങ്ങളുടെ പരസ്യത്തിലും ഈ രംഗശരീരത്തിന്റെ സാന്നിദ്ധ്യം ഉണ്ട്. വെറുമൊരു സാംസ്കാരിക ചിഹ്നം എന്ന നിലയിലല്ല അവ പ്രത്യക്ഷമാവുന്നത്. മലയാളിയുടെ സ്വത്വബോധത്തിൽ അലിഞ്ഞുചേർന്ന ഒരു ദൃശ്യശ്രാവ്യ ബിംബമായിട്ടാണ്. ഇനിയും പരിഷ്കരിച്ചുകൊണ്ടിരിക്കുന്ന, കൂടുതൽ പൂർണ്ണതയിലേക്ക് കുതിക്കുന്ന, സചേതനമായ സമൂഹത്തിന്റെ തന്നെ ഉജ്ജ്വലമായ പ്രതീകമായിട്ടാണ്.

**സഹായക ഗ്രന്ഥങ്ങൾ**


കെ.സി. നാരായണൻ, ആമുഖം. കഥകളിയുടെ രംഗപാഠചരിത്രം. കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട്, കലാമണ്ഡലം എം.പി.എസ്.നമ്പൂതിരി

Narayanan, Mundoli. "Body Centeric knowledge. Traditions of Performance and Pedagogy in Kathakali".Indian Journal of the History of Science. Vol.51, No.1, 2016.PP.131 – 42.Doi:10.16943/ijhs/2016/v5lil/48385

Tait, Peta. "Body Memory in Muscular Action on Trapeze." Scan Journal. Vol.2, No.2, September.2005.PP.1-7. pdf.

Zarrilli, Phillip B. "Toward a Phenomenological Model of the Actor's Embodied Modes of Experience" Theatre Journal. Vol.56, NO.4, December 2004. PP. 653 – 66. Doi: 10.1353/tj.2004.0189

എം.വി. നാരായണൻ. അനുബന്ധം - 1, "ശരീരമാദ്യം ഖലു കർമ്മ സാധനം". കഥകളിയുടെ രംഗപാഠചരിത്രം. കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട്, കലാമണ്ഡലം എം.പി.എസ്. നമ്പൂതിരി

ടി എം കൃഷ്ണ

# ഭൂതകാലം ഭാവിയിലേക്കുള്ള ഊർജ്ജം

## സാംസ്കാരികവേദിയുടെ ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചു നടത്തിയ പ്രസംഗം

നമസ്കാരം, ശുഭദിനം നേരുന്നു. ആദ്യം തന്നെ ഞാൻ മലയാളത്തിലല്ല, ഇംഗ്ലീഷിലാണ് സംസാരിക്കാൻ പോകുന്നത് എന്നതിൽ ക്ഷമ ചോദിക്കുന്നു. എനിക്ക് ഈ ഭാഷ സംസാരിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു, പക്ഷേ എനിക്ക് മലയാളം കുറച്ച് മാത്രമേ മനസ്സിലാകൂ എന്നതാണ് എന്റെ പരിമിതി. അതിനാൽ, ക്ഷമിക്കണം, ഞാൻ മലയാളത്തിൽ സംസാരിക്കുന്നില്ല. നിങ്ങൾക്ക് എല്ലാവർക്കും എന്നെ കേൾക്കാമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ആദ്യമായി ഒരു കൾച്ചറൽ ഫോറത്തിന്റെ ഉദ്ഘാടനത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എം എ ബേബി സാറിനെ കണ്ടതിൽ ഒരുപാട് സന്തോഷമുണ്ട്. ഞങ്ങൾ കണ്ടുമുട്ടിയിട്ട് കുറച്ച് കാലമായി. കുറഞ്ഞത് ഓൺലൈനിലെങ്കിലും ഞങ്ങൾക്ക് കാണാൻ കഴിയുമെന്നതിൽ എനിക്ക് സന്തോഷമുണ്ട്. മതേതരത്വത്തിന്റെയും നവോത്ഥാനത്തിന്റെയും മാനവികതയുടെയും ചൈതന്യത്തിൽ ഒരു സാംസ്കാരിക ഫോറം ആരംഭിക്കാൻ അധ്യാപകർ ഒത്തുചേരുന്നു എന്നത് വളരെ പ്രാധാന്യം അർഹിക്കുന്നതും അതിശയകരവുമാണ് എന്നതാണ് ഞാൻ പറഞ്ഞു തുടങ്ങാൻ ആഗ്രഹിക്കുന്നത്.

ഇത് തീർച്ചയായും വളരെ അപൂർവമാണ്, അതുകൊണ്ടാണ് ഈ തത്വങ്ങളുമായി ഒരു സാംസ്കാരിക ഫോറം ആരംഭിച്ചതിന് നിങ്ങളെ എല്ലാവരെയും ഞാൻ ആദ്യം അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നത്. കാരണം നമ്മൾ പലപ്പോഴും ആവശ്യമായ മാറ്റത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ഒരു തലമുറ അഴിമതിയും മതഭ്രാന്തും ദേഷ്യവും വെറുപ്പുമുള്ളവരായി മാറുന്നതിനെക്കുറിച്ചും നമ്മൾ സംസാരിക്കുന്നു, അതാണ് നമ്മൾ എല്ലായിടത്തും കാണുന്നത്. മാറ്റം ആരംഭിക്കണമെങ്കിൽ അത് കോളേജുകളിലെയും സ്കൂളുകളിലെയും ക്ലാസ് മുറികളിൽ നിന്ന് ആരംഭിക്കണം. അദ്ധ്യാപകർ ഈ ജനാധിപത്യ തത്വങ്ങളുമായി ഒത്തുചേരുമ്പോൾ, അത് ശരിയായ ദിശയാണ്, ഏത് തരത്തിലുള്ള നവോത്ഥാനത്തിനും തുടക്കം കുറിക്കാനുള്ള ഏറ്റവും നല്ല സ്ഥലമാണിത്. എനിക്ക് സംസാരിക്കാൻ കഴിയും, എനിക്ക് എഴുതാൻ കഴിയും, എനിക്ക് ചെയ്യാനാകുന്നത് ചെയ്യാൻ കഴിയും, പക്ഷേ ഈ ക്ലാസ് മുറികളിൽ ആണ്, ദശലക്ഷക്കണക്കിന് ആളുകൾ ഉള്ളപ്പോഴല്ല, മറിച്ച് 50 വിദ്യാർത്ഥികളും 100 വിദ്യാർത്ഥികളും ഉള്ളപ്പോഴാണ്, ഏറ്റവും പ്രധാനപ്പെട്ട സംഭാഷണങ്ങൾ, ഏറ്റവും പ്രധാനപ്പെട്ട അനുഭവങ്ങൾ സംഭവിക്കുന്നത്.

അതിനാൽ ഈ ഫോറം ആരംഭിച്ചതിന് നിങ്ങളെ ഓരോരുത്തരെയും അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷനെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കേരളത്തിൽ മാത്രമല്ല, ഈ രാജ്യത്തുടനീളമുള്ള മറ്റ് അസോസിയേഷനുകളും ഇതിൽ നിന്ന് പഠിക്കുകയും സാംസ്കാരിക സംഘടനകൾ ആരംഭിക്കുകയും ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കാരണം നമുക്ക്



കാര്യങ്ങൾ മാറണമെങ്കിൽ, ഈ രാജ്യത്തുടനീളം നിരവധി ചെറിയ മനോഹരമായ കാര്യങ്ങൾ സംഭവിക്കേണ്ടതുണ്ട്.

തീർച്ചയായും നമ്മൾ ജീവിക്കുന്നത് അതിലോലമായ ഒരു കാലത്താണ്. ഈ കാലത്ത് ഈ നുണകളുടെ ശൃംഖല, വെറുപ്പിന്റെ ശൃംഖല, കോപത്തിന്റെ ശൃംഖല ഉള്ളപ്പോൾ, അത് എല്ലാ ദിവസവും, ഓരോ മിനിറ്റിലും പ്രവർത്തിക്കുന്നു. എല്ലാ ദിവസവും നമ്മൾ എഴുന്നേൽക്കുമ്പോൾ, ഒരു പ്രേരക ശക്തി ഉണ്ട്; മനുഷ്യരിലുള്ള നമ്മുടെ വിശ്വാസത്തെ ആഴത്തിൽ അലോസരപ്പെടുത്തുന്ന എന്തെങ്കിലും സംഭവിക്കുന്നു. അതാണ് ഈ വെറുപ്പിന്റെ ശക്തികൾ നമ്മോട് ചെയ്യുന്ന ഏറ്റവും വലിയ നാശം. മനുഷ്യത്വത്തിലുള്ള നമ്മുടെ വിശ്വാസം ചിലപ്പോൾ നഷ്ടപ്പെടുന്നു. ആളുകളിലുള്ള നമ്മുടെ വിശ്വാസം ചിലപ്പോൾ നഷ്ടപ്പെടുന്നു. 15 വർഷം മുമ്പ് നമുക്കറിയാമായിരുന്ന അതേ വ്യക്തിയാണോ ഇത്, ഞാൻ ഒരുമിച്ച് കോളേജിൽ പോയിരുന്ന, സ്കൂളിൽ പോയിരുന്ന അതേ സുഹൃത്താണോ ഇത് എന്ന് നമ്മൾ ചിലപ്പോൾ അത്ഭുതപ്പെടുന്നു. കാരണം അതാണ് നമ്മൾ ജീവിക്കുന്ന അന്തരീക്ഷം. നമ്മളെല്ലാവരും എല്ലാ ദിവസവും പ്രതികരിക്കുമ്പോൾ, എല്ലാ ദിവസവും നമുക്ക് നേരെ നടക്കുന്ന ആക്രമണത്തെ ചെറുക്കാനുള്ള ചെറിയ കാര്യങ്ങൾ നാം ചെയ്യുന്നു. നമ്മൾ ക്രിയാത്മകമായ ദീർഘകാല നടപടികളിൽ പ്രവർത്തിക്കേണ്ടതും പ്രധാനമാണ്. അത് നമ്മൾ ചിന്തിക്കേണ്ട ഒന്നാണ്, അത് നമ്മുടെ പ്രവർത്തനങ്ങൾ, നമ്മുടെ സാംസ്കാരിക ജീവികൾ, നമ്മുടെ സാംസ്കാരിക ജീവിതം എന്നിവ രൂപകൽപ്പന ചെയ്യുന്ന രീതിയിൽ സാവധാനം ചെയ്യേണ്ടതാണ്. ഈ ഭരണത്തെയോ ഭീകരരായ ഈ കൂട്ടം ആളുകളെയോ മാത്രം പുറത്താക്കിക്കൊണ്ട് ഈ തലമുറയിൽ മനോഹരമായി മാറ്റം കൊണ്ട് വന്നാൽ മാത്രം പോരാ, ഇത് ആവർത്തിക്കാതിരിക്കാനും നാം ശ്രദ്ധിക്കണം. അതാണ് ഞാൻ വളരെ വ്യക്തമായി സംസാരിക്കാൻ ആഗ്രഹിക്കുന്നത്. ഒന്ന്, ഇന്ന് സംഭവിക്കുന്നതിനെതിരെ പോരാടുക എന്നതാണ്. മറ്റൊന്ന്, ഇനിയൊരിക്കലും സംഭവിക്കാത്ത രീതിയിൽ ആസൂത്രണം ചെയ്യുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്, കാരണം നമുക്ക് 25 വർഷത്തിന് ശേഷമോ അല്ലെങ്കിൽ അടുത്ത തലമുറയിലോ ഉണർന്ന്, ദൈവമേ, ഞങ്ങൾ 2000-ൽ ഉണ്ടായിരുന്ന അതേ കുഴപ്പത്തിലാണ് എന്ന് പറയാൻ കഴിയില്ല. അതിനാൽ ഇത്തരത്തിലുള്ള അസോസിയേഷനുകളും ഫോറങ്ങളും വളരെ പ്രധാനമാണ്. അതിനാൽ ഇത് ആരംഭിച്ചതിന് യഥാർത്ഥത്തിൽ നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഭാവിയിൽ നിങ്ങൾക്ക് വേണ്ടി എനിക്ക് പങ്കെടുക്കാനോ പിന്തുണയ്ക്കാനോ കഴിയുമെന്ന് നിങ്ങൾ കരുതുന്നുണ്ടെങ്കിൽ, ദയവായി മടിക്കേണ്ടതില്ല, വന്ന് എനിക്ക് കഴിയുന്നതെല്ലാം ചെയ്യുന്നതിൽ ഞാൻ കൂടുതൽ സന്തുഷ്ടനാണ്.

നമ്മൾ ഉപയോഗിക്കുന്ന കുറച്ച് വാക്കുകളെ കുറിച്ച് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ അതിനെക്കുറിച്ച് മുമ്പ് പറഞ്ഞിട്ടുണ്ട്, പക്ഷേ അതിനെക്കുറിച്ച് വീണ്ടും സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആദ്യത്തെ വാക്ക് സൗന്ദര്യാത്മകതയാണ്. നാമെല്ലാവരും ഉപയോഗിക്കുന്ന ഒരു വാക്കാണ് ഇത്. തമിഴിൽ, 'സൗന്ദര്യാ

ത്മകത്’ എന്നുള്ളതിന്റെ സമാന്തര പദം ‘അഴകിയൽ’ അല്ലെങ്കിൽ ‘സൗന്ദര്യ പഠനം’ എന്നാണ്. ഞാൻ ഇതിനെക്കുറിച്ച് സംസാരിക്കാൻ ആഗ്രഹിക്കുന്നു. കാരണം നിങ്ങൾ ആ വാക്ക് ഭംഗിയുള്ളത്, മനോഹരം, ആകർഷകമായത്, എനിക്ക് ഇഷ്ടമുള്ളത്, മറ്റാരെങ്കിലും ഇഷ്ടപ്പെടുന്നത് എന്ന അർത്ഥത്തിലേക്ക് ചുരുക്കിയിരിക്കുന്നു. എന്നാൽ സൗന്ദര്യശാസ്ത്രം അതല്ല, ഇന്ന് നമുക്ക് ചുറ്റും നടക്കുന്ന കാര്യങ്ങളുടെ പശ്ചാത്തലത്തിൽ നാം ആ വാക്ക് മനസ്സിലാക്കേണ്ടതുണ്ട്. സൗന്ദര്യശാസ്ത്രം സൗന്ദര്യത്തെക്കുറിച്ചുള്ള പഠനമാണ്, സൗന്ദര്യശാസ്ത്രം ഒരു ആശയമെന്ന നിലയിൽ രൂപത്തിന്റെ, ഘടനയുടെ, ഉദ്ദേശ്യത്തിന്റെ സൗന്ദര്യം എങ്ങനെ രൂപപ്പെടുന്നു എന്നതിനെക്കുറിച്ചുള്ള ധാരണയാണ്.

ഞാൻ ഒരു പാട്ട് പാടുന്നുവെന്ന് കരുതുക. ഞാൻ ഒരു പാട്ടിന്റെ ഒരു വരി പാടുന്നു. ആ കീർത്തനയുടെ സൗന്ദര്യം ആരംഭിക്കുന്നത് ആ കീർത്തനയുടെ ഉദ്ദേശ്യത്തിൽ നിന്നാണ്, ആ കീർത്തനയുടെ രൂപത്തിൽ നിന്നാണ്, ആ രചന അയയ്ക്കുന്ന സംഗീത സന്ദേശങ്ങളിൽ നിന്നാണ്. അതിനാൽ ശരീരത്തിന് സൗന്ദര്യം നൽകുന്ന മുഴുവൻ ഘടനയും സൗന്ദര്യാത്മകമാണെന്ന് മനസ്സിലാക്കുക. സൗന്ദര്യശാസ്ത്രം നിങ്ങൾ ഇഷ്ടപ്പെടുന്നതോ ഞാൻ ഇഷ്ടപ്പെടുന്നതോ എനിക്ക് ഇഷ്ടപ്പെടാത്തതോ നിങ്ങൾക്ക് ഇഷ്ടപ്പെടാത്തതോ ആയ ഒന്നല്ല. നമ്മൾ എന്തിനാണ് ഇഷ്ടപ്പെടുന്നത് എന്ന് മനസ്സിലാക്കുന്നതിനാണ് ഇത്. ഇത് ആരെങ്കിലും ഇഷ്ടപ്പെടാത്തതായിട്ട് ഉണ്ടെങ്കിൽ, അത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കുക കൂടിയാണ്.

അതിനാൽ, സൗന്ദര്യം എന്ന ആശയം എങ്ങനെ രൂപപ്പെടുത്തുന്നു എന്നതിലേക്ക് പോകുന്ന ഗുണങ്ങൾ അല്ലെങ്കിൽ ഘടകങ്ങൾ എന്തൊക്കെയാണ്? ഇന്ന് ഞാൻ ഇത് ഇവിടെ പറയാൻ ആഗ്രഹിക്കുന്നു, കാരണം ഇന്നത്തെ ഭരണകൂടം പുറത്തുവിടുന്ന മനോഹരമായ നിരവധി ചിത്രങ്ങൾ ഉണ്ട്. അവ മനോഹരമായി കാണപ്പെടുന്നു, അവ മോശമായതാണെന്ന് നിങ്ങൾക്ക് പറയാനാവില്ല. എന്നാൽ സൗന്ദര്യാത്മകത അക്രമാസക്തമാണ്. അതാണ് നമ്മൾ കൈകാര്യം ചെയ്യേണ്ടത്. ഇപ്പോഴത്തെ ഭരണകൂടം ചിലപ്പോഴൊക്കെ പുറത്തുവിടുന്ന ചിത്രങ്ങൾ മനോഹരമായി തോന്നുമെങ്കിലും അത് ഇപ്പോഴും അക്രമാസക്തമായ നടപടിയാണ്. കാരണം അത് പുറത്തെടുക്കുക എന്ന ഉദ്ദേശം, അത് കെട്ടിപ്പടുക്കുന്ന രീതി, അതിനോടൊപ്പമുള്ള കാര്യങ്ങൾ, അല്ലെങ്കിൽ അതിനോടൊപ്പം പറയുന്ന കാര്യങ്ങൾ എല്ലാം ഈ രാജ്യം നിർമ്മിച്ച ജനാധിപത്യ മൂല്യങ്ങൾക്ക് എതിരാണ്. അതുകൊണ്ട് ഇന്നത്തെ ഇന്ത്യയുടെ രാഷ്ട്രീയം സൗന്ദര്യത്തിന്റെ രാഷ്ട്രീയത്തിലാണ്.

നമ്മളെ ആദ്യം വിഭജിക്കുന്നത് നമ്മൾ ഇഷ്ടപ്പെടുന്നതും ഇഷ്ടപ്പെടാത്തതും ആണെന്ന് നമ്മൾ മറക്കുന്നു. ഞാൻ ആരെയെങ്കിലും കാണുന്ന നിമിഷം, ആ വ്യക്തിയുടെ വസ്ത്രധാരണ രീതി, ആ വ്യക്തിയുടെ രൂപഭാവം, അവരുടെ സംസാര രീതി, അവരുടെ ഭാഷയുടെ വകഭേദം, അവർ ഉപയോഗിക്കുന്ന സ്ലാംഗ് തുടങ്ങി പല കാര്യങ്ങളും ഞാൻ ഇതിനകം തന്നെ തീരുമാനിച്ചിട്ടുണ്ട്. അവർ എവിടെയാണെന്നും, അവരോട് സംസാരിക്കാമോയെന്നും, അവരെ എന്റെ വീടിനുള്ളിലേക്ക് ക്ഷണിക്കാമോ എന്നും, അവരുമായി ഒരു സംഭാഷണം നടത്താമോ എന്നതുമെല്ലാം ആ വ്യക്തിയോട് രണ്ട് വാക്ക് സംസാരിക്കുന്നതിന് മുമ്പ് തന്നെ എല്ലാം നിശ്ചയിച്ചിട്ടുണ്ട്. അതിനാൽ, ഇത് എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കുന്നതാണ് സൗന്ദര്യശാസ്ത്രം. ഇന്നത്തെ രാഷ്ട്രീയം ഇതിനെ സ്പർശിക്കുകയും ആളുകളുടെ രൂപഭാവം, അവർ കഴിക്കുന്ന ഭക്ഷണം, അവരുടെ അടുക്കളയിൽ നിന്ന് വരുന്ന മണം, അവർ പഠിക്കുന്ന പുസ്തകങ്ങൾ, അവരുടെ പെരുമാറ്റ രീതി, അവർ പ്രാർഥന നടത്തുന്ന രീതി, എന്നിവയാൽ അവരെ വെറുക്കാൻ നമ്മെ സജ്ജരാക്കുന്നു. അതിനാൽ ഇത് മനസ്സിലാക്കുന്നത് രാജ്യത്ത് ഒരു വൈറസ് പോലെ പടരുന്ന അക്രമത്തിനെതിരെ പോരാടുന്നതിന്റെ കാതലായ സത്തയാണ്.

അതിനാൽ അധ്യാപകരെ, നിങ്ങളോടെല്ലാം ഞാൻ അഭ്യർത്ഥിക്കുന്നു, ദയവായി ഇതിനെക്കുറിച്ച് സംസാരിക്കുക, കാരണം ചെറുപ്പക്കാർ പോലും കരുതുന്നത് സൗന്ദര്യശാസ്ത്രം എന്നാൽ എന്തെങ്കിലും മനോഹരമായിട്ടുള്ളത്, എന്തെങ്കിലും മോശമായത്, നമ്മൾ ഇഷ്ടപ്പെടുന്ന എന്തെങ്കിലും എന്നൊക്കെയാണ്. അതല്ല വാസ്തവം. ആ വസ്തു എന്താണെന്നതിന്റെ ആന്തരിക സത്ത മനസ്സിലാക്കുന്നതാണ് അത്. എനിക്ക് ഇഷ്ടമുള്ളതിന്റെ, എനിക്ക് താൽപര്യമുള്ളതിന്റെ സൗന്ദര്യത്തെക്കുറിച്ചുള്ള ഈ മുഴുവൻ ആശയത്തിലും, എന്താണ് ശ്രേഷ്ഠവും എന്താണ് താഴ്ന്നതും എന്ന് നമ്മൾ ഇതിനകം തന്നെ തീരുമാനിക്കുന്നു. ഉയർന്ന തലത്തിലുള്ളതും താഴ്ന്ന തലത്തിലുള്ളതും എന്താണെന്ന് നമ്മൾ ഇതിനകം തന്നെ തീരുമാനിക്കുന്നു. അതിനാൽ നമ്മൾ ഇതിനകം തന്നെ ദിവസവും നമ്മുടെ അഭിരുചികളിൽ സാംസ്കാരികമായി സ്ഥാനം പിടിക്കുകയാണ്.

അതിനാൽ, ഉദാഹരണത്തിന്, ചില തരത്തിലുള്ള സംഗീതം സ്വീകാര്യമാണെന്ന് നമ്മൾ തീരുമാനിക്കുന്നു. ചില തരത്തിലുള്ള സംഗീതം സ്വീകാര്യമല്ലായെന്ന് നമ്മൾ തീരുമാനിക്കുന്നു. അല്ലെങ്കിൽ ഈ സംഗീതം ഇവിടെ മാത്രമേ കേൾക്കാവൂ, ആ സംഗീതം അവിടെ മാത്രമേ കേൾക്കാവൂ എന്ന് നമ്മൾ പറയുന്നു. അല്ലെങ്കിൽ ആ ആളുകൾ മാത്രമേ ഈ സംഗീതം കേൾക്കാവൂ. അല്ലെങ്കിൽ ഇത്തരത്തിലുള്ള സംഗീതം കേൾക്കുന്ന ആളുകൾ മാത്രമാണ് നല്ലത്. ഈ ഡിസൈനുകളെല്ലാം ജനാധിപത്യവിരുദ്ധമായ രൂപകൽപ്പനയാണെന്ന് ദയവായി മനസ്സിലാക്കുക. കലയുടെ ലോകം ജനാധിപത്യപരമല്ലെന്ന് നമുക്ക് അംഗീകരിക്കാം. ഒരു പാട്ട് നിങ്ങളെ ആഴത്തിൽ സ്പർശിച്ചേക്കാം,

ആരെങ്കിലും പാടുന്നത് കേട്ട് നിങ്ങൾ കരഞ്ഞേക്കാം. അതിനർത്ഥം ആ വ്യക്തി ഉൾക്കൊള്ളുന്ന ലോകം അല്ലെങ്കിൽ കലാലോകം ഉൾക്കൊള്ളുന്ന ലോകം ജനാധിപത്യപരമാണെന്നല്ല. അത് അങ്ങേയറ്റം ജനാധിപത്യവിരുദ്ധമായ ഒരു ലോകമായിരിക്കാം, അതിൽ നിന്ന് നിങ്ങളെ ആഴത്തിൽ ചലിപ്പിക്കുന്ന എന്തെങ്കിലും നിങ്ങൾ എടുക്കും. ആ വൈരുദ്ധ്യത്തെ

**ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, നിങ്ങളുടെ സാംസ്കാരിക ഫോറം കോടതിയുടെ പരമ്പരാഗത ഇടം കൂടി ഉൾക്കൊള്ളണം എന്നതാണ്. നമുക്ക് ആ ഇടങ്ങൾ പിടിച്ചെടുക്കാം. അതിനാൽ നമ്മൾ അങ്ങനെ ചെയ്യുകയാണെങ്കിൽ, അവർക്ക് കുതന്ത്രം ചെയ്യാൻ ഇടമുണ്ടാവുകയില്ല, അവർ ആധിപത്യം സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന സ്ഥലത്തേക്ക് ഒരു ജനാധിപത്യ ലോകത്തിന്റെ മറ്റ് വശങ്ങളും ഞങ്ങൾ കൊണ്ടുവരുന്നു.**

ഒരാൾ എങ്ങനെ കൈകാര്യം ചെയ്യും?

ഞാൻ എന്റെ കാര്യം സംസാരിക്കാം. കർണാട്ടിക് സംഗീതം തികച്ചും ജനാധിപത്യവിരുദ്ധമായ ഇടമാണെന്ന് ഞാൻ കരുതുന്നു. അത് ഞാൻ തന്നെ പറയാം. ജനാധിപത്യം ഉപരിതല തലത്തിലാണ് പ്രവർത്തിക്കുന്നത്. പൂർണ്ണമായും ഇല്ല എന്ന് ഞാൻ പറയില്ല. ഇത് ഒരു പ്രത്യേക ഉപരിതല തലത്തിൽ പ്രവർത്തിക്കുന്നു, പക്ഷേ ഞാൻ കൂടുതൽ ആഴത്തിൽ കുഴിച്ചെടുത്താൽ, കർണാട്ടിക് സംഗീതത്തിന് ചുറ്റുമുള്ള, കർണാട്ടിക് സംഗീതത്തിനുള്ളിലുള്ള സമൂഹം പ്രവർത്തിക്കുന്ന രീതി, അത് വളരെ ജനാധിപത്യവിരുദ്ധമാണ്. അതിൽ ജാതീയത ഉണ്ട്. അതിൽ പുരുഷാധിപത്യമുണ്ട്, സമൂഹത്തിൽ നാം കാണുന്ന മറ്റെല്ലാ ഘടകങ്ങളുമുണ്ട്, എന്നാലും ഞാൻ ഇപ്പോഴും ആ സംഗീതം ആലോചിക്കുന്നു, ഞാൻ ഇപ്പോഴും ഇതിനെക്കുറിച്ച് നിങ്ങളോട് സംസാരിക്കുന്നു. അതൊരു വൈരുദ്ധ്യമല്ലേ. കർണാട്ടിക് സംഗീതം അത്ര അവികസിതമാണെന്ന് തോന്നുന്നുണ്ടെങ്കിൽ ടി എം കൃഷ്ണക്ക് പാടുന്നത് നിർത്തിക്കൂടെ? എന്നാൽ അത് അങ്ങനെയല്ല പ്രവർത്തിക്കുന്നത്. ആ ഇടത്തിനുള്ളിൽ പോലും ചില ഭംഗികൾ സംഭവിച്ചിട്ടുണ്ട്. ഒരാൾ അത് എങ്ങനെ കൈകാര്യം ചെയ്യും?

എനിക്ക് ത്യാഗരാജനെ ഇഷ്ടമാണ്. ഞാൻ അദ്ദേഹത്തോട് വിയോജിക്കുന്നുണ്ടെങ്കിലും ഒരു മികച്ച സംഗീതജ്ഞനെന്ന നിലക്ക് ഞാൻ അദ്ദേഹത്തെ ആരാധിക്കുന്നു. ഞാനും ത്യാഗരാജയും തമ്മിലുള്ള സംഭാഷണം ഞാൻ എങ്ങനെ ചർച്ച ചെയ്യും? പരസ്പരം വിപരീതമായി തോന്നുന്ന കാര്യങ്ങൾ തമ്മിലുള്ള സംഭാഷണത്തിൽ ഞാൻ എങ്ങനെ ചർച്ചചെയ്യും? നമ്മൾ സ്വയം ചോദിക്കേണ്ട പ്രധാനപ്പെട്ട ചോദ്യങ്ങളാണിവ. അതുകൊണ്ട് ഞാൻ എന്താണ് ചെയ്യുക? ഞാൻ സ്വയം ഉത്തരം പറയാൻ ശ്രമിക്കട്ടെ. ആ ജനാധിപത്യവിരുദ്ധമായ ഇടത്തിൽ ജനാധിപത്യപരമായ സംഭാഷണവും നടന്നിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. ആ ഇടത്തിനുള്ളിൽ ജീവിക്കാനും ത്യാഗരാജനോട് ചോദ്യങ്ങൾ ചോദിക്കാനും, അദ്ദേഹത്തോട് യോജിക്കാനും, അദ്ദേഹത്തിന്റെ രചനയുടെ മഹത്തായ മഹത്വത്തിൽ ആകൃഷ്ടനാകാനും സ്തംഭിച്ചു പോകാനും ഞാൻ തയ്യാറായിരിക്കും. എന്നാലും ഇപ്പോഴും ഇവിടെ മോശമായത് എന്തോ നടക്കുന്നുണ്ടെന്ന് പറയുന്നു. അങ്ങനെയെങ്കിൽ, എന്നെ ചലിപ്പിക്കുന്നതും എന്നെ അസ്വസ്ഥമാക്കുന്നതുമായ എന്തെങ്കിലും ഒന്നിച്ചുചേരുമ്പോൾ, ഞങ്ങൾ ഒരു പുതിയ ഭാഷ കണ്ടെത്തും. ആ സംഭാഷണത്തിന് ഞങ്ങൾ ഒരു പുതിയ വഴി കണ്ടെത്തും.

ഒരുപക്ഷേ, അടുത്തതായിട്ട് പരിണമിക്കുന്ന ത്യാഗരാജൻ മറ്റൊരു ത്യാഗരാജനായിരിക്കാം, വോക്കൽ സ്പേസിൽ അധിവസിക്കാൻ കഴിയുന്ന, നമ്മൾ സംസാരിക്കാൻ ആഗ്രഹിക്കുന്ന ജനാധിപത്യത്തിന്റെ, സമത്വത്തിന്റെ ഭാഷ സംസാരിക്കാൻ കഴിയുന്ന ത്യാഗരാജൻ.  അല്ലെങ്കിൽ ത്യാഗരാജൻ തന്റേതായ ചെറിയ രീതിയിൽ, തന്റെ ഇടത്തിലെ പരിമിതികളിൽ നിന്ന് കൊണ്ട് സമത്വം കണ്ടെത്തി. അവിടെ നിന്ന് എനിക്കും എന്തെങ്കിലും പഠിക്കാനുണ്ടാവാം. എന്തുകൊണ്ടാണ് ഞാൻ ഇത് പറയുന്നതെന്നാൽ, നമുക്ക് ഇതിനെ ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് സംഭാഷണമായി കാണാൻ കഴിയില്ല, ഇത് ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് സംഭാഷണമല്ല. ഇത് പൂർണ്ണമായും ഗ്രേയാണ്. ഇത് വളരെ കുഴപ്പമുള്ളതാണ്. നമ്മുടെ സമൂഹത്തിൽ ഏകതാനത അടിച്ചേൽപ്പിക്കുന്ന ആളുകൾ നമ്മൾ ചെയ്യാനായി ആഗ്രഹിക്കുന്നത്, ഇവ ഓരോന്നും ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് സംഭാഷണമായി കാണുക എന്നതാണ്. നമ്മൾ ഇത് നല്ലതാണെന്നും അത് ചീത്തയാണെന്നും അല്ലെങ്കിൽ ഇത് മാത്രമാണ് നല്ലത് എന്ന് പറയണമെന്നും അവർ ആഗ്രഹിക്കുന്നു. നമ്മൾ ചെയ്യേണ്ടത് അത് അനുവദിക്കാതിരിക്കുകയും നമ്മൾ കൈവശപ്പെടുത്താൻ അവർ ആഗ്രഹിക്കാത്ത ഇടങ്ങൾ കൈവശപ്പെടുത്തുകയും ചെയ്യുക എന്നതാണ്. കൃഷ്ണയെ സമന്വയിപ്പിക്കാൻ അവർ ആഗ്രഹിക്കുന്നില്ല. അവർ നാളെ നിങ്ങളോട് വളരെ സന്തുഷ്ടരായിരിക്കും, അവർക്ക് ആശ്വാസം ലഭിക്കും. പക്ഷേ നമുക്ക് അത് അനുവദിക്കാനാവില്ല.

അതിനാൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, നിങ്ങളുടെ സാംസ്കാരിക ഫോറം കോടതിയുടെ പരമ്പരാഗത ഇടം കൂടി ഉൾക്കൊള്ളണം എന്നതാണ്. നമുക്ക് ആ

ഇടങ്ങൾ പിടിച്ചെടുക്കാം. അതിനാൽ നമ്മൾ അങ്ങനെ ചെയ്യുകയാണെങ്കിൽ, അവർക്ക് കുതന്ത്രം ചെയ്യാൻ ഇടമുണ്ടാവുകയില്ല, അവർ ആധിപത്യം സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന സ്ഥലത്തേക്ക് ഒരു ജനാധിപത്യ ലോകത്തിന്റെ മറ്റ് വശങ്ങളും ഞങ്ങൾ കൊണ്ടുവരുന്നു. അപ്പോൾ അതിന്റെ മറുവശമുണ്ട്. അവർ നിരസിക്കാൻ ആഗ്രഹിക്കുന്ന, അവർ വൃത്തികെട്ടതെന്ന് വിളിക്കാൻ ആഗ്രഹിക്കുന്ന, അക്രമാസക്തമെന്ന് പറയാൻ ആഗ്രഹിക്കുന്ന, അവർ ഇന്ത്യൻ സംസ്കാരത്തിന്റെ ഭാഗമല്ലെന്ന് പറയാൻ ആഗ്രഹിക്കുന്നതാണ് അത്. എനിക്കൊരിക്കലും മനസ്സിലാകാത്ത വാക്കാണിത്. അതിന്റെ അർത്ഥമെന്താണെന്ന് ഞാൻ ഇപ്പോഴും മനസ്സിലാക്കാൻ ശ്രമിക്കുന്നു, കാരണം ഇന്ത്യൻ സംസ്കാരങ്ങൾ ബഹുവചനത്തിൽ മാത്രമേ ഉള്ളൂ എന്ന് ഞാൻ എപ്പോഴും കരുതുന്നു. ഇന്ത്യൻ സംസ്കാരം എന്നൊന്നില്ല. ബഹുവചനം മാത്രമേ ഉള്ളൂ. അതിനാൽ അവ ഇന്ത്യനല്ലെന്ന് പറഞ്ഞ് ആ കാര്യങ്ങൾ തള്ളാൻ അവർ ആഗ്രഹിക്കുന്നു. നമ്മൾ അവിടെ എന്തു ചെയ്യും. അവിടെ നമ്മുടെ തന്ത്രങ്ങൾ വ്യത്യസ്തമായിരിക്കണം. കേൾക്കാത്ത ശബ്ദങ്ങൾ, കാണാത്ത കലാരൂപങ്ങൾ, പാടാത്ത പാട്ടുകൾ, അവ അനുവദിക്കാത്ത ഇടങ്ങളിലെല്ലാം കേൾക്കുകയും പാടുകയും വേണം.

അതിനാൽ സംസ്കാരത്തിലൂടെയും കാര്യങ്ങളുടെ രാഷ്ട്രീയത്തിലൂടെയും നമുക്ക് ചെയ്യാൻ കഴിയുന്ന ഇത്തരത്തിലുള്ള അനേകം സംഭാഷണങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. ഗ്രാമങ്ങളിലെന്നപോലെ നമ്മൾ ഇത് ക്ലാസ് മുറികളിൽ ചെയ്യണം. നമ്മൾ ഇത് കോളേജുകളിൽ ചെയ്യണം. എന്റെ നിർദ്ദേശമെന്തെന്നാൽ, പല ചെറിയ ചെറിയ കാര്യങ്ങൾ കൂടിയിട്ടുണ്ടാക്കുന്ന സ്വാധീനം വലിയ കാര്യങ്ങൾ ഉണ്ടാക്കുന്നതിനേക്കാൾ വല്യതാണ്. അതിനാൽ നിങ്ങൾ എല്ലാവരും അധ്യാപകരാണ്, അതുകൊണ്ടാണ് ഞാൻ നിങ്ങളോട് പറയുന്നത്. നമുക്ക് ഇത് ക്ലാസ് മുറിയിൽ ചെയ്യാം. നമുക്ക് പാട്ടുകൾ ക്ലാസ് മുറികളിലേക്ക് കൊണ്ടുവരാം. ക്ലാസ് മുറികളിലേക്ക് സങ്കീർണ്ണത കൊണ്ടുവരാം. ഞാൻ ഇത് പറയാൻ കാരണമായ മറ്റൊരു കാര്യം, ഇന്ന് സങ്കീർണ്ണമായ രീതിയിൽ ചിന്തിക്കാതിരിക്കാൻ ആളുകൾ പരിശീലിപ്പിക്കപ്പെടുന്നു. ഇന്ന് ആളുകൾ സങ്കീർണ്ണമായ രീതിയിൽ അനുഭവിക്കാതിരിക്കാൻ പരിശീലിപ്പിക്കപ്പെടുന്നു. നമ്മുടെ സംഭാഷണത്തിലെ സൂക്ഷ്മത നഷ്ടപ്പെടുത്താൻ ആളുകൾ പരിശീലിപ്പിക്കപ്പെടുന്നു. 'ഇടയ്ക്ക് ഒരു ഇടം' ഉള്ളപ്പോൾ മഹത്തായ കല എല്ലായ്പ്പോഴും സംഭവിച്ചിട്ടുണ്ട്. വലിയ കല അത് കറുപ്പും വെളുപ്പും ആയിരിക്കുമ്പോൾ ഒരിക്കലും സംഭവിച്ചിട്ടില്ല. കലാകാരൻ ആ അസ്വസ്ഥതയുടെ ഇടം, മറ്റെന്തിനെങ്കിലും എതിരെ ഉരസുന്നതിന്റെ ഇടം തേടുന്നു. അതിൽ നിന്ന് ഒരു കവിത വരുന്നു, അതിൽ നിന്ന് ഒരു ഗാനം വരുന്നു, അതിൽ നിന്ന് ഒരു നൃത്തം വരുന്നു, അതിൽ നിന്ന് ഒരു നാടകം വരുന്നു. ഇത് ആ ഇടയ്ക്കുള്ള ഇടമല്ല. ക്ലാസ് മുറികളും സാംസ്കാരിക വേദികളും ആ ഇടയ്ക്കുള്ള ഇടത്തിൽ ജീവിക്കണം. ആ ഇടയ്ക്കുള്ള ഇടത്തിലുള്ള ഭാഷ യഥാർത്ഥത്തിൽ സംസാരിക്കാൻ കഴിയുന്ന ഒരു തലമുറയെ നാം സൃഷ്ടിക്കേണ്ടതുണ്ട്. അതായത് കേൾക്കുന്ന സംസ്കാരം തിരിച്ചുകിട്ടണം, കേൾക്കാൻ കഴിയുന്ന സംസ്കാരം; അതും ഇന്ന് ആക്രമിക്കപ്പെടുന്ന ഒന്നാണ്. അതുകൊണ്ടാണ് ആളുകൾ നിലവിളിക്കുന്നത്. ആളുകൾ നിലവിളിക്കുന്നു, കാരണം നിങ്ങൾ കേൾക്കാൻ അവർ ആഗ്രഹിക്കുന്നില്ല. ആളുകൾ ഒരു വാട്ട്സ്ആപ്പ് സന്ദേശം അയയ്ക്കുന്നു, അതും ഒരു കണക്കിന് നിലവിളിയാണ്. നിങ്ങൾ 10 ദശലക്ഷം ആളുകൾക്ക് ഒരു വാട്ട്സ്ആപ്പ് സന്ദേശം അയയ്ക്കുമ്പോൾ, അത് ഒരു നിലവിളിയാണ്. അതിനാൽ വീണ്ടും, നമ്മൾ കേൾക്കണം, നമ്മുടെ കുട്ടികൾ കേൾക്കണം, നമ്മുടെ വിദ്യാർത്ഥികൾ കേൾക്കണം, നമ്മുടെ അധ്യാപകർ കേൾക്കണം. പല അധ്യാപകർക്കും കേൾക്കാനുള്ള കഴിവ് നഷ്ടപ്പെട്ടു. അധ്യാപകർ കേൾക്കാത്തപ്പോൾ, വിദ്യാർത്ഥികൾ എങ്ങനെയിരിക്കും? അവരും കേൾക്കുകയില്ല. അതുകൊണ്ടാണ് ഇത്തരമൊരു ഫോറം വളരെ പ്രധാനമെന്ന് ഞാൻ കരുതുന്നത്.

ഞാൻ പറയാനാഗ്രഹിക്കുന്ന മറ്റൊരു കാര്യം സംസ്കാരം സ്വയം ഒന്നും ചെയ്യുന്നില്ല എന്നതാണ്. കലയും സംസ്കാരവും സ്വയം എന്തെങ്കിലും ചെയ്യുമെന്ന് നമ്മൾ എപ്പോഴും കരുതുന്നു. ഇല്ല, നമ്മൾ വേണം എന്തെങ്കിലും ചെയ്യാൻ. കല സ്വയം ഒന്നും ചെയ്യുന്നില്ല. കല അത് ചെയ്യാൻ പരിശീലിപ്പിച്ചത് ചെയ്യുന്നു അല്ലെങ്കിൽ സംസ്കാരം അത് ചെയ്യാൻ പരിശീലിപ്പിച്ചത് ചെയ്യുന്നു. അതിനാൽ എന്റെ സംസ്കാരം ഉദാഹരണത്തിന്, ഒരു തരം കവിത വായിക്കുക എന്നത് മാത്രമാണെങ്കിൽ, അല്ലെങ്കിൽ ചില ശബ്ദങ്ങൾ മാത്രം കേൾക്കുക എന്നതാണെങ്കിൽ, എന്റെ മുഴുവൻ ചുറ്റുപാടും അത് ചെയ്യുന്നത് തുടരും. ഞാൻ ഭാഗ്യവാനാണെങ്കിൽ ആ

**നമ്മൾ ആ ചോദ്യം ചോദിക്കേണ്ടതുണ്ട്, കാരണം ആ തെറ്റിദ്ധാരണകളിൽ നിന്നോ അന്ധതകളിൽ നിന്നോ നമ്മൾ പഠിച്ചത് വീണ്ടും സംഭവിക്കില്ലെന്ന് നമ്മൾ ഉറപ്പാക്കേണ്ടതുണ്ട്. നമ്മൾ ചെയ്യാൻ വിസമ്മതിച്ച സംഭാഷണങ്ങൾ എന്തൊക്കെയാണ്? നമ്മൾ ഇപ്പോഴും സംസാരിക്കാൻ താല്പര്യപ്പെടാത്തതായിട്ട് ഉള്ളത് എന്താണ്? സംസ്കാരത്തിൽ നമുക്ക് സംസാരിക്കാൻ ഇഷ്ടമല്ലാത്ത കാര്യങ്ങൾ എന്തൊക്കെയാണ്? എന്തുകൊണ്ടാണ് നമ്മൾ അത്തരം സംഭാഷണങ്ങൾ നടത്താത്തത്?**



കവികളും ആ സംസ്കാരവും ജനാധിപത്യപരമായിരിക്കാം. ഞാൻ നിർഭാഗ്യവാനാണെങ്കിൽ അത് തികച്ചും ജനാധിപത്യവിരുദ്ധമായിരിക്കും. അതിനാൽ സംസ്കാരം സ്വയം ഒന്നും ചെയ്യുന്നില്ല. അതിനാൽ കലാകാരന്മാരേ, സാംസ്കാരിക ഫോറങ്ങളെ, ആസ്വാദകരെ, മാനവികത അർത്ഥമാക്കുന്നതിന്റെ ഭാഗമായ മനോഹരമായ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയുള്ള പ്രവർത്തന സംസ്കാരത്തിന്റെ പരിശ്രമം നാം നടത്തേണ്ടതുണ്ട്. മറ്റൊരു കാര്യം സംസ്കാരം അവതരിപ്പിക്കുന്നതിലൂടെയോ കല അവതരിപ്പിക്കുന്നതിലൂടെയോ ആണ്. നമ്മുടെ ജോലി അവിടെ ഉണ്ടെന്ന് ഞാൻ കരുതുന്നില്ല. ഒരു ചോദ്യം ഉണർത്തുന്ന രീതിയിൽ നമ്മൾ അത് അവതരിപ്പിക്കണം. ഒരു ചിന്തയെ ഉണർത്തുന്ന ഒരു സംഗീതത്തിൽ നാം അത് അവതരിപ്പിക്കണം. അത് ഇപ്പോഴാവണമെന്നില്ല, ഒരുപാട് വർഷങ്ങൾക്കുശേഷമായിരിക്കാം. അതിൽ കാര്യമില്ല.

കൾച്ചറൽ ഫോറം എന്നത് സംസ്കാരത്തോടൊപ്പം പ്രവർത്തിക്കുന്ന, സംസ്കാരത്തിൽ പ്രവർത്തിക്കുന്ന, 'നവോത്ഥാനം' എന്ന വാക്ക് എടുക്കുന്ന ഒരു ഇടമായി മാറട്ടെ എന്ന് ഞാൻ നിങ്ങളോട് നിർദ്ദേശിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ സംസ്കാരം സ്ഥാപിക്കുന്നു എന്നു പറഞ്ഞുകൊണ്ടല്ല, സംസ്കാരത്തെ തുറന്ന ഇടമാക്കാൻ നിങ്ങൾ പരിശ്രമിക്കുന്നു എന്നാണ് അത് അർത്ഥമാക്കുന്നത്. അതിനാൽ നമ്മൾ ഒരു സാംസ്കാരിക മത്സരത്തിൽ സങ്കീർണ്ണത സൃഷ്ടിക്കേണ്ടതുണ്ട്, കാരണം സംസ്കാരവും വിഭജിക്കാം. നമുക്ക് അത് വളരെ വ്യക്തമായി മനസ്സിൽ സൂക്ഷിക്കാം. എന്നാൽ നമ്മുടെ ജോലി വിഭജിക്കാൻ ആഗ്രഹിക്കുന്നവരേക്കാൾ വളരെ ബുദ്ധിമുട്ടുള്ളതാണ്. എന്തുകൊണ്ടെന്ന് ഞാൻ പറയട്ടെ. സമൂഹത്തെ വിഭജിക്കാൻ ആഗ്രഹിക്കുന്നവർ, സംസ്കാരം അവർക്ക് എല്ലായ്പ്പോഴും അല്ലെങ്കിൽ ഇതിനകം ഫോർമാറ്റുകൾ നൽകിയിട്ടുണ്ട്; ജാതി സംസ്കാരം, ലിംഗ സംസ്കാരം, മത സംസ്കാരം. എല്ലാ ഫോർമാറ്റുകളും നൽകിയിരിക്കുന്നു. എല്ലാവരുടെയും ജീവിതം മോശമാക്കാൻ മാത്രമാണ് അവർ അത് ഉപയോഗിക്കുന്നത്. നമ്മൾ യഥാർത്ഥത്തിൽ രസകരവും പുതിയതുമായ എന്തെങ്കിലും സൃഷ്ടിക്കേണ്ടതുണ്ട്. നമ്മുടെ ജോലി വളരെ കഠിനമാണ്. നമ്മുടെ ജോലിക്ക് വളരെയധികം പരിശ്രമം ആവശ്യമാണ്, കാരണം ഇതിൽ വളരെയധികം സൗന്ദര്യമുണ്ടെന്ന് നമുക്കറിയാം. എന്നാൽ വൈരൂപ്യവും ഉണ്ട്. വെറുപ്പ് അവരെ കൂട്ടമായി പിടിച്ചിരുത്തുന്ന സംസ്കാരങ്ങൾക്കപ്പുറത്തേക്ക് സൗന്ദര്യം പടരുന്നുവെന്ന് എങ്ങനെ ഉറപ്പാക്കാം. അതിനാൽ നമ്മൾ അതിനെക്കുറിച്ച് വളരെയധികം ചിന്തിക്കണം. അത് ഓരോ ജില്ലകളിൽ പോലും മാറും. അത് ഓരോ സംസ്ഥാനങ്ങളിലും മാറും, ഓരോ ആളുകളിലും മാറും. അതിനാൽ ഇത്തരത്തിലുള്ള പ്രത്യേക ചിന്ത ഒരു സാംസ്കാരിക ശക്തിക്ക് വളരെ ആവശ്യമാണ്.

എനിക്ക് കുറച്ച് കാര്യങ്ങൾ കൂടി പറയാനുണ്ട്, ഞാൻ നിങ്ങളുടെ സമയം അധികം എടുക്കില്ല. കലയെയും സംസ്കാരത്തെയും കുറിച്ച് സംസാരിക്കുമ്പോൾ എനിക്ക് പറയാനുള്ളത്, അവ പല തരത്തിലുണ്ട്. നമ്മൾ പരമ്പരാഗത രൂപങ്ങൾ എന്ന് വിളിക്കുന്നവയുണ്ട്, പിന്നെ ജനാധിപത്യ ഇന്ത്യയുടെ അവഹേളന രാഷ്ട്രീയത്തിൽ നിന്ന് വന്നവയും ഉണ്ട്. അതിനാൽ ആക്ടിവിസ്റ്റിക്കൽ ആർട്ട് അല്ലെങ്കിൽ പ്രതിഷേധ കല എന്ന് വിളിക്കുന്ന കലയുണ്ട്, അല്ലെങ്കിൽ നിങ്ങൾക്ക് രാഷ്ട്രീയ കല എന്ന് വിളിക്കാം. പിന്നെ നിങ്ങൾക്ക് സാമൂഹികമായ കലയുണ്ട്, മതപരമായ കലയുണ്ട്. അപ്പോൾ നമ്മൾ ഒരു സാംസ്കാരിക വേദിയാണെന്ന് പറ

യുമ്പോൾ നമ്മൾ എങ്ങനെ ഈ കാര്യങ്ങളെ പരസ്പരം സംസാരിപ്പിക്കും? അത് കൂടുതൽ ബുദ്ധിമുട്ടാണ്. ഇതു വളരെ കഠിനമാണ്. എനിക്ക് പറയാൻ വളരെ എളുപ്പമാണ്, പക്ഷേ നമ്മൾ എങ്ങനെ അവയെ പരസ്പരം സംസാരിപ്പിക്കും? നമ്മൾ എങ്ങനെ മതപരമായ കല ഉണ്ടാക്കും? നമുക്ക് കവാലി ഉണ്ട്. നമുക്ക് സ്തുതിഗീതങ്ങളുണ്ട്. നമുക്ക് ഭക്തി വേദാന്തമുണ്ട്. ഒരു ജനാധിപത്യ രാഷ്ട്രീയ സംഭാഷണം എന്ന് ഞാൻ വിളിക്കുന്നതിൽ അവയ്ക്ക് എങ്ങനെ പങ്കെടുക്കാനാകും? അവയ്ക്ക് എങ്ങനെ പരസ്പരം സഹകരിക്കാനാകും? അവയ്ക്ക് എങ്ങനെ ഒരേ സംഭാഷണത്തിന്റെ ഭാഗമാകാൻ കഴിയും? ഇവയെല്ലാം നമ്മൾ പര്യവേക്ഷണം ചെയ്യേണ്ട രസകരമായ ഘട്ടങ്ങളാണ്.

2014 മുതൽ ഇന്നുവരെ ഞാൻ കണ്ട മറ്റൊരു കാര്യം, പ്രത്യേകിച്ച് നമ്മുടെ പ്രവണതകളാണ്. ഈ പ്രവണത എവിടേക്കാണ് വരുന്നതെന്ന് എനിക്കറിയാം. ഞാൻ ഭാഗികമായി സമ്മതിക്കുന്നു, പക്ഷേ ഭാഗികമായി വിയോജിക്കുന്നു. അത് എന്താണെന്നാൽ, 2014 ന് മുമ്പുള്ള ഭൂതകാലം എല്ലാം മനോഹരവും ഹൃദ്യവുമായിരുന്നു എന്ന് വിശ്വസിക്കുന്നതാണ്. അവിടെ നിന്ന് തുടങ്ങുന്നതിൽ ഞാൻ അൽപ്പം അസ്വസ്ഥനാണ്. ഞാൻ ഇത് പറയാൻ കാരണം, എന്തുകൊണ്ടാണ് 2014-ൽ എത്തിയത് എന്നതിനെക്കുറിച്ച് ചിന്തിക്കേണ്ട ഒരു ആവശ്യകത കൂടി ഉണ്ടെന്ന് ഞാൻ കരുതുന്നു. നമ്മൾ എന്താണ് ചെയ്തത്? ഞാൻ നമ്മെത്തന്നെ നോക്കിക്കാണാൻ ആഗ്രഹിക്കുന്നു. തീർച്ചയായും മറുവശം എന്താണെന്ന് നമുക്കറിയാം. അത് നമ്മളിലെല്ലാവർക്കും അറിയാമായിരുന്നോ? അഴിച്ചുവിട്ട സാംസ്കാരിക അടിച്ചമർത്തൽ നമുക്കെല്ലാം അറിയാം. അഴിച്ചുവിട്ട രാഷ്ട്രീയ അക്രമം, സാമൂഹികമായ അക്രമങ്ങൾ തുടങ്ങിയവ നമുക്കറിയാം, പക്ഷേ നമ്മൾ എങ്ങനെ പരാജയപ്പെട്ടുവെന്ന് ചോദിക്കണം. 60 വിചിത്ര വർഷങ്ങളിലെ സംസ്കാരത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയിൽ എന്തായിരുന്നു പിശക് എന്ന് ചോദിക്കണം.

നമുക്ക് എന്തെങ്കിലും നഷ്ടമായോ? നമുക്ക് എന്താണ് നഷ്ടമായത്? നമ്മൾ കാണാത്തതായി എന്താണ് ഉള്ളത്? നമ്മൾ ചെയ്യാൻ തയ്യാറാവാത്തതായി എന്താണ് ഉള്ളത്? നമ്മുടെ പരിമിതികൾ എന്തായിരുന്നു?

നമുക്കെല്ലാവർക്കും ആവശ്യമുള്ളത് ചിന്താ പ്രക്രിയയാണെന്ന് ഞാൻ ശക്തമായി വിശ്വസിക്കുന്നു. പ്രത്യേകിച്ച് കേന്ദ്രത്തിൽ നിന്ന് വിട്ടുപോയ നമുക്കെല്ലാവർക്കും. കാരണം അത് നമ്മൾ സ്വയം ചോദിക്കുന്നതിൽ അസ്വസ്ഥമായ ഒരു ചോദ്യമാണെന്ന് ഞാൻ കരുതുന്നു. ഞാൻ എല്ലാവരും എന്ന് പറയുന്നില്ല. പക്ഷേ, അസ്വസ്ഥതയുള്ള ആളുകളെ ഞാൻ കണ്ടിട്ടുണ്ട്, അതിനാലാണ് ഞാൻ അത് പുറത്തുവിടുന്നത്. ആ ചോദ്യം ചോദിക്കുന്നതിൽ നമുക്ക് അസ്വസ്ഥതയുണ്ടാകാൻ പാടില്ല. നമ്മൾ ആ ചോദ്യം ചോദിക്കേണ്ടതുണ്ട്, കാരണം ആ തെറ്റിദ്ധാരണകളിൽ നിന്നോ അന്ധതകളിൽ നിന്നോ നമ്മൾ പഠിച്ചത് വീണ്ടും സംഭവിക്കില്ലെന്ന് നമ്മൾ ഉറപ്പാക്കേണ്ടതുണ്ട്. നമ്മൾ ചെയ്യാൻ വിസമ്മതിച്ച സംഭാഷണങ്ങൾ എന്തൊക്കെയാണ്? നമ്മൾ ഇപ്പോഴും സംസാരിക്കാൻ താല്പര്യപ്പെടാത്തതായിട്ട് ഉള്ളത് എന്താണ്? സംസ്കാരത്തിൽ നമുക്ക് സംസാരിക്കാൻ ഇഷ്ടമല്ലാത്ത കാര്യങ്ങൾ എന്തൊക്കെയാണ്? എന്തുകൊണ്ടാണ് നമ്മൾ അത്തരം സംഭാഷണങ്ങൾ നടത്താത്തത്?

അത് നമ്മൾ ചെയ്യേണ്ട കാര്യങ്ങളാണെന്ന് ഞാൻ കരുതുന്നു. ഇത് വീണ്ടും സംഭവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല എന്നതിനാൽ മാത്രമാണ് ഞാൻ ഇത് പറയുന്നത്. ഇത്തരമൊരു രാഷ്ട്രീയ അന്തരീക്ഷത്തിൽ നമ്മുടെ മക്കളും കൊച്ചുമക്കളും ഇതുപോലെ ഒരു സൂം മീറ്റിംഗ് നടത്തുന്നത് ഞാൻ ആഗ്രഹിക്കുന്നില്ല. നമുക്ക് അത് താങ്ങാൻ കഴിയില്ല. അതിനാൽ നമ്മൾ വീണ്ടും സങ്കൽപ്പിക്കുകയും സംരക്ഷിക്കുകയും വീണ്ടെടുക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യേണ്ട ചില മനോഹരമായ കാര്യങ്ങൾ മുൻകാലങ്ങളിൽ ഉണ്ടെന്ന് പറയേണ്ടത് പ്രധാനമാണ്. എന്നാൽ നമ്മൾ പണ്ട് ചെയ്യാത്തതായിട്ടും, ഇന്ന് ചെയ്യാൻ തുടങ്ങേണ്ടതായിട്ടുമുള്ള കാര്യങ്ങളും ഉണ്ട്. ഇന്ന് ഉയർന്നുവരുന്ന ഭൂതകാലത്തിൽ നിന്നും വർത്തമാനത്തിൽ നിന്നും പൂർണ്ണമായിട്ടും വ്യത്യസ്തമായി ചിന്തിക്കേണ്ട കാര്യങ്ങളും ഉണ്ട്. ഭൂതകാലവും വർത്തമാനവും ഭാവിയും പോലെ സമയം ഒരു സാംസ്കാരിക വേദിയിൽ സത്യസന്ധവും പരിധിയില്ലാത്തതുമായ സംഭാഷണമായിരിക്കണം. കാരണം ഇത് സംസ്കാരങ്ങളുടെ ഒരു വേദിയാണ്, ഭൂതകാലത്തെ പ്രതിഫലിപ്പിക്കുന്ന ഭാവിയിലേക്കുള്ള ഒരു വേദിയാണിത്.

എനിക്ക് നവോത്ഥാനം എന്ന വാക്ക് ഇഷ്ടമാണ്, നിങ്ങളുടെ കത്തിൽ നവോത്ഥാനം എന്ന വാക്ക് വായിച്ചപ്പോൾ എനിക്ക് അത് ഇഷ്ടപ്പെട്ടു, കാരണം നവോത്ഥാനം എന്നതിനർത്ഥം വിമർശനാത്മക ചിന്തയുണ്ടെന്നാണ്. അതിനാൽ ഈ സംഭാഷണത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിലും, ഈ ചർച്ചയുടെ ഭാഗമാകാൻ കഴിഞ്ഞതിലും നിങ്ങൾക്കെല്ലാവർക്കുമൊപ്പം പങ്കെടുക്കാൻ കഴിഞ്ഞതിലും, ഈ ചർച്ചയിൽ സഖാവ് ബേബിയോടൊപ്പം ഇവിടെ ഉണ്ടായിരിക്കാൻ കഴിഞ്ഞതിലും എനിക്ക് അതിയായ സന്തോഷമുണ്ടെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു, ഞാൻ വീണ്ടും ആവർത്തിക്കാൻ ആഗ്രഹിക്കുന്നു; സംസ്കാരത്തെ പുനർവിചിന്തനം ചെയ്യാൻ ഒരു അധ്യാപക സംഘടന ഒത്തുചേരുന്നത് വളരെ ഹൃദയസ്പർശിയാണ്. ഇത് നിങ്ങളുടെ എല്ലാ വിദ്യാർത്ഥികൾക്കും വളരെ പോസിറ്റീവായ കാര്യം മാത്രമാണ്, നിങ്ങൾക്കും നിങ്ങളുടെ ഫോറത്തിനും വിദ്യാർത്ഥികൾക്കും നിങ്ങളുടെ കോളേജുകൾക്കും ഞാൻ ഏറ്റവും മികച്ചത് ആശംസിക്കുന്നു. ഈ പരിപാടിയിൽ എന്നെ ഉൾപ്പെടുത്തിയതിന് വളരെ നന്ദി. നമസ്കാരം.

**വി. അബ്ദുൽ ലത്തീഫ്**
മലയാള വിഭാഗം, കണ്ണൂർ സർവ്വകലാശാല

# വിശ്വാസവും അന്ധവിശ്വാസവും

അന്ധവിശ്വാസത്തെക്കുറിച്ച് എന്തെങ്കിലും പറഞ്ഞു വരുമ്പോഴേക്ക് വിശ്വാസവും അന്ധമായ ഒന്നല്ലേ എന്ന ചോദ്യം ഉയർന്നുവരും. തെളിവുകളുടെയും യുക്തിയുടെയും അടിസ്ഥാനത്തിൽ ലോകത്തെയും മനുഷ്യജീവിതത്തെയും നോക്കിക്കാണുന്നവർ ഉന്നയിക്കുന്ന ഈ ചോദ്യം അസ്ഥാനത്തല്ലതാനും. ചുഴിഞ്ഞു പരിശോധിച്ചാൽ വിശ്വാസത്തിന്റെയും അന്ധവിശ്വാസത്തിന്റെയും യുക്തി ഒന്നുതന്നെയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. ലോകത്താകമാനമുള്ള മനുഷ്യരിൽ തൊണ്ണൂറ്റൊമ്പത് ശതമാനവും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ വിശ്വാസികളാണ് എന്നതാണ് വാസ്തവം. വിശ്വാസികളിൽ ഏറിയകൂറും ഏതെങ്കിലും ദൈവത്തിൽ വിശ്വസിക്കുന്നു. ചിലർ പ്രകൃതിശക്തികളിൽ വിശ്വസിക്കുന്നു. ചിലർ വിധിയിൽ വിശ്വസിക്കുന്നു. വേറെ ചിലർ അത്ഭുതപ്രവൃത്തികളിൽ വിശ്വസിക്കുന്നു. ചില ദൈവങ്ങളും പ്രതീകങ്ങളും ആപത്തിൽ സഹായിക്കുമെന്നും ഐശ്വര്യവും സമൃദ്ധിയും കൊണ്ടുവരുമെന്നും പൊതുവെ മനുഷ്യർ വിശ്വസിക്കുന്നു. ശത്രുക്കളിൽനിന്നുള്ള രക്ഷയും മറ്റുള്ളവരുടെ മേൽ വിജയം നേടാനുള്ള ശ്രമങ്ങളും വിശ്വാസത്തിന്റെ പരിധിയിൽ വരുന്നു.

പുരാതനകാലത്തെ ചക്രവർത്തിമാരും ആധുനികകാലത്തെ ഭരണാധികാരികളും നിമിത്തങ്ങളിലും ജോതിഷത്തിലുമൊക്കെ വിശ്വസിച്ചിരുന്നതിന് തെളിവുകളുണ്ട്. ശാസ്ത്രത്തിന്റെ മാത്രം യുക്തിയിൽ പ്രവർത്തിക്കുന്ന റോക്കറ്റ് വിക്ഷേപണത്തിനുമുമ്പ് കാർമ്മികനെ വിളിച്ച് പൂജ ചെയ്യിക്കുന്ന പരിപാടി ഒരു ഇന്ത്യൻ തമാശയാണ്. ശാസ്ത്രംകൊണ്ടുണ്ടായ വ്യാവസായികപുരോഗതിയിൽ ലോകത്തിന്റെ മുൻനിരയിലെത്തിയ അമേരിക്കയിൽ പരിണാമസിദ്ധാന്തത്തോടൊപ്പം ബൈബിളിലെ ഉൽപ്പത്തി ചരിത്രവും കുട്ടികൾ പഠിക്കുന്നുണ്ട് എന്നത് വേറൊരു തമാശ. ലോകത്തെല്ലായിടത്തും ഭൂമിയും പ്രപഞ്ചവും മനുഷ്യനും ഉണ്ടായതെങ്ങനെ എന്ന ചോദ്യത്തിന് രണ്ടുത്തരമുണ്ടാകും; ശാസ്ത്രത്തിന്റെ ഉത്തരവും വിശ്വാസത്തിന്റെ ഉത്തരവും. പ്രപഞ്ചോൽപ്പത്തിയെക്കുറിച്ചുള്ള, നമ്മുടെ ചുറ്റുപാടിനെക്കുറിച്ചുള്ള വിശ്വാസങ്ങളും വിശ്വാസങ്ങളാൽ കെട്ടിപ്പടുക്കപ്പെട്ട മിത്തുകളും മനോഹരമായ ഭാവനകൾകൂടിയാണ് എന്നതിൽ തർക്കമില്ല. കേരളത്തിലെ ഒരു ആദിവാസിസമൂഹത്തിനിടയിൽ പ്രചാരമുള്ള ഒരു കഥ പറയാം:

ശരീരത്തിൽ കാക്കപ്പുള്ളിയുണ്ടാകുന്നതെങ്ങനെ എന്നതിനുള്ള വിശദീകരണമാണ്. സൂര്യനാണ് ദൈവം. ഗർഭസ്ഥശിശുവിന്റെ ഭക്ഷണം സൂര്യഭഗവാന്റെ മലമാണ്. ഇത് കഴിക്കാൻ കൂട്ടാക്കാത്ത കുഞ്ഞുങ്ങൾക്കുനേരെ സൂര്യൻ തന്റെ രശ്മികളിലൊന്നെടുത്ത് എയ്യും. എയ്ത്ത് കൊള്ളുന്നിടം കരിയും. അതാണ് പിൽക്കാലത്ത് കാക്കപ്പുള്ളികളായി ദേഹത്തു കാണുന്നത്. കാക്കപ്പുള്ളി എന്ന പറച്ചിലിലും തത്സംബന്ധമായ ഒരു വിശ്വാസം കിടക്കുന്നുണ്ടല്ലോ. ഇപ്പറഞ്ഞ സമുദായക്കാർ കാക്കപ്പുള്ളി എന്നല്ല, പഗോൻ എയ്ത്ത് എന്നാണ് പറയുക. പഗോൻ ഭഗവാൻ തന്നെ. പുരുഷ



ന്മാരുടെ തൊണ്ടയിൽ തെളിഞ്ഞു കാണുന്ന കൃകത്തിന് ഇംഗ്ലീഷുകാർ ആഡംസ് ആപ്പിൾ എന്നു പറയുന്നതും ഇന്ത്യയ്ക്കും ശ്രീലങ്കയ്ക്കുമിടയിൽ കടലിനടിയിലുള്ള സഹ്യപർവ്വതഭാഗത്തിന് രാമസേതു എന്നും ആഡംസ് ബ്രിഡ്ജ് എന്നും പറയുന്നതും പ്രകൃതിപ്രതിഭാസങ്ങളെ വിശ്വാസത്തിന്റെ നോട്ടത്തിൽ വിശദീകരിക്കുന്നതിന് ഉദാഹരണമാണ്. കടലിലും കാട്ടിലും പർവ്വതങ്ങളിലുമൊക്കെ ഇത്തരം ധാരാളം വിശ്വാസാധിഷ്ഠിതമായ വ്യാഖ്യാനങ്ങളും നിരീക്ഷണങ്ങളും കാണാം. പരശുരാമൻ മഴുവെറിഞ്ഞാണ് കേരളമുണ്ടായത് എന്ന കഥയ്ക്കു സമാന്തരമായി മണ്ണാർമണി ഞണ്ടും മണ്ണാർമണിത്തുമ്പിയും ചേർന്നാണ് കേരളമുണ്ടാക്കിയത് എന്ന കഥയുമുണ്ട്. പരശുരാമൻ കടലിൽ മാത്രമല്ല മഴുവീശി ഭൂമി വീണ്ടെടുത്തത്, ഹിമാലൻ പ്രദേശങ്ങളിലും ഇക്കഥ നാട്ടുമൊഴിയായി പറഞ്ഞു കേട്ടിട്ടുണ്ട്. പരശുരാമകഥയെ കേരളചരിത്രവുമായി ആധികാരികമായി ബന്ധപ്പെടുത്തുന്ന ചരിത്രഗ്രന്ഥങ്ങൾ ഉണ്ടാകുമ്പോൾ വിശ്വാസം യുക്തിയായി രൂപാന്തരപ്പെടുന്നതു കാണാം. മനുഷ്യന് ചെന്നെത്താൻ ബുദ്ധിമുട്ടുള്ള പർവ്വതശൃംഗങ്ങളും കൊടുമുടികളുമെല്ലാം ഏതെങ്കിലും ദൈവത്തിന് പതിച്ചുകൊടുക്കുന്നത് താരതമ്യേന എളുപ്പമുള്ള ഒരു ഭാവനയാണ്. ശ്രീലങ്കയിലെ ആദംമലയും ഹിമാലയത്തിലെ നീലകണ്ഠ പർവ്വതവുമൊക്കെ ഉദാഹണം.

മനുഷ്യജീവിതത്തെയും മനുഷ്യജീവിതവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളെയും സൂക്ഷ്മമായി പരിശോധിച്ചാൽ പലതരം വിശ്വാസങ്ങളാൽ കെട്ടിപ്പടുത്തതാണ് മനുഷ്യന്റെ സാമൂഹികജീവിതം എന്നു മനസ്സിലാവും. കുടുംബംമുതൽ രാഷ്ട്രംവരെ വ്യാപിച്ചുകിടക്കുന്ന സാമൂഹികസ്ഥാപനങ്ങളെ നിലനിർത്തുന്നതിൽ ഭാഷയ്ക്കും സാമൂഹികനിയമങ്ങൾക്കുമൊക്കെ പങ്കുള്ളപോലെ വിശ്വാസത്തിനും നിർണ്ണായകമായ പങ്കുണ്ട്. സമാധാനപരമായ രാഷ്ട്രസംഘാടനത്തിനപ്പുറം രൂക്ഷമായ യുദ്ധങ്ങളിലൂടെ കെട്ടിപ്പടുക്കപ്പെടുന്ന സാമ്രാജ്യങ്ങളും വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽക്കൂടി രൂപപ്പെടുന്നതാണ്. ചരിത്രകാലത്ത് ലോകത്താകെ രൂപപ്പെട്ട സാമ്രാജ്യങ്ങളുടെ രൂപപ്പെടലിന്റെ അന്തർധാരകൾ പരിശോധിച്ചാൽ വിശ്വാസത്തിന്റെ പങ്ക് തെളിഞ്ഞു കിട്ടും. പലതരം വിശ്വാസങ്ങൾ ഏറ്റുമുട്ടിയതിന്റെ ചരിത്രംകൂടിയാണ് മാനവചരിത്രം.

മനുഷ്യജീവിതത്തിന്റെ സൂക്ഷ്മതലങ്ങളിൽവരെ പലതരത്തിലുള്ള വിശ്വാസങ്ങൾ കയറിക്കിടക്കുന്നത് എന്തുകൊണ്ടാവും? വിശ്വാസമായാലും അന്ധവിശ്വാസമായാലും അതില്ലാതെ മനുഷ്യർക്ക് ജീവിക്കാനാകുമോ? വ്യക്തിപരമായി വിശ്വാസങ്ങളെ പുറത്തുനിർത്തിയാലും സാമൂഹികമായി വിശ്വാസങ്ങളുടെ അതിർവരമ്പുകൾ ലംഘിക്കാൻ വ്യക്തിക്ക് സ്വാതന്ത്ര്യമുണ്ടോ തുടങ്ങിയ ചോദ്യങ്ങൾ പ്രസക്തമാണ്. ഇക്കാര്യത്തിൽ എളുപ്പത്തിൽ പറയാവുന്ന ഒരുത്തരം വ്യക്തിക്ക് ഒരുപക്ഷേ വിശ്വാസം




ഉപേക്ഷിക്കാൻ കഴിഞ്ഞേക്കാമെങ്കിലും ഒരു സമൂഹത്തിന് അതിന് സാധിക്കില്ല എന്നതാണ്. വ്യക്തിയിൽത്തന്നെ അയാളറിയാതെ കേറിക്കിടക്കുന്ന വിശ്വാസത്തിന്റെ നിർണ്ണായകമായ നറുങ്ങുകളുണ്ട്. ഭാരതം എന്ന് ഇന്ത്യയെ വിളിക്കുന്ന ഒരാൾ ചരിത്രത്തെയല്ല, വിശ്വാസങ്ങളിലൂന്നിയ മിത്തിനെയാണ് പരോക്ഷമായി സ്വീകരിക്കുന്നത്. മനുഷ്യൻ എന്ന വാക്കും ഇത്തരം മിത്തിക്കൽ ഭാരം നിറഞ്ഞതാണ്. ഇങ്ങനെ ചികഞ്ഞു പരിശോധിച്ചുകഴിഞ്ഞാൽ ഭാഷയാകെ പല തരത്തിലുള്ള വിശ്വാസങ്ങളെ ഒളിച്ചു കടത്തുന്നതായി മനസ്സിലാകും. കുടുംബബന്ധങ്ങൾ, നിത്യജീവിതാനുഷ്ഠാനങ്ങൾ എന്നിവയിൽനിന്ന് പൂർണ്ണമായി മാറിനിൽക്കാൻ വിശ്വാസമില്ലാത്ത ഒരാൾക്കും സാധിക്കണമെന്നില്ല. ഭക്ഷണക്കാര്യത്തിലൊക്കെ സാമൂഹികമായ ശീലങ്ങളാണ് മിക്കപ്പോഴും മനുഷ്യൻ പിന്തുടരുന്നത്. പാമ്പിനെയോ പട്ടിയെയോ ഒക്കെ ആഹാരമാക്കുന്നതിൽ യുക്തിപരമായ കുഴപ്പങ്ങളൊന്നും ഇല്ലെങ്കിലും എല്ലായിടത്തും ഒരുപോലെ മനുഷ്യർ ഇവയൊന്നും ആഹാരമാക്കാറില്ല. വിവാഹത്തിൽനിന്ന് മതപരമായ അംശങ്ങളെ മാറ്റിനിർത്തുമ്പോഴും കുടുംബം എന്ന സ്ഥാപനത്തെ മിക്കവാറും പേർ ഉപേക്ഷിക്കാറില്ല. ലൈംഗികതയ്ക്കും സന്താനോൽപാദനത്തിനും മറ്റും മതാധിഷ്ഠിതമായ കുടുംബം ആവശ്യമില്ലെങ്കിലും മതവിശ്വാസികളല്ലാത്തവരും മറ്റു രീതിയിൽ വിവാഹിതരായി കുടുംബജീവിതം നയിക്കുന്നത് സാധാരണമാണ്. സാമ്പ്രദായിക കുടുംബബന്ധങ്ങൾക്കപ്പുറത്തുള്ള സമൂഹജീവിതം വിഭാവനം ചെയ്യുന്ന ടി.ഡി.രാമകൃഷ്ണന്റെ ആൽഫ എന്ന നോവൽ ഇത്തരുണത്തിൽ ഓർമ്മിക്കാവുന്നതാണ്.


മനുഷ്യന്റെ സാമൂഹികജീവിതത്തിൽ വിശ്വാസം എന്ന ഘടകം നിർണ്ണായകമായ ഒന്നാണ് എന്നാണ് പറഞ്ഞുവരുന്നത്. പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം പരിശോധിച്ചാൽ ഇത് ഒന്നുകൂടി വ്യക്തമാകും. മനുഷ്യേതരജീവികളെ സംബന്ധിച്ച് പ്രകൃതിക്കും അവരുടെ ജീവിതത്തിനുമിടയിൽ മറ്റൊരു ഇടനിലയില്ല. എന്നാൽ മനുഷ്യനും പ്രകൃതിയ്ക്കുമിയിൽ ആശയാധിഷ്ഠിതമായ മറ്റൊരു ലോകത്തിന്റെ ഇടനില കാണാം. ആറാമത്തെ ഇന്ദ്രിയമായി ചിലർ മനസ്സ് എന്ന ഘടകത്തെ അടയാളപ്പെടുത്തിയിട്ടുണ്ട്. മനസ്സിനെ ഘടകങ്ങളാക്കി വിധകലനം ചെയ്യുമ്പോൾ ഭാവനയും ചിന്തയും സ്വപ്നങ്ങളുമൊക്കെ അതിന്റെ ഭാഗമാണെന്നു കാണാനാകും. ചിന്തയും ഭാവനയും ചേർന്ന് ആശ

യാധിഷ്ഠിതമായ മറ്റൊരു ലോകമുണ്ടാകുന്നുണ്ട്. ഇത്തരമൊരു ലോകത്തിന്റെ ഇടനിലയിലൂടെയാണ് മനുഷ്യൻ ലോകത്തെ കാണുന്നത്. ഒരുപക്ഷേ മനുഷ്യജീവിതത്തിലെ വിശ്വാസങ്ങളുടെ അടിസ്ഥാനം കിടക്കുന്നത് ഈ ആശയാധിഷ്ഠിതലോകത്തിലായിരിക്കും. മനുഷ്യഭാവന ഒരു ഭാഗത്ത് ഇത്തരമൊരു ലോകത്തെ പണിഉയർത്തുമ്പോൾ പ്രകൃതിയെ പ്രകൃതിനിയമങ്ങളുടെ തന്നെ അടിസ്ഥാനത്തിൽ മനസ്സിലാക്കാൻ ശ്രമിക്കുന്നതാണ് യുക്തിചിന്തയുടെയും ശാസ്ത്രത്തിന്റെയും വഴി. യുക്തിചിന്തപോലും പലതരത്തിലും തിരിച്ച് ഭാവനാത്മകമായി വികസിക്കുകയും യുക്തിയിൽനിന്ന് അകന്നുപോവുകയും ചെയ്യുന്നത് കാണാം.

വിശ്വാസം എന്ന സങ്കല്പനത്തെ കുറിക്കാൻ ഇംഗ്ലീഷിൽ മൂന്നു വാക്കുകൾ ഉപയോഗിക്കാറുണ്ട്. ബിലീഫ്(Belief), ഫെയ്ത്ത്(faith), ട്രസ്റ്റ്(trust) എന്നിവയാണ് അവ. എന്തെങ്കിലുമൊരു കാര്യത്തോടുള്ള കേവലവിശ്വാസമാണ് ബിലീഫ്. യുക്തിപരമായ ഒരു ഇടപെടൽ ഈ വിശ്വാസത്തെ ഏതു സമയവും മാറ്റിക്കളയാം. രാഷ്ട്രീയപ്പാർട്ടികളിലും നേതാക്കളിലുമുള്ള വിശ്വാസത്തെ കുറിക്കാൻ ഈ വാക്ക് ഉപയോഗിക്കാം. ഫെയ്ത്ത് കുറേക്കൂടി ശക്തമാണ്. ദൈവത്തിലുള്ള വിശ്വാസം ഫെയ്ത്ത് ആണ്. കൺമുന്നിൽ കാണുന്ന പ്രകൃതിപ്രതിഭാസങ്ങൾപോലെ ഉറച്ച ഒന്നായി അത് ദൈവത്തെ കാണുന്നു. അപ്പോഴും ദൈവത്തിനുവേണ്ടി ജീവൻ വെടിയുക പോലുള്ള കാര്യങ്ങൾക്ക് അയാൾ സന്നദ്ധനായിക്കൊള്ളണമെന്നില്ല. തന്റെ വിശ്വാസത്തിനുവേണ്ടി ജീവൻ വെടിയാൻ പോലുമുള്ള സന്നദ്ധതയാണ് ട്രസ്റ്റ്. അത് നിരുപാധികമായ സമർപ്പണമാണ്. ഞാനില്ല, നീയേ ഉള്ളൂ എന്ന അവസ്ഥയാണ്. ഇത്തരത്തിലുള്ള സമർപ്പിതവിശ്വാസമുള്ള ഒരാൾക്ക് താനല്ലാത്തതെല്ലാം തെറ്റാണ് എന്ന തോന്നൽ ശക്തമായിരിക്കും. അയാളുൾപ്പെടുന്ന സമൂഹത്തിൽ ഇതിന്റെ ഫലം മറ്റുപല ഘടകങ്ങളുമായിക്കൂടി ചേർന്നു നിൽക്കുന്നതാണ്. ദൈവത്തോടോ ഗുരുവിനോടോ ചില മൂർത്തികളോടോ പ്രത്യേകതരം പൂജകളോടോ കർമ്മങ്ങളോടോ ഒക്കെ അചഞ്ചലമായ വിശ്വാസമുള്ളവർ ഇത്തരം വിശ്വാസമില്ലാത്തവരെ പാപികളായി കണ്ടേക്കാം. മറ്റുള്ളവരിൽനിന്ന് തനിക്കു മാത്രമായുള്ള വിശേഷാധികാരമോ അവസരമോ ആയും ഇതിനെ തിരിച്ചറിഞ്ഞേക്കാം. നിലനിൽക്കുന്ന സാമൂഹിക നിയമങ്ങളോടുള്ള ഇയാളുടെ പ്രതികരണംകൂടി കണക്കിലെടുക്കുമ്പോഴേ ഇതിന്റെ സാമൂഹികാഘാതം മനസ്സിലാക്കാൻ കഴിയൂ.

വിശ്വാസവും അന്ധവിശ്വാസവും വേർപിരിയുന്ന സന്ധി ഇതാണ്. സ്വയമോ മറ്റു വ്യക്തികളെയോ ഉപദ്രവിക്കാത്തിടത്തോളം ഏതു വിശ്വാസവും പൊതുവെ നിരുപദ്രവകരമാണ്. സമൂഹത്തിന്റെ പൊതുവിശ്വാസധാരകൾക്കും സാമൂഹിക നിയമങ്ങൾക്കും തീർത്തും എതിരു നിൽക്കുമ്പോഴാണ് ഒരു വിശ്വാസം അന്ധവിശ്വാസമാകുന്നത്. ദൈവത്തിലുള്ള വിശ്വാസം, മതവിശ്വാസം, മതസംഘടനകളിലുള്ള വിശ്വാസം, രാഷ്ട്രീയ പാർട്ടികളിലുള്ള വിശ്വാസം ഒന്നും നമ്മുടെ നാട്ടിൽ അന്ധവിശ്വാസമല്ല. ജ്യോതിഷം, പ്രശ്നംവെപ്പ് തുടങ്ങിയ കാര്യങ്ങളിലും വലിയ തർക്കമില്ല. എന്നാൽ ഒറ്റപ്പെട്ടതും പ്രാദേശികമായതുമായ സിദ്ധന്മാരിലോ ഗുരുക്കന്മാരിലോ ഒക്കെ വിശ്വസിക്കുന്നത് അന്ധവിശ്വാസമാകും. ഇതുതന്നെ സംഘടിതമായ ഒരു കൾട്ടായി വളരുന്നതോടെ അന്ധവിശ്വാസത്തിന്റെ പരിധിയിൽനിന്ന് അത് വിശ്വാസ





ത്തിന്റെ പരിധിയിലേക്കു വളർന്ന് അംഗീരാരം നേടും. പ്രാദേശികസിദ്ധന്മാർ അന്ധവിശ്വാസവും ശ്രീ ശ്രീ രവിശങ്കറും മാതാ അമൃതാനന്ദമയിയും വിശ്വാസവുമാകുന്നത് ഇങ്ങനെയാണ്. വ്യത്യസ്ത മതവിഭാഗങ്ങൾ തമ്മിൽ ആശയപരമായ വിയോജിപ്പുകളുണ്ടാകുമെങ്കിലും പുതിയ കാലത്ത് അവർ പരസ്പരം അവിശ്വാസികളായി മുദ്രകുത്താറില്ല. എങ്കിലും മറ്റു മതസ്ഥരുടെ ചില ആചാരാനുഷ്ഠാനങ്ങളെ അന്ധവിശ്വാസമായി കാണാറും ഉണ്ട്. മുസ്ലിംകൾക്കിടയിലെ സുന്നത്ത് മറ്റു മതസ്ഥരെ സംബന്ധിച്ച് ഒരു അന്ധവിശ്വാസമാണ്. അതുപോലെ മാംസത്തിൽ കൊളുത്തിയുള്ള 'തൂക്കൽ' പോലുള്ള പ്രാദേശിക ഹൈന്ദവാചാരങ്ങൾ മറ്റു മതസ്ഥരെ സംബന്ധിച്ചും അന്ധവിശ്വാസമാണ്.

ആഭരണങ്ങളുടെയും ഭക്ഷണശീലങ്ങളുടെയും കാര്യത്തിലും കാഴ്ചപ്പാടുകളിലും സ്വീകാര്യതയിലും വ്യത്യാസമുണ്ടാകാം. ലോകത്തിന്റെ പല ഭാഗത്തും ഗോത്രവിഭാഗത്തിൽപ്പെടുന്ന മനുഷ്യർ മൂക്കും ചെവിയും ചുണ്ടുമൊക്കെ തുളച്ച് മരത്തിലും ലോഹത്തിലുമൊക്കെയുള്ള ആഭരണങ്ങൾ ധരിക്കുന്നത് നാഗരികരെ സംബന്ധിച്ച് അസ്വീകാര്യമായ ശീലങ്ങളാണ്. ശരീരത്തെ ഹിംസിക്കുകയും വികൃതമാക്കുകയും ചെയ്യുന്നു എന്നാണ് ഈ അസ്വീകാര്യതകൾക്ക് ന്യായമായി ചൂണ്ടിക്കാണിക്കാറ്. എന്നാൽ മൂക്കും ചെവിയും വയറുമൊക്കെ കുത്തി ആഭരണങ്ങളിടുന്നതും ദേഹമാസകലം പച്ചകുത്തുന്നതുമൊന്നും ഇത്തരത്തിൽ പരിഗണിക്കാറുമില്ല. ആഹാരക്കാര്യത്തിലുള്ള വൈവിധ്യത്തെക്കുറിച്ച് നേരത്തേ സൂചിപ്പിച്ചിരുന്നു. വസ്ത്രധാരണത്തെ സംബന്ധിച്ചും പരസ്പരം പൊരുത്തപ്പെടാത്ത വൈരുദ്ധ്യങ്ങൾ മനുഷ്യർക്കിടയിലുണ്ട്.

എല്ലാവിധ വിശ്വാസങ്ങൾക്കും മുകളിൽ സയന്റിഫിക് ടെമ്പറമെന്റ് ആണ് ഇന്ത്യൻ ഭരണഘടന മുന്നോട്ടുവെക്കുന്നത്. ആ വാക്കുതന്നെ ലോകത്തിന് ജവഹർ ലാൽ നെഹ്റുവിന്റെ സംഭാവനയാണ്. വിശ്വാസാചാരങ്ങളെ വ്യക്തിജീവിതത്തിലേക്ക് ചുരുക്കുക എന്നതാണ് നമ്മുടെ നയം. സ്വതന്ത്ര ഇന്ത്യയുടെ നാളിതുവരെയുള്ള ചരിത്രം പരിശോധിച്ചാൽ അത് സാധിച്ചോ എന്നത് വേറെക്കാര്യം. സയന്റിഫിക് ടെമ്പറമെന്റിനു പകരം ഭരണനിർവ്വഹണസംവിധാനങ്ങളാകെ വിശ്വാസത്തിന്റെ വഴികളിലേക്കു മാറുന്നത് ഏതു വഴിക്കു നോക്കിയാലും പിന്നോട്ടുള്ള നടത്തമാണ്. നിരീക്ഷണപരീക്ഷണങ്ങളിലൂടെ സയുക്തികം എത്തിച്ചേരേണ്ട ശാസ്ത്രീയനിലപാടുകൾക്കു പകരം വിശ്വാസത്തിലും വെളിപാടുകളിലും അധിഷ്ഠിതമായ കാഴ്ചപ്പാടുകൾ സമൂഹത്തിനാകെ ദോഷം ചെയ്യും. മരുന്നിനു പകരം മന്ത്രവാദവും ശസ്ത്രക്രിയകൾക്കു പകരം പൂജാകർമ്മങ്ങളും എന്നാകുന്നത് ഒട്ടും ശരിയല്ല. പകർച്ചവ്യാധികളിൽനിന്നും ജീവിതശൈലീ രോഗങ്ങളിൽനിന്നും മനുഷ്യനെ വലിയ തോതിൽ രക്ഷപ്പെടുത്തിയത് ആധുനിക വൈദ്യശാസ്ത്രമാണ്. ശിശുമരണനിരക്കും മാതൃമരണനിരക്കും ഇത്രയും കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞതും മനുഷ്യന്റെ ശരാശരി ആയുസ്സ് വർദ്ധിപ്പിച്ചതും ഈ മേഖലയിലുള്ള ശാസ്ത്രീയാന്വേഷണങ്ങളുടെ ഫലം തന്നെ. ശാസ്ത്രീയയുക്തിക്കു പകരം വിശ്വാസങ്ങൾ വരുമ്പോൾ ഈ മേഖലയിലെല്ലാം പിന്നോട്ടടി ഉറപ്പാണ്. കൃഷി, പരസ്ഥിതി സംരക്ഷണം തുടങ്ങിയ കാര്യങ്ങളിലും ശാസ്ത്രീയമായ കാഴ്ചപ്പാടുകൾക്കു പകരം വിശ്വാസാധിഷ്ഠിതമായ തീരുമാനങ്ങൾ നടപ്പിലാക്കപ്പെടുമ്പോൾ ആ അവഴിക്ക് മനുഷ്യൻ ആർജ്ജിച്ച നേട്ടങ്ങളും പിന്നോട്ടടിക്കും എന്ന കാര്യത്തിൽ തർക്കമില്ല.

വിശ്വാസം വിശ്വാസവ്യവസായമാകുന്നതും തൊഴിലും വരുമാനവുമില്ലാത്തതുകൊണ്ട് മനുഷ്യർ വിശ്വാസത്തിന്റെ വഴി തേടുന്നതും പരസ്പരബന്ധിതമായ കാര്യങ്ങളാണ്. വിറ്റോറിയാ ഡി സീക്കയുടെ വിഖ്യാത ഇറ്റാലിയൻ സിനിമയായ ബൈസിക്ക്ൾ തീവ്സ് എന്ന സിനിമയിൽ തൊഴിലില്ലായ്മ മൂലം അരക്ഷിതാവസ്ഥയിലാകുന്ന കുടുംബം ഭാവിപ്രവചനക്കാരെയും മന്ത്രവാദികളെയും സമീപിക്കുന്ന ഒരു രംഗമുണ്ട്. ഈ രംഗത്തെ മുൻനിർത്തി വർത്തമാനകാലസമൂഹത്തിലെ വിശ്വാസവ്യവസായത്തെയും വായിക്കാവുന്നതാണ്.

ദാരിദ്ര്യം മനുഷ്യനെ (അന്ധ) വിശ്വാസങ്ങളിലേക്ക് എത്തിക്കും എന്ന പ്രസ്താവനയെ സാമാന്യവൽക്കരിക്കാൻ കഴിയാത്ത തരത്തിൽ സമ്പന്നരെയും വിശ്വാസാധിഷ്ഠിത ആചാരങ്ങളിലേക്കു നയിക്കുന്നതു കാണാം. അവരുടെ മേഖലയിലെ അനിശ്ചിതത്വം സൃഷ്ടിക്കുന്ന മത്സരങ്ങളും ആർത്തിയുമൊക്കെയാവും ഇത്തരത്തിൽ അവരെയും (അന്ധ) വിശ്വാസികളാക്കുന്നത്.

വിശ്വാസത്തിന്റെയും അന്ധവിശ്വാസത്തിന്റെയും യുക്തികളിലേക്ക് സാമൂഹികമായും ദാർശനികമായും മനശ്ശാസ്ത്രപരമായും സാമ്പത്തികമായുമൊക്കെ അന്വേഷിച്ചുപോകാൻ സാധിക്കും. വിശ്വാസത്തിന്റെ ഘടനയും യുക്തിയും മനുഷ്യസമൂഹത്തിന്റെ മേലുള്ള അതിന്റെ നിർണ്ണായകമായ സ്വാധീനവും ലളിതമായ ഒന്നല്ല. ഏതാണ് വിശ്വാസം? ഏതാണ് അന്ധവിശ്വാസം എന്നതും ആപേക്ഷികമായി മാത്രം വിശദീകരിക്കാവുന്ന ഒന്നാണ്. പൊതുസമൂഹത്തിന്റെ നിയമാവലികൾക്കകത്തുനിൽക്കുന്നത് വിശ്വാസം, ബാക്കിയൊക്കെ അന്ധവിശ്വാസം എന്ന് കേവലമായ ഒരു വിശദീകരണം സാധ്യമായേക്കും. എന്നാൽ സമൂഹത്തെ പൊതുവായോ ഏതെങ്കിലും വ്യക്തികളെ വിശേഷമായോ ഹിംസിക്കുന്ന, ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ടിക്കുന്ന വിശ്വാസവും ആചാരങ്ങളും കൃത്യമായും തള്ളിക്കളയേണ്ടതാണ്. പക്ഷിമൃഗാദികൾ, സസ്യലതാദികൾ എന്നിവയ്ക്ക് വിപുലമായ കേടുപാടുകൾ സംഭവിക്കുന്ന വിശ്വാസപരിപാടികളും നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. നദികളും ജലാശയങ്ങളും മലിനമാക്കുന്നതും മനുഷ്യന്റെ സ്വൈരജീവിതം തടസ്സപ്പെടുത്തുന്നതുമായ ആചാരങ്ങളും നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. ഇതിനേക്കാളൊക്കെ ഇതിൽ ഏർപ്പെടുന്ന മനുഷ്യരുടെ അംഗഭംഗം,ജീവഹാനി,മാനഭംഗം,സാമ്പത്തിക ചൂഷണം എന്നിവകൂടി പരിഗണിച്ചു വേണം വിശ്വാസമേത് അന്ധവിശ്വാസമേത് എന്ന് തീരുമാനിക്കേണ്ടത്. ആചാരാനുഷ്ഠാനങ്ങളുടെ പേരിൽ സ്വയം ബലി നൽകുന്നതും സ്വന്തം വീട് കത്തിക്കുന്നതുമൊന്നും പൊതുസമൂഹത്തിന് നോക്കിനിൽക്കാനാകില്ലല്ലോ. ചുരുക്കത്തിൽ വിശ്വാസം,അന്ധവിശ്വാസം എന്നിവയെ പരിഗണിക്കേണ്ടത് ഇവയുടെ സ്വീകാര്യതയുടെയും അത് വ്യക്തി എന്ന നിലക്കും സമൂഹം എന്ന നിലക്കും മനുഷ്യനോട് ചെയ്യുന്ന ദ്രോഹങ്ങളുടെ തീവ്രത അനുസരിച്ചുമാണ്.



# ദ്വിദിന സംസ്ഥാന പ്രവർത്തക ക്യാമ്പ്

വിദ്യാഭ്യാസരംഗത്ത് വിജ്ഞാന ഉത്പാദനം നടന്നെങ്കിൽ മാത്രമേ ശരിയായ വൈജ്ഞാനിക-സാമ്പത്തിക പുരോഗതി സാധ്യമാവൂ എന്ന് ഡോ. തോമസ് ഐസക്ക് അഭിപ്രായപ്പെട്ടു.തിരുവനന്തപുരം മരിയ റാണി സെന്ററിൽ എ കെ പി സി ടി എ ദ്വിദിന സംസ്ഥാന പ്രവർത്തക ക്യാമ്പ് ഉദ്ഘാടനം ചെയ്തുകൊണ്ട് 'നവ കേരള വികസനവും ഉന്നത വിദ്യാഭ്യാസ പരിപ്രേക്ഷ്യവും' എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രൊഫ. ജോജി അലക്സ് അധ്യക്ഷനായിരുന്ന യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.സി പത്മനാഭൻ, ഡോ. ടി ആർ മനോജ് എന്നിവർ സംസാരിച്ചു. തുടർന്നു നടന്ന സംഘടനാ ചരിത്ര സെഷനിൽ മുൻ ജനറൽ സെക്രട്ടറി പ്രൊഫ. ആർ ഇന്ദുലാൽ സംസാരിച്ചു. മൂന്നാമത്തെ സെഷനിൽ സംസ്ഥാന ജനറൽ സെക്രട്ടറി സംഘടനാ പ്രവർത്തന രേഖ അവതരിപ്പിച്ചു. വിവിധ കമ്മിറ്റികളുടെ കൺവീനർമാർ സംസാരിച്ചു.

# കോളജ് അധ്യാപകരുടെ സേവന-വേതന വിഷയങ്ങൾ അടിയന്തിരമായി പരിഹരിക്കണം: ഡോ പി കെ ബിജു എം പി



ദേശീയതലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾ നടക്കുന്നത് കേരളം പോലുള്ള സംസ്ഥാനങ്ങളുടെ എല്ലാ ജനാധിപത്യ അവകാശങ്ങളും ഇല്ലായ്മ ചെയ്ത് കൊണ്ടാണെന്നും, അതിനെതിരെ പ്രതിഷേധമുയരണമെന്നും മുൻ എം പി ഡോ പി കെ ബിജു പറഞ്ഞു.

വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി നത്തിയ സെക്രട്ടേറിയേറ്റ് മാർച്ചും ധർണ്ണയും ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം.

യു ജി സി യുടെയും സംസ്ഥാനത്തെ സർവകലാശാലകളുടെയും നിയമങ്ങളിൽ ഉള്ള വൈരുദ്ധ്യങ്ങൾ മുതലെടുത്ത് , കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടന്ന വരുന്ന വലിയ മാറ്റങ്ങളെ ഇകഴ്ത്തിക്കാട്ടുകയാണ് ചില കേന്ദ്രങ്ങൾ.

അധ്യാപകരുടെ സേവന-വേതന സുരക്ഷയ്ക്കായി എക്കാലത്തും നിലകൊള്ളുന്ന ഇടതുപക്ഷ സർക്കാർ അധ്യാപകരുടെ ക്ഷാമബത്ത ആനുകൂല്യങ്ങൾ ലഭ്യമാക്കാനുൾപ്പെടെയുള്ള സമരത്തിന്റെ മുദ്രാവാക്യങ്ങൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കണമെന്നും ഡോ പി കെ ബിജു ആവശ്യപ്പെട്ടു.

യു ജി സി ഏഴാം ശമ്പള പരിഷ്കരണ പാക്കേജ് പൂർണ്ണമായി നടപ്പിലാക്കുക, തടഞ്ഞു വെച്ച ഡി എ ഉടൻ അനുവദിക്കുക, ജോലിഭാരം സംബന്ധിച്ച സമിതി റിപ്പോർട്ട് കേരള സർക്കാർ ഉടൻ പരിഗണിക്കുക, ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയങ്ങൾ ആധുനികവൽക്കരിക്കുക, ആരോഗ്യ - സാങ്കേതിക മേഖലകളിൽ ഏഴാം ശമ്പള പരിഷ്കരണം നടപ്പിലാക്കുക, വിരമിച്ച കോളജ് അധ്യാപകരുടെ പെൻഷൻ പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടാണ് എ കെ പി സി ടി എ സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും നടത്തിയത്.

എ കെ പി സി ടി എ പ്രസിഡന്റ് ജോജി അലക്സ് അധ്യക്ഷത വഹിച്ചു.

എഫ് എസ് ഇ ടി ഒ സംസ്ഥാന ട്രഷറർ ഡോ മോഹനചന്ദ്രൻ എസ് ആർ , എഫ് യു ടി എ ജനറൽ സെക്രട്ടറി ഡോ എസ് നസീബ്, എ കെ ജി സി ടി സംസ്ഥാന സെക്രട്ടറി ഡോ വിനു ഭാസ്കർ, വിരമിച്ച കോളജധ്യാപകരുടെ കൂട്ടായ്മ 'സാന്ത്വം' ജനറൽ സെക്രട്ടറി പ്രൊഫ.എ. പ്രതാപചന്ദ്രൻ നായർ എന്നിവർ സംസാരിച്ചു.

എ കെ പി സി ടി എ ജനറൽ സെക്രട്ടറി ഡോ സി പത്മനാഭൻ സ്വാഗതവും സെക്രട്ടറി ഡോ ടി ആർ മനോജ് നന്ദിയും പറഞ്ഞു.

കേരളത്തിലെ വിവിധ കോളജുകളിൽ നിന്ന് ആയിരത്തിൽ പരം അധ്യാപകർ പങ്കെടുത്തു.

# സാംസ്കാരിക വേദി ഓൺലൈൻ പ്രഭാഷണം 2022 നവംബർ 23 ബുധൻ രാത്രി 7 മണി

കേരളത്തിലെ എയ്ഡഡ് കോളേജ് മേഖലയിലെ അദ്ധ്യാപക സംഘടനയായ എകെപിസിടിഎ സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഓൺലൈൻ പ്രഭാഷണപരമ്പരയിലെ രണ്ടാമത്തെ പ്രഭാഷണമായ "ഇന്ത്യൻ ഭൂപട നിർമ്മാണത്തിന്റെ വിസ്മയചരിത്രം" എന്ന വിഷയത്തെ ആസ്പദമാക്കി സി.എസ്.മീനാക്ഷി നിർവ്വഹിച്ചു.ഒരു ദേശത്തിന്റെ വിദ്യാഭ്യാസ സങ്കല്പങ്ങളിലും ബൗദ്ധിക വ്യവഹാരങ്ങളിലും അവിടുത്തെ ഭരണകൂടം അറിഞ്ഞോ അറിയാതെയോ ഇടപെടുന്നുണ്ട്. ചിലപ്പോൾ അത് ആ ദേശത്തിന്റെ ജനാധിപത്യ സംവിധാനങ്ങളെയാകെ തകർത്ത് ജ്ഞാനോല്പാദനത്തെ ശിഥിലമാക്കും.ഇത്തരത്തിൽ അറിവുവഴികളിൽ പതിയിരിക്കുന്ന അധികാരത്തിന്റെ ഏകോന്മുഖമായ ദിശകളെ ബഹുസ്വരമായ ലോകങ്ങളിലേക്ക് വിമോചിപ്പിച്ചുകൊണ്ടാണ് ആധുനിക വിദ്യാഭ്യാസസങ്കല്പങ്ങളും ഗവേഷണ പദ്ധതികളും രൂപപ്പെട്ടിട്ടുള്ളത്.ഇതിനു വിരുദ്ധമായ രാഷ്ട്രീയ സാഹചര്യങ്ങൾ, സാംസ്കാരിക സാഹചര്യങ്ങൾ ഉണ്ടാവുമ്പോൾ വൈജ്ഞാനികമായ പ്രതിരോധങ്ങൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. അതിന്റെ ഭാഗമെന്ന നിലയിലാണ് എകെപിസിടിഎ സാംസ്കാരിക വേദി ഭൂപടവിജ്ഞാനീയത്തെ,കാർട്ടോഗ്രഫിയെ ആസ്പദമാക്കിയുള്ള പ്രഭാഷണം സംഘടിപ്പിച്ചത്.ബ്രിട്ടീഷ് അധിനിവേശത്തിനു മുൻപും അധിനിവേശാനന്തരവും ഇന്ത്യയിൽ നിർമ്മിക്കപ്പെട്ട ഭൂപടങ്ങളുടെ ചരിത്രം അത്യന്തം സങ്കീർണ്ണമാണ്. ഭരണപരവും വാണിജ്യപരവും രാഷ്ട്രീയനിഷ്ഠവുമായ ആവശ്യങ്ങൾക്ക് വേണ്ടി ബ്രിട്ടീഷുകാർ നിർവ്വഹിച്ച ദി ഗ്രേറ്റ് ആർക്ക് സർവ്വേയുടെ ചരിത്രം ശാസ്ത്രീയമായും ഭാവനാത്മകമായും വിമർശനാത്മകമായും വിശകലനം ചെയ്തുകൊണ്ടാണ് സി.എസ്.മീനാക്ഷി നിർവ്വഹിച്ചത്.എകെപിസിടിഎ സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ്, എകെപിസിടിഎ ജനറൽ സെക്രട്ടറി ഡോ.സി.പത്മനാഭൻ, വൈസ് പ്രസിഡന്റ് ഷാജിത.എ ,പ്രവർത്തക സമിതി അംഗങ്ങൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. സംഘടനാംഗങ്ങൾക്ക് പുറമേ സർവ്വകലാശാലാ അദ്ധ്യാപകർ, ഗവൺമെന്റ് കോളേജ് അദ്ധ്യാപകർ, വിരമിച്ച അദ്ധ്യാപകർ,ഗവേഷകർ എന്നിവർ ഉൾപ്പെടെ ഇരുനൂറോളം പേർ പങ്കെടുത്തു.എകെപിസിടിഎ സംസ്ഥാന സെക്രട്ടറി ഡോ.ടി.ആർ. മനോജ് മോഡറേറ്റർ ആയിരുന്ന പരിപാടിയിൽ സാംസ്കാരിക വേദി കൺവീനർ ഡോ.എൻ.രേണുക ആമുഖവും സാംസ്കാരിക വേദി അംഗം ഡോ.എസ്.ഫറൂഖ് നന്ദിയും പറഞ്ഞു.

ഭൂപടം എന്ന വാക്ക് മലയാളത്തിൽ പലനിലകളിൽ വ്യവഹരിക്കപ്പെടുന്നുണ്ട്.ഭൂമിശാസ്ത്രപരമായ സങ്കല്പനം എന്ന നിലയിൽ മാത്രമല്ല, ഭാവനാഭൂപടം, സൗഹൃദഭൂപടം എന്നിങ്ങനെ നിർണ്ണയിക്കപ്പെടാത്ത,അളക്കപ്പെടാത്ത അദൃശ്യരേഖകളുടെ വ്യാപ്തിയെയും ഈ പദം ഉൾക്കൊള്ളുന്നുണ്ട്.

ലോകത്ത് തന്നെ അപൂർവ്വമായി നടക്കുവാൻ സാധ്യതയുള്ളതെന്ന് പറയപ്പെടുന്ന,1802 മുതൽ 1871 വരെ ബ്രിട്ടീഷ് ഇന്ത്യയിൽ നടന്ന ദ ഗ്രേറ്റ് ആർക്ക് സർവ്വേയുടെ രേഖപ്പെടുത്തൽ അത്ര അനന്യ സുന്ദരമായ ഘടനയിലാണ് സി.എസ് മീനാക്ഷി നിർവ്വഹിച്ചിട്ടുള്ളത്.ഒരേസമയം ശാസ്ത്ര രേഖയായും രാഷ്ട്രീയ രേഖയായും സാഹിത്യ കൃതിയായും വായിക്കപ്പെട്ട ഭൗമചാപത്തിൽ സി.എസ് മീനാക്ഷി പറയുന്നത് പോലെ ഒരു ഭൂപടം നിർത്തുമ്പോൾ നാമൊരു മലകയറാൻ,പുഴ കടക്കാൻ, കാട് പൂകാൻ,മരുഭൂമി താണ്ടാൻ തുടങ്ങുന്നു.. ഒരു ശാസ്ത്രജ്ഞാനത്തിന്റെ ഉത്പാദനപ്രക്രിയയിൽ അധികാരികളോടൊപ്പം പങ്കാളികളായ ഇന്ത്യയിലെ സാധാരണ മനുഷ്യരുടെ,തൊഴിലാളികളുടെ സ്ഥാനം എന്തായിരുന്നു എന്ന ഒരന്വേഷണം കൂടി ഈ പ്രഭാഷണത്തിന്റെ ഭാഗമായി ഉയർന്നുവരുമെന്ന് പ്രതീക്ഷിക്കുന്നു.

**സി എസ് മീനാക്ഷി**

നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ, കിൻഫ്ര, ജലസേചനവകുപ്പ് എന്നീ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായി വിരമിച്ചു.

2006-2011 കാലഘട്ടത്തിൽ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ gender, health and housing സബ് committee യിൽ അംഗമായിരുന്നു

ശാസ്ത്രം, സംഗീതം, സാമൂഹ്യവിഷയങ്ങൾ, ചരിത്രം എന്നീ വിഷയങ്ങളിൽ ആനുകാലികങ്ങളിൽ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2016ൽ ഡി സി ബുക്സ് പ്രസിദ്ധീകരിച്ച ' ഭൗമചാപം ' എന്ന പുസ്തകം ഭൂപടനിർമ്മാണത്തെക്കുറിച്ച് മലയാളത്തിലെ ആദ്യരചനയാണ്. ഇപ്പോൾ അഞ്ചു പതിപ്പുകളിറങ്ങിയിട്ടുണ്ട്.

കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ ഏർപ്പെടുത്തിയിട്ടുള്ള 2016ലെ മികച്ച ജനപ്രിയശാസ്ത്ര ഗ്രന്ഥത്തിനുള്ള അവാർഡ്, 2018ലെ ഓ വി വിജയൻ പുരസ്കാരം, 2019ലെ കേരള സാഹിത്യ അക്കാദമിയുടെ ജി എൻ പിള്ള എൻഡോവ്മെന്റ് അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. History of geographical surveys in India എന്ന വിഷയത്തിൽ Indian National Science Academy യുടെ പ്രോജക്ട് ചെയ്തുകൊണ്ടിരിക്കുന്നു.

*യൂട്യൂബ് ലിങ്കിനായി QR സ്കാൻ ചെയ്യുക.*



# അഭിമന്യു പുരസ്കാരം സമ്മാനിച്ചു

ചെങ്ങന്നൂർ: മികച്ച കലാലയ യൂണിയന് രക്തസാക്ഷി അഭിമന്യുവിന്റെ പേരിലുള്ള പുരസ്കാരം ചെങ്ങന്നൂർ തിരുവൻവണ്ടൂർ ഇരമല്ലിക്കര ശ്രീ അയ്യപ്പ ദേവസ്വം ബോർഡ് കോളേജിനു സമ്മാനിച്ചു.

വണ്ടിമല ദേവസ്ഥാനം ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ മാസ്റ്റർ പുരസ്കാര സമർപ്പണം നടത്തി.

സജി ചെറിയാൻ എംഎൽഎ അധ്യക്ഷനായി. വനിത വിദ്യാർത്ഥി നേതാക്കളെ ഉൾപ്പെടെ എസ്എഫ്ഐ പ്രവർത്തകർക്കു നേരെ ഭീകര ആക്രമണം നേരിട്ട്ത്യാഗപൂർണ്ണമായ പ്രവർത്തനത്തിലൂടെയാണ് ഇരമല്ലിക്കര കോളേജ് യൂണിയൻ എസ്എഫ്ഐ നേടിയത്. മത വർഗ്ഗീയ ശക്തികൾ കൊലപ്പെടുത്തിയ അഭിമന്യുവിന്റെ അവാർഡ് കോളേജ് യൂണിയൻ നേടുമ്പോൾ വർഗ്ഗീയതയ്ക്ക് കേരളത്തിൽ സ്ഥാനമില്ല എന്ന സന്ദേശമാണ് നൽകുന്നതെന്ന് എംഎൽഎ പറഞ്ഞു.

വെബ് സൈറ്റ് ലിങ്ക് ജനാധിപത്യ മഹിള അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സി എസ് സുജാത ഉദ്ഘാടനം ചെയ്തു..എകെപിസിടിഎ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. ജോജി അലക്സ് ആമുഖ പ്രഭാഷണം നടത്തി.

സർഗ്ഗാത്മകതയുള്ള മാതൃക പരമായ യൂണിയൻ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ കലാലയങ്ങൾക്ക് ഇരമല്ലിക്കര കോളേജ് മാതൃകകയായി.

കലാലയ യൂണിയനുകൾക്ക് മികച്ച പോത്സാഹനമാണ് ഈ അവാർഡെന്നും സി എസ് സുജാത പറഞ്ഞു.

അഭിമന്യുവിന്റെ അമ്മ ഭൂപതി മനോഹർ, സഹോദരൻ പരിജിത്ത് എന്നിവരെ സിപിഐ എം ജില്ല സെക്രട്ടറി ആർ നാസർ ആദരിച്ചു. കോളേജ് യൂണിയനുകൾക്കുള്ള മാർഗ്ഗരേഖ അസോസിയേഷൻ സംസ്ഥാന സംസ്ഥാന സെക്രട്ടറി ഡോ. ടി ആർ മനോജ് അവതരിപ്പിച്ചു.

ശില്പി ഉണ്ണി കാനായിയെ അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. അജയകുമാർ ആദരിച്ചു. വർക്കിംഗ് ചെയർമാൻ കെ എച്ച് ബാബുജാൻ, ആലപ്പുഴ സ്പിന്നിംഗ് മിൽ ചെയർമാൻ എ മഹേന്ദ്രൻ, അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.എസ് ഷാജിത, സിപിഐ എം ചെങ്ങന്നൂർ ഏരിയ സെക്രട്ടറി എം ശശികുമാർ, കെഎസ് സി എംഎംസി ചെയർമാൻ എം എച്ച് റഷീദ്, ഡിവൈഎഫ്ഐ ആലപ്പുഴ ജില്ല പ്രസിഡന്റ് ജയിംസ് ശമുവേൽ,എസ്എഫ്ഐ ആലപ്പുഴ ജില്ല സെക്രട്ടറി അക്ഷയ്, ജില്ലാ കൗൺസിൽ അംഗം അൻവർ ഹുസൈൻ, സിപിഐ എം. ചെങ്ങന്നൂർ ഏരിയാ സെക്രട്ടറി. എം ശശികുമാർ, ജില്ലാ കമ്മിറ്റി അംഗം എം എച്ച് റഷീദ്, ആർ രാജേഷ്, എസ്എഫ്ഐ ജില്ല സെക്രട്ടറിയേറ്റ് അംഗം സോനു കുരുവിള, ഏരിയ സെക്രട്ടറി ആസിഫ് യൂസഫ് എന്നിവർ സംസാരിച്ചു. അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. സി പത്മനാഭൻ സ്വാഗതവും ജില്ല സെക്രട്ടറി ഡോ. എസ് ആർ രാജീവ് നന്ദിയും പറഞ്ഞു.

*കൂടുതൽ ഫോട്ടോകൾക്ക് വേണ്ടി QR Code സ്കാൻ ചെയ്യുക*


അഭിമന്യു
എവർറോളിംഗ് ട്രോഫി 2021-22
DEVI


അഭിമന്യു
എവർറോളിംഗ് ട്രോഫി 2021-22
DEVI

KERALA PRIVATE
COLLEGE TEACHER

R.No. 36025/81 No.299

ISSN 2454-4795
Rs.11/- OCTOBER-NOVEMBER - 2022




Printed and Published by Dr. C. Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. A.S. Sumesh**